# എറകോന്നി വെട്ടിക്കാട്ടുവയലിൽ
# കുടുംബചരിത്രം



എറകോന്നി വെട്ടിക്കാട്ടുവയലിൽ

# കുടുംബചരിത്രം



എറകോന്നി വെട്ടിക്കാട്ടുവയലിൽ

# കുടുംബചരിത്രം

**(HISTORY OF ERAKONNY VETTIKATTU VAYALIL FAMILY)**

*Published by*
Erakonni Vayalil Kudumbayogam

*Chief Editor:*
C.J. Mathew Kochumuriyil

*Published on:*
May 12, 2007

*Design & Production:*
Wild Thoughts, KTM.Tel: 2303959

*Printed at:*
Penta Offset, KTM. Tel: 2301005








ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ



കർദ്ദിനാൾ മാർ വർക്കിവിതയത്തിൽ

# പ്രസാധകസമിതി



വി. ഇ. എമ്മാനുവേൽ
നെടുംതകിടി
(മാനേജിംഗ് എഡിറ്റർ)



സി. ജെ. മാത്യു
കൊച്ചുമുറിയിൽ
(ചീഫ് എഡിറ്റർ)



അസോസിയേറ്റ് എഡിറ്റേഴ്സ്
ടി. ജെ. ജോസഫ് തണ്ണിപ്പാറ
(കൺവീനർ)



പി. കെ. എമ്മാനുവേൽ
പൂവക്കുളം
(വൈസ് പ്രസിഡന്റ്)



പി. സി. ജോൺ
പൂവക്കുളം



എം. എ. അബ്രാഹം
മുണ്ടുപാലയ്ക്കൽ

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*



ഷിബു ജോൺ പൂവക്കുളം
(സെക്രട്ടറി)



സിബി ചെറിയാൻ കൊച്ചുമുറി
(ട്രഷറർ)

## പ്രസാധകസമിതി അംഗങ്ങൾ



അഡ്വ. ജോസ് മാനുവൽ
നെടുംതകടിയേൽ



സജീവ് ഏബ്രാഹം
വലിയപറമ്പിൽ



സിജു തോമസ്
ഇടിയാകുന്നേൽ



ജോസ്
വരിക്കമാക്കൽ



സണ്ണി ജോസഫ്
വയലിൽ



റോബർട്ട് മാത്യു
നെടുംതകടിയേൽ

## കുടുംബയോഗം ഭാരവാഹികൾ



വി. ഇ. എമ്മാനുവേൽ നെടുംതകിടി
(മാനേജിംഗ് എഡിറ്റർ)



പി. കെ. എമ്മാനുവേൽ പൂവക്കുളം
(വൈസ് പ്രസിഡന്റ്)



ഷിബു ജോൺ പൂവക്കുളം
(സെക്രട്ടറി)



സിബി ചെറിയാൻ കൊച്ചുമുറി
(ട്രഷറർ)

# മുൻഭാരവാഹികൾ



ഫാ. തോമസ് നെടുംതകടിയേൽ (സ്ഥാപക രക്ഷാധികാരി)



ചെറിയത് മത്തായി പൂവക്കുളം
(പ്രഥമ പ്രസിഡന്റ്)



ഫാ. ഏബ്രാഹം നെടുംതകടിയേൽ
(പ്രസിഡന്റ്)



ഔസേപ്പ് ജോസഫ് തണ്ണിപ്പാറ
(പ്രസിഡന്റ്)



കെ. സി. ഫിലിപ്പ് പൂവക്കുളം
(സെക്രട്ടറി)



സ്കറിയാ ജോസഫ് പൂവക്കുളം
(സെക്രട്ടറി)



കെ. റ്റി. സ്കറിയാ പൂവക്കുളം
(സെക്രട്ടറി)



നിക്സൺ സക്കറിയാസ്
പൂവക്കുളം (സെക്രട്ടറി)



വി. ജെ. ദേവസ്യാ വടക്കേമുറി
(ട്രഷറർ)



തൊമ്മൻ ചെറിയാൻ
കൊച്ചുമുറിയിൽ (ട്രഷറർ)

# ആദരാഞ്ജലികൾ



ഈ ഗ്രന്ഥത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തികഞ്ഞ ആത്മാർത്ഥത
യോടുകൂടി ചെയ്യുകയും ഇതിന്റെ പൂർത്തീകരണത്തിനുമുൻപ്
നമ്മിൽ നിന്നു വേർപിരിഞ്ഞു പോവുകയും ചെയ്ത
ശ്രീ എൻ. ഒ. വർക്കി നെടുംതകടിയേലിന് (കൊരട്ടി)
എറകോന്നി വയലിൽ കുടുംബയോഗത്തിന്റെ ആദരാഞ്ജലികൾ.

# ഈ കുടുംബത്തിലെ ബഹുമാനപ്പെട്ട വൈദീകർ



ഫാ. എബ്രാഹം നെടുംതക
ടിയേൽ (പ്രഥമ വൈദികൻ)



ഫാ. തോമസ്
നെടുംതകടിയേൽ



റവ.ഡോ. തോമസ്
ഐക്കര സി.എം.ഐ.



ഫാ. ജോസഫ് തണ്ണിപ്പാറ



ഫാ. സഖറിയാസ്
തണ്ണിപ്പാറ



ഫാ. മരീനസ് തണ്ണിപ്പാറ
സി.എം.ഐ.



ഫാ. ലാസർ തണ്ണിപ്പാറ
സി.എം.ഐ.



ഫാ. അലക്സ്
തണ്ണിപ്പാറ എസ്.ജെ.



ഫാ. അലക്സാണ്ടർ
തണ്ണിപ്പാറ



ഫാ. അലക്സ് തണ്ണി
പ്പാറ സി.എം.ഐ.



ഫാ. തോമസ് തണ്ണിപ്പാറ
എസ്.ജെ.



ഫാ. വർഗ്ഗീസ്
തണ്ണിപ്പാറ എസ്.ഡി.



ഫാ. ജോസ് തണ്ണിപ്പാറ
എം.സ്.റ്റി.



ഫാ. തോമസ് തണ്ണിപ്പാറ



ഫാ. ജെയിംസ്
വയലിൽ



ഫാ. അഗസ്റ്റിൻ മുണ്ടുപാ
ലയ്ക്കൽ പി.ഐ.എം.ഇ



ഫാ. മാത്യു സഖറിയാസ്
പൂവക്കുളം സി.എം.ഐ.



ഫാ. സെബാസ്റ്റ്യൻ
പൂവക്കുളം



ഫാ. ജോർജ്ജ്
പൂവക്കുളം



ഫാ. കുര്യാക്കോസ്
പൂവക്കുളം സി.എം.ഐ.



ഫാ. ജോൺസൺ
പൂവക്കുളം



ഫാ. ജോർജ്ജ് വടയാറ്റു
കുന്നേൽ സി.എം.ഐ.



ഫാ. ജോസഫ് അറുപതുകാ
ലായിൽ(വടയാറ്റുകുന്നേൽ)



ഫാ. സിറിയക് വലിയപറ
മ്പിൽ എം.സി.ബി.എസ്.



ഫാ. എബ്രാഹം
തകടിയേൽ



ഫാ. സജി തകടിയേൽ



ഫാ. ജോൺ റ്റി. എസ്.
തകടിയേൽ റ്റി.ഒ.ആർ.



ഫാ. ജോർജ്ജ്
തകടിയേൽ



ഫാ. ജോസ് ചൂരക്കു
ന്നേൽ സി.എം.ഐ.



ഫാ. സെബാസ്റ്റ്യൻ ചൂര
ക്കുന്നേൽ എം.എസ്.റ്റി.



ഫാ. ജോർജ്ജ് കൊച്ചുമു
റിയിൽ എസ്.വി.ഡി.



ഫാ. മാണി
നെടുംതകടിയേൽ



ഫാ. ജോർജ്ജ്
നെടുംതകടിയേൽ



ഫാ. എബ്രാഹം
നെടുംതകടിയേൽ



ഫാ. ജോസഫ്
നെടുംതകടിയേൽ



ഫാ. തോമസ് പതിക്കൽ
(നെടുംതകടിയേൽ)



ഫാ. എബ്രഹം നെടുംതക
ടിയേൽ എം.സി.ബി.എസ്.



ഫാ. മാത്യു കിഴക്കേമുറി
എം.സി.ബി.എസ്.



ഫാ. ജോ
ഇടിയാകുന്നേൽ



ഫാ. ജോസഫ്
വരിക്കമാക്കൽ

# ഈ കുടുംബത്തിലെ ബഹുമാനപ്പെട്ട സന്യാസിനികൾ


സി. ആൽഫ്രഡ ഐക്കര
സി.എം.സി.


സി. ഗയിൽസ് ഐക്കര
സി.എം.സി.


സി. ജോസിറ്റ ഐക്കര
സി.എം.സി.


സി. ലിസ്യൂ തണ്ണിപ്പാറ
എസ്.എ.ബി.എസ്.


സി. ഫെബ്രോമിയ തണ്ണി
പ്പാറ എസ്.എ.ബി.എസ്.


സി. മരിയ തണ്ണിപ്പാറ


സി. മേരി തണ്ണിപ്പാറ
സി.സി.വി.


സി. ഡോ. ബ്രൂണ
എം.എസ്.ഐ.


സി. വിയാനീസ്
തണ്ണിപ്പാറ


സി. സാൽവിയ
തണ്ണിപ്പാറ


സി. ആഡ്വ. മോളി
തണ്ണിപ്പാറ


സി. റഫേലാ തണ്ണിപ്പാറ
എം.സി.


സി. ജോസഫൈൻ
തണ്ണപ്പാറ സി.സി.വി.


സി. സിൽവി ജോസ്
തണ്ണിപ്പാറ എഫ്. സി.


സി. ബിന്ദി തണ്ണിപ്പാറ
എഫ്.സി.


സി. റെജി വയലിൽ
എഫ്.സി.സി.


സി. ജെസ്‌ലിൽ മുണ്ടുപാല
യ്ക്കൽ എസ്.എം.എസ്.


സി. സിജോ മരിയ മുണ്ടുപാ
ലയ്ക്കൽ സി.എം.സി.


സി. റീന മുണ്ടുപാല
യ്ക്കൽ എസ്.എം.ഐ.


സി. മേരി ജോസഫാ
പൂവക്കുളം എസ്.എച്ച്.


സി. സിംപ്ലിസ്യാ
പൂവക്കുളം സി.എം.സി.


സി. സോഫിയ
പൂവക്കുളം സി.എം.സി.


സി. മേഴ്സി ജോസ്
പൂവക്കുളം എസ്.എച്ച്.


സി. ലിസി പൂവക്കുളം
സി.എം.സി.


സി. ലിറ്റി പൂവക്കുളം
സി.എം.സി.


സി. ട്രീസ് തോമസ് അറുപതു
കാലായിൽ (വടയാറ്റുകുന്നേൽ)


സി. ജോസ്‌ലിറ്റ് അറുപതുകാലാ
യിൽ എഫ്.സി.സി. (വടയാറ്റുകുന്നേൽ)


സി. ആൽമ എബ്രാഹം
വലിയപറമ്പിൽ ആർ.ജെ.എം.


സി. നിർമ്മല അബ്രാഹം
വലിയ പറമ്പിൽ ആർ.എൻ.ഡി.എം.


സി. സലോമി വലിയപറ
മ്പിൽ സി.എം.സി.


സി. ലൂസി വലിയപറ
മ്പിൽ എസ്.ജെ.സി.


സി. നിർമ്മല വലിയപമ്പിൽ
എസ്.എ.ബി.എസ്.


സി. ഷേർലി തകടിയേൽ
ഒ.എൽ.എം.


സി. ചെറുപുഷ്പം തകടി
യേൽ എഫ്.സി.സി.


സി. സ്മിതാ തകടിയേൽ
സി.എച്ച്.എഫ്.


സി. എമില് വടക്കേമുറി
എസ്.എം.എസ്.


സി. മേരി ക്രിസ്റ്റിനാ ചൂര
ക്കുന്നേൽ എഫ്.എസ്.എം.


സി. മേഴ്സി പല്ലാട്ട്
സി.എം.സി.


സി. റെജി കൊച്ചുമുറിയിൽ
പി.എസ്.എ.


സി. ട്രീസാ കൊച്ചുമുറിയിൽ
എസ്.എ.ബി.എസ്.


സി. ജോസഫീനാ പതിക്കൽ
സി.എം.സി. (നെടുംതകടിയേൽ)


സി. ഇസബൽ പതിക്കൽ
(നെടുംതകടിയേൽ)


സി. തെരേസാ പതിക്കൽ
(നെടുംതകടിയേൽ)


സി. അലോഷ്യാ
നെടുംതകടിയേൽ


സി. ഡെന്നിസ് നെടുംത
കടിയേൽ സി.എം.സി.


സി. ഗ്രിഗോറിയാ നെടും
തകടിയേൽ സി.എം.സി.


സി. സിംബ്രോസ് നെടും
തകടിയേൽ സി.എം.സി.


സി. ജോവാൻ നെടുംതക
ടിയേൽ എഫ്.സി.സി.


സി. റോസ്
നെടുംതകടിയേൽ


സി. ആനി നെടുംതകടി
യേൽ എഫ്.എം.എം.


സി. ഡേമിയൻ ഇടിയാകു
ന്നേൽ ഐ.ബി.എം.വി.


സി. ഫ്ളേവിയാ വരിക്കമാ
ക്കൽ എസ്. എച്ച്.


സി. മേരി ജോസഫൈൻ
വരിക്കമാക്കൽ


സി. മാർഗരറ്റ് മേരി വരിക്ക
മാക്കൽ എഫ്.സി.സി.


സി. ടെസിൻ ജോസ് വരി
ക്കമാക്കൽ എസ്. എച്ച്.


സി. ഫിലോമിന
വരിക്കമാക്കൽ


സി. റാണിറ്റ
വരിക്കമാക്കൽ


സി. മല്ലിക വരിക്കമാ
ക്കൽ എം.സി.


സി. ഐറിൻ
വരിക്കമാക്കൽ


സി. സീന വരിക്കമാക്കൽ
എസ്.എ.ബി.എസ്.


സി. ട്രീസാ തോമസ്
വരിക്കമാക്കൽ

# എറകോന്നി-വയലിൽ കുടുംബയോഗം 70-ാം വയസ്സിലേക്ക്



എറകോന്നിയിൽനിന്നും മേവിട വെട്ടിക്കാട്ട് വന്ന് താമസമാക്കിയ ഇട്ടിച്ചെറിയാ എന്ന കാരണവരുടെ സന്തതി പരമ്പരയിൽപ്പെട്ടവർ മേവിടയിലും, കൊഴുവനാലും പരിസരപ്രദേശങ്ങളിലുമായി താമസമാക്കി. എഴുപതോളം വർഷങ്ങൾക്ക് മുമ്പ്, കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും, ഐക്യവും ഊട്ടിഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു കുടുംബക്കൂട്ടായ്മ രൂപീകരിക്കുന്നതിനേക്കുറിച്ച് ഇവർ ചിന്തിച്ചു തുടങ്ങി. ഇന്നത്തെപ്പോലെ കുടുംബയോഗങ്ങൾ സാധാരണമായിരുന്ന ഒരു കാലഘട്ടമായിരുന്നില്ല അന്ന്. അതുകൊണ്ടുതന്നെ കുടുംബയോഗം സംഘടിപ്പിക്കുക എന്നത് വളരെ ശ്രമകരവുമായിരുന്നു. കുടുംബയോഗം രൂപീകരിക്കുന്നതിനുവേണ്ടി വളരെയധികം പ്രയത്നിച്ച ഒരു വ്യക്തിയാണ് പരേതനായ നെടുന്തകിടിയേൽ ബഹു. തോമ്മാച്ചൻ. അദ്ദേഹത്തിന്റെ പരിശ്രമഫലമായി എറകോന്നി-വയലിൽ കുടുംബയോഗത്തിന്റെ പ്രഥമയോഗം 1938 ഏപ്രിൽ മാസം 3-ാം തീയതി ചേരുകയുണ്ടായി. വയലിൽ ശ്രീ മാത്യു ചാക്കോയുടെ വസതിയിൽ വച്ചാണ് ആദ്യയോഗം നടന്നത് അന്നത്തെ യോഗത്തിൽ നാല്പത് അംഗങ്ങൾ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ വച്ച് നെടുന്തകിടിയേൽ ബഹു. തോമ്മാച്ചൻ രക്ഷാധികാരിയും, പൂവക്കുളത്ത് ചെറിയത് മത്തായി പ്രസിഡന്റും, വടക്കേമുറി കൊട്ടുകാപ്പള്ളിൽ ഔസേപ്പ് ദേവസ്യ ഖജാൻജിയും, കുഴുപ്പള്ളിൽ വർഗീസ് മത്തായി സെക്രട്ടറിയും, ഔസേപ്പ് ഔസേപ്പ് വരിക്കമാക്കൽ, മത്തായി മത്തായി നെടുംതകടിയേൽ എന്നിവർ കമ്മറ്റി അംഗ

ങ്ങളുമായി ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു. ഈ ഭരണസമിതി കുടുംബയോഗത്തിന് ഒരു നിയമാവലി എഴുതി ഉണ്ടാക്കി. അതനുസരിച്ച്, എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച ഏതെങ്കിലും ഒരംഗത്തിന്റെ ഭവനത്തിൽ വച്ച് കുടുംബയോഗം നടത്തുവാനും പ്രസ്തുത യോഗത്തിൽ കഴിയുന്നിടത്തോളം കുടുംബാംഗങ്ങൾ പങ്കെടുക്കുവാനും തീരുമാനിച്ചു. എല്ലായോഗങ്ങളിലും കുടുംബാംഗങ്ങൾ നൽകുന്ന വരിസംഖ്യ ഉപയോഗിച്ച് മരിച്ചുപോയ കുടുംബാംഗങ്ങൾക്കു വേണ്ടി കുർബ്ബാന നടത്തുവാനും ബാക്കി വരുന്ന തുക ഖജാൻജിയെ ഏൽപിക്കുവാനും, അത് കുടുംബയോഗത്തിന്റെ ചെലവുകൾക്കായി വിനിയോഗിക്കുവാനും തീരുമാനിച്ചു. എല്ലാമാസവും ചേരുന്ന കുടുംബയോഗങ്ങളിൽ മരിച്ചുപോയ കുടുംബാംഗങ്ങളെ സ്മരിക്കുവാനും അവർക്കു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുവാനും തീരുമാനിച്ചു.

1941-ൽ സെക്രട്ടറിയായിരുന്ന കുഴപ്പള്ളി വർഗീസ് മത്തായി കുടുംബസമേതം മലബാറിലേക്ക് പോയത് കൊണ്ട് പുതിയ സെക്രട്ടറിയായി പൂവക്കുളത്ത് കെ. സി. ഫിലിപ്പിനെ തെരഞ്ഞെടുത്തു. 1942 ജനുവരി മാസം 5-കാം തീയതി ചേർന്ന കുടുംബയോഗത്തിൽ വച്ച് പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. റവ. ഫാ. അബ്രാഹം നെടുന്തകിടിയേൽ (സീനിയർ) പ്രസിഡന്റ്, വരിക്കമാക്കൽ ഔസേപ്പ് ഔസേപ്പ് വൈ. പ്രസിഡന്റ്, പൂവക്കുളത്ത് കെ.സി. ഫിലിപ്പ്, സെക്രട്ടറി, വടക്കേമുറി വി.ജെ. ദേവസ്യ ഖജാൻജി, തണ്ണിപ്പാറ ചൊള്ളമ്പഴ ജോസഫ് ജോസഫ്, പൂവക്കുളത്ത് കുര്യൻ സ്കറിയാ, വലിയപറമ്പിൽ തൊമ്മൻ ഔസേപ്പ് കമ്മിറ്റി അംഗങ്ങൾ എന്നിവരാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ.

സാമൂഹ്യ സേവന രംഗത്ത് തനതായ വ്യക്തിമുദ്രപതിപ്പിക്കുവാൻ നമ്മുടെ കുടുംബയോഗത്തിനു കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ പല മിഷൻ കേന്ദ്രങ്ങൾക്കും ധനസഹായം നൽകിയും, സാധുക്കളായ യുവതികൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം നൽകിയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നമ്മുടെ കുടുംബയോഗത്തിന് കഴിഞ്ഞിട്ടുണ്ട്. കൊഴുവനാൽ ആശുപത്രിക്ക് ശയ്യോപകരണങ്ങൾ നൽകിയതിന്റേയും, മലബാർ മേഖലയിൽ പല ദേവാലയങ്ങളുടേയും നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകിയതിന്റേയും കണക്കുകൾ കുടുംബയോഗം രേഖകളിൽ നമുക്ക് കാണാൻ കഴിയും.





അനാരോഗ്യം മൂലം പ്രസിഡന്റും, സെക്രട്ടറിയും സ്ഥാന മൊഴിഞ്ഞതിനാൽ പുതിയ പ്രസിഡന്റായി ഔസേപ്പ് ഔസേപ്പ് തണ്ണിപ്പാറയും, സെക്രട്ടറിയായി പൂവക്കുളത്ത് സ്കറിയാ ജോസഫും തെരഞ്ഞെടുക്കപ്പെട്ടു. 1957 ജൂൺ മാസത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നു. വി.ഇ. എമ്മാനുവൽ നെടുന്തകിടിയേൽ-പ്രസിഡന്റ്, സ്കറിയാ ജോസഫ് പൂവക്കുളം - സെക്രട്ടറി, ചാക്കോ ജോസഫ് വയലിൽ വൈ. പ്രസിഡന്റ്, ഫിലിപ്പ് ജോസഫ് തണ്ണിപ്പാറ. അസി. സെക്രട്ടറി, തൊമ്മൻ ചെറിയാൻ കൊച്ചുമുറി ഖജാൻജി, സ്കറിയാ ദേവസ്യാ പൂവക്കുളം, ഔസേപ്പ് ഔസേപ്പ് തണ്ണിപ്പാറ, വർക്കി മുണ്ടുപാലക്കൽ, തൊമ്മൻ വർക്കി ചൂരക്കുന്നേൽ, മത്തായി ഇടിയാകുന്നേൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ പുതിയ ഭരണസമിതിയിലേക്ക് തെരഞ്ഞെടുത്തു. ഈ കമ്മിറ്റിയുടെ കാലം മുതൽ 4.7,10 ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുടുംബാംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു.

1965-ൽ പ്രസിഡന്റായി വി.ഇ. എമ്മാനുവൽ നെടുന്തകിടിയേലും, സെക്രട്ടറിയായി കെ. റ്റി. സ്കറിയാ പൂവക്കുളവും, ഖജാൻജിയായി തൊമ്മൻ ചെറിയാൻ കൊച്ചുമുറിയും തെരഞ്ഞെടുക്കപ്പെട്ടു. കമ്മറ്റി അംഗങ്ങളായി കെ.റ്റി. തോമസ് പൂവക്കുളം, സി.ജെ. ജോസഫ് കൊച്ചുമുറിയിൽ, എം.വി. വർക്കി മുണ്ടുപാലക്കൽ, മത്തായി ദേവസ്യ പൂവക്കുളം, പി. കെ. എമ്മാനുവൽ പൂവക്കുളം എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. അനാരോഗ്യം മൂലം സെക്രട്ടറി കെ.ററി. സ്കറിയാ പൂവക്കുളം മാറി നിൽക്കേണ്ടി വന്നതിനാൽ അദ്ദേഹത്തിന്റെ പുത്രൻ നിക്സൺ സഖറിയാസ് സെക്രട്ടറിയുടെ ചുമതല വളരെ ഭംഗിയായി നിർവഹിച്ചു.



എറകോന്നി വയലിൽ കുടുംബയോഗത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് മറ്റം ഉദ്ഘാടനം ചെയ്യുന്നു.

നമ്മുടെ കുടംബയോഗം രൂപം കൊണ്ട

തിന്റെ അമ്പതാം വാർഷികം സമുചിതമായി ആഘോഷിക്കുകയുണ്ടായി. കനക ജൂബിലി ആഘോഷങ്ങൾ കൊഴുവനാൽ സെന്റ് ജോൺസ് ഹൈസ്ക്കൂൾ ഹാളിൽ വച്ച് നടന്നു. എറകോന്നി കുടുംബയോഗം പ്രസിഡന്റ് വി.സി. ജോസഫ് വെട്ടുകാട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാലാരൂപതയുടെ വികാരി ജനറാൾ മോൺ. ജോസഫ് മററം കനകജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. എറകോന്നി കുടുംബത്തിലെ വിവിധ ശാഖകളിൽ നിന്നുള്ളവരുൾപ്പെടെ അഞ്ഞൂറോളം പേർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി.

1995 ജൂലൈ മാസത്തിൽ നടന്ന കുടുംബയോഗത്തിൽ വച്ച് ഷിബു ജോൺ പൂവക്കുളം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 2001 ഒക്ടോബറിൽ നടന്ന യോഗത്തിൽ വച്ച് വൈസ്. പ്രസിഡന്റായി വി.കെ എമ്മാനുവൽ പൂവക്കുളം തെരഞ്ഞെടുക്കപ്പെട്ടു. കുടുംബയോഗത്തിന്റെ ഖജാൻജിയായിരുന്ന തൊമ്മൻ ചെറിയാൻ കൊച്ചുമുറിയിലിന്റെ നിര്യാണത്തെ ത്തുടർന്ന് പുതിയ ഖജാൻജിയായി സിബി ചെറിയാൻ കൊച്ചുമുറിയിലിനെ തെരഞ്ഞെടുത്തു.

ഇന്നുള്ള പല കുടുംബയോഗങ്ങൾക്കും മാർഗ്ഗദർശിയാകുവാൻ നമ്മുടെകുടുംബയോഗത്തിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിമാനകരമാണ്. 69 വർഷങ്ങൾക്കു മുമ്പ് ക്രാന്തദർശികളായ നമ്മുടെ പിതാമഹന്മാർ തെളിച്ച ഈ ദീപം വളരെയേറെ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടുപോലും അണയാതെ കാത്തുസൂക്ഷിച്ച ഈ കുടുംബയോഗത്തിന്റെ കഴിഞ്ഞകാല ഭാരവാഹികളെ വളരെ നന്ദിയോടെ സ്മരിക്കുന്നു. അവരിൽ നിന്നും നമുക്ക് ലഭിച്ച മഹത്തായ പൈതൃകവും, വിശ്വാസ ചൈതന്യവും വരും തലമുറക്ക് പകർന്നു നൽകുവാൻ നമുക്ക് ഒന്നായി കൈകോർത്ത് മുന്നേറാം.

കൊഴുവനാൽ,
മെയ്, 2007

**വി. ഇ. എമ്മാനുവേൽ നെടുംതകടി**
പ്രസിഡന്റ്
എറകോന്നി വയലിൽ കുടുംബയോഗം





# ആമുഖം



ഏതാണ്ട് പത്താം നൂറ്റാണ്ടിൽ പാലായിൽ മീനച്ചിൽ ഭാഗത്ത് വന്നു താമസമാക്കിയ ഒരു പ്രബല മാർത്തോമ്മാ നസ്രാണി കുടുംബമാണ് 'എറകോന്നി' കുടുംബം. അന്ന് നാടുവാഴികളായിരുന്ന 'കർത്താക്കന്മാർ' പ്രത്യേകം ക്ഷണിച്ചുകൊണ്ടു വന്ന് താമസിപ്പിച്ചതാണ് ഈ ക്രൈസ്തവകുടുംബത്തെ എന്നാണ് പരക്കെയുള്ള വിശ്വാസം. പൂജയ്ക്കും മറ്റും ആവശ്യമായ എണ്ണ തുടങ്ങിയ വസ്തുക്കളെ 'തൊട്ടുശുദ്ധമാക്കുക' എന്ന ദൗത്യത്തിനായിട്ടായിരുന്നു അത്. പൂജയ്ക്കും ഇതര ആവശ്യങ്ങൾക്കുമുള്ള എണ്ണ, നെയ്യ്, തേൻ, പുഷ്പങ്ങൾ മറ്റു സസ്യങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിക്കുകയും ശേഖരിച്ചു കൊണ്ടുവരുകയും ചെയ്തിരുന്ന പണിക്കാർ താണ ജാതിയിൽപ്പെട്ടവരായിരുന്നു. അതിനാൽതന്നെ ആ വസ്തുക്കൾക്ക് അശുദ്ധം കല്പിച്ചിരുന്നു. എന്നാൽ, പ്രസ്തുത വസ്തുക്കളെ 'നസ്രാണിതൊട്ടാൽ' അശുദ്ധംമാറും എന്നൊരു വിശ്വാസം അക്കാലത്ത് പ്രബലമായിരുന്നു. കാരണം അന്നത്തെ നസ്രാണി ക്രിസ്ത്യാനികൾ അത്രയ്ക്കും യോഗ്യരും ശുദ്ധരുമായിരുന്നു എന്നതുതന്നെ. വാസ്ക്കോഡിഗാമയോടൊപ്പം കേരളത്തിലെത്തിയ പോർട്ടുഗീസ് ഈശോ സഭാമിഷനറിമാർ, പോർട്ടുഗലിലെ സഭാ മേധാവിക്ക് എഴുതിയ കത്തുകളിൽ കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ശ്രദ്ധേയമാണ്. "അവർ (മാർതോമ്മാ നസ്രാണികൾ) സത്യസന്ധരും, വിശ്വാസ്യരും, ആദ്ധ്യാത്മികതയിലും ആചാരങ്ങളിലും ശ്രേഷ്ഠരും, സർവ്വോപരിതാപസ ജീവിതം നയിക്കുന്ന പരിശുദ്ധരുമാണ്." ഇങ്ങനെയുള്ള നസ്രാണി തൊട്ടാൽ അശുദ്ധിമാറും എന്നു മറ്റുള്ളവർ വിശ്വസിച്ചുവെങ്കിൽ കുറ്റപ്പെടുത്താനാവില്ലല്ലോ. അങ്ങനെ നാടുവാഴികൾ ക്ഷണിച്ചുകൊണ്ടുവന്ന് എല്ലാവിധ സൗകര്യങ്ങളും സൗജന്യങ്ങളും നൽകി പാർപ്പിച്ച 'എറകോന്നി' കുടുംബം മീനച്ചിലിലെ മണ്ണിൽ തഴച്ചുവളർന്ന്

പ്രഖ്യാതമായിത്തീർന്നു. ഈ കുടുംബത്തിന്റെ പതിനേഴാം നൂറ്റാണ്ടു വരെയുള്ള തുടർ ചരിത്രം വെളിവാക്കുന്ന വിശ്വാസയോഗ്യമായ രേഖകളൊന്നും ലഭ്യമല്ല. എന്നിരുന്നാലും ഇന്ന് പാലയിലും പരിസരപ്രദേശങ്ങളിലുമായി വിവിധ പേരുകളിൽ അറിയപ്പെടുന്ന ഭൂരിപക്ഷം ക്രൈസ്തവ കുടുംബങ്ങളുടെയും മൂലകുടുംബം 'എറാകോന്നി' കുടുംബമാണെന്നതിൽ രണ്ടഭിപ്രായമില്ല.പാലായിൽ ക്രിസ്ത്യാനികൾക്കായി ഒരു ആരാധനാലയം (പള്ളി) സ്ഥാപിക്കാൻ മുൻകൈയ്യെടുത്ത നാലു കുടുംബങ്ങളിൽ (തറയിൽ, വയലക്കൊമ്പ്, കൂട്ടുങ്കൽ, എറാകോന്നി) ഒന്നും ഈ കുടുംബമായിരുന്നു. അന്ന് അവർ സ്ഥാപിച്ച പള്ളിയാണ് ഇന്നത്തെ സെന്റ് തോമസ് കത്തീഡ്രൽ.

ഉദ്ദേശം പതിനേഴാം നൂറ്റാണ്ടിൽ, എറാകോന്നി കുടുംബാംഗമായ ഇട്ടിച്ചെറിയ എന്നൊരാൾ, മേവട വെട്ടിക്കാട്ടുവയലിൽ വന്നു താമസമാക്കി, 'എറാകോന്നി വെട്ടിക്കാട്ടു വയലിൽ' കുടുംബത്തിന് തുടക്കം കുറിച്ചു. ഇദ്ദേഹത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ട തൊമ്മൻ എന്നയാളെ ഒന്നാം തലമുറ കാരണവരായി കണക്കാക്കിക്കൊണ്ടാണ് ഈ കുടുംബചരിത്രം ചുരുളഴിയുന്നതും പുരോഗമിക്കുന്നതും. ഒന്നാം തലമുറ തൊമ്മന്റെ രണ്ടുമക്കളിൽ ഒരാൾ വെട്ടിക്കാട്ടുവയലിലും മറ്റൊരാൾ ഐക്കര (അക്കരെ)യിലും താമസമാക്കി (രണ്ടാം തലമുറ) ഒരു തറവാട്ടിലെ കാരണവർക്കു ജനിക്കുന്ന ആൺ മക്കളിൽ ഒരാൾ – സാധാരണയായി ഏറ്റവും ഇളയആൾ – തറവാട്ടിൽ താമസിക്കുകയും, മറ്റുള്ളവർ വിവാഹാനന്തരം കുടുംബസമേതം മറ്റിടങ്ങളിൽ മാറിത്താമസിക്കുകയുമായിരുന്നു പതിവ്. കൂട്ടുകുടുംബസമ്പ്രദായം ക്രൈസ്തവരുടെ ഇടയിൽ വിരളമായിരുന്നു. അങ്ങനെ മാറിത്താമസിക്കുമ്പോൾ ചെന്നു താമസിക്കുന്ന സ്ഥലത്തിന്റെയോ, പുരയിടത്തിന്റെയോ, ചേരിക്കലിന്റെയോ പേര് വീട്ടുപേരായിസ്വീകരിച്ച് തുടർന്നുപോന്നു.

ഐക്കരയിൽ താമസമാക്കിയ രണ്ടാംതലമുറ ഔസേപ്പിന്റെ മകൻ തൊമ്മൻ (മൂന്നാം തലമുറ) തൊമ്മന്റെ മകൻ ഔസേപ്പ് (നാലാം തലമുറ) ഔസേപ്പിന്റെ മകൻ അഞ്ചാം തലമുറ തൊമ്മന്റെ മൂന്നു പുത്രന്മാരിൽ ഔസേപ്പ് ഐക്കരയിലും, തൊമ്മൻ കൊഴുവനാൽ തണ്ണിപ്പാറയും, പോത്തൻ തണ്ണിപ്പാറത്താഴെയും താമസമാക്കി. ആറാം തലമുറക്കാരായ ഈ തൊമ്മന്റെയും പോത്തന്റെയും പിൻതുടർച്ചയാണ് തണ്ണിപ്പാറശാഖ. വെട്ടിക്കാട്ടുവയലിൽ താമസിച്ചിരുന്ന രണ്ടാം തലമുറ





വർക്കിയുടെ രണ്ടുപുത്രന്മാരിൽ ഒരാൾ വെട്ടിക്കാട്ടും മറ്റെയാൾ വയലിലും താമസിച്ചു (മൂന്നാം തലമുറ) വയലിൽ താമസിച്ച തൊമ്മന്റെ രണ്ടു ആൺമക്കളിൽ ഒരാൾ തൊമ്മൻ (നാലാം തലമുറ) മലയിരുത്തിയിൽ പൂവക്കുളത്തും, മറ്റേയാൾ വയലിലും താമസിച്ചു. വയലിൽ നിന്നും ഒരാൾ മുണ്ടുപാലയ്ക്കൽ എത്തി (അഞ്ചാംതലമുറ) പൂവക്കുളത്തുവന്ന തൊമ്മന് അഞ്ചു പുത്രന്മാരുണ്ടായിരുന്നു. അഞ്ചാം തലമുറക്കാരായ അവരിൽ ഇളയവൻ ചെറിയത് സ്ക്കറിയ പൂവക്കുളത്തു തറവാട്ടിലും മറ്റുള്ളവർ, വടക്കേമുറി, വലിയപറമ്പിൽ, വടയാറ്റുകുന്നേൽ, തകടിയേൽ എന്നിവിടങ്ങളിലും ചെന്നു താമസിച്ച് അതാതു പേരിൽ ശാഖകളായി. വടക്കേമുറിയിൽ താമസിച്ച അഞ്ചാംതലമുറ തൊമ്മന്റെ അഞ്ചുമക്കൾ (ആറാം തലമുറക്കാർ) കുഴുപ്പള്ളിൽ, കൊച്ചുമുറിയിൽ (മലയിരുത്തി) നെടുംതകിടി വടക്കത്ത് വടക്കേമുറി, വടക്കേമുറി എന്നീ ശാഖകളായി. അഞ്ചാംതലമുറ വലിയ പറമ്പിൽ ഔസേപ്പിന്റെ മക്കളിൽ ഒരാളുടെ ശാഖയാണ് വരിക്കമാക്കൽ. വടയാറ്റു കുന്നേലിന് മാപ്പിളകുന്നേൽ എന്നൊരുപശാഖയുണ്ട്. അഞ്ചാംതലമുറ തകടിയേലിന്റെ ഉപശാഖകളാണ് കിഴക്കേമുറി, ഇടിയാകുന്നേൽ, മുല്ലക്കരി എന്നിവ. ആറാംതലമുറ കുഴുപ്പള്ളിലിന്റെ ഉപശാഖകളാണ് ചൂരക്കുന്നും, പടിഞ്ഞാറെവരിക്കമാക്കലും, ആറാംതലമുറ കൊച്ചുമുറിയിൽ ശാഖയിലും, പല്ലാട്ട്, തടത്തിൽ, ചെറിയ മൈലാടിയിൽ എന്നീ ഉപശാഖകളും രൂപം പ്രാപിച്ചിട്ടുണ്ട്. അങ്ങനെ ശാഖകളും ഉപശാഖകളുമായി എറാകോന്നി – വയലിൽ കുടുംബം ഇരുപതിൽപരം വിവിധ വീട്ടുപേരുകളിൽ, വളർന്ന് പടർന്നു പന്തലിച്ച് പന്ത്രണ്ടാം തലമുറയിൽ എത്തിയിരിക്കുന്നു, പരസ്പരം തിരിച്ചറിയാത. ഈ വിവിധ ശാഖകളുടെ ഇതുവരെയുള്ള ചരിത്രം ലഭ്യമായിടത്തോളം സംഭരിച്ച് സംഗ്രഹിച്ച് ഈ കുടുംബചരിത്ര ഗ്രന്ഥത്തിൽ പ്രസിദ്ധീകരിക്കുകയാണ്. വായനക്കാർക്ക് ഗ്രഹിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാവാത്ത ലളിതമായ പ്രതിപാദനരീതിയാണ് അവലംബിച്ചിട്ടുള്ളത്.

പല കുടുംബങ്ങളും തങ്ങളുടെ ചരിത്രം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു കുടുംബ ചരിത്രഗ്രന്ഥത്തിന് എന്താണിത്ര പ്രാധാന്യം? ഇതു വെറും പാഴ്വേലയല്ലേ? പാഴ്ചിലവല്ലേ? എന്നൊക്കെ ചിന്തിക്കുകയും വിമർശിക്കുകയും ചെയ്യുന്ന ചുരുക്കംപേരെങ്കിലുമുണ്ടാവാം. അവർക്കുള്ള മറുപടി ഈ ഗ്രന്ഥം തന്നെ. മുമ്പു പ്രസ്താവിച്ചതുപോലെ ഇരുപതിൽപരം വിവിധ വീട്ടുപേരുകളിലായി കേരളത്തിനകത്തും പുറത്തും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും, ഇ

ന്ത്യയ്ക്കു വെളിയിൽ വിവിധ വിദേശ രാജ്യങ്ങളിലും അധിവസിക്കുന്ന ഈ കുടുംബാംഗങ്ങൾ പരസ്പരം അറിയാനും മനസ്സിലാക്കാനും ഏക മാർഗ്ഗം, എളുപ്പമാർഗം ഈ ചരിത്ര പുസ്തകമാണ്, പ്രത്യേകിച്ചും ഇളം തലമുറയ്ക്ക്. അറിവ് ഒരിക്കലും ഒരു കുറവല്ല, അധികപ്പറ്റും. വിവിധ വീട്ടുപേരുകളിൽ അന്യരെപ്പോലെ കഴിയുന്ന തങ്ങൾ ഒരേ കുടുംബത്തിലെ വിവിധ ശാഖകളിൽപെട്ടവരാണ്, സഹോദരങ്ങളാണ് എന്ന് തിരിച്ചറിയുമ്പോഴുണ്ടാകുന്ന മനോവികാരം വിവരണാതീതമാണ്. അന്യതാബോധം മറന്ന്, ശത്രുതയുണ്ടെങ്കിൽ വെടിഞ്ഞ്, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പരസ്പര സഹകരണത്തിന്റെയും പുതിയ മേഖലകൾ തുറക്കുവാൻ ഈ ചരിത്രഗ്രന്ഥം തിരിതെളിക്കും. മത, സാമൂഹ്യ, വിദ്യാഭ്യാസ, രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവെച്ച്, മൺമറഞ്ഞവരും, ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായ കുടുംബാംഗങ്ങളെ തിരിച്ചറിയാനും, അന്തസ്സോടെ സ്മരിക്കാനും ഈ ഗ്രന്ഥം ഉപകരിക്കും, തീർച്ച. പ്രഗത്ഭരും പ്രശസ്തരുമായ നിരവധി വൈദികരും, സന്യാസിനികളും, അധ്യാപകരും, ഗവൺമെന്റ് ഉദ്യോഗസ്ഥരും ഈ കുടുംബാംഗങ്ങളായുണ്ട് എന്നത് തികച്ചും അഭിമാനകരം തന്നെ. അവരെപ്പറ്റിയെല്ലാം പരമാവധി വിവരങ്ങൾ ശേഖരിച്ച് ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്, പലരുടേയും ചിത്രങ്ങളും.

മറ്റേതൊരു ചരിത്രഗ്രന്ഥവുമെന്നപോലെ ഇതും നൂറുശതമാനം പൂർണ്ണമല്ല. പൂർണ്ണമാണെന്ന് അവകാശപ്പെടുന്നുമില്ല. കാരണം, പൂർണ്ണവും വിശദവുമായ വിവരങ്ങൾ നൽകാൻ കഴിയുന്ന മുതിർന്ന തലമുറയുടെ അഭാവവും, ഇളംതലമുറയുടെ അലംഭാവവും വിവരസമാഹരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും, സാമാന്യം തൃപ്തികരമായ ഒരു പൂർണ്ണതയിലേയ്ക്ക് ഈ ചരിത്രഗ്രന്ഥത്തെ എത്തിക്കുവാൻ പ്രസാധകസമിതി ശ്രമിച്ചിട്ടുണ്ട് എറകോന്നി-വെട്ടിക്കാട്ടുവയലിൽ കുടുംബത്തിന്റെ ഈ ചരിത്രഗ്രന്ഥം കുടുംബാംഗങ്ങൾ എല്ലാവരും സഹർഷം സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

പ്രസാധകസമിതിക്കുവേണ്ടി,

ചീഫ് എഡിറ്റർ
സി. ജെ. മാത്യു, കൊച്ചുമുറിയിൽ

കൊഴുവനാൽ
മെയ്, 2007





# പ്രസാധകക്കുറിപ്പ്



കൊഴുവനാൽ 'എറകോന്നിവയലിൽ' കുടുംബയോഗാംഗങ്ങളിൽ ചിലരുടെ മനസ്സിൽ ഏതാനും വർഷങ്ങൾക്ക് മുൻപ് അങ്കുരിച്ച ഒരു ആശയും ആശയവുമാണ് ഒരു കുടുംബ ചരിത്രം പ്രസിദ്ധീകരിക്കുകയെന്നത്. ഈ ആശയം വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും കുടുംബയോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. ഭൂരിപക്ഷം അംഗങ്ങളും അനുകൂല മനോഭാവം പ്രകടിപ്പിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ കുടുംബയോഗം പ്രസിഡന്റ് ശ്രീ. വി. ഇ. ഇമ്മാനുവൽ നെടുംതകടിയിലിന്റെ നേതൃത്വത്തിൽ പന്ത്രണ്ട് അംഗങ്ങളടങ്ങിയ ഒരു പ്രസാധകസമതി രൂപീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. രണ്ടു കാര്യങ്ങളാണ് പ്രസ്തുത സമിതിക്ക് പ്രധാനമായും നിർവ്വഹിക്കാനുണ്ടായിരുന്നത്. ഒന്ന്, കുടുംബചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കാനാവശ്യമായ ധനം സ്വരൂപിക്കുക. രണ്ട്, സത്യസന്ധവും വിശ്വാസ്യവുമായ ചരിത്ര വിവരങ്ങൾ പരമാവധി ശേഖരിക്കുക. പണം സ്വരൂപിക്കൽ അത്രയ്ക്കു ബുദ്ധിമുട്ട് ഉളവാക്കിയില്ല. ഉദാരമതികളും സുമനസ്സുകളുമായ നിരവധി അംഗങ്ങൾ ഈ കുടുംബത്തിലുണ്ടെന്നുള്ളതുതന്നെ അതിനു കാരണം. എന്നാൽ ഗ്രന്ഥത്തിനാവശ്യമായ വിവരസമാഹരണം അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. കാരണങ്ങൾ പലതാണ്. ആമുഖത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇരുപതിൽപരം ശാഖോപശാഖകളിലായി, വിവിധ വീട്ടുപേരുകളിൽ, വിവിധ ദേശങ്ങളിൽ- ഭാരതത്തിലും വിദേശരാജ്യങ്ങളിലും - ഈ കുടുംബാംഗങ്ങൾ ഉണ്ട്. ഈ ചരിത്രഗ്രന്ഥ രചനയ്ക്കു സ്വീകരിച്ച മാനദണ്ഡമനുസരിച്ച്, ഈ കുടുംബം പന്ത്രണ്ടാം തലമുറയിൽ എത്തിയിരിക്കുക

യാണ്. കുടുംബത്തിന്റെ ആദിമ ചരിത്ര വിവരങ്ങൾ അറിയാവുന്ന കാരണവർമാരുടെ എണ്ണം തുലോം കുറവാണ്. എൺപത് വയസ്സിനു മുകളിൽ പ്രായമുള്ള എട്ടാം തലമുറക്കാർ വിരലിലെണ്ണാവുന്നവരെ ഇന്നു ജീവിച്ചിരുപ്പുള്ളൂ. അവരിൽ ചരിത്രമറിയാവുന്നവർ ചുരുക്കവും. ഇളം തലമുറക്കാർക്ക് പൂർവ്വചരിത്രം കാര്യമായൊന്നും അറിഞ്ഞുകൂടാ, അറിയണമെന്ന താല്പര്യവുമില്ല. പല ശാഖകളും ഏതാണ്ട് പൂർണ്ണമായിത്തന്നെ, നാട്ടിൽ നിന്നും, കുടിയേറ്റ പ്രദേശങ്ങളിലേയ്ക്ക് - മലബാർ, ഹൈറേഞ്ച് - ഏഴ്, എട്ട് തലമുറക്കാലത്തുതന്നെ മാറിത്താമസിക്കുകയും ചെയ്തു. ഈവിധ കാരണങ്ങളാൽ, വിവരസമാഹരണത്തിൽ കാലതാമസവും, ബുദ്ധിമുട്ടുകളും ഏറിവന്നു. എന്നിരുന്നാലും, നിയോഗിക്കപ്പെട്ടവർ സാധ്യമായ എല്ലാവഴികളും തേടി. കത്തുകളയച്ചും, ടെലിഫോൺ വഴി ബന്ധപ്പെട്ടും, നേരിട്ടുചെന്നുകണ്ടും പരമാവധി വിവരങ്ങൾ സംഭരിച്ചു. കുടുംബചരിത്രഗ്രന്ഥത്തിന്റെ പ്രാധാന്യവും പ്രയോജനങ്ങളും ബോധ്യപ്പെട്ട ചില മാന്യഅംഗങ്ങൾ അവരുടെ ഏറെ സമയവും ഒപ്പം ധനവും സ്വമേധയാ ഇതിനായി വിനിയോഗിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അങ്ങനെ ലഭ്യമായ മാർഗ്ഗങ്ങളിലൂടെയെല്ലാം സംഭരിച്ച വിവരങ്ങൾ സമാഹരിച്ച് ക്രോഡീകരിച്ച് പുസ്തക രൂപത്തിലാക്കി 'എറകോന്നി വെട്ടിക്കാട്ട് വയലിൽ കുടുംബ ചരിത്രം' പ്രസിദ്ധീകരിക്കുകയാണ്.

ഈയവസരത്തിൽ ഈ വലിയ സംരംഭത്തിന് ആത്മാർത്ഥമായി സഹകരിച്ച, പിന്നണിയിലും രംഗത്തും പ്രവർത്തിച്ച വിവിധ വ്യക്തികളെ നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതുണ്ട്. നമ്മുടെ കുടുംബത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചരിത്രഗ്രന്ഥത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത ഒരു വ്യക്തിയാണ് യശഃശരീരനായ ശ്രീ. N.O. വർക്കി നെടുംതകടിയേൽ. രോഗശയ്യയിലായിരുന്നപ്പോൾ അദ്ദേഹം ഞങ്ങളെ ഏലിപിച്ച രേഖകൾ ഈ ചരിത്രഗ്രന്ഥത്തിന് വളരെ വിലപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു. കുടുംബചരിത്ര ഗ്രന്ഥം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനായി ഞങ്ങളോടൊപ്പം പ്രവർത്തിക്കുകയും ഇതിന്റെ പ്രകാശനത്തിനു മുൻപ് നമ്മിൽ നിന്നും വേർപിരിഞ്ഞു പോകുകയും ചെയ്ത കുടുംബയോഗം





ട്രഷറർ ചെറിയാൻ കൊച്ചുമുറിയേയും പ്രത്യേകം അനുസ്മരിക്കുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വവും പ്രോത്സാഹനവും നൽകുന്ന കുടുംബയോഗം പ്രസിഡന്റ് ശ്രീ. വി. ഇ. എമ്മാനുവൽ, അദ്ദേഹത്തോടൊപ്പം സജീവമായി പ്രവർത്തിക്കുന്ന സെക്രട്ടറി ഷിബുജോൺ പൂവക്കുളം, വൈസ് പ്രസിഡന്റ് പി. കെ എമ്മാനുവൽ പൂവക്കുളം, ഖജാൻജി സിബി ചെറിയാൻ കൊച്ചുമുറിയിൽ, എന്നിവരുടെ സേവനം പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. തന്റെ വിലപ്പെട്ട സമയം വലിയൊരളവിൽ ഈ ഗ്രന്ഥരചനയ്ക്കുവേണ്ടി നീക്കി വച്ച വ്യക്തിയാണ് ഇതിന്റെ ചീഫ് എഡിറ്റർ ശ്രീ. സി.ജെ. മാത്യു കൊച്ചുമുറിയിൽ. തന്റെ താമസസ്ഥലമായ കോട്ടയത്തുനിന്നും അൻപതോളം ദിവസങ്ങൾ, കൊഴുവനാലിൽ എത്തി ഞങ്ങളോടോപ്പമിരുന്ന് ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും സ്വന്തം രചനാശൈലിയിലൂടെ, വളരെ ആകർഷകവും ലളിതവുമായി ഈ പുസ്തകം രൂപപ്പെടുത്തിയെടുക്കുകയും ചെയ്ത മാത്യൂസാറിനോടുള്ള കടപ്പാട് വളരെ വലുതാണ്. അദ്ദേഹത്തോടൊപ്പം ഇതിന്റെ രചനയ്ക്കുപിന്നിൽ പ്രവർത്തിച്ച ശ്രീ പി. സി. ജോൺ പൂവക്കുളം ശ്രീ എം.എ അബ്രാഹം മുണ്ടുപാലയ്ക്കൽ എന്നിവരുടെ നിസ്വാർത്ഥമായ സേവനം നന്ദിയോടെ അനുസ്മരിക്കുന്നു. ഈ ഗ്രന്ഥരചനയുമായി ബന്ധപ്പെട്ട് ദൂരെ സ്ഥലങ്ങളിലേയ്ക്കുള്ള യാത്രകളിൽ ഞങ്ങളോടൊപ്പം പങ്കുചേർന്ന ശ്രീ റോബർട്ട് നെടുംതകടിയേൽ, ശ്രീ സജീവ്, വലിയപറമ്പിൽ, ശ്രീ തോമസ് ഇടിയാകുന്നേൽ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ ധനസമാഹരണത്തിൽ നിർലോഭമായി സഹകരിച്ച കുടുംബാംഗങ്ങൾ ഓരോരുത്തർക്കും, പ്രത്യേകിച്ച്, റവ. ഫാ. സിറിയക് വലിയപറമ്പിൽ, വി. വി. മാണി നെടുംതകടിയേൽ എന്നിവർക്കും നന്ദിയുടെ നറുമലരുകളർപ്പിക്കാൻ ഈയവസരം വിനിയോഗിക്കട്ടെ.

വളരെയധികം ജോലിത്തിരക്കിനിടയിലും ഈ ചരിത്രഗ്രന്ഥത്തിന് ഒരു അവതാരിക എഴുതി നൽകിയ പ്രൊഫ. ജോസഫ് മറ്റത്തിനോട് ഞങ്ങൾക്കുള്ള കടപ്പാടും നന്ദിയും സ്നേഹപൂർവ്വം അറിയിക്കട്ടെ. ഈ ഗ്രന്ഥത്തിന് ആശംസകൾ നൽകി അനുഗ്രഹിച്ച ബഹു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ശ്രീ കെ. എം. മാണി എം. എൽ. എ, എറകോന്നി കുടുംബയോഗം

പ്രസിഡന്റ് വി. സി. ജോസഫ് വെട്ടുകാട്ടിൽ എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഈ കുടുംബചരിത്ര ഗ്രന്ഥം വളരെ ആകർഷകമായി അണിയിച്ചൊരുക്കിയ "കോട്ടയം വൈൽഡ് തോട്ട്സി"ലെ ജീവനക്കാരോടും മാനേജ്മെന്റിനോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ലഭ്യമായ രേഖകളുടെ വെളിച്ചത്തിൽ പരമാവധി വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇത് പൂർണ്ണമായി എന്ന് അവകാശപ്പെടുന്നില്ല. പോരായ്മകൾ ഉണ്ടാവാം, അവ ചൂണ്ടിക്കാണിക്കുന്നത് സ്വാഗതാർഹമാണ്. നമ്മുടെ പിതാമഹന്മാരിലൂടെ നമ്മുക്കു ലഭിച്ച വിശ്വാസവും പൈതൃകവും വരും തലമുറക്കു കൈമാറുവാനും, കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും ഐക്യവും നിലനിർത്താനും ഈ ഗ്രന്ഥം ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു. ഈ ചരിത്രഗ്രന്ഥം ഒരു യാഥാർത്ഥ്യമാക്കുന്നതിനു സഹകരിച്ചു പ്രവർത്തിച്ച എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

പ്രസാധക സമതിക്കുവേണ്ടി

കൺവീനർ

കൊഴുവനാൽ

റ്റി.ജെ. ജോസഫ് തണ്ണിപ്പാറ

മെയ് 2007





# അവതാരിക



സത്യസന്ധമായി രചിക്കപ്പെടുന്ന ദേശചരിത്രങ്ങൾ ചേർത്തുവച്ചാൽ രാജ്യചരിത്രങ്ങളുടെ രൂപരേഖയാവുമെന്ന് പ്രസിദ്ധചരിത്ര ഗവേഷകനായ ഏ. ശ്രീധരമേനോൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിനോട് നമുക്ക് ഒരു വാക്യം കൂടിചേർക്കാം. വസ്തുനിഷ്ഠവും അതിശയോക്തിസ്പർശം ഇല്ലാത്തതുമായ കുടുംബ കഥകളാണ് ദേശചരിത്രങ്ങൾക്കുപോലും ആധാരം. ഇതിന് ധാരാളം ഉദാഹരണങ്ങളുണ്ട്, ഇന്ത്യാചരിത്രത്തിൽത്തന്നെ.

പല കുടുംബങ്ങളും അവയുടെ ഉറവിടങ്ങളെക്കുറിച്ചും വലിയ കുടുംബസമൂഹങ്ങളായി വളരാനിടയായ സാഹചര്യങ്ങളെക്കുറിച്ചും അന്വേഷിക്കുന്ന കാലമാണിത്. കിട്ടിയ വിവരങ്ങളിലെ കല്പിത കഥാംശങ്ങളും ഐതിഹ്യങ്ങളുടെ മേൽപ്പാടകളും നീക്കം ചെയ്തു വസ്തുതകൾക്കുമാത്രം പ്രാധാന്യം നൽകിയാണ് കുടുംബചരിത്രങ്ങൾ രചിക്കേണ്ടത്. സത്യമേത്, കെട്ടുകഥയേത് എന്നു നിർണ്ണയിക്കുക വളരെ പ്രയാസമേറിയ കാര്യമാണ്. കാരണം, മുതിർന്നവർ പറഞ്ഞുകേട്ട കഥകളല്ലാതെ രേഖപ്പെടുത്തപ്പെട്ട വിവരങ്ങളൊന്നുമില്ല, അവർക്ക് ആശ്രയിക്കാൻ. ഒരു കുടുംബത്തിൽപ്പെട്ടവരാണെങ്കിലും അന്യോന്യം അറിയാതെ, ഏതുശാഖയിൽപ്പെടുന്നവരാണെന്നു നിശ്ചയമില്ലാതെ, അപരിചിതരെപ്പോലെ കഴിയുന്നവരും, വളരെ അകന്നുമാറിയതിന്റെ ബലത്തിൽ പരസ്പരം വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നവരുമുണ്ട് ഇന്ന്. ബന്ധങ്ങൾ അറിയാനും, ആ അറിവിൽ ഒരുമയോടെ ഉറച്ചുനില്ക്കാനും കുടുംബസമ്മേളനങ്ങൾ സഹായിക്കും. "Unity is Strength" എന്നാണല്ലോ

ആപ്തവാക്യം. 'ഐകമത്യം മഹാബലം' എന്ന് മലയാളം. വിവാഹത്തിനോ ശവസംസ്കാരത്തിനോ പോയാലും ഫോട്ടോയിൽ മുഖം കാണിച്ച് 'ഹാജർ'വച്ചതിന്റെ തൃപ്തിയോടെ മടങ്ങുന്നവരുമുണ്ട് ധാരാളം. ഇത് ആരുടേയും കുറ്റമല്ല. തിരക്കു നിറഞ്ഞ ജീവിതസാഹചര്യമാണ് ഇതിൽ, ഒന്നാം പ്രതി.

അലസന്മാരിലും ധൂർത്തന്മാരിലും നിന്നല്ല അധ്വാനശീലരിലും സമർത്ഥരിലും നിന്നാണ് മിക്കകുടുംബങ്ങളും രൂപമെടുത്തിട്ടുള്ളത്. 'പുരാതനവും പ്രശസ്തവും' എന്ന് ഇന്നു നാം അഭിമാനിക്കുന്ന പല കുടുംബങ്ങളും കഷ്ടപ്പാടിന്റെയും ദാരിദ്ര്യത്തിന്റെയും പഴയകാലകഥകൾ ഓർമ്മച്ചെപ്പിൽ സൂക്ഷിക്കുന്നവരായിരിക്കും. നിധി കിട്ടി കോടീശ്വരന്മാരായവരെ കഥകളിൽ മാത്രമെ കാണാൻ കഴിയൂ. സമൃദ്ധിയുടെ നല്ല കാലത്തെക്കാൾ അവർ അനുഭവിച്ച വറുതിയുടെയും ചിന്തിയ വിയർപ്പിന്റെയും പഴയ കാലങ്ങളെയാണ് നാം ആദരവോടെ അനുസ്മരിക്കേണ്ടത്. ഭാരതത്തിന്റെ മഹത്തായ ഇതിഹാസങ്ങളിലും, ചേര, ചോള, പാണ്ഡ്യ, മുകില, മൗര്യ, ആയ്, വേണാട് തുടങ്ങിയ രാജ്യങ്ങളുടെ കഥകളിലും നിന്നു രൂപംകൊണ്ടതാണ് ഇന്ത്യയുടെ പൈതൃകം. നോഹയുടെ കുടുംബം മുതൽ അബ്രാഹമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ഒടുവിൽ ദാവീദിന്റെയും കുടുംബങ്ങൾവരെയുള്ള ദീർഘമായ കുടുംബചരിത്രങ്ങൾ ക്രിസ്തു കുടുംബത്തിൽ വന്നു നില്ക്കുന്നത് മറ്റൊരു ഉദാഹരണം.

കുടുംബങ്ങളുടെ മഹിമ പ്രതാപങ്ങളെക്കാൾ ധനസ്ഥിതിക്കാണ് ഇന്നു പലരും മുൻഗണന കൊടുക്കുന്നത്. "നാണം കെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടാപ്പണം തീർത്തുകൊള്ളു"മെന്ന് അവർക്കുവേണ്ടി ഒരു പഴയചൊല്ലുതന്നെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ചില "ഇ-മെയിൽ, ബോക്സ് നമ്പർ" വിവാഹപ്പരസ്യങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാവും. മറുനാട്ടിൽകൊണ്ടുപോയി പണിയെടുപ്പിക്കാൻ പറ്റുന്ന യോഗ്യതാ ബിരുദമുള്ളവർക്കാണ്, നല്ല കുടുംബത്തിൽ പിറന്നവർക്കല്ല, ഇന്ന് അവിടെയും മാർക്കറ്റ്. സ്വഭാവ ശുദ്ധിയും അന്തസ്സും മാന്യതയുമൊക്കെ പണത്തിന്റെ മുമ്പിൽ നിസ്സാരം. അതൊക്കെ തുറന്നുനോക്കി നിശ്ചയിക്കാനാവുമോ എന്ന ന്യായീകരണവും. അപൂർവ്വം ചില പരസ്യങ്ങളിൽ മാത്രമെ 'പുരാതനവും പ്രശസ്തവും' തുടങ്ങിയ വിശേഷണങ്ങൾ പ്രത്യക്ഷപ്പെടാറുള്ളൂ.





വലിയൊരു കുടുംബത്തിന്റെ വലിയൊരു ചരിത്രത്തിന് എഴുതുന്ന അവതാരികയ്ക്ക് ഇത്രയും നീണ്ട മുഖവുരയോ എന്ന് ചിലർ സംശയിക്കും എന്നാൽ എനിക്കതിൽ കുറ്റബോധം തീരെയില്ല. ഏതാണ്ട് പത്തു നൂറ്റാണ്ടിന്റെ കഥ പറയുന്ന ഒരു കുടുംബമാണ് എറകോന്നി - വയലിൽ കുടുംബം ഈ കുടുംബചരിത്രത്തിന്റെ രചയിതാക്കൾ ഇതിന്റെ സ്രോതസ്സ് അന്വേഷിച്ച് കൊടുങ്ങല്ലൂരും കുറവിലങ്ങാട്ടുമൊന്നും പോകാഞ്ഞത് നന്നായി. തോമ്മാ ശ്ലീഹാ വന്ന കാലത്തു കേരളത്തിൽ മരുന്നിന് ഒരു ബ്രാഹ്മണൻ പോലുമില്ലായിരുന്നുവെന്നാണ് ആധുനിക ഗവേഷകരുടെ അഭിപ്രായം. എന്നാലും പലരും കുടുംബചരിത്രരചനയ്ക്കു നാന്ദികുറിക്കുന്നത് കൊടുങ്ങല്ലൂരോ, കുറവിലങ്ങാട്ടോ ആണ്.

പത്ത് നൂറ്റാണ്ട് മുൻപ് അങ്കമാലിയിൽ നിന്നുവന്ന് മണർകാട് താമസിച്ച ഒരു കുടുംബമാണ് എറകോണി കുടുംബം അന്നത്തെ മീനച്ചിൽ ഭരണാധികാരിയായിരുന്ന നമ്പിക്കാട്ട് കർത്താവ് ക്ഷണിച്ചതനുസരിച്ച് അവർ മേവിടയിൽ, വെട്ടിക്കാട്ട് വയലിൽ വന്നു താമസം തുടങ്ങി. കർത്താവ് അവർക്ക് ജീവിക്കാൻ വേണ്ട ഭൗതിക സാഹചര്യങ്ങളെല്ലാം ഒരുക്കിക്കൊടുത്തു. വെറും ഭൂമിപോലും സർക്കാരിനു കരം പിരിക്കാനുള്ള സൗകര്യത്തിനുവേണ്ടി ആർക്കും പതിച്ചുകൊടുക്കുന്ന കാലമായിരുന്നു അത്. ഈ കുടുംബത്തിന്റെ ആദ്യകാരണവരും ആദിപിതാവുമായി പരിഗണിക്കപ്പെടുന്നത് വെട്ടിക്കാട്ട് വയലിൽ ഇട്ടിച്ചെറിയ ആണ്. ഈ പ്രപിതാമഹനിൽ നിന്ന് ആരംഭിച്ച് ഒരു വടവൃക്ഷംപോലെ വളർന്ന് പന്തലിച്ചുനിൽക്കുന്ന ഒരു മഹാകുടുംബമാണ്, വംശവൃക്ഷമാണ് എറകോന്നി - വെട്ടിക്കാട്ടുവയലിൽ കുടുംബം. ഐക്കര, തണ്ണിപ്പാറ, പൂവക്കുളം, വടക്കേമുറി, നെടുംതകടി, പതിക്കൽ, കഴുപ്പള്ളി, വലിയ പറമ്പിൽ, വടയാറ്റു കുന്നേൽ, മുണ്ടുപാലയ്ക്കൽ, തകടിയേൽ, മുല്ലക്കരി, വരിക്കമാക്കൽ, മാപ്പിളകുന്നേൽ, കിഴക്കേമുറി, കൊച്ചുമുറിയിൽ, ഇടിയാകുന്നേൽ, ചൂരക്കുന്നേൽ, പടിഞ്ഞാറെ വരിക്കമാക്കൽ, പല്ലാട്ട് തടത്തിൽ, ചെറിയ മൈലാടിയിൽ തുടങ്ങിയ എത്രയെത്ര ശാഖ

കൾ; വലുതും ചെറുതും, ചെറുതും വലുതും. ഇവർക്ക് പാലായിൽ ഒരു ആരാധനാലയം നിർമ്മിക്കാൻവേണ്ട എല്ലാവിധ സഹായങ്ങളും ചെയ്തു കൊടുത്തത് മീനച്ചിൽ കർത്താവു തന്നെയായിരുന്നു. പ്രസ്തുത ദേവാലയമാണ് ഇന്നത്തെ സെന്റ് തോമസ് കത്തീഡ്രൽ. ചേർപ്പുങ്കൽ, ആനക്കല്ല് (ഭരണങ്ങാനം) എന്നീ പള്ളികളുടെ നിർമ്മാണത്തിനും കർത്താവിന്റെ നിർലോപമായ സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ആ പള്ളികളുടെ ചരിത്രങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു.

വയലിൽ ഇട്ടിച്ചെറിയായിൽ നിന്നാരംഭിച്ച ഈ കുടുംബം പത്തുനൂറ്റാണ്ടുകൊണ്ട് പന്ത്രണ്ടാം തലമുറയിലേയ്ക്ക് അഭിമാനപൂർവ്വം ശിരസ്സുയർത്തി നിൽക്കുകയാണ്. പുണ്യസ്മരണാർഹരായ ഫാ. തോമസ് വടക്കേമുറി, ഫാ. എബ്രഹാം നെടുംതകടി (സീനിയർ), ചെറിയത് മത്തായി പൂവക്കുളം എന്നിവരാണ്, വിസ്മൃതിയിലാണ്ടു പോകുന്നതിനുമുൻപ് ഈ കുടുംബചരിത്രവിവരങ്ങൾ ക്രോഡീകരിച്ച് ഒരു സ്മാരക ഗ്രന്ഥം പ്രസിദ്ധപ്പെടുത്തണമെന്ന ആശയം മുന്നോട്ട് വച്ചത്. തത്ഫലമായി 1938-ൽ എറകോന്നി - വയലിൽ കുടുംബയോഗം രൂപവത്ക്കൃതമായി. അക്കാര്യങ്ങളും അനന്തരസംഭവങ്ങളും ഈ കൃതിയിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ശ്രീ വി. ഇ. എമ്മാനുവൽ നെടുംതകിടി പ്രസിഡന്റും, എമ്മാനുവൽ പൂവക്കുളം വൈസ് പ്രസിഡന്റും ഷിബുജോൺ പൂവക്കുളം സെക്രട്ടറിയും സിബി ചെറിയാൻ കൊച്ചുമുറി ഖജാൻജിയുമായുള്ള ഭരണസമിതിയാണ് കുടുംബചരിത്രം എന്ന ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനായി ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതിനുമുൻപ് തണ്ണിപ്പാറ ചൊള്ളമ്പുഴ ശ്രീ ജോസഫ് പ്രസിഡന്റും, പൂവക്കുളത്ത് ചെറിയത് ഫിലിപ്പ് ഖജാൻജിയും, പി. കെ. ജോസഫ് പൂവക്കുളത്ത്, കെ. റ്റി. സ്കറിയാ പൂവക്കുളത്ത് എന്നിവർ സെക്രട്ടറിമാരായുമുള്ള ഭരണസമിതികളും ഇതിനുവേണ്ടി അശ്രാന്തം പരിശ്രമിച്ചിട്ടുണ്ട്. ഒരു ചരിത്ര ഗ്രന്ഥത്തിന്റെ അവതാരികയിൽ ഇത്ര വിശദമായ പരാമർശങ്ങൾക്കൊന്നിനും പ്രസക്തിയില്ലെന്നറിയാമെങ്കിലും വിവാഹബന്ധം വഴി എനിക്കുനേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങളായതുകൊണ്ട് ചിലതു സൂചിപ്പിക്കുന്നു എന്നു മാത്രം.





ഈ മഹാകുടുംബയോഗത്തിന്റെ സപ്തതി വർഷമായ 2007 -ൽത്തന്നെ ഈ കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുകയാണ്. വൈദികരും, കന്യാസ്ത്രീകളും അധ്യാപകരും, അഭിഭാഷകരും, എൻജിനീയർമാരും, ഡോക്ടർമാരും, ഗവൺമെന്റുദ്യോഗസ്ഥരും, കർഷക പ്രമുഖരും ധാരാളമുള്ള ഒരു കുടുംബം. ഈ കുടുംബത്തിന്റെ നെടുംതകടിയേൽ ശാഖയിൽ നിന്നും, അകാലത്തിൽ കൊഴിഞ്ഞുപോയെങ്കിലും, എന്റെ സഹധർമ്മിണിയെ കണ്ടെത്താൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. അവളുടെ വേർപാടു സമ്മാനിച്ച ഇനിയും തീരാത്ത വേദനകൾക്കിടയിലും ഞാൻ ഓർമ്മിക്കട്ടെ, ഈ വലിയ കുടുംബത്തിലെ വിവിധ ശാഖകളിൽപ്പെട്ട ഒട്ടേറെ സുഹൃത്തുക്കളും ശിഷ്യരും എനിക്കുണ്ട്. ബന്ധുത്വവഴിയിൽ എന്റെ പിതൃവ്യനും, അതിനു മുൻപുതന്നെ ആദരണീയനായ സുഹൃത്തും അയൽക്കാരനുമായ ശ്രീ വി. ഇ. എമ്മാനുവൽസാർ, ഈ ഗ്രന്ഥത്തിന് ഒരു അവതാരിക എഴുതിക്കൊടുക്കണമെന്ന് എന്നോട് ആവശ്യപ്പെട്ടപ്പോൾ ഇതെല്ലാം എന്റെ ഓർമ്മയിൽ ഓടിയെത്തി. എന്നെക്കാൾ സർവ്വഥായോഗ്യനായ മറ്റൊരാൾ ചെയ്യേണ്ടിയിരുന്ന കൃത്യമാണ്. അദ്ദേഹം സ്നേഹപൂർവ്വം എന്നോടാവശ്യപ്പെട്ടത്. മുപ്പത്തഞ്ചുവർഷമായി മറ്റത്തിൽ കുടുംബയോഗത്തിന്റെ സെക്രട്ടറിയായിരിക്കാനും ബൃഹത്തായ ഒരു കുടുംബചരിത്രം രചിക്കാനും, പരിഷ്ക്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടതെല്ലാം ചെയ്യാനും കഴിഞ്ഞ ക്ലേശകരമായ അനുഭവങ്ങൾ എന്റെ ഓർമ്മയിൽ നിറഞ്ഞുനില്ക്കുന്നു. ഒരുപക്ഷേ അതും ഈ അവതാരികയെഴുതാൻ എന്നെ ക്ഷണിക്കുന്നതിന് പ്രേരകമായി എന്നു ഞാൻ വിശ്വസിക്കുന്നു.

ചരിത്രം കെട്ടുകഥയല്ല, തലമുറകളിലൂടെ കൈമാറിക്കിട്ടിയ വിശ്വസനീയമായ വിവരങ്ങളുടെ സമാഹാരമാണ്. നമ്മുടെ പൂർവ്വികർ എന്തെങ്കിലും രേഖപ്പെടുത്തിവയ്ക്കുന്നതിൽ വൈമുഖ്യമുള്ളവരായിരുന്നു. അവരിൽ നിന്നും വാമൊഴിയായി കൈമാറിക്കിട്ടിയ വിവരങ്ങളല്ലാതെ നമുക്ക് ആശ്രയിക്കാൻ മറ്റൊന്നുമില്ല. ആ വാമൊഴി വിവരങ്ങളെ ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ രണ്ടുകയ്യും നീട്ടി സ്വീകരിക്കാനും, ത്യജിക്കേണ്ടവ ത്യജിച്ച് സത്യങ്ങൾ മാത്രം സ്വീകരിക്കാനും തയ്യാറാവുമ്പോഴെ അവയ്ക്ക് വസ്തുനിഷ്ഠതയുടെ പരിവേഷം ലഭിക്കൂ. യഥാർത്ഥമായത്, സംഭവിച്ചത്, വിശ്വസനീയം, രേഖപ്പെടുത്തപ്പെട്ടത്, എന്നൊക്കെയാണ്

'historical' എന്ന വാക്കിന്റെ അർത്ഥം തന്നെ. തങ്ങൾ കടന്നുപോന്ന ക്ലേശകരമായ വഴികളിലേയ്ക്കും, നേടിയ നേട്ടങ്ങളിലേക്കും വിനയപൂർവം പിന്തിരിഞ്ഞു നോക്കാനും, ഉപരിയായ നേട്ടങ്ങളിലേക്കു ശ്രദ്ധിക്കാനും ശ്രമിക്കുമ്പോഴാണ് കുടുംബകൂട്ടങ്ങൾക്ക് വിശ്വാസ്യതയേറുന്നത്.

എറകോന്നി-വയലിൽ കുടുംബത്തിനും വിവിധ കുടുംബശാഖകൾക്കും എല്ലാവിധ നന്മകളും നേർന്നുകൊണ്ട് അല്പം അവകാശബോധത്തോടെ ഈ ഗ്രന്ഥം ഞാൻ, പ്രിയപ്പെട്ട കുടുംബാംഗങ്ങളുടെ ശ്രദ്ധയ്ക്കും വിചിന്തനത്തിനും വേണ്ടി സവിനയം, സസന്തോഷം അവതരിപ്പിയ്ക്കുന്നു.

പ്രൊഫ. ജോസഫ് മറ്റം

വെട്ടിമുകൾ
മെയ്, 2007





**Mar Joseph Kallarangattu**
Bishop of Palai

PH: (04822) 212216, 212217, 214338
FAX: 04822 - 211379
E-mail: aramana@md4.vsnl.net.in
BISHOP'S HOUSE
P.B. NO. 18, PALAI - 686 575
KERALA, S. INDIA

## ആശംസ



എറകോന്നി-വയലിൽ കുടുംബയോഗം ഒരു ചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. കുടുംബസമ്മേളനങ്ങളും കുടുംബചരിത്ര പഠനങ്ങളും ഇന്ന് സമൂഹത്തിൽ ആകർഷകത്വം പിടിച്ചുപറ്റിയ ഒരു കാര്യമായിത്തീർന്നിട്ടുണ്ട്. കുടുംബം എന്നുപറഞ്ഞാൽ മൂല്യങ്ങൾ ചേർത്തുപിടിക്കുന്ന സംവിധാനം എന്നത്രേ. ഭാരതത്തിലെ സുറിയാനി ക്രൈസ്തവ കുടുംബത്തിന് വളരെയധികം പ്രത്യേകതകളുണ്ടായിരുന്നു. അവയിൽ ചിലതെങ്കിലും ഇപ്പോഴും സംരക്ഷിക്കപ്പെട്ടു പോരുന്നുമുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം കുടുംബാഗങ്ങൾ തമ്മിലുള്ള സഹവർത്തിത്വവും കൂട്ടായ്മയുമായിരുന്നു. ആൾബലം ഏറ്റവും വലിയ ശക്തിയായി കരുതിപ്പോന്നു. നല്ല ഒരു ചരിത്ര ഗ്രന്ഥം കുടുംബത്തിന്റെ ഇത്തരത്തിലുള്ള ശക്തി വെളിപ്പെടുത്തുവാൻ തീർച്ചയായും ഉപകരിയ്ക്കും. വി. ഗ്രന്ഥം മുഴുവനും കുടുംബങ്ങളുടെ ചരിത്രമാണ്. തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലൂടെയും അതിലെ വ്യക്തികളിലൂടെയുമാണ് ദൈവം സ്വയം വെളിപ്പെടുത്തിയതും. ഏറ്റവും പുരാതന സഭകളിൽ ഒന്നായ നമ്മുടെ സഭയിലെ കുടുംബചരിത്രപാഠങ്ങൾ നമുക്ക് വെളിച്ചം പകരുവാൻ വഴികാട്ടികളാണ്.

വേരുകളെക്കുറിച്ചുള്ള അറിവിനോടൊപ്പം ഒരു നല്ല കുടുംബചരിത്രം ദിശാബോധവും നൽകും. തന്മൂലം എല്ലാം കുട്ടിപിടിച്ചു വളർത്തുന്ന ഒരു പാഠശാലയാണ് ചരിത്രഗ്രന്ഥം.

പൗരാണികത്വം കൊണ്ടും ആത്മീയ മൂല്യങ്ങളുടെ സംരക്ഷണംകൊണ്ടും ജനശ്രദ്ധയാകർഷിച്ച ഒരു പറ്റം കുടുംബ സമുച്ഛയമാണ് എറകോന്നി-വയലിൽ കുടുംബം. ഐക്കര, തണ്ണിപ്പാറ, വയലിൽ, മുണ്ടുപാലയ്ക്കൽ, നെടുന്തകിടിയേൽ, പൂവക്കുളം, വടയാറ്റുകുന്നേൽ, വടക്കേമുറി, വലിയപറമ്പിൽ, തകടിയേൽ, കൊച്ചുമുറിയിൽ,. കുഴുപ്പള്ളി, വടക്കത്ത് വടക്കേമുറി, പതിക്കൽ, ചൂരക്കുന്നേൽ പല്ലാട്ട്, തടത്തിൽ, ചെറിയ മൈലാടിയിൽ, വരിക്കമാക്കൽ, കിഴക്കേമുറി, ഇടിയാകുന്നേൽ, തെക്കേക്കുഴുപ്പള്ളിൽ, എന്നീ കുടുംബങ്ങൾ ഉൾപ്പെടുന്നതാണ് വെട്ടിക്കാട്ടു വയലിൽ ശാഖ.

മേൽപറഞ്ഞ കുടുംബങ്ങൾ സഭക്കും സമൂദായത്തിനും വലിയ സംഭാവനകൾ ചെയ്തിട്ടുണ്ട്. പ്രഗത്ഭരായ വൈദികരേയും സന്യസ്തരേയും, രാഷ്ടീയ ചിന്തകരേയും, ഗ്രന്ഥകാരന്മാരേയും, വിദ്യാഭ്യാസ വിചക്ഷണന്മാരേയും, സംസ്കാരിക നേതാക്കന്മാരേയും, ചിന്തകരേയും എല്ലാം നൽകുവാൻ ഈ കുടുംബങ്ങൾക്ക് കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. സമൂഹത്തിലെ സമസ്തമേഖലകളിലും നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ ഇവരിൽ പലർക്കും കഴിഞ്ഞിട്ടുണ്ട്.

സുഭദ്രമായ ഒരു കുടുംബത്തെക്കുറിച്ചു ചിന്തിക്കുന്ന ഏതൊരുവനും ഈ ചരിത്രഗ്രന്ഥം ഒരു അത്താണിയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും അനുമോദിക്കുന്നു.

മിശിഹായിൽ

സ്നേഹപൂർവ്വം

മാർ ജോസഫ് കല്ലറങ്ങാട്ട്





**Mar Joseph Pallikaparampil**
Bishop Emeritus of Palai

PH: (04822) 212216, 212217, 214338
FAX: 04822 - 211379
E-mail: aramanapala@sancharnet.in
BISHOP'S HOUSE
P.B. NO. 18, PALAI - 686 575
KERALA, S. INDIA

## ആശംസ



പ്രസിദ്ധമായ എറകോന്നി കുടുംബത്തിന്റെ വെടകാട്ടുവയലിൽ ശാഖയുടെ ഒരു ചരിത്രഗ്രന്ഥം എകോന്നി - വയലിൽ കുടുംബയോഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇതിന്റെ സംഘാടകരെ എല്ലാവരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

കുടുംബങ്ങളെ സ്നേഹത്തിൽ കൂടുതൽ അടുപ്പിക്കുന്നതിനും കുടുംബാംഗങ്ങളുടെ ആത്മീയവും സാമൂഹ്യവുമായ വളർച്ചയ്ക്കും കുടുംബയോഗങ്ങൾ വളരെസഹായകമാണെന്ന് അനുഭവങ്ങൾ തന്നെ സാക്ഷ്യം നൽകുന്നുണ്ട്. ജോലികൾ അന്വേഷിച്ചും മറ്റും യുവതലമുറ ഇന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയ്ക്കും ഇന്ത്യയ്ക്കു വെളിയിലേയ്ക്കു തന്നെയും നീങ്ങിക്കൊണ്ടിരിക്കുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ ഉലച്ചിൽ സംഭവിക്കുന്നതിന് സാദ്ധ്യതകൾ വർദ്ധിച്ചു വരികയാണ് അതുകൊണ്ടുതന്നെ കുടുംബാംഗങ്ങൾ ക്രമമായി ഒത്തു ചേരുന്നതിന്റെ പ്രസക്തിയും വർദ്ധിച്ചു വരുന്നു.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ചരിത്രഗ്രന്ഥം നിങ്ങളുടെ കുടുംബത്തിന്റെ ഉത്ഭവവും, ചരിത്രവും പൗരാണികതയും എല്ലാം കുടുംബാംഗങ്ങൾ കൂടുതൽ മനസ്സിലാക്കുവാനും അതുവഴി സ്നേഹത്തിലും, ഐക്യത്തിലും അതിലുപരി വിശ്വാസത്തിലും മേൽക്കുമേൽ വളരുവാനും നിമിത്തമാകട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

മാർ ജോസഫ് പള്ളിയ്ക്കാപറമ്പിൽ

**K.M. MANI**
(Pala)
MEMBER
KERALA LEGISLATIVE ASSEMBLY
&
LEADER, KERALA CONGRESS (M)
LEGISLATUE PARTY

KARINGOZHACKAL HOUSE
PALA P.O., KOTTAYAM
PHONE: 0482-2215471
0471-2512354

## ആശംസ



എറകോന്നി - വെട്ടിക്കാട്ടുവയലിൽ കുടുംബയോഗം ഒരു കുടുംബ ചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. പാലാ കത്തീഡ്രൽ പള്ളിയുടെ സ്ഥാപനത്തിന് നേതൃത്വം കൊടുത്ത നാല് കുടുംബങ്ങളിലൊന്നായ എറകോന്നി കുടുംബത്തിലെ പ്രധാന ശാഖയാണ് വെട്ടിക്കാട്ടുവയലിൽ. മഹത്തായ ഈ കുടുംബത്തിനും കുടുംബചരിത്രഗ്രന്ഥത്തിനും എല്ലാ മംഗളാശംസകളും നേരുന്നു.

കെ. എം. മാണി





## ആശംസ



കൂടുമ്പോൾ ഇമ്പം നൽകുന്നതാണ് കുടുംബം. കുടുംബക്കാർ ഒത്തു കൂടുമ്പോൾ ഇമ്പം കൂടുന്നു. ഇമ്പകരമായ അനുഭവങ്ങളുടെയും ബന്ധങ്ങളുടെ വേരുകളുടെയും ലിഖിത രൂപമാണ് കുടുംബചരിത്രം. കുടുംബാംഗങ്ങൾ എല്ലാവർക്കും പരസ്പരം അറിയുന്നതിനും പരിചയപ്പെടുന്നതിനും കുടുംബചരിത്രങ്ങൾ വളരെയധികം സഹായിക്കുന്നു. മനുഷ്യസാഹോദര്യത്തിന്റെ കൂട്ടായ്മയുടെയും പ്രതീകങ്ങളാണ് കുടുംബയോഗങ്ങളും കുടുംബചരിത്രങ്ങളും തങ്ങളുടെ മൺമറഞ്ഞ പൂർവ്വികരെ അറിയുന്നതിനും അവരോടുള്ള കടപ്പാടും ആദരവും പ്രകടിപ്പിക്കുന്നതിനും വരും തലമുറകൾക്ക് അവരുടെ ശ്രേഷ്ട പാരമ്പര്യം പകർന്നു കൊടുക്കുന്നതിനും കുടുംബചരിത്രഗ്രന്ഥങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനമാണ്.

കേരളത്തിൽ അങ്ങോളമിങ്ങോളമായി വിശേഷിച്ച് മീനച്ചിൽ താലൂക്കിൽ ശാഖോപശാഖകളായി പടർന്നു പന്തലിച്ച് നാടിന്റെ കാർഷിക, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ നിസ്തുല സംഭവനകൾ നൽകിക്കൊണ്ടിരിക്കുന്ന പ്രശസ്തമായ ഒരു കുടുംബമാണ് എറകോന്നികുടുംബം. എറകോന്നികുടുംബക്കാർ

മീനച്ചിൽ താലൂക്കിൽ വന്നതു സംബന്ധിച്ച് പല ഐതിഹ്യങ്ങളും നില വിലുണ്ടെങ്കിലും ക്രിസ്തുവർഷം 10-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് മീനച്ചിൽ ഭരണാധിപന്മാരായിരുന്ന നമ്പിക്കാട്ട് കാർത്താക്കൻമാർ എണ്ണ, ഉപ്പ് തുടങ്ങിയ തീണ്ടലുള്ള സാധനങ്ങൾ തൊട്ടുകൊടുത്തു ശുദ്ധി വരു ത്തുവാനായി മേവിടയിൽ കൊണ്ടുവന്നു പാർപ്പിച്ചവരാണ് ഈ കുടും ബക്കാർ എന്ന അഭിപ്രായത്തിനാണ് കൂടുതൽ മുൻതൂക്കം. ഇവർ ഇട പ്പള്ളിയിൽ നിന്നുവന്ന് കോട്ടയത്തിനടുത്ത് മണർകാട് പ്രദേശത്ത് കല്ല ക്കടമ്പ് എന്ന വീട്ടിൽ താമസിച്ചുവന്ന അവസരത്തിലാണ് കർത്താക്ക ന്മാരുടെ ക്ഷണം സ്വീകരിച്ച് വേവിട എറാകോന്നി പുരയിടത്തിൽ വന്നു താമസമാക്കിയത്. A.D. 1002 ൽ വയലക്കൊമ്പൻ കൂട്ടുങ്കൽ തറയിൽ എന്നീ കുടുംബക്കാരെ സംഘടിപ്പിച്ച് പാലാ പള്ളി നിർമ്മിക്കുന്നതിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചത് എറാകോന്നി കുടുംബക്കാരാണ്. എന്നാൽ കുടുംബചരിത്രത്തെപ്പറ്റി പതിനൊന്നാം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടു വരെയുള്ള വിശ്വാസയോഗ്യവും ആധികാരികവുമായ രേഖ കൾ ഇല്ല തന്നെ.

രേഖകൾ നഷ്ടപ്പെടുവാൻ നിരവധി കാരണങ്ങൾ ചൂണ്ടിക്കാ ണിക്കപ്പെടുന്നു. തിരുവിതാംകൂറ് മഹാരാജാവായിരുന്ന മാർത്താണ്ഡ വർമ്മയുടെ സൈന്യം 1752 ൽ പാലായും പരിസരപ്രദേശങ്ങളും ആക്ര മിക്കുകയും വീടുകൾ തീവച്ചു നശിപ്പിക്കുകയും ചെയ്തു. അതോടെ ധാരാളം ജനങ്ങൾ നാടുവിട്ടുപോയി 17-ാം നൂറ്റാണ്ടിന്റെ അവസാനം മുകിലപ്പടയുടെ ആക്രമണത്തിൽ പാലാ വലിയപള്ളിയുടെ രേഖകളും നഷ്ടപ്പെട്ടതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പുരാതന നസ്രാണികു ടുംബചരിത്രം അതാതുസ്ഥലത്തെ പള്ളികളുടെ ചരിത്രവുമായി ആഭേ ദ്യമായി ബന്ധപ്പെട്ടിരുന്നതിനാൽ പള്ളിരേഖകൾ നഷ്ടപ്പെട്ടതോടെ എറ കോന്നി കുടുംബചരിത്രരേഖകളും നഷ്ടപ്പെട്ടു എന്നുവേണം അനുമാ നിക്കാൻ.

പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ മേവിട വെട്ടിക്കാട്ടു പുരയിടത്തിൽ പുരവെച്ചുമാറിത്താമസിച്ച എറാകോന്നി ഇട്ടിച്ചെറിയയുടെ കാലം മുതലുള്ള ചരിത്രരേഖകൾ നമുക്കു ലഭ്യമാണ്. ഇട്ടിച്ചെറിയയുടെ ഏഴുപുത്രൻമാരിൽ മൂത്തപുത്രൻ അയർക്കുന്നം കുടശ്ശേരിലേക്കു ദത്തു പോയി. രണ്ടാമൻ മീനച്ചിൽ പരിന്തിരിക്കലും മൂന്നാമൻ മേവിട തന്നെ





പുളിക്കലും മാറിത്താമസിച്ചു. നാലാമൻ നെയ്യൂർ നാഗനൂലിലിം അഞ്ചാ മൻ തറവാടായ വെട്ടിക്കാട്ടും ആറാമൻ മുത്തോലി തൊടുകയിലും, ഏഴാമൻ പാലാ പുത്തമ്പുരക്കലും മാറിത്താമസിച്ചു.

തറവാടായ വെട്ടിക്കാട്ടു തന്നെ താമസിച്ച കാരണവരുടെ സന്ത തീപരമ്പരകളാണ് ഇന്ന് കൊഴുവനാലും സമീപപ്രദേശങ്ങളിലുമായി പടർന്നു പന്തലിച്ച എറാകോന്നി വെട്ടിക്കാട്ട് വയലിൽ കുടുംബം. ഈ ശാഖയിലെ അംഗങ്ങൾ സഭാമണ്ഡലത്തിലും സാമൂഹികരാഷ്ട്രീയ തലത്തിലും വിലപ്പെട്ട സേവനങ്ങൽ കാഴ്ച വെച്ചിട്ടുണ്ട്. വയലിൽ കുടുംബത്തിന്റെ ചരിത്രം പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ എല്ലാ കുടുംബയോഗങ്ങൾക്കും എല്ലാ വിധ മംഗളങ്ങളും ആശംസി ക്കുന്നു. ഈ ചരിത്രം കുടുംബ ബന്ധങ്ങളെപ്പറ്റി കൂടുതൽ അറിയുന്ന തിനും പഠിക്കുന്നതും ഇളം തലമുറയ്ക്ക് അവസരം നൽകട്ടെ. കാലപ്പ ഴക്കം കൊണ്ട് അകന്നുപോയ ബന്ധങ്ങളും പൊട്ടിപ്പോയ കണ്ണികളും കൂട്ടിച്ചേർക്കാൻ ഇതൊരവസരമാകട്ടെ. കുടുംബാംഗങ്ങളുടെ ഐക്യം കൂടുതൽ കെട്ടുറപ്പോടെ കൊണ്ടുപോകുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ! അനുഗ്രഹിക്കട്ടെ!

**വി. സി. ജോസഫ് വെട്ടുകാട്ടിൽ**
പ്രസിഡന്റ്
എറാകോന്നി കുടുംബയോഗം

# ഉള്ളടക്കം


1. ഐക്കര ........................ 27
2. തണ്ണീപ്പാറ ........................ 33
3. വയലിൽ ........................ 58
4. മുണ്ടുപാലയ്ക്കൽ ........................ 63
5. പൂവക്കുളം ........................ 73
6. വടയാറ്റുകുന്നേൽ ........................ 109
7. വലിയപറമ്പിൽ ........................ 120
8. തകടിയേൽ ........................ 128
9. വടക്കേമുറി ........................ 136
10. കുഴുപ്പള്ളി ........................ 139
11. കൊച്ചുമുറി ........................ 159
12. വടക്കത്ത് വടക്കേമുറി ........................ 197
13. നെടുംതകടി ........................ 207
14. കിഴക്കേമുറി ........................ 254
15. ഇടിയാകുന്നേൽ ........................ 260
16. വരിക്കമാക്കൽ ........................ 269
17. എറാകോന്നി കുടുംബത്തിന്റെ മറ്റു ശാഖകൾ 278






# ഐക്കരശാഖ

മേവിട വെട്ടിക്കാട്ട് വയലിൽ താമസിച്ചിരുന്ന ഒന്നാം തലമുറ തൊമ്മന്റെ രണ്ടു മക്കളിൽ മൂത്തയാൾ ഔസേപ്പ് ഐക്കരയിൽ മാറിത്താമസിച്ചു. ഔസേപ്പിന്റെ മകൻ തൊമ്മൻ (മൂന്നാംമുറ). തൊമ്മന്റെ പൗത്രൻ അഞ്ചാം തലമുറ തൊമ്മന്റെ മൂന്നു പുത്രന്മാരിൽ രണ്ടുപേർ, തൊമ്മനും, പോത്തനും (ആറാംതലമുറ) കൊഴുവനാൽ തണ്ണിപ്പാറെയും, തണ്ണീപ്പാറത്താഴെയും മാറിത്താമസിച്ചു. ഇളയവൻ ഔസേപ്പ് ഐക്കര തറവാട്ടിലും താമസിച്ചു.



പോത്തൻജോസഫ്
ഐക്കര

**ഔസേപ്പ് - ഭാര്യ ഏലിക്കുട്ടി, ആനിക്കാട്ട് ആക്കിമാട്ടേൽ കുടുംബാംഗം. ഇവർക്ക് ഒൻപത് മക്കൾ, രണ്ടാണും, ഏഴുപെണ്ണും. ആൺമക്കൾ പോത്തനും, കുഞ്ഞേപ്പും.**

**A** **പോത്തൻ - ഭാര്യ അന്നമ്മ, ഇടമറ്റം, ഇലഞ്ഞിമറ്റത്ത് കുടുംബാംഗം. ഇവർക്ക് നാലുമക്കൾ, മൂന്നാണും, ഒരു പെണ്ണും.**

**(a)** **ജോസഫ് (കുഞ്ഞൗത) - ഭാര്യ എലിസബത്ത് പൈക, പാമ്പ്ലാനിയിൽ കുടുംബാംഗം. ഇവർക്ക് ഒൻപത് മക്കൾ നാലാണും, അഞ്ചു പെണ്ണും.**



ഏലി ജോസഫ്
ഐക്കര

**a1** **പീലിക്കുട്ടി - ഭാര്യ മറിയക്കുട്ടി മേവിട വെട്ടിക്കാട്ടുകുന്നേൽ കുടുംബാംഗം. ഇവർക്ക് മൂന്നു മക്കൾ, രണ്ടാണും, ഒരു പെണ്ണും.**

a1.1 അപ്പച്ചൻ (ഫിലിപ്പ് ജോസ്) - ഭാര്യ അച്ചാമ്മ കൊഴുവനാൽ വെട്ടുവേലിൽ കുടുംബാംഗം. ഇവർക്ക് അഞ്ചുമക്കൾ, ഷൈനി, ഷാജി ഷിന്റോ, ഷിനിൽ, ഷീജോ.

a1.2 മാത്തുക്കുട്ടി - ഭാര്യ ലീലാമ്മ, വെള്ളിയേപ്പള്ളി പുതുമന കുടുംബാഗം. മൂന്നുമക്കൾ മോൻസി, റോബിൻ, ടെസ്സ്. ഈ കുടുംബം മലബാറിൽ കൊന്നക്കാട്ട് താമസിക്കുന്നു.

a1.3 ഗ്രേസി - സി. ഫിൽസി സി. എം. സി.

a2 പാപ്പച്ചൻ - ഭാര്യ ഏലിക്കുട്ടി, വെള്ളിയേപ്പള്ളി പുതുമന കുടുംബാംഗം. ഇവർക്ക് ആറു മക്കൾ, നാലാണും, രണ്ടുപെണ്ണും.

a2.1 ലിസിയമ്മ - ആനിക്കാട്, ആക്കിമാട്ടേൽ അബ്രാഹം വിവാഹം ചെയ്തു. ഏഴുമക്കൾ.

a2.2 ജോയി - ഭാര്യ പെണ്ണമ്മ മൂഴൂർ ഏലവനാൽ കുടുംബാംഗം. നാലുമക്കൾ സാബു, ബിനി, സാജു, ക്രിസ്റ്റി. സാബുവിന്റെ ഭാര്യ ലിൻസി, ഇടമറ്റം മുണ്ടാട്ടുചൂണ്ടയിൽ കുടുംബാംഗം ഒരു കുട്ടി, ലിബു. ബിനിയെ വയനാട് പുത്തൻ പുരയ്ക്കൽ ജോർജ്ജുകുട്ടി വിവാഹം ചെയ്തു. രണ്ടു കുട്ടികൾ, കിരൺ, കെസിയാ, സാജു - ഭാര്യ സൗമ്യ പരിയാരം, ആറാംചേരിൽ കുടുംബാംഗം.

a2.3 ടോമി - ഭാര്യ ത്രേസ്യാമ്മ, കൊഴുവനാൽ മണിയങ്ങാട്ട് കുടുംബാംഗം. മൂന്നു മക്കൾ, ജോബിൻ, ലിസാടോം, റ്റിസാടോം.

a2.4 മേരി - കിടങ്ങൂർ മാളിയേക്കൽ വാവച്ചൻ വിവാഹം ചെയ്തു. രണ്ടുമക്കൾ സ്മിത, ജിമിൽ

a2.5 തങ്കച്ചൻ - ഭാര്യ തങ്കമ്മ അമ്പാറ, പാറംകുളങ്ങര കുടുംബാംഗം മൂന്നുമക്കൾ, അനിൽ എലിസബത്ത്, ടീനാ.

a2.6 ബേബി - ഭാര്യ സാലി എലിക്കുളം പഴേപറമ്പിൽ കുടുംബാംഗം രണ്ടു മക്കൾ, ലിബി, സിബിൻ.

a3 കുഞ്ഞൂട്ടി - മുത്തോലി പ്ലാക്കാട്ട് മേരിയെ വിവാഹം ചെയ്തു. രണ്ടു മക്കൾ. ഈപ്പച്ചൻ, പാപ്പച്ചൻ. മേരിയുടെ മരണശേഷം, കുഞ്ഞൂട്ടി പ്ലാക്കാട്ട് എൽസിയെ പുനർ വിവാഹം ചെയ്തു. ഇതിൽ പത്തുമക്കൾ, അഞ്ചാണും അഞ്ചുപെണ്ണും.

a3.1 ഈപ്പച്ചൻ - ഭാര്യ ചിന്നമ്മ മുത്തോലി മണ്ഡപത്തിൽ കുടുംബാംഗം. മൂന്നു മക്കൾ, ബിജു, പ്രിൻസ്, അനിത.





a3.2 പാപ്പച്ചൻ - ഭാര്യ ലീലാമ്മ, പാല, ചക്കംകുളം തറപ്പേൽ കുടുംബാംഗം. മൂന്നുമക്കൾ ഡോണി, സിൽവി, സിറിൽ.

a3.3 കുട്ടിയച്ചൻ - ഭാര്യ പെണ്ണമ്മ, പാല ചാലിൽ കുടുംബാംഗം. അഞ്ചുമക്കൾ, ബോബി, ബിബിൻ, ബബിത, റോസ്മി, അപ്പു. ഇവർ സൗത്ത് കാനറായിൽ തോട്ടത്താടിയിൽ താമസിക്കുന്നു.

a3.4 മേരിയമ്മ - കൊഴുവനാൽ മറ്റത്തിൽ ഡോ. തോമസ് വിവാഹം ചെയ്തു. രണ്ടുമക്കൾ, വിനോദ്, വിയോള.

a3.5 തോമസ് - ഭാര്യ ജയിനമ്മ, തൊടുപുഴ ചിറമാട്ടേൽ കുടുംബാംഗം. രണ്ടു മക്കൾ, ടിനു, അനു.

a3.6 ദേവസ്യാച്ചൻ - ഭാര്യ ബിജിലി, കൂത്താട്ടുകുളം പുത്തൻ പുരയ്ക്കൽ കുടുംബാംഗം. രണ്ടു മക്കൾ, നോഡി, സംഗീത.

a3.7 ലിൻസി - കുറവിലങ്ങാട് മണ്ണാനിക്കാട്ട് ജോണി വിവാഹം ചെയ്തു. നാലുമക്കൾ, ജിമിൽ, ജൂലി, ജോയൽ, ജെസ്സിൻ.

a3.8 റാണി - തൊടുപുഴ, കുഴിക്കാട്ടിൽ ഷിബു ജോസഫ് വിവാഹം ചെയ്തു മൂന്നുമക്കൾ, വീണ, അരുൺ, അഞ്ചു.

a3.9 ആൻസി - ചേർത്തല അന്ത്രപ്പേർ, മാമച്ചൻ വിവാഹം ചെയ്തു. മൂന്നുമക്കൾ, പ്രീമ, പങ്കു, ജോബിൻ.

a3.10 ശോഭ - കരിങ്കുന്നം തുടിയംപ്ലാക്കൽ മാത്യു സ്റ്റീഫൻ (Ex. എം. എൽ. എ.) വിവാഹം ചെയ്തു രണ്ടു മക്കൾ, ശീതൾ, സ്റ്റീഫൻ.

a3.11 ജോജോ - ഭാര്യ മേരി മൂക്കന്നൂർ കൈപ്പറമ്പാട്ട് കുടുംബാംഗം. രണ്ടു മക്കൾ, ഈനസ്, ഇറീസ്.

a3.12 മാത്യൂസ് - ഭാര്യ നിഷ, തീക്കോയി വലിയ വീട്ടിൽ കുടുംബാംഗം മക്കൾ നിമിഷ. ജോസ്മേൻ

a4 അച്ചാമ്മ - സി. ആൽഫ്രഡാ, C.M.C., സി. എം. സി. സഭാ അസി. ജനറൽ, അസി. പ്രൊവിൻഷ്യൾ പാല, റീജനൽ സുപ്പീര്യർ, പ്രോ കൗൺസിലർ ഛാന്ദാ, മുത്തോലി ഹൈസ്കൂൾ, റ്റി. റ്റി. ഐ. മുട്ടുചിറ ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മിസ്ട്രസ്, രാമപുരം മഠം സുപ്പീര്യർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

a5 അന്നക്കുട്ടി - മുത്തോലി പ്ലാക്കാട്ട് തൊമ്മച്ചൻ വിവാഹം ചെയ്തു. ഇവർ മലബാറിൽ കുട്ടാപറമ്പ് എന്ന സ്ഥലത്ത് താമസിക്കുന്നു. എട്ടു മക്കൾ, കുഞ്ഞാപ്പച്ചൻ, ബേബി, ഗ്രേസി, വത്സമ്മ, ടോമി, ജെസ്സി, തങ്കച്ചൻ, വാവച്ചൻ.

a6 ഏലിക്കുട്ടി - സി. ഗൈൽസ് സി. എം. സി. പ്ലാശനാൽ, കടപ്ലാമറ്റം, മണ്ണാറപ്പാറ ഇലഞ്ഞി എന്നീ ഹൈസ്കുളുകളിൽ അധ്യാപികയായും, ഇലഞ്ഞി, കടപ്ലാമറ്റം, മണ്ണാറപ്പാറ, എന്നീമഠങ്ങളിൽ സുപ്പീര്യറായും സേവനം ചെയ്തിട്ടുണ്ട്.



റവ.ഡോ. തോമസ്
ഐക്കര CMI

a7 തൊമ്മച്ചൻ - റവ. ഡോ. തോമസ് ഐക്കര സി. എം. ഐ. സി. എം. ഐ. സഭയുടെ പ്രയോർ ജനറാൾ (ആറുവർഷം), കോട്ടയം. പ്രൊവിൻഷ്യാൽ, ദീപിക ചീഫ് എഡിറ്റർ, രാഷ്ട്രദീപിക ചെയർമാൻ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ട്യൂട്ടർ, ബാംഗളൂർ ധർമ്മാരാം വിദ്യാകേന്ദ്രം വൈസ് ചാൻസലർ, സി. ആർ. ഐ യുടെ ദേശീയ പ്രസിഡന്റ്, റോമിലെ സി. ഐ. ഐ. എസ്സിന്റെ ഡയറക്ടർ, മലബാർ റിലിജിയൻ കോൺഫ്രൻസ് സ്ഥാപക പ്രസിഡന്റ്, റോമിലെ ആൻജലിക്കം യൂണിവേഴ്സിറ്റി അസോഷിയേറ്റ് പ്രൊഫസർ. എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പരിയാരം സി. എസ്സ്. ആറിന്റെ ഡയറക്ടറാണ് ഇപ്പോൾ.

a8 മറിയക്കുട്ടി - അവിവാഹിത, തറവാട്ടിൽ താമസിക്കുന്നു.

a9 ചിന്നമ്മ - റവ. സി. ജോസിറ്റ, സി. എം. സി. മുണ്ടാങ്കൽ, കുറവിലങ്ങാട്, മല്ലികശ്ശേരി എന്നിവിടങ്ങളിൽ അധ്യാപികയായും മുത്തോലി റ്റി. റ്റി ഐ. ഹെഡ്മിസ്ട്രസ് ആയും, മഠം സൂപ്പീര്യറായും തുടങ്ങനാട് റാണിഗിരി ഹോസ്പിറ്റൽ മേട്രനായും, ആലുവ ജനറലേറ്റ് സെക്രട്ടറിയായും പാലാ പ്രൊവിൻഷ്യൽ കൗൺസിലറായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ മുട്ടുചിറ മഠം സുപ്പീര്യറാണ്.

**(b) പോത്തൻ മകൻ മത്തായി. ഭാര്യ ഏലി, പൂവരണി പുത്തൻ പുരയ്ക്കൽ കുടുംബാംഗം. ഇവർക്ക് അഞ്ചു മക്കൾ, അന്നക്കുട്ടി, മറിയക്കുട്ടി, അച്ചാമ്മ, ഏലിക്കുട്ടി, പാപ്പച്ചൻ. ഈ കുടുംബം കാഞ്ഞിരമററം തോക്കാട് ഭാഗത്ത് താമസിക്കുന്നു.**

b1 അന്നക്കുട്ടി - കൊഴുവനാൽ വലയകരോട്ട് മത്തായി വിവാഹം ചെയ്തു. മൂന്നുമക്കൾ രണ്ടാണും ഒരു പെണ്ണും.





b2 മറിയക്കുട്ടി - സി. പീറ്റർ. എഫ് സി. സി. നിര്യാതയായി.

b3 അച്ചാമ്മ - വെളിച്ചിയാനി, അത്താവേലിൽ അന്തോനി വിവാഹം ചെയ്തു. അഞ്ചുമക്കൾ മൂന്നാണും രണ്ടു പെണ്ണും.

b4 ഏലിക്കുട്ടി - സി. ബെഞ്ചമിൻ എഫ് സി. സി. ഇടമറ്റം മഠത്തിൽ സേവനം ചെയ്യുന്നു.

b5 പാപ്പച്ചൻ (ഫിലിപ്പ്) - ഭാര്യ റോസമ്മ ഇടമറ്റം ആയിലികുന്നേൽ കുടുംബാഗം. ഏഴുമക്കൾ നാലാണും, മൂന്നുപെണ്ണും.

b5.1 തങ്കച്ചൻ (മാത്യു ഫിലിപ്പ്) - ഭാര്യ മേരിയമ്മ, കൊഴുവനാൽ പുള്ളിറ്റ് കുടുംബാഗം രണ്ടു മക്കൾ ആൽഫി, ന്യൂസൺ. തങ്കച്ചൻ കൊഴുവനാൽ സർവ്വീസ് ബാങ്കിലും, ഭാര്യ മുത്തോലി, സെന്റ് ജോർജ്ജ് എൽ. പി. എസ്സിലും ജോലിചെയ്യുന്നു.

b5.2 ജോസ് - ഭാര്യ ബീന, ഇഞ്ചിയാനി, കൊളംപള്ളിൽ കുടുംബാംഗം. ഒരു കുട്ടി, ഉണ്ണി.

b5.3 വിത്സൻ - ഭാര്യ സോണിയ, കടപ്ലാമറ്റം, തുണ്ടിക്കൽ കുടുംബാംഗം. രണ്ടുകുട്ടികൾ, വിശാൽ, അതുൽ. വിത്സൻ മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിലും സോണിയ, കോട്ടയം മൗണ്ട് കാർമ്മൽ ഹൈസ്കൂളിലും അധ്യാപകരാണ്.

b5.4 ഷെമിലി - മാഞ്ഞൂർ പട്ടേരിയിൽ ജോസ് വിവാഹം ചെയ്തു. രണ്ടു കുട്ടികൾ.

b5.5 ഷേർളി - മുത്തോലി തൊടുകയിൽ സാബു വിവാഹം ചെയ്തു. മൂന്നു കുട്ടികൾ.

b5.6 പ്രീതി - പൂവരണി ഈറ്റത്തോട്ട് മാളിയേക്കൽ തോമസ് വിവാഹം ചെയ്തു. മൂന്നു കുട്ടികൾ.

b5.7 സിറിൽ - ഭാര്യ സോണി മുണ്ടക്കയം, പുളിക്കിയിൽ കുടുംബാംഗം. രണ്ടു കുട്ടികൾ, ഡോൺ, ഷോൺ.

**(c) പോത്തന്റെ മകൾ ഏലി. ഏലിയെ പാലകിഴക്കേക്കര കുഞ്ഞാഗസ്തി വിവാഹം ചെയ്തു. ഒരു പുത്രൻ മാത്രം, തൊമ്മച്ചൻ.**

**(d) പോത്തന്റെ മകൻ വർക്കി. ഭാര്യമറിയാമ്മ പൈക പാമ്പ്ലാനിയിൽ**

കുടുംബാംഗം. നാലു മക്കൾ രണ്ടാണും, രണ്ടുപെണ്ണും, ഇന്നാമ്മ, ഫിലിപ്പ് ഗ്രേസി, ബേബി. ഈ കുടുംബം മല്ലികശ്ശേരിയിൽ താമസിക്കുന്നു.

d1 ഇന്നാമ്മ – സി. അനറ്റ്. S.A.B.S, വാഴപ്പള്ളി മഠം സുപ്പിര്യറായി സേവനംചെയ്യുന്നു.

d2 ഫിലിപ്പ് (പാപ്പു) – ഭാര്യ ത്രേസ്യാമ്മ കടപ്ലാമറ്റം കൊച്ചെറയ്ക്കൽ കുടുംബാംഗം. മൂന്നുമക്കൾ രണ്ടു പെണ്ണും ഒരാണും.

d2.1 ഷാജി – ഭാര്യ റിയാമേരി, ചങ്ങനാശ്ശേരി ചെന്നിത്തല കുടുംബാംഗം.

d2.2 ഷൈനി – പാല തകടിയേൽ ഷാജി വിവാഹം ചെയ്തു.

d2.3 ഷീന – ഞീഴൂർ തുരുത്തിപ്പള്ളി രാജേഷ് വിവാഹം ചെയ്തു.

ത്രേസ്യാമ്മയുടെ മരണാനന്തരം പാപ്പു പാലാ വെട്ടത്ത് ലിസിയെ പുനർ വിവാഹം ചെയ്തു.

d3 ഗ്രേസി – മരങ്ങാട്ടുപള്ളി, കുരീക്കാട്ട് ജോസ് വിവാഹം ചെയ്തു.

d4 ബേബി – ഭാര്യ ആൻസി, തിടനാട് ഐക്കര കുടുംബാംഗം. രണ്ടു മക്കൾ, ശീതൾ, സുനിൽ

**B** ഐക്കര ഔസേപ്പിന്റെ രണ്ടാമത്തെ മകൻ കുഞ്ഞേപ്പ്, ചേർപ്പുങ്കൽ, കോയിക്കൽ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മക്കളില്ല. ■





# തണ്ണീപ്പാറ ശാഖ

മേവിടവെട്ടിക്കാട്ട് വയലിൽ താമസിച്ചിരുന്ന ഒന്നാംതലമുറ, തൊമ്മന്റെ രണ്ടുമക്കളിൽ, മൂത്തയാൾ ഔസേപ്പ് ഐക്കരയിൽ മാറിത്താമസിച്ചു. ഔസേപ്പിന് ഒരു മകൻ തൊമ്മൻ (മൂന്നാംമുറ) പ്രസ്തുതതൊമ്മന്റെ പൗത്രൻ (5-ാം മുറ) തൊമ്മന്റെ മൂന്നുപുത്രന്മാരിൽ രണ്ടുപേർ തൊമ്മനും, പോത്തനും (6-ാം മുറ) കൊഴുവനാൽ തണ്ണിപ്പാറയും തണ്ണീപ്പാറെത്താഴയും വന്നു താമസമാക്കി. അതാണ് തണ്ണീപ്പാറ ശാഖയുടെ തുടക്കം.

**A.** തൊമ്മൻ (6-ാം മുറ) ഭാര്യ അന്ന കൊഴുവനാൽ മണിയങ്ങാട്ട് കുടുംബാംഗം. ഇവർക്ക് ആറുമക്കൾ, മൂന്നാണും, മൂന്നുപെണ്ണും.

**1.** പീലിപ്പോസ് – രണ്ടുവിവാഹം ചെയ്തു. ആദ്യഭാര്യ മറിയം, ചേർപ്പുങ്കൽ ഇടശ്ശേരി കുടുംബാംഗം. ഇതിൽ മൂന്നുമക്കൾ, തൊമ്മൻ, അന്ന, ഏലി.

**a.** തൊമ്മൻ – ഭാര്യ അന്നമ്മ, കാഞ്ഞിരമറ്റം നെടുംതകടിയേൽ കുടുംബാംഗം. ഇവർക്ക് നാലുപുത്രിമാർ.

a1. മറിയക്കുട്ടി –അയർക്കുന്നം, ഏറത്ത് കുഞ്ഞച്ചൻ (ചാക്കോ) ദത്ത് വിവാഹം ചെയ്തു. ഇവർക്ക് നാലു മക്കൾ മൂന്നാണും, ഒരുപെണ്ണും.

a1.1. ഡോ.റ്റി.സി.ജോസഫ് –ഭാര്യ വത്സമ്മ, ഏറ്റുമാനൂർ നെടിയകാലാപറമ്പിൽ കുടുംബാംഗം. മക്കൾ മൂന്നുപേർ മനോജ്, ജെതിൻ, നിഷ.



മറിയക്കുട്ടി ചാക്കോ
തണ്ണിപ്പാറ



ഡോ. റ്റി. സി. ജോസഫും കുടുംബാംഗങ്ങളും

മനോജ് - ചേർത്തല നെയ്യാരപ്പള്ളിൽ ലീനയെ വിവാഹം ചെയ്തു. രണ്ടുമക്കൾ അനുമോൾ, ഉണ്ണി. ഡോ.ജെതിൻ - തൃശൂർ കോടങ്കണ്ടത്ത് തോപ്പിൽ രജിതയെ വിവാഹം ചെയ്തു. രണ്ടു മക്കൾ, ജോസഫ്, മറിയ, (ഈ കുടുംബം ഇംഗ്ല ണ്ടിലാണ്) നിഷയെ രത്നഗിരീ ഇടവക, നിര പ്പേൽ ബെന്നിച്ചൻ വിവാഹം ചെയ്തു. രണ്ടു മക്കൾ ജോസുകുട്ടി, അന്നക്കുട്ടി.

a1.2. ഡോ.റ്റി.സി.തോമസ് പി.എച്ച്.ഡി - ഭാര്യ അമിളാദേവി, എറണാകുളം ഞാറയ്ക്കൽ സ്വദേശിയാണ്. ഇവർക്ക് രണ്ടുമക്കൾ, സ്വപ്ന, സന്ദീപ്.

ഡോ. സ്വപ്നയെ, കുന്നംകുളം, മുകിലശ്ശേരി ഡോ.വിപിൻ വിവാഹം ചെയ്ത് ദുബായിൽ ജോലി ചെയ്യുന്നു. രണ്ടുമക്കൾ.

സന്ദീപ്, കങ്ങഴ മുരിക്കനാനിക്കൽ റോസിനെ വിവാഹം ചെയ്തു. രണ്ടുമക്കൾ, ഇവർ സൂററ്റിൽ താമസമാക്കിയിരിക്കുന്നു.

a1.3. റ്റി.സി.മേരി – ആലുവാ, കായനാട്ട് രാജൂ വിവാഹം ചെയ്തു. ബാംഗ്ലൂരിൽ താമസിക്കുന്നു. രണ്ടുമക്കൾ ഒരാണും, ഒരുപെണ്ണും.







തണ്ണിപ്പാറ ബാബും കുടുംബാംഗങ്ങളും

a1.4. ബാബു - ഭാര്യ സലോമി, കവീക്കുന്ന് പൊരുന്നോലി കുടുംബാംഗം. രണ്ടുമക്കൾ, ശാലിനി, ശരത്ത്.

a2. അന്നക്കുട്ടി - മൂട്ടുചിറ, കളപ്പുരയിൽ ജോർജ്ജ് വിവാഹം ചെയ്തു. അഞ്ച് പുത്രന്മാർ.

a3. ത്രെസ്യാമ്മ - ആനിക്കാട് കോലംകുഴിയിൽ മാത്തുക്കുട്ടി വിവാഹം ചെയ്തു. ഏഴുമക്കൾ.

a4. കുഞ്ഞേലി- ചെങ്ങളം കുന്നപ്പള്ളിൽ തൊമ്മച്ചൻ വിവാഹം ചെയ്തു. ഏഴുമക്കൾ

**b.** പീലിപ്പോസിന്റെ ആദ്യ വിവാഹത്തിലെ, മകൾ അന്നയെ കറിക്കാട്ടൂർ മണ്ണനാൽ വിൻസന്തിയോസ് വിവാഹം ചെയ്തു. ഇവർക്ക് അഞ്ചു മക്കൾ, രണ്ടാണും, മൂന്നുപെണ്ണും.

**c.** അടുത്ത മകൾ ഏലിയെ, അയർക്കുന്നം, തൊണ്ടംപള്ളിയേൽ ചാക്കോ വിവാഹം ചെയ്തു. ഇവർക്ക് മക്കളില്ല.

പീലിപ്പോസിന്റെ രണ്ടാമത്തെ ഭാര്യ, മറിയം, കടപ്പൂര് അഴകന്തറവടക്കേൽ കുടുംബാംഗം. ഇവർക്ക് രണ്ടുമക്കൾ കുഞ്ഞേപ്പ്, മറിയാമ്മ.

**d.** കുഞ്ഞേപ്പ് (ജോസഫ്) രണ്ടു വിവാഹം ചെയ്തു. ആദ്യ വിവാഹം, ഭാര്യ ഏലിക്കുട്ടി, കൊഴുവനാൽ മയിലാടിയിൽ കുടുംബാംഗം. ഒരു മകൻ മാത്രം. ഫാ.മരിനൂസ് സി.എം.ഐ. 2005 സെപ്റ്റംബർ 19-ാംതീയതി നിര്യാതനായി. രണ്ടാംവിവാഹത്തിലെ ഭാര്യ ഏലിയാമ്മ, മരങ്ങാട്ടുപള്ളി, മഞ്ഞക്കാട്ടിൽ കുടുംബാംഗം. ഇവർക്ക് ആറുമക്കൾ, അഞ്ചാണും, ഒരുപെണ്ണും.

d1. ഔസേപ്പച്ചൻ -16-ാം വയസ്സിൽ അപകടത്തിൽ മരിച്ചു.

d2. തൊമ്മച്ചൻ - 5-ാം വയസ്സിൽ മരിച്ചു.

d3. ഫാ.അലക്സാണ്ടർ -ഗുജറാത്തിൽ, അഹമ്മദാബാദിൽ സേവനം ചെയ്യുന്നു.

d4. സിസ്റ്റർ മേരിക്കുട്ടി - ആഫ്രിക്കയിൽ സേവനം ചെയ്യുന്നു.

d5. ഫാ.തോമസ് - ഗുജറാത്തിൽ ജംഗ് വാവിൽ സേവനം ചെയ്യുന്നു.

d6. ഔസേപ്പച്ചൻ - തറവാട്ടിൽ താമസിക്കുന്നു. ഭാര്യ പെണ്ണമ്മ, കൊങ്ങാണ്ടൂർ കച്ചിമറ്റത്തിൽ കുടുംബാംഗം. ഇവർക്ക് നാലുമക്കൾ, രണ്ടാണും രണ്ടുപെണ്ണും.



ഫിലിപ്പോസ് ജോസഫ്
തണ്ണിപ്പാറ

d6.1. സിസ്റ്റർ സിൽവി - ബോംബെയിൽ സേവനം ചെയ്യുന്നു.

2. സജി - ഭാര്യ മെയ്മോൾ, കാഞ്ഞിരത്താനം, പാളിത്തോട്ടത്തിൽ കുടുംബാംഗം. ഒരു മകൾ -സായൂജ്യ
3. സലിൽ - ഭാര്യ റീന, വടവാതൂർ, കരിമ്പന്നൂർ കുടുംബാംഗം. ഒരു പുത്രിയുണ്ട് അലോണ.
4. സെൽമ - വാഴത്തോപ്പ് കിഴക്കേക്കര, സിറിൽ വിവാഹം ചെയ്തു. രണ്ടുമക്കൾ, അൻസ്, ആകാശ്.



ഏലിയാമ്മ ജോസഫ്
തണ്ണിപ്പാറ

**e. മറിയാമ്മ - സിസ്റ്റർ സിസിലി. എഫ്.സി.സി.**



തണ്ണിപ്പാറ ഔസേപ്പച്ചനും കുടുംബാംഗങ്ങളും





**II. ആറാം തലമുറ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ തൊമ്മൻ. ഭാര്യ, ഏലി, മറ്റക്കര പരയ്ക്കാട്ട് കുടുംബാംഗം. ഇവർക്ക് രണ്ടുമക്കൾ.**

**a. കുട്ടി (തൊമ്മൻ) ഭാര്യ ത്രേസ്യാ, ചേർപ്പുങ്കൽകലേക്കാട്ടിൽ കുടുംബാംഗം. ഒരു മകൻ മാത്രം തോമസ്.**

a1. തോമസ് റ്റി. റ്റി (കുഞ്ഞുസാർ) - കൊഴുവനാൽ സെന്റ് ജോൺസ് സ്കൂൾ അദ്ധ്യാപകനായിരുന്നു. തോമസിന്റെ ഭാര്യ അന്നമ്മ എടത്വാ, കണ്ടത്തിപ്പറമ്പിൽ കുടുംബാംഗം. ഇവർക്ക് ആറുമക്കൾ, നാലാണും, രണ്ടുപെണ്ണും.



ത്രേസ്യാ തോമ്മൻ
തണ്ണിപ്പാറ

a1.1. തോമസ്-എൻജിനിയർ, സെൻട്രൽ പി.ഡബ്ല്യു.ഡി. രണ്ടു വിവാഹം ചെയ്തു. ആദ്യവിവാഹം, ഭാര്യ വത്സമ്മ ചേർത്തല അറയ്ക്കപ്പറമ്പിൽ കുടുംബാംഗം. രണ്ടു മക്കൾ.



റ്റി. റ്റി. തോമസ്
തണ്ണിപ്പാറ

1. സിസ്റ്റർ ബിന്ദി - ബോംബെയിലാണ്.
2. ജോതിഷ് - ഭാര്യ രശ്മി. തൃശൂർ കല്ലൂർക്കാരൻ കുടുംബാംഗം ഇവർ ദുബായിൽ താമസിക്കുന്നു. ഒരു കുട്ടി ജോൺ. തോമസിന്റെ രണ്ടാംവിവാഹം, ഭാര്യ ആലീസ് മാൻവെട്ടം പുല്ലാപ്പള്ളിൽ കുടുംബാംഗം. ഒരു പുത്രിയുണ്ട്. സൗമ്യ, കോളജ് വിദ്യാർത്ഥിനിയാണ്.

a1.2. കുഞ്ഞച്ചൻ (കുര്യാക്കോസ്) - അദ്ധ്യാപകവൃത്തി. ഭാര്യ, ലിറ്റി, ഇരിങ്ങാലക്കുട തെക്കേത്തലയ്ക്കൽ കുടുംബാംഗം. മൂന്നുമക്കൾ.

1. ബ്ലസ്സി - ഇരിങ്ങാലക്കുട, ചിറ്റിലപ്പള്ളിൽ ജോസ് വിവാഹം ചെയ്തു. ഒരുകുട്ടി.
2. ബിന്ദി, 3, ബെൻസൺ - ഇരുവരും വിദ്യാർത്ഥികൾ

a1.3. ജോസ് - ഭാര്യ, വത്സമ്മ, കൊച്ചുതോവാള, ശാശ്ശേരിൽ കുടുംബാംഗം. നാലുമക്കൾ, ബ്ലോസം, ബ്ലോമിൻ, ബ്ലോജിൻ, ബ്ലെസ്സി.

a1.4. മാത്തുക്കുട്ടി - ഭാര്യ ഷെർലി, കൊച്ചുതോവാള ചെമ്പകമംഗലത്ത് കുടുംബാംഗം. മക്കൾ, നീതുമോൾ, നോയൽ, പീറ്റർ.

a1.5. പുഷ്പമ്മ - നെടുങ്കണ്ടത്ത്, മുട്ടംപുറം അപ്പച്ചൻ വിവാഹം ചെയ്തു മക്കൾ രണ്ട്. ആശ, ആൽബർട്ട്.

a1.6. റോസിലി - അതിരംപുഴ മലയിൽ സോമിച്ചൻ വിവാഹം ചെയ്തു. ഒരുമകൾ ശില്പ.



തണ്ണിപ്പാറ അന്നമ്മ തോമസും കുടുംബാംഗങ്ങളും

**(b) പീലിക്കുട്ടി - ഭാര്യ അന്നമ്മ, അമയന്നൂർ മണ്ണുംമൂട്ടിൽ കുടുംബാംഗം. ആറു മക്കൾ, അഞ്ചാണും, ഒരു പെണ്ണും.**



തോമ്മൻ ഫിലിപ്പ്
തണ്ണിപ്പാറ



അന്നമ്മ ഫിലിപ്പ്
തണ്ണിപ്പാറ

b1. കുഞ്ഞ് (സി.പി.തോമസ്) - ഭാര്യ അന്നക്കുട്ടി, കൊഴുവനാൽ പന്തലാനിക്കൽ കുടുംബാംഗം. ആറു മക്കൾ. തോമസ് 5-9-06ൽ നിര്യാതനായി.

b1.1. രാജമ്മ - കാഞ്ഞിരമറ്റം, നീറണാക്കുന്നേൽ മാത്തുക്കുട്ടി വിവാഹം ചെയ്തു. മൂന്നുമക്കൾ. റിന്റോ, റിജോ, റിനു.







തണ്ണിപ്പാറ സി. പി. തോമസും കുടുംബാംഗങ്ങളും

b1.2. കുഞ്ഞുമോൻ - ഭാര്യസാലി, കാവാലം, പാമ്പോട്ടിത്തറയിൽ കുടുംബാംഗം. മക്കൾ ജെറിമോൻ, ജെനിമോൻ. ഈ കുടുംബം യു.എസ്സ്.എയിലാണ്.

b1.3. ജോസ് - ഭാര്യ, റെജി അരുവിക്കുഴി

b1.4. ടോമി - ഭാര്യ സൂസൻ, മീനടംസ്വദേശി. ഗൾഫിൽ ജോലി ചെയ്യുന്നു.

b1.5. ഷാജി

b1.6 ജിജി - കൂത്താട്ടുകുളം കല്ലോലിക്കൽ ഷാജി വിവാഹം ചെയ്തു.

b2. പാപ്പച്ചൻ (സി.പി.ചാക്കോ) - ഭാര്യ അമ്മിണി, തിരുവല്ല കുറ്റൂർ കുടുംബാംഗം. ഡൽഹിയിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. പത്രപ്രവർത്തകനായിരുന്നു. ഒരു മകൻ സജി, ഭാര്യ സ്മിത,. കുടമാളൂർ തോപ്പിൽ കുടുംബാംഗം ഇവർക്ക് ഒരു മകൻ, ജേക്കബ്.

b3. കുഞ്ഞച്ചൻ - ഫാ.അലക്സാണ്ടർ തണ്ണീപ്പാറ, ബ്രസ്സിലിൽ സേവനം അനുഷ്ഠിച്ചു. 2000, സെപ്റ്റംബർ 27-ന് നിര്യാതനായി.

b4. ബേബി (റ്റി.പി.ഫിലിപ്പ്) - എൽ.ഐ.സി.ഏജന്റ് ഭാര്യ ഏലിക്കുട്ടി, ആനിക്കാട് വെള്ളാപ്പള്ളി കുടുംബാംഗം. മൂന്നുമക്കൾ.

b4.1. ഷിജി - അങ്ങാടിക്കടവ്, ചാത്തനാട്ട് ജോയിച്ചൻ വിവാഹം ചെയ്തു. ഒരു പുത്രനുണ്ട്. ഗോഡ്സൺ.

b4.2 റെജി - ഭാര്യ ഷൈനി മൂലമറ്റം കുന്നപ്പള്ളിൽ കുടുംബാംഗം. ഒരു കുട്ടി. അക്സ. അവർ കുടുംബസമേതം ഡൽഹിയിലാണ്.



തണ്ണിപ്പാറ റ്റി. പി. ഫിലിപ്പും കുടുംബാംഗങ്ങളും

b4.3 മാർട്ടിൻ - ഭാര്യ ജിസ്സി വഞ്ചിമല നടയിൽ കുടുംബാംഗം ഒരു കുട്ടി നിമിഷ

b5. അപ്പച്ചൻ (റ്റി.പി.ജോസഫ്) - ഡൽഹിയിൽ ഇൻകംടാക്സ് കമ്മീഷണറായിരുന്നു. ഭാര്യ, ഷീല, ആലുവാ കായനാട്ട് കുടുംബാംഗം. ഇപ്പോൾ ഡൽഹിയിൽ താമസിക്കുന്നു. രണ്ടുമക്കൾ, സിനി, സോണി.

b6. തങ്കമണി - വലവൂർവട്ടവയലിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു.

❋ ❋ ❋ ❋ ❋

**III. ആറാം തലമുറ തൊമ്മന്റെ മൂന്നാമത്തെ മകൻ ചാണ്ടി. രണ്ടുവിവാഹം ചെയ്തു. ആദ്യ ഭാര്യ മറിയം കുരുവനാൽ മഞ്ഞപ്പള്ളി കുടുംബാംഗം. ഇതിൽ ഒരു മകൻ തൊമ്മൻ (വലിയതൊമ്മച്ചൻ). ഭാര്യ കുഞ്ഞേലി, കൊഴുവനാൽ നെടുന്തകടിയേൽ കുടുംബാംഗം. ഇവർക്ക് ഒൻപത് മക്കൾ.**



ചാണ്ടി തോമ്മൻ തണ്ണിപ്പാറ



ഏലിയാമ്മ തോമ്മൻ തണ്ണിപ്പാറ





a) കുട്ടി (ചാണ്ടി.റ്റി.റ്റി.) - ഭാര്യ കൊഴുവനാൽ അറയ്ക്കൽ ഏലിയാമ്മ. ഇവർക്ക് ആറുമക്കൾ.

a1. കുഞ്ഞപ്പൻ (റ്റി.സി.തോമസ്) - ഭാര്യ ഏലിയാമ്മ പാദുവ മന്നത്താനിയിൽ കുടുംബാംഗം. നാലുമക്കൾ ജയ്മോൻ, ജസ്റ്റിൻ, ജസ്മി, ജിനീഷ്.

a2. ലീലാമ്മ - സിസ്റ്റർ സാൽവിയ. കല്പറ്റ, വിൻസെൻഷ്യൻ കോൺവന്റ് പ്രൊവിൻഷാൾ.

a3. കുഞ്ഞുമോൻ (റ്റി.സി.പോൾ) - ഭാര്യ നീന, മുത്തോലപുരം വരകുകാലായിൽ കുടുംബാംഗം. രണ്ടുമക്കൾ ബസന്ത്, ഉണ്ണി.

a4. ചാണ്ടിക്കുഞ്ഞ് - ഭാര്യ ലീല, മണലുങ്കൽ ആനിക്കൽ കുടുംബാംഗം. രണ്ടുമക്കൾ, ടിനു, ലെനു.

a5. മോളി - സിസ്റ്റർമോളി. അഡ്വക്കേറ്റാണ്. അട്ടപ്പാടി ആദിവാസി മേഖലയിൽ സേവനം ചെയ്യുന്നു.

a6. ആനി - വൈക്കം, മുത്തേരിയിൽ ജോസ് മാർട്ടിൻ വിവാഹം ചെയ്തു. ആഫ്രിക്കയിൽ ജോലി ചെയ്യുന്നു. രണ്ടുകുട്ടികളുണ്ട്.

b. മേരി - അവിവാഹിതയായിരുന്നു. 1999-ൽ നിര്യാതയായി.

c. ഫാ.ജോസഫ് തണ്ണിപ്പാറ - റിട്ടയർഡ് പ്രിൻസിപ്പൽ ദേവമാതാ കോളജ്, കുറവിലങ്ങാട്. പാലാ സെന്റ് തോമസ്, ട്രെയിനിംഗ് കോളജ് പ്രിൻസിപ്പലായും സേവനം ചെയ്തിട്ടുണ്ട്. 1998 ജൂൺ, 16-ന് നിര്യാതനായി.

d. മത്തായി - ഭാര്യ കുഞ്ഞമ്മ, ചിറക്കടവ് മണ്ണംപ്ലാക്കൽ കുടുംബാംഗം. അഞ്ചുമക്കൾ.

d1. റ്റോമി - ഭാര്യ ഷൈനി ചിങ്ങവനം കേളചന്ദ്ര കുടുംബാംഗം മക്കൾ ടുട്ടു, നിഷ, ജെയ്ക്ക്.

d2. ഷാജു - ഭാര്യ ജെസ്സി, മൂട്ടാർ വെട്ടിക്കാട്ട് കുടുംബാംഗം. മക്കൾ, ജോർജ്ജി, എമ്മി, ബെക്കി.

d3. ലൈല - ഉള്ളനാട് ചന്ദ്രൻകുന്നേൽ ജെയിംസ് വിവാഹം ചെയ്തു. ഒരു മകനുണ്ട്.

d4. ജെമ്മാ - അവിവാഹിത

d5. ആൻസി - എറണാകുളംകാരൻ ജെഫ്രി വിവാഹം ചെയ്തു.

e. സിസ്റ്റർ ലിസ്യു - എസ്സ്. എ.ബി.എസ്സ്. കാഞ്ഞിരമറ്റം.

f. പാപ്പച്ചൻ (തോമസ്.റ്റി.) - ഭാര്യ മേരി, കടയനിക്കാട് പുത്തൻപുര



തണ്ണിപ്പാറ പാപ്പച്ചനും കുടുംബാംഗങ്ങളും

യ്ക്കൽ കുടുംബാംഗം. ഏഴുമക്കൾ

f1. കുഞ്ഞച്ചൻ.റ്റി.തോമസ് - എസ്സ്.എച്ച്.എച്ച്.എസ്സ് തേവര. ഭാര്യ ഗ്രേസി. കല്ലൂർക്കാട് വട്ടക്കുഴിയിൽ കുടുംബാംഗം. മക്കൾ, ഷെറിൻ, റെയ്നു.

f2. നിർമ്മല - അവിവാഹിതയാണ്

f3. തങ്കമ്മ - കല്ലൂർക്കാട്, നെടുങ്ങാട്ട് ജോർജ്ജ് വിവാഹം ചെയ്തു. രണ്ട് കുട്ടികൾ സ്മിത, കുക്കു.

f4. മോൻ - മസ്ക്കറ്റിൽ. ഭാര്യ ഷീല, ഏഴക്കരനാട് ഐരാപുരം കുടുംബാംഗം. മക്കൾ നവീൻ, പ്രവീൺ.

f5. ജസ്സി - ചെങ്ങളത്ത് തറപ്പേൽ തങ്കച്ചൻ വിവാഹം ചെയ്തു. മൂന്ന് കുട്ടികൾ ചിപ്പി, ചിഞ്ചു, മുത്ത്.

f6. റ്റോമിച്ചൻ - ഭാര്യ ഷാന്റി,ചിറ്റാർ ഇടശ്ശേരിപ്പറമ്പ് കുടുംബാംഗം. മക്കൾ തോമസ്കുട്ടി, മാത്തുക്കുട്ടി, കുഞ്ഞുമരിയ.

f7. കൊച്ചുറാണി - ചങ്ങനാശ്ശേരി കല്ലുകളത്തിൽ ജെയിംസ് വിവാഹം ചെയ്തു. രണ്ട് കുട്ടികൾ ജസ്വിൻ

g. ഫാ.സക്കറിയാസ് - റിട്ടയേർഡ്, പ്രൊഫസർ, നിർമ്മലഗിരി കോളജ്, കൂത്തുപറമ്പ്. 1984- ആഗസ്റ്റ് 30-ന് നിര്യാതനായി.

h. സി.ഹെബ്രോണിയ, എസ്സ്.എ.ബി.എസ്സ്. പിഎച്ച്.ഡി.- പാലാ, നെല്ലി





യാനി ധ്യാനകേന്ദ്രത്തിൽ സേവനം ചെയ്യുന്നു.

i. ബേബി (ആന്റണി) - ഭാര്യ പെണ്ണമ്മ, ചേപ്പുംപാറ തടമുറിയിൽ കുടുംബാംഗം. മൂന്നുമക്കൾ.

i1. ജാൻസി - നിലമ്പൂർ ചായനാനിക്കൽ മോഹൻ വിവാഹം ചെയ്തു. രണ്ടുമക്കൾ.

i2. യെസ്റ്റി - ഭാര്യ സ്റ്റെഫി പള്ളിക്കത്തോട് മുഞ്ഞനാട്ട് കുടുംബാംഗം ഒരു മകൾ ചിഞ്ചുമോൾ.

i3. യെംപി - ഭാര്യ മെയ്മോൾ, തൃശൂർ പല്ലൻ കുടുംബാംഗം രണ്ട് മക്കൾ.

**ആറാംതലമുറ തൊമ്മൻ മകൻ ചാണ്ടി കോതനല്ലൂർ ഇട്ടംപറമ്പിൽ കുടുംബാംഗം മറിയത്തെ പുനർവിവാഹം ചെയ്തു. ഇവർക്ക് ആറ് ആൺമക്കൾ, കൊച്ചുതൊമ്മച്ചൻ, സ്ക്കറിയ, കുഞ്ഞൗത (ജോസഫ്) ചാണ്ടി, പീലിക്കുട്ടി, അവിരാക്കുട്ടി.**

**a) കൊച്ചുതൊമ്മച്ചൻ. ഭാര്യ അന്ന, കാഞ്ഞിരമറ്റം ഇഞ്ചിക്കാലായിൽ കുടുംബാംഗം. ഇവർക്ക് നാലുമക്കൾ, രണ്ടാണും, രണ്ടുപെണ്ണും.**

a1. സി.മർത്താ.എഫ്.സി.സി. - വാകക്കാട് മഠത്തിൽ സേവനം ചെയ്തു. 2000-ൽ നിര്യാതയായി.

a2. കുഞ്ഞാപ്പച്ചൻ (വർഗീസ്) - ഭാര്യ അന്നക്കുട്ടി, അയർക്കുന്നം ഏറത്ത് കുടുംബാംഗം. ആറ് മക്കൾ.



തണ്ണിപ്പാറ അന്നക്കുട്ടി വർഗ്ഗീസും കുടുംബാംഗങ്ങളും

a2.1. ജോയിക്കുട്ടി (തോമസ്) - ഭാര്യ എത്സമ്മ തോടനാൽ തോട്ടമറ്റം കുടുംബാംഗം. രണ്ടുമക്കൾ. ജിമ്മി, ഷിജി.

a2.2. സിസ്റ്റർ റെഫേല - മിഷനറീസ് ഓഫ് ചാരിറ്റിയിൽ അമേരിക്കയിൽ സേവനം ചെയ്യുന്നു.

a2.3. ചാണ്ടിക്കുഞ്ഞ് - അവിവാഹിതനായിരുന്നു. നിര്യാതനായി 1971-ൽ

a2.4. ജെയിംസ് - ഭാര്യ ചിന്നമ്മ കാഞ്ഞിരമറ്റം, നാഗമറ്റത്തിൽ കുടുംബാംഗം. മക്കൾ, സിമി, സിനി.

a2.5. ഫാ.വർഗീസ്. എസ്സ്.ഡി.ബി.തൃശൂർ.

a2.6. ഫാ.ജോസ്.എം.എസ്സ്.റ്റി. പൂന.

a3. സിസ്റ്റർ മേരി - വാകക്കാട്. 1952 -ൽ നിര്യാതയായി

a4. കുട്ടൻ (ചാണ്ടി) - ഭാര്യ മറിയക്കുട്ടി ചെങ്ങളം, കുന്നപ്പള്ളി കുടുംബാംഗം. ആറുമക്കൾ

a4.1. തോമസ് (തങ്കച്ചൻ) - ഭാര്യ ഫ്ളോറൻസ്, താഴത്തുവടകര, ആലുങ്കൽ കുടുംബാംഗം. മക്കൾ, അല്ക്സ്, മേരി പ്രീതി.

a4.2. കുഞ്ഞുമോൻ (ജോസഫ്) - ഭാര്യ സെലിനാമ്മ, ചങ്ങനാശ്ശേരി പുത്തൻപുരയ്ക്കൽ കുടുംബാംഗം. രണ്ടുമക്കൾ, അലക്സി, എഡിസൺ.

a4.3. അപ്പച്ചൻ (ഏബ്രാഹം) - ഭാര്യ ആൻസി, പൊൻകുന്നം മണിയങ്കേരിൽ കുടുംബാംഗം, രണ്ടുമക്കൾ, പ്രൊഫുൽ, പ്രശാന്ത്.

a4.4. മോളി - കാഞ്ഞിരമറ്റം, പഴയതോട്ടം ജോസ് വിവാഹം ചെയ്തു.

a4.5. പയസ്സ് - ഭാര്യ ലിസി, റാന്നി, മണക്കാലംപള്ളി കുടുംബാംഗം. മൂന്നുമക്കൾ, ലിബിൻ, മെർലിൻ, ലിന്റോ.

a4.6. മാഗി-ഉപ്പുതറ, വാലുമ്മേൽ റ്റോമിച്ചൻ വിവാഹം ചെയ്തു.

**(b) കുഞ്ഞൂട്ടി (സ്ക്കറിയ). ഭാര്യ മറിയം, മുത്തോലി പിരിയമ്മാക്കൽ കുടുംബാംഗം. ഒരു മകൻ മാത്രം. കുഞ്ഞ് (ചാണ്ടി)**

b1. കുഞ്ഞ് (ചാണ്ടി) - ഭാര്യ അച്ചാമ്മ മുത്തോലി പ്ലാക്കാട്ട് കുടുംബാംഗം. എട്ടുമക്കൾ.





b1.1. ചെറിയാച്ചൻ-ഭാര്യ സിസിലി, കോഴിക്കോട്, ഒറ്റപ്ലാക്കൽ കുടുംബാംഗം. നിലമ്പൂരിൽ താമസിക്കുന്നു. നാലുമക്കൾ, ബിന്ദു, വിജു, ബിനോയി, ബിറ്റു.

b1.2. കുഞ്ഞായി (മാത്യു) - ഭാര്യ വത്സമ്മ, പാലാ - കൊച്ചുകാക്കനാട്ട് കുടുംബാംഗം. മൂന്നുമക്കൾ, സോണിമോൻ, സോജിമോൻ, സോജാമോൾ.

b1.3. കുഞ്ഞേപ്പച്ചൻ (ചാണ്ടി) - ഭാര്യ, ലീലാമ്മ, പ്രവിത്താനം എടക്കര കുടുംബാംഗം. ഈ കുടുംബം നിലമ്പൂരിൽ താമസിക്കുന്നു. മൂന്നുമക്കൾ. അനു, അലക്സ്, അഞ്ചു.

b1.4. മേരിക്കുട്ടി - ഏഴാച്ചേരി, ചെറുനിലം, ബേബി വിവാഹം ചെയ്തു.

b1.5. ബേബി - ഭാര്യ ഷീലമ്മ, പുളിങ്കുന്ന്, വേലക്കളം കുടുംബാംഗം. ഒരു മകൾ, അനിറ്റ്.

b1.6. ഫാ.വർഗ്ഗീസ് സി.എം.ഐ.

b1.7. ആൻസി - കരൂർ, ആണ്ടുകുന്നേൽ, ഔസേപ്പച്ചൻ വിവാഹം ചെയ്തു.

b1.8. റ്റോമി - ഭാര്യ മോളി ഉള്ളനാട്, അരീക്കാട്ട് കുടുംബാംഗം. രണ്ടുമക്കൾ, നെറിൻമരിയ, ചാണ്ടിച്ചൻ.

**(c) കുഞ്ഞൗത (ജോസഫ്). ഭാര്യ ഏലിയാമ്മ, ചേർപ്പുങ്കൽ മുറിഞ്ഞ കല്ലേൽ കുടുംബാംഗം. പത്തുമക്കൾ.**

c1. പാപ്പച്ചൻ (ചാണ്ടി) - ഭാര്യ തങ്കമ്മ, ചങ്ങനാശ്ശേരി പുല്ലുകാട്ട് കുടുംബാംഗം. ഇവർക്ക് പത്തുമക്കൾ.

c1.1. സണ്ണിച്ചൻ (ജോസഫ്) - ഭാര്യ ഫിലോമിന, തൃശ്ശൂർ കുർക്കഞ്ചേരി ഇലവത്തുങ്കൽ കുടുംബാംഗം. ഇവർ മദ്രാസിൽ താമസിക്കുന്നു. മൂന്നുമക്കൾ, നിനു, നീതു, നവീൻ.

c.1.2. റ്റോമിച്ചൻ - ഭാര്യ അന്നമ്മ, ചെമ്മലമറ്റം വെള്ളൂക്കുന്നേൽ കുടുംബാംഗം. രണ്ടുമക്കൾ, ടിനുറോസ് തോമസ്, അലക്സ് തോമസ്. ഇവർ പാമ്പാടിയിൽ താമസിക്കുന്നു.

c1.3. ബേബിച്ചൻ - ഭാര്യ ബേബി, വായാട്ടുപറമ്പ്, ഇഞ്ചിപ്പറമ്പിൽ കുടുംബാംഗം, രണ്ടുമക്കൾ സിനുറോസ്, ജിക്കു അലക്സ്.

c1.4. രാരിച്ചൻ - ഭാര്യ മോളമ്മ, പാമ്പാടി പ്ലാപ്പറമ്പിൽ കുടുംബാംഗം. രണ്ടുമക്കൾ, മിനുറോസ്, മിന്റുറോസ്.

c1.5. സ്ക്കറിയാച്ചൻ - ഭാര്യ ആനിമ്മ. ഭരണങ്ങാനം തുണ്ടത്തിൽ കുടുംബാംഗം മൂന്നുമക്കൾ, നിഷ, ആഷ, അലക്സ്. ഇവർ തിരുപ്പൂർ താമസിക്കുന്നു.

c1.6. ബാബുക്കുട്ടി - ഭാര്യ ജയ, ചമ്പക്കുളം, മുപ്പതാംകളം കുടുംബാംഗം, രണ്ടുമക്കൾ, ചാണ്ടി, റോസ്.

c1.7. റോയിമോൻ - ഭാര്യ ഷൈനി, അടിച്ചിറ പൊടിമറ്റത്തിൽ കുടുംബാംഗം.

c1.8. എത്സമ്മ - നെടുംകുന്നം സ്വദേശി, ജോൺസൺ വിവാഹം ചെയ്തിരിക്കുന്നു.

c1.9. ജോയിമോൻ - എൽ.ഐ.സി.ഉദ്യോഗസ്ഥൻ

c1.10. ബിനോയി - ബോംബെയിൽ ജോലിയായിരുന്നു.

c2. കുഞ്ഞുപെണ്ണ് (മറിയം)- മാടപ്പള്ളിൽ കാലായിൽ ജോസഫ് വിവാഹം ചെയ്തു.

c3. അന്നക്കുട്ടി - കുറമ്പനാടം, കാലായിൽ ജേക്കബ് വിവാഹം ചെയ്തു.

c4. പീലിക്കുട്ടൻ - മലബാർ കൂരാച്ചുണ്ടിൽ താമസിക്കുന്നു. ഭാര്യ, ചിന്നമ്മ ആനിക്കാട് വരിക്കമാക്കൽ കുടുംബാംഗം നാലുമക്കൾ.

c4.1. കുഞ്ഞുമോൻ - ഭാര്യ മോളി, താമരശ്ശേരിൽ പുന്തോട്ടത്തിൽ കുടുംബാംഗം. രണ്ടുമക്കൾ, മുത്ത്, മോളമ്മ.

c4.2. ലിസമ്മ, C4.3. സൂസമ്മ, C4.4. ബ്ലെസി.

c5. ജോസ് - ഭാര്യ അന്നക്കുട്ടി, പൊൻകുന്നം, പൂവത്താനിക്കുന്നേൽ കുടുംബാംഗം. രണ്ടുമക്കൾ

c5.1 ജാൻസമ്മ - മണിമല, മുണ്ടൻകടുപ്പേൽ ജോസ് വിവാഹം ചെയ്തു.

c5.2. ബീന - കട്ടപ്പന വയലിൽ പുരയിടത്തിൽ വക്കച്ചൻ വിവാഹം ചെയ്തു.

c6. തോമ്മാച്ചൻ - ഭാര്യ മേരിക്കുട്ടി, മണിമല വെച്ചുക്കരോട്ട് കുടുംബാംഗം. രണ്ടുമക്കൾ മോൻസി,. ജോമോൻ. ഗോവയിൽ താമസിക്കുന്നു.

c7. അപ്പച്ചൻ (അബ്രാഹം) - ഭാര്യ മേഴ്സി, നെടുമാവ് കുന്നുംപുറത്ത് കുടുംബാംഗം. രണ്ടുമക്കൾ ജോമോൾ, ജോബി.

c8. ബേബി (സ്ക്കറിയാ) - ഭാര്യ എത്സമ്മ,പൈക നരിതൂക്കിൽ കുടുംബാംഗം. രണ്ടുമക്കൾ പ്രകാശ്, നീലിമ

c.9. സാലസ് - 9-ാം വയസ്സിൽ മരിച്ചുപോയി.

c10. ആന്റിച്ചൻ - ഭാര്യ ലൂസിക്കുട്ടി, വായ്പ്പൂർ എടൂരായമണ്ണാരിയത്ത് കുടുംബാംഗം. മൂന്നുമക്കൾ, രാജേഷ്, സിമിമോൾ, സൗമ്യമോൾ.

**d. കുഞ്ഞച്ചൻ (ചാണ്ടി.റ്റി.സി.) കൊഴുവനാൽ സെന്റ് ജോൺസ് സ്കൂൾ അദ്ധ്യാപകനായിരുന്നു. ഭാര്യ. മറിയം, കൊഴുവനാൽ പൂവക്കുളത്ത് കുടുംബാംഗം, ഏഴുമക്കൾ നാലാണും, മൂന്നുപെണ്ണും.**

d1. സി.മരിയാ - ആസ്സാമിലായിരുന്നു. 20-10-80-ൽവാഹനാപകടത്തിൽ നിര്യാതയായി.

d2. അപ്പച്ചൻ (അലക്സാണ്ടർ)-പാല സെന്റ് തോമസ്, ട്രെയിനിംഗ് കോളജിൽ ആർട്സ് അദ്ധ്യാപകനായിരുന്നു. ഭാര്യ തെയ്യാമ്മ, വയലാ കുഞ്ഞാനായിൽ കുടുംബാംഗം. പാലാ സെന്റ് മേരീസ് എച്ച് എസ്സ്, കായികാദ്ധ്യാപികയായിരുന്നു. മൂന്നുമക്കൾ രണ്ടാണും, ഒരുപെണ്ണും.

d2.1. ഡോ. അലക്സ് പി. എച്ച്. ഡി. - പാലാ സെന്റ് തോമസ് കോളേജ് ഗണിതവിഭാഗത്തിൽ ജോലി ചെയ്യുന്നു. ഭാര്യ ജാനറ്റ്, കാഞ്ഞിരപ്പള്ളി, കുന്നപ്പള്ളികുടംബാംഗം രണ്ട് മക്കൾ.

d2.2. അനിൽ - ഭാര്യ ജോജി വേഴപ്ര, കളരിപ്പറമ്പിൽ കുടുംബാംഗം. ഒരു മകൾ അനുഷ. ഈ കുടുംബം സൗത്ത് ആഫ്രിക്കയിൽ ജോലി ചെയ്യുന്നു.

d2.3. കൊച്ചുറാണി - മുത്തോലി, കൊച്ചുകുന്നേൽ റോയി ജോസഫ് വിവാഹം ചെയ്തു. ഇരുവരും ഹൈസ്കൂൾ അദ്ധ്യാപകരാണ്. മലപ്പുറം ജില്ലയിൽ ജോലി ചെയ്യുന്നു.

d3. സഖറിയാസ് - ഇൻഡ്യൻ കരസേനയിൽ 28 വർഷവും ബോർഡർ സെക്യൂരിറ്റിഫോഴ്സിൽ 9 വർഷവും സേവനം ചെയ്തിരുന്നു. ഭാര്യ ലീലാമ്മ, ആറുമാനൂർ, അരങ്ങത്ത് കുടുംബാംഗം. രണ്ടുമക്കൾ ഒരാണും, ഒരു പെണ്ണും.

d3.1 റോളി - ഭാര്യ രഞ്ചു ബീഹാർ, രണ്ടുമക്കൾ, റിഷബ്, രിത്തികാ



സക്കറിയാസ് തണ്ണിപ്പാറയും കുടുംബാംഗങ്ങളും

d3.2. റോണിയ - ഭർത്താവ്, രാജേഷ് ചങ്ങനാശ്ശേരി, കാഞ്ഞിരത്തുമൂട് കുടുംബാംഗം . രണ്ടുമക്കൾ. റയൺ, റെനാ. ഈ കുടുംബം സ്വീഡനിലാണ്.

d4. തോമസ് - ഭാര്യ മേരി കൊഴുവനാൽ തൊട്ടിയിൽ കുടുംബാംഗം. മൂന്നുമക്കൾ, രണ്ടാണും, ഒരുപെണ്ണും.



തണ്ണിപ്പാറ തോമസ് ചാണ്ടിയും കുടുംബാംഗങ്ങളും





d4.1. ബോബി - ഭാര്യ സിമി തമ്പലക്കാട് കളപ്പുരയ്ക്കൽ കുടുംബാംഗം. രണ്ടുമക്കൾ. ജെറിൻ, റിജോ.

d4.2. ഫാ.തോമസ് - പാലാരൂപത, കെ.സി.എസ്.എൽ ഡയക്ടറായി സേവനം അനുഷ്ഠിക്കുന്നു.

d4.3. മഞ്ചു -പെരിയപ്പുറത്ത് വെളിയത്തുമാലിൽ സിറിൾ വിവാഹം ചെയ്തു. ഒരു കുട്ടിയുണ്ട്.ജിതിൻ

d5. ലൂയിസ് - ഭാര്യ ലൈസമ്മ, അന്ത്യാളം മുഞ്ഞനാട്ട് കുടുംബാംഗം. മൂന്നുമക്കൾ. സോണി, ബ്ര.അലക്സ് സി.എം.ഐ, സിൻസി.



തണ്ണിപ്പാറ ലൂയിസ് അലക്സാണ്ടറും കുടുംബാംഗങ്ങളും

d5.1 സോണി - ഭാര്യ റിനോ, നെടുങ്കണ്ടം കുറ്റിനാൽ കുടുംബാംഗം.

d6. സി.ജോസഫൈൻ - ഗുജറാത്തിൽ സ്കൂൾ പ്രിൻസിപ്പലായി സേവനം ചെയ്യുന്നു.

d7. സോഫി - നെയ്യശ്ശേരി തുരുത്തിപ്പള്ളിൽ തങ്കച്ചൻ വിവാഹം ചെയ്തു. ഒരു മകൾ. സഹന.

**(e.) പീലിക്കുട്ടി. രണ്ടു വിവാഹം ചെയ്തു. ആദ്യ വിവാഹത്തിലെ ഭാര്യ മറിയം കൊഴുവനാൽ മൈലാടിയിൽ കുടുംബാംഗം ഇതിൽ അഞ്ചുമക്കൾ നാലാണും, ഒരു പെണ്ണും.**

e1. കുഞ്ഞാമ്മി- കരിക്കാട്ടൂർ കൂന്താനത്ത് ജോസഫ് വിവാഹം

ചെയ്തു.

e2. കുട്ടിച്ചൻ (പി.ചാണ്ടി) - അദ്ധ്യാപകനായിരുന്നു. കോഴിക്കോട് താമസിക്കുന്നു. ഭാര്യറോസി. മൂന്നുമക്കൾ, ഷീബാ, ഷീനാ, ഷിജു.

e3. കറിയാച്ചൻ- ഭാര്യ ത്രേസ്യാമ്മ, ചേർപ്പുങ്കൽ അമ്പാട്ടുകുഴികുടുംബാംഗം. നാലുമക്കൾ, തങ്കമ്മ, ജോസ്, ബിൻസി, അലക്സ്കുട്ടി. ഈ കുടുംബം മംഗലംഡാമിൽ താമസിക്കുന്നു.

e4. കുഞ്ഞച്ചൻ (ഫിലിപ്പ്) - ഹൈസ്കൂൾ കായികാദ്ധ്യാപകനായിരുന്നു. ഭാര്യ ലീലാമ്മ, തിരുമൂലപുരം മണ്ണിൽ പുത്തൻവീട് കുടുംബാംഗം. രണ്ടുമക്കൾ, ജോജി, ജിനു. ഈ കുടുംബം തിരുവല്ലയിൽ താമസിക്കുന്നു.

e5. തോമ്മാച്ചൻ - അവിവാഹിതനാണ്. തറവാട്ടിൽ താമസിക്കുന്നു. പീലിക്കുട്ടിയുടെ രണ്ടാംവിവാഹത്തിലെ ഭാര്യ ഏലിക്കുട്ടി മരങ്ങാട്ടുപള്ളി മാധവത്ത് കുടുംബാംഗം. ഇവർക്ക് അഞ്ചുമക്കൾ, രണ്ടാണും, മൂന്നുപെണ്ണും.

e6. അപ്പച്ചൻ (ജോസഫ് റ്റി.പി.) - ഭാര്യ, മേരി, അങ്ങാടിപ്പുറം, വടശ്ശേരിൽ കുടുംബാംഗം, മൂന്നുമക്കൾ വിധു, വിനു, വിനീത, ഈ കുടുംബം തേഞ്ഞിപ്പലത്ത് താമസിക്കുന്നു.

e7. കുഞ്ഞുമോൾ (ത്രേസ്യാക്കുട്ടി) - ആനിക്കാട് പുരയിടത്തിൽ എമ്മാനുവൽ വിവാഹം ചെയ്തു.



തണ്ണിപ്പാറ റ്റി. പി. ഏബ്രാഹവും സഹോദരങ്ങളും

e8. കുട്ടച്ചൻ (ഏബ്രാഹം) - ഭാര്യ ലിസമ്മ, ചങ്ങനാശ്ശേരി മറ്റപ്പറമ്പിൽ കുടുംബാംഗം. നാലുമക്കൾ. മൂന്നുപെണ്ണും ഒരാണും. ഇവരിൽ റോണി, രേഖ, രാഖി എന്നീ മൂന്നുപേർ ഒരേ പ്രസവത്തിൽ ജനിച്ചവരാണ്. മൂവരും നേഴ്സിംഗ് വിദ്യാർത്ഥിക





ളാണ്. രേഷ്മ വിദ്യാർത്ഥിനിയാണ്.

e9. മേരി - അയർക്കുന്നം ചാമക്കാലായിൽ ജോസ് വിവാഹം ചെയ്തു. കോഴിക്കോട്ട് താമസിക്കുന്നു.

e10. അമ്മിണി - മണക്കടവ്, ആയത്തമറ്റത്തിൽ ജോർജ്ജ് വിവാഹം ചെയ്തു.

**f. അവിരാക്കുട്ടി ഭാര്യ അന്നക്കുട്ടി, കരിക്കാട്ടൂർ, പൂന്താനത്ത് പുത്തൻപുരയ്ക്കൽ കുടുംബാംഗം. എട്ടുമക്കൾ ആറാണും, രണ്ടുപെണ്ണും.**

f1. ഫാ.അലക്സ് സി.എം.ഐ.

f2. സ്ക്കറിയാച്ചൻ-ഭാര്യ ആനിയമ്മ ചങ്ങനാശ്ശേരി, ആലുംമൂട്ടിൽ കുടുംബാംഗം. രണ്ടുമക്കൾ. അനു, അഞ്ജു. ഈ കുടുംബം സൗത്ത് ആഫ്രിക്കയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നു.



തണ്ണിപ്പാറ റ്റി. സി. ഏബ്രാഹവും ഭാര്യ അന്നക്കുട്ടിയും

f3. കുഞ്ഞുമോൻ (തോമസ്) - ഭാര്യ എൽസിക്കുട്ടി, കരിമ്പ



തണ്ണിപ്പാറ റ്റി. എ. തോമസും കുടുംബാംഗങ്ങളും

നക്കുളം മണ്ണനാനിക്കൽ കുടുംബാംഗം. മൂന്നുമക്കൾ സിജോ, ജേക്കബ്, ഡോണ.

f4. അമ്മിണി - ചങ്ങനാശ്ശേരി കടന്തോട് സെബാസ്റ്റ്യൻ വിവാഹം ചെയ്തു.

f5. കുട്ടപ്പൻ (ഏബ്രാഹം) - ഭാര്യ സെലിനാമ്മ, ചിറക്കടവ് കുഴിക്കാട്ട് കുടുംബാംഗം. രണ്ടുമക്കൾ മരിയ, നീനാ.



തണ്ണിപ്പാറ റ്റി. എ. ഏബ്രാഹവും കുടുംബാംഗങ്ങളും

f6. എൽസി - കുറവിലങ്ങാട് പനങ്കുഴയ്ക്കൽ ജോസഫ് വിവാഹം ചെയ്തു.

f7. ജോസ് മോൻ - ഭാര്യ ഷീല, ചങ്ങനാശ്ശേരിയിൽ ഒളശ്ശ കുടുംബാംഗം. ഒരുമകൾ റിയാ.

f8. തങ്കച്ചൻ (സെബാസ്റ്റ്യൻ) - ഭാര്യ അനിത, കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ കുടുംബാംഗം. ഒരുമകൾ മുത്ത്.

**IV.** മറിയം - ചെങ്ങളം പ്ലാത്തറയിൽ വിവാഹം ചെയ്തയച്ചു.

**V.** അന്ന - ചേർപ്പുങ്കൽ പറകൊട്ടിയേൽ വിവാഹം ചെയ്തയച്ചു.

**VI.** ഏലി - കുടല്ലൂർ വാട്ടപ്പള്ളിയിൽ വിവാഹം ചെയ്തയച്ചു.

❄ ❄ ❄ ❄ ❄





**B. പോത്തൻ - (ആറാംതലമുറ) രണ്ടു വിവാഹം കഴിച്ചു. ആറ് ആൺമക്കൾ, പീലി, ഔസേപ്പ്, തൊമ്മൻ, മത്തായി. വർക്കി, അവിരാ.**

**I.** പീലിക്ക് ഒരു മകൾ മാത്രം. അവരെ അതിരംപുഴ മണ്ഡപത്തിൽ വിവാഹം ചെയ്തയച്ചു.

**II.** ഔസേപ്പ് - ഭാര്യ ഏലി, കുടല്ലൂർ അമ്മങ്കുഴിയിൽ കുടുംബാംഗം. അഞ്ചുമക്കൾ, പീലിപ്പോസ്, കുഞ്ഞേപ്പ്, കുഞ്ഞന്നാമ്മ, ത്രേസ്യാ, മറിയക്കുട്ടി.

**a)** പീലിപ്പോസ് - ആറുമക്കൾ, മൂന്നാണും, മൂന്നുപെണ്ണും കുഞ്ഞുഞ്ഞ്, കുഞ്ഞൂട്ടൻ, പാപ്പച്ചൻ, മാമ്മി, ത്രേസ്യ,സിസ്റ്റർ. ബെർട്ടില്ല. ആൺമക്കൾ മലബാർ, ഹൈറേഞ്ച് ഭാഗങ്ങളിലേയ്ക്ക് കുടിയേറിപ്പാർത്തു. അവരുടെ മക്കളും മക്കളുടെ മക്കളുമായി നിരവധി കുടുംബങ്ങൾ, കൊന്നക്കാട്, കുഞ്ചിത്തണ്ണിഭാഗങ്ങളിലുണ്ട്.

**b)** ഔസേപ്പ് (കുഞ്ഞേപ്പ്) - ഭാര്യ ഏലി, കുടല്ലൂർ പാണ്ടംപടത്തിൽ കുടുംബാംഗം. ഇവർക്ക് അഞ്ചുമക്കൾ, പാപ്പച്ചൻ, തൊമ്മച്ചൻ, കുഞ്ഞൂട്ടി, കുട്ടിയമ്മ, പീലിക്കുട്ടി.

b1. പാപ്പച്ചൻ (റ്റി.ജെ.ജോസഫ്) - ഭാര്യ അന്നമ്മ മൂഴൂർ പറമ്പകത്ത് കുടുംബാംഗം. ആറുമക്കൾ, ഒരാണും അഞ്ചുപെണ്ണും.



തണ്ണിപ്പാറ റ്റി. ജെ. ജോസഫും (പാപ്പച്ചൻ) കുടുംബാംഗങ്ങളും

b1.1. സിസ്റ്റർ.ബ്രൂണോ (കുഞ്ഞമ്മ) - ആന്ധ്രായിൽ ഏലൂരിൽ ഡോക്ടറായി സേവനം ചെയ്യുന്നു.

b1.2. മേരി (സി.വിയാനീസ്) - ബാംഗ്ലൂർ സേവാനിലയത്തിൽ സേവനം ചെയ്യുന്നു.

b1.3. ജോസ് - ഭാര്യ തങ്കമ്മ പള്ളിക്കത്തോട് തടത്തിൽ കുടുംബാംഗം. രണ്ടുമക്കൾ, മിനിമോൾ, ഷോൺ, മിനിമോൾ ബാല്യത്തിലെ നിര്യാതയായി.

b1.4. ചിന്നമ്മ - തീക്കോയി, ഇടയാടിയിൽ അപ്പച്ചൻ വിവാഹം ചെയ്തു.

b1.5. അമ്മിണി - പൈക മുതുപ്ലാക്കൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു.

b1.6. ലിസി - ഇരട്ടയാർ, മാന്തറ, മാത്യു വിവാഹം ചെയ്തു.

b2. തൊമ്മച്ചൻ (സി.ജെ.തോമസ്) - ഭാര്യ മറിയാമ്മ ആനിക്കാട് പാലാ ഇലവുങ്കൽ കുടുംബാംഗം. നാലുമക്കൾ, രണ്ടാണും രണ്ടുപെണ്ണും.



തണ്ണിപ്പാറ സി. ജെ. തോമസും കുടുംബാംഗങ്ങളും

b2.1. ലില്ലി - കഞ്ഞഴ, കൊങ്ങോല മത്തച്ചൻ വിവാഹം ചെയ്തു.

b2.2. മേരി - നീറിക്കാട്, പയറ്റുകുഴിയിൽ ബാബു വിവാഹം ചെയ്തു.





b2.3. ജോസ് - ഭാര്യ മോളി, ചെങ്ങളം പൂവേലിൽ കുടുംബാംഗം. രണ്ടുമക്കൾ, സൗമ്യ, ജോമോൻ.

b2.4. ടോമി - ഭാര്യ ജൂലി, ചെങ്ങളം കളരിക്കൽ കുടുംബാംഗം. ഒരു മകൾ അഞ്ജലി.

b3. കുഞ്ഞൂട്ടി (ഫാ.ലാസർ, സി.എം.ഐ) - കട്ടപ്പന ആശ്രമത്തിൽ സേവനം ചെയ്യുന്നു.

b.4. കുട്ടിയമ്മ (സി.ഒ.ഏലി) - ചെങ്ങളം നെടുംതകടിയേൽ ജോസഫ് വിവാഹം ചെയ്തു.

b.5. പീലിക്കുട്ടി (സി.ഒ.ഫിലിപ്പ്) - ഭാര്യ മറിയാമ്മ കൊരട്ടി നെടുംതകടിയേൽ കുടുംബാംഗം. ഏഴുമക്കൾ. രണ്ടുപെണ്ണും അഞ്ചാണും.

b5.1. മോളി - ഇരിങ്ങാലക്കുട ചാരങ്ങാട്ട് ഡോ.ജോസ് വിവാഹം ചെയ്തു.

b5.2. കുഞ്ഞുമോൻ - ഭാര്യ കൊച്ചുറാണി, കല്ലറ തുമ്പുങ്കൽ കുടുംബാംഗം. രണ്ടുമക്കൾ. ജ്യോതിഷ്, ഷാരോൺ മരിയ. ഈ കുടുംബം ഇംഗ്ലണ്ടിൽ താമസിക്കുന്നു.

b5.3. മേരി - മുട്ടം വടക്കേൽ ബാബു വിവാഹം ചെയ്തു.

b5.4. തങ്കച്ചൻ - ഭാര്യ മരിയ, പെരിയപ്പുറം, നിധീരിക്കൽ കുടുംബാംഗം, രണ്ടുമക്കൾ, കെൽവിൻ, നിമിഷ ഈ കുടുംബം കുവൈറ്റിലാണ്.



തണ്ണിപ്പാറ ജോസഫ് ഫിലിപ്പും കുടുംബാംഗങ്ങളും

b5.5. വിൻസെന്റ് - ഭാര്യ ജോൺസി, കുടക്കച്ചിറ, പാലയ്ക്കൽ കുടുംബാംഗം. മൂന്നുമക്കൾ, ശില്പ, സ്വപ്ന, സോനു.

b5.6. സിബി - ഭാര്യ ബിന്ദു. അഞ്ചൽ, ബിജുഭവൻ, രണ്ടുമക്കൾ, സ്നേഹ, നോയൽ. ഇവരും കുവൈറ്റിലാണ്.

b5.7. ജിനോ - കുവൈറ്റിൽ ജോലി ചെയ്യുന്നു.

**c. കുഞ്ഞന്നാമ്മ - ചേർപ്പുങ്കൽ പാത്രപ്പാങ്കൽ കുഞ്ഞ് വിവാഹം ചെയ്തു.**

**d. ത്രേസ്യാ - മരങ്ങാട്ടുപ്പള്ളി മുഞ്ഞാട്ട് ചാക്കോ വിവാഹം ചെയ്തു.**

**e. മറിയക്കുട്ടി 16-ാം വയസ്സിൽ നിര്യാതയായി.**

**III. തൊമ്മൻ. നാലുമക്കൾ, മൂന്നാണും, ഒരു പെണ്ണും, കുട്ടി, പീലിക്കുട്ടി, അന്തോനി, ത്രേസ്യാ.**

a. കുട്ടി - ഭാര്യ അന്നമ്മ, ചേർപ്പുങ്കൽ ചെല്ലങ്കോട്ട് കുടുംബാംഗം. മക്കൾ പാപ്പച്ചൻ, തൊമ്മച്ചൻ.

b. പീലിക്കുട്ടി - ഭാര്യ അന്നമ്മ ആനിക്കാട് മുള്ളൻ മടയ്ക്കൽ കുടുംബാംഗം.

c. അന്തോനി - ഭാര്യ റോസമ്മ, ആനിക്കാട് ചിറപ്പുറത്ത് കുടുംബാംഗം. മക്കൾ, ഔസേപ്പച്ചൻ, ബേബിച്ചൻ, ജോസ്, ഏലിക്കുട്ടി.

മേല്പറഞ്ഞ മൂന്നുകുടുംബങ്ങളും അവരുടെ മക്കളുടെ കുടുംബങ്ങളും, ആലക്കോട്, തളിപ്പറമ്പ് ഭാഗങ്ങളിലുണ്ട്.

d. ത്രേസ്യാ - കൂരോപ്പട കാട്ടറാത്ത് കെട്ടിച്ചയച്ചു.

**IV. മത്തായി. ഒരു മകൻ മാത്രം. കുട്ടി.**

**a. കുട്ടി - ഭാര്യ മാമ്മി പൂവരണി, പന്തലാനിക്കൽ കുടുംബാംഗം. അഞ്ചുമക്കൾ, പാപ്പച്ചൻ, മാമ്മി. ഏലിക്കുട്ടി, ലീലാമ്മ, മറിയാമ്മ.**

a1. പാപ്പച്ചൻ - ഭാര്യ ആലീസ് പനയമ്പാല വലിയവീട്ടിൽ കുടുംബാംഗം. ആറുമക്കൾ, ജോയിസ്, ജോഷി, ജോളി, ജോജി, ജോൺസി, ജോബി.

a2. മാമ്മി - കൊഴുവനാൽ തോണക്കര അന്തോനി വിവാഹം ചെയ്തു.

a3. ഏലിക്കുട്ടി- മുഴൂർ തകടിയേൽ മാത്യു വിവാഹം ചെയ്തു.





a4. ലീലാമ്മ - പള്ളിക്കത്തോട് കൊറകുന്നേൽ വിവാഹം ചെയ്തയച്ചു.

a5. മറിയാമ്മ - തിരുവനന്തപുരത്ത് താമസിക്കുന്നു.

**V. വർക്കി - രണ്ടുമക്കൾ കുട്ടി, കുഞ്ഞേപ്പ്, കുട്ടിയും കുടുംബവും കോരുത്തോടും, കുഞ്ഞേപ്പും കുടുംബാംഗങ്ങളും ചെമ്പന്തൊട്ടിയിലും താമസിക്കുന്നു.**

**VI. അവിരാ - ഭാര്യ അന്ന, കൊഴുവനാൽ വരിക്കമാക്കൽ കുടുംബാംഗം. എട്ടുമക്കൾ, നാലാണും, നാലുപെണ്ണും.**

**a. അന്ന - തോടനാൽ പന്തപ്ലാക്കൽ കെട്ടിച്ചയച്ചു.**

**b. മറിയം - ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി.**

**c. ബർബ്ബറാ - കൊഴുവനാൽ തോണക്കര കുഞ്ഞാപ്പൻ വിവാഹം ചെയ്തു.** ഇവരുടെമകൻ റ്റി.ജെ.ജോസഫ് ഏറ്റുമാനൂർ ഐ.റ്റി.ഐലും, മറ്റൊരു മകൻ റ്റി.ജെ.അബ്രാഹം. കൊഴുവനാൽ സെന്റ് ജോൺസ് സ്കൂളിലും അദ്ധ്യാപകരായിരുന്നു.

**d. കുഞ്ഞാപ്പൻ (ഫിലിപ്പ്) ഭാര്യ അന്നക്കുട്ടി, മറ്റക്കര, മറ്റക്കരോട്ട് കുടുംബാംഗം.** ആറുമക്കൾ. ചിന്നമ്മ, തെയ്യാമ്മ, അവിരാച്ചൻ, മാത്തുക്കുട്ടി, ജോസ്, മേരി. ഇവരെല്ലാരും, ആലക്കോട് കരുവഞ്ചാൽ ഭാഗങ്ങളിൽ താമസിക്കുന്നു.

**e. കുഞ്ഞേപ്പ് (റ്റി.എ.ജോസഫ്) ഭാര്യ ഏലിക്കുട്ടി കൂരോപ്പട വട്ടമറ്റത്തിൽ കുടുംബാംഗം.** ആറുമക്കൾ, മൂന്നാണും, മൂന്നുപെണ്ണും. ലില്ലി, സി.മേരി, ഗ്രേസി, ഫാ.ജോസ് എം.എസ്സ്.റ്റി, അപ്പച്ചൻ, ബെന്നി.ഇവരെല്ലാം കരുവഞ്ചാലിൽ താമസമാക്കിയിരിക്കുന്നു.

**f. മത്തായി - ഭാര്യ ത്രേസ്യാമ്മ, മുതിരക്കുളത്ത് കുടുംബാംഗം. ഈ കുടുംബം കട്ടപ്പനയിൽ താമസിക്കുന്നു. നാലുമക്കൾ രണ്ടാണും, രണ്ടുപെണ്ണും.**

സി.അന്ന, ജോയിച്ചൻ, ഫ്രാൻസീസ്, ആൻസി, ജോയിച്ചന്റെ ഭാര്യ മോളി, ഇവരുടെ മക്കൾ, ജോയിസ്, ജെയിസൺ, ജാക്സൺ, ജാക്വലിൻ, ഹെലൻ, അപ്പു, അമ്മു എന്ന ഏഴുപേരും കരാട്ടേ ബ്ലാക്ക് ബെൽറ്റുകാരാണ്.

**g. തൊമ്മച്ചൻ - ഭാര്യ കുഞ്ഞുപെണ്ണ് കൊഴുവനാൽ കുമ്പുക്കൽ കുടുംബാംഗം.**

**h. ഏലിക്കുട്ടി - പാലാ പൊടിമറ്റത്തിൽ മാത്യു വിവാഹം ചെയ്തു.**

■

# വയലിൽ ശാഖ

വയലിൽ ചാക്കോ (അഞ്ചാം തലമുറ)യുടെ മകൻ ചാക്കോ (ആറാംമുറ) വയലിൽ തറവാട്ടിൽ താമസിച്ചു. ചാക്കോയുടെ മകൻ മത്തായി (ഏഴാംമുറ) കടപ്ലാമറ്റത്ത് പഴിപ്ലാക്കൽ നിന്നും വിവാഹം കഴിച്ചു. അദ്ദേഹത്തിന് ആറുമക്കൾ ഉണ്ടായി. ഒരാണും അഞ്ചു പെണ്ണും - ചാക്കോ, ഏലി, അന്നമ്മ, മറിയം, ത്രേസ്യാമ്മാ, റോസ.

മത്തായിയുടെ പെൺമക്കളായ ഏലിയെ വെളിച്ചിയാനി മാരായിക്കുളത്ത് വർക്കി വിവാഹം ചെയ്തു. അന്നമ്മയെ മുത്തോലി അരിപ്പംകുന്നേൽ ഔത വിവാഹം കഴിച്ചു. മറിയത്തെ തോടനാൽ പെല്ലാനിക്കൽ തോമസും, ത്രേസ്യാമ്മയെ മുഴൂർ മൂങ്ങാത്തോട്ട് പാപ്പനും, റോസയെ രാമപുരം കാർമ്മക്കാട്ടിൽ ആഗസ്തിയും വിവാഹം ചെയ്തു.

1. ചാക്കോ (കൊച്ചേട്ടൻ) (8-ാം മുറ) - മത്തായിയുടെ ഏക മകൻ ചാക്കോ കടപ്ലാമറ്റം നടുക്കര കുടുംബാംഗമായ അന്നയെ വിവാഹം കഴിച്ചു. ചാക്കോ കൊഴുവനാലിൽ വ്യാപാരം നടത്തിയിരുന്നു. ഇവർക്ക് ആറ് മക്കൾ - തോമസ്, അന്ന, ഏലിക്കുട്ടി, ചിന്നമ്മ, മത്തായി, ജോസഫ്.

a തോമസ് (കുഞ്ഞ്) (9-ാംമുറ) - ചാക്കോയുടെ മൂത്തമകൻ തോമസ് (കുഞ്ഞ്) അയർക്കുന്നം അഴിയാത്ത് കുടുംബാംഗമായ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. കൊഴുവനാൽ ആശുപത്രിക്ക് സമീപമുള്ള പുരയിടത്തിലേക്ക് മാറി താമസിച്ചു. ഇവർക്ക് 8 മക്കൾ -ചാക്കോ, ജോയി, തോമസ്, മാത്യു, ലില്ലി, സിസിലി, സെലിൻ, ഇസബെല്ല, ഏലിക്കുട്ടി 15-11-1995 ൽ നിര്യാതയായി.

a.1 ചാക്കോ (10-ാം മുറ) - തോമസിന്റെ മൂത്തമകൻ ചാക്കോ







വയലിൽ വി. റ്റി. ചാക്കോയും കുടുംബാംഗങ്ങളും

പാല -തടത്തിൽ കുടുംബാംഗമായ അച്ചാമ്മയെ വിവാഹം കഴിച്ച് കൊഴുവനാലിൽ തറവാടിന് സമീപം താമസിക്കുന്നു. തോമസ് സൈനിക സേവനത്തിലായിരുന്നു. അച്ചാമ്മ റിട്ട. അദ്ധ്യാപികയാണ്. ഇവർക്ക് 2 മക്കൾ - ആസ്ട്രോ, അയോഷിയ.

a.2 ജോയി - തോമസിന്റെ രണ്ടാമത്തെ മകനായ ജോയി കുറ്റ്യാടിയിൽ പ്ലാക്കാട്ട് കുടുംബാംഗമായ ആൻസിയെ വിവാഹം കഴിച്ച് പുൽപള്ളിക്ക് സമീപം മുള്ളൻകൊല്ലിയിൽ താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ - ജോബി, ടിങ്കിൾ, സ്റ്റെഫി.



വയലിൽ വി. റ്റി. തോമസും കുടുംബവും പിതാവ് വി. സി. തോമസി(കുഞ്ഞേട്ടൻ)നോടൊപ്പം

a.3 തോമസ് (കുട്ടിയച്ചൻ) - തോമസിന്റെ മകൻ കുട്ടിയച്ചൻ എന്നു വിളിക്കുന്ന തോമസ് നല്ലൂർ പുതിയിടത്തു കുടുംബാംഗമായ മോളിയെ വിവാഹം കഴിച്ച് പിതാവ് തോമസിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് 2 മക്കൾ ലിയോ, ലീമ.



വയലിൽ വി. റ്റി. മാത്യുവും (കുഞ്ഞുമോൻ) കുടുംബാംഗങ്ങളും

a.4 മാത്യു (കുഞ്ഞുമോൻ) - തോമസിന്റെ മകൻ മാത്യു (കുഞ്ഞുമോൻ) കുറുമണ്ണ് കാവുകാട്ട് കുടുംബാംഗമായ ജോളിയെ വിവാഹം കഴിച്ച് കൊഴുവനാലിൽ താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ രഞ്ചി, മിന്നി, ഡെന്നി.

a.5 ലില്ലി - തോമസിന്റെ മകൾ ലില്ലിയെ വലവൂർ തച്ചിക്കുന്നേൽ വർക്കി വിവാഹം ചെയ്തു. ഇവർക്ക് 5 കുട്ടികൾ.

a.6 സിസിലി - തോമസിന്റെ മകൾ സിസിലിയെ പുളിക്കൽക്കവല മുരട്ടുപൂവത്തുങ്കൽ ഔത വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ.

a.7 സെലിൻ - തോമസിന്റെ മകൾ സെലിനെ രാമപുരം കടലംകാട്ട് ജോസ് വിവാഹം കഴിച്ചു. ഇപ്പോൾ പാലാക്ക് സമീപം പയപ്പാർ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് 2 കുട്ടികൾ.





a.8 ഇസബെല്ല - തോമസിന്റെ മകൾ ഇസബെല്ലയെ തീക്കോയി മംഗളഗിരി കിടങ്ങൂർ താഴെ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. ഇവർക്ക് 4 മക്കൾ. ഇവർ ഇപ്പോൾ കുടുംബസമേതം യു.എസ്.എ യിലാണ്.

b അന്ന (9-ാം മുറ) - മത്തായിയുടെ മകൾ അന്നയെ അതിരമ്പുഴ, പഴേപുരക്കൽ, ഔസേപ്പ് വിവാഹം കഴിച്ചു. ഇവർക്ക് 2 മകൾ അന്നയും, ഔസേപ്പും നിര്യാതരായി.



വയലിൽ ഏലിക്കുട്ടി ചാക്കോ

c ഏലിക്കുട്ടി (9-ാം മുറ) - ഏലിക്കുട്ടി അവിവാഹിതയായിരുന്നു. സഹോദരൻ പരേതനായ ജോസഫിന്റെ മകൻ സണ്ണിയോടൊപ്പം താമസിച്ചു. ഏലിക്കുട്ടി 8-1-2006ൽ നിര്യാതയായി.

d ചിന്നമ്മ (9-ാം മുറ) - ചിന്നമ്മ അവിവാഹിതയാണ് സഹോദരന്റെ മകൻ സണ്ണിയോടൊപ്പം താമസിക്കുന്നു.

e മത്തായി (കുഞ്ഞൂഞ്ഞ്) (9-ാം മുറ) - മത്തായിയുടെ മകൻ മത്തായി (കുഞ്ഞൂഞ്ഞ്) കങ്ങഴ മുരിക്കനാനിക്കൽ കുടുംബാംഗമായ റോസയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് പെൺമക്കൾ- ആലീസ്, ലീലാമ്മ, വത്സമ്മ, ഇവർ കൊഴുവനാൽ നിന്നും കുടുംബസമേതം അമ്പൂരിയിലേക്ക് താമസം മാറ്റി. മത്തായിയും റോസയും നിര്യാതരായി.

മത്തായിയുടെ മക്കളായ ആലീസിനെ വെളിയനാട് കറുകയിൽ പാപ്പച്ചനും, ലീലാമ്മയെ വെളിയാട് കൊച്ചുകളത്തിൽ ജോയിച്ചനും വിവാഹം കഴിച്ചു. ഇളയ മകളായ വത്സമ്മയെ വെളിയാട് കറുകയിൽ കുഞ്ഞച്ചൻ ദത്തു വിവാഹം കഴിച്ചു.



വയലിൽ ചാക്കോ ജോസഫ് (പാപ്പച്ചൻ)

f ജോസഫ് (പാപ്പച്ചൻ) (9-ാംമുറ) - മത്തായിയുടെ ഇളയ മകനായ ജോസഫ് (പാപ്പച്ചൻ) ആനിക്കാട് തോണിക്കാവിൽ കുടുംബാംഗമായ ഏലിക്കുട്ടിയെ വിവാഹം കഴിച്ച് തറവാട്ടിൽ തന്നെ താമസിച്ചു. ഇവർക്ക് 6 മക്കൾ - റോയിച്ചൻ, സണ്ണി, സാജൻ, മനു, ഷൈനി, ജാക്വലി, ജോസഫ് 17-5-1992 ൽ നിര്യാതനായി.

f.1 ഫാ. ജെയിംസ് വയലിൽ (റോയിച്ചൻ) - ജോസഫിന്റെ മൂത്തമകൾ ഫാ. ജെയിംസ് 27-12-1988 ൽ വൈദിക പട്ടം സ്വീകരിച്ചു. പാലാരൂപതക്കുവേണ്ടി സേവനം ചെയ്യുന്ന അദ്ദേഹം പ്ലാശനാൽ, കുറവിലങ്ങാട് എന്നീ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും, ജോസ്ഗിരി, മാവടി എന്നീ പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ മുട്ടം പള്ളി വികാരിയാണ്.

f.2 സണ്ണി - ജോസഫിന്റെ രണ്ടാമത്തെ മകൻ സണ്ണി പൈക പാലക്കുടിയിൽ കുടുംബാംഗമായ മേഴ്സിയെ വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ - ലിസ്, ലിബിൻ, ലിയോൺ.



വയലിൽ സണ്ണി ജോസഫും കുടുംബാംഗങ്ങളും

f.3 അലക്സ് (സാജൻ) - ജോസഫിന്റെ മകൻ സാജൻ അവിവാഹിതനാണ്.

f.4 മനു - മനു നേഴ്സിംഗ് വിദ്യാർത്ഥിയാണ്

f.5 ഷൈനി - ജോസഫിന്റെ മകൾ ഷൈനിയെ ചെങ്കല്ലേൽ വടക്കേത്ത് കുടുംബാംഗമായ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ.

f.6 സി. റെജി FCC (ജാകിലി) - ജോസഫിന്റെ മകൾ സി. റെജി ക്ലാരിസ്റ്റ് കോൺവെന്റിൽ ചേർന്നു. ഇപ്പോൾ കണ്ണാടിയുറുമ്പ് മഠത്തിൽ സേവനമനുഷ്ഠിക്കുന്ന സി. റെജി കണ്ണാടിയുറുമ്പ് സ്കൂളിലെ അദ്ധ്യാപിക കൂടിയാണ്. ■





# മുണ്ടുപാലക്കൽ ശാഖ

വയലിൽ (നാലാംതലമുറ) ഔസേപ്പ് മകൻ ചാക്കോ (അഞ്ചാം മുറ)യുടെ മകൻ ഔസേപ്പ് (6) മുണ്ടുപാലയ്ക്കൽ (മലയിരുത്തി)താമസമാക്കി അവുസേപ്പിന് ആറുമക്കൾ, നാലാണും രണ്ടുപെണ്ണും.

I അവിരാ (7) - രണ്ടുവിവാഹം ചെയ്തു. ആദ്യവിവാഹത്തിൽ ഒരു മകൾമാത്രം. മകളെ കൊഴുവനാൽ കിഴുതറ വിവാഹം ചെയ്തയച്ചു. രണ്ടാമത് വിവാഹം ഭാര്യ അന്ന, അതിരംപുഴ, കൊല്ലപ്പള്ളി കുടുംബാംഗം. ഇവർക്ക് ആറുമക്കൾ, നാലാണ്, രണ്ടുപെണ്ണും.

a മറിയം (8) - മുത്തോലി, മണക്കണ്ടത്തിൽ വിവാഹം ചെയ്തയച്ചു.

b കുഞ്ഞാപ്പൻ (ചാക്കോ) (8) - ഭാര്യ അന്ന, കൊഴുവനാൽ പാറത്താനത്ത് കുടുംബാംഗം. ഇവർക്ക് അഞ്ചുമക്കൾ ഒരാണും, നാലു പെണ്ണും.

b1 കുഞ്ഞൂട്ടി (ജോസഫ്) (9) - ഭാര്യമറിയം, മരങ്ങാട്ടുപള്ളി. നാലുമക്കൾ, രണ്ടാണും, രണ്ടുപെണ്ണും. ഇവർ ഇടുക്കിയിൽ താമസിക്കുന്നു. പെൺമക്കളിൽ മൂത്തവളെ ബാംഗളൂരും, ഇളയവളെ കട്ടപ്പനയിലും വിവാഹംചെയ്തയച്ചു. ആൺമക്കളിൽ ജോസ്മാങ്കുളത്തുനിന്നും ഏലിയെ വിവാഹം ചെയ്തു. അവർക്ക് രണ്ടുപുത്രന്മാർ. അവർ മാങ്കുളത്ത് കുടുംബസഹിതം താമസിക്കുന്നു. ഇളയവൻ ചാക്കോ (ജോയി) ചേലച്ചുവട്ടിൽ നിന്നും ഏലിയെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു.

b2 അന്നക്കുട്ടി - പൊൻകുന്നം, ഇടവനാപൊയ്കയിൽ ആന്റണി വിവാഹം ചെയ്തു.

b3 ത്രേസ്യാ - ഇളങ്ങോയി പതിയിൽ പാപ്പുവിവാഹം ചെയ്തു.

b4 മറിയാമ്മ,

b5 ഏലിക്കുട്ടി എന്നിവരെ നെയ്യാറ്റിൻകര അമ്പൂരിയിൽ വിവാഹം ചെയ്തയച്ചു.

**c അവുത (ജോസഫ്) (8) - ഭാര്യ മറിയം, കൊഴുവനാൽ കുരീക്കാട്ടു കുന്നേൽ കുടുംബാംഗം. ഏഴുമക്കൾ, നാലാണും മൂന്നുപെണ്ണും. ഇവർ വയനാട്ടിൽ കല്പറ്റയിൽ താമസമാക്കിയിരിക്കുന്നു.**

C1 കൊച്ച് (അബ്രാഹം) (9) - ഭാര്യ അന്നമ്മ, പൂവത്തിളപ്പ് കക്കാട്ടിൽ കുടുംബാംഗം. മൂന്നുമക്കൾ. കൊച്ച്, വെള്ളമുണ്ടയിൽ മറിയത്തിനെ പുനർ വിവാഹം ചെയ്തു. ഇതിൽ ആറുമക്കൾ. എല്ലാവരും മേപ്പാടിയിൽ താമസിക്കുന്നു.

C2 മത്തൻ - ഭാര്യമറിയം മാണിക്കത്തുകുന്നേൽ കുടുംബാംഗം ഏഴുമക്കൾ രണ്ടാണും അഞ്ചുപെണ്ണും.

C3 കുഞ്ഞൂട്ടി - ഭാര്യ, മേഴ്സി, തിരുവനന്തപുരംകാരി രണ്ടുമക്കൾ, ജോണി, ജോർജ്ജ്

C4 ജോസ് - തറവാട്ടിൽ താമസിക്കുന്നു. ഭാര്യ മറിയക്കുട്ടി പുറ്റത്താനത്ത് കുടുംബാംഗം, അഞ്ചുമക്കൾ, മൂന്നാണും രണ്ടു പെണ്ണും

C4.1 പാപ്പൻ (10) - ഭാര്യ ലിസി,. നടവയൽ ഇടവകക്കാരി. രണ്ടു പുത്രന്മാർ

C4.2 ജോണി - ഭാര്യ മിനി കരണ്ടിയിൽ കുടുംബാംഗം രണ്ടു പുത്രന്മാർ

C 4.3 ബാബു - ഭാര്യ സിനി കല്ലോടിയിൽ കുടുംബാംഗം. ഒരു കുട്ടി

C4.4 സൂസമ്മ - ഇടപ്പാടിയിൽ ലോറൻസ് വിവാഹം ചെയ്തു.

C4.5 സാലി - കോടഞ്ചേരിയിൽ ജോസ് വിവാഹം ചെയ്തു.

അവുതയുടെ പെൺമക്കൾ അന്നമ്മ, തെയ്യാമ്മ, ഏലിക്കുട്ടി എന്നിവരെ കല്പറ്റയിൽ വിവിധ കുടുംബങ്ങളിൽ വിവാഹം ചെയ്ത് അയച്ചു.

**d) വർക്കി (8) - ഭാര്യ റോസ, കാഞ്ഞിരമറ്റം, മുടന്തയാനിയിൽ കുടുംബാംഗം. ഈ കുടുംബം പള്ളിക്കത്തോട്ടിൽ താമസിക്കുന്നു. നാലു മക്കൾ, ഒരാണും, മൂന്നുപെണ്ണും.**





d.1 പേപ്പ് (ജോസഫ്) (9) - ഭാര്യ വത്സമ്മ, (കത്രീന) കൂത്രപ്പള്ളി, കളപ്പുരയ്ക്കൽ കുടുംബാംഗം. അഞ്ചുപുത്രിമാർ.



മുണ്ടുപാലയ്ക്കൽ വർക്കിയും ഭാര്യ റോസയും

d1.1 റോസമ്മ (റെജി) (10) - മല്ലപ്പള്ളി, കൊല്ലറക്കുഴിയിൽ ജോർജ്ജ് വിവാഹം ചെയ്തു. അമേരിക്കയിലാണ്.



മുണ്ടുപാലയ്ക്കൽ ജോസഫും (പേപ്പ്) കുടുംബാംഗങ്ങളും

d1.2 റീനാമ്മ - എസ്സ് എം. ഐ. സിസ്റ്ററായി ആഫ്രിക്കയിൽ സേവനം അനുഷ്ഠിക്കുന്നു.

d1.3 റോസ്മി (അന്നമ്മ) - ഞണ്ടുപാറ, കണയംപ്ലാക്കൽ ജോൺ കുട്ടി വിവാഹം ചെയ്തു. തറവാട്ടിൽ താമസിക്കുന്നു. രണ്ടു പുത്രന്മാർ, ആൽവിൻ, ജോസഫ്.

d1.4 മോനിക്ക - എടത്വ പുളിമൂട്ടിൽ അലക്സ് വിവാഹം

ചെയ്തു.

d1.5 രശ്മി (കാതറൈൻ) - ബി. എസ്സ്സി നേഴ്സിംഗ് വിദ്യാർത്ഥി.

d2 പെണ്ണമ്മ (അന്നമ്മ) - ആനിക്കാട്, നെല്ലക്കൽ തോമസ് വിവാഹം ചെയ്തു.

d3 മേരി - റാന്നിയിൽ മോനിച്ചൻ വിവാഹം കഴിച്ചു. അമേരിക്കയിൽ താമസിക്കുന്നു.

d4 ഏലമ്മ (റോസ) - വായ്പ്പൂർ കരിത്തോട്ടത്തിൽ ജോസഫ് വിവാഹം ചെയ്തു. അമേരിക്കയിൽ താമസിക്കുന്നു.



മുണ്ടുപാലയ്ക്കൽ ആഗസ്തി

**e ആഗസ്തി (8) - ഭാര്യ റോസ, പാളയം, പതിപ്പാട്ട് കുടുംബാംഗം. ആറുമക്കൾ, നാലാണും രണ്ടുപെണ്ണും.**

e1 അബ്രാഹം (പാപ്പച്ചൻ) (9) - ഭാര്യ ത്രേസ്യാമ്മ കൊഴുവനാൽ, അമ്പഴത്തിനാൽ കുടുംബാംഗം. അഞ്ചുമക്കൾ, ഒരാണും, നാലുപെണ്ണും.

e1.1 അഗസ്റ്റിൻ (കുഞ്ഞുമോൻ) എം.ബി.എ. (10) - ഭാര്യ ഫിലോമിന (ബെ



മുണ്ടുപാലയ്ക്കൽ അബ്രാഹവും (പാപ്പച്ചൻ) കുടുംബാംഗങ്ങളും







മുണ്ടുപാലയ്ക്കൽ അഗസ്റ്റിനും കുടുംബാംഗങ്ങളും

റ്റ്സി) ബി.എസ്സ്സി നേഴ്സ്. മൂന്നിലവ്, വെട്ടത്ത് കുടുംബാംഗം. ഈ കുടുംബം അമേരിക്കയിൽ അറ്റലാന്റയിൽ താമസിക്കുന്നു. കുഞ്ഞുമോൻ അറ്റലാന്റയിൽ കൊക്കോകോള കമ്പനി ഉദ്യോഗസ്ഥനാണ്. ഇവർക്ക് രണ്ടുമക്കൾ ഒരാണും ഒരുപെണ്ണും, എബി, അനീറ്റ ഇരുവരും വിദ്യാർത്ഥികൾ.

e 1.2 തങ്കമ്മ (റോസ) - മുണ്ടാങ്കൽ, വരകിപ്പറമ്പിൽ സണ്ണി വിവാഹം ചെയ്തു. മൂന്നുപുത്രന്മാർ. ബിബിൻ, ബോബിൻ, വിശാൽ.

e1.3 ഗ്രേസി (മറിയം) - ഇലഞ്ഞി കുമ്പളാംതടത്തിൽ ജോസുകുട്ടി വിവാഹം ചെയ്തു. ഗ്രേസി പിറവം സ്കൂളിലും, ജോസുകുട്ടി ഇലഞ്ഞി ഹൈസ്ക്കൂളിലും പഠിപ്പിക്കുന്നു. രണ്ടുമക്കൾ ഒരാണും ഒരുപെണ്ണും, ആൽബി, ഉല്ലാസ്.

e1.4 സാലി (ത്രേസ്യ) - അയർക്കുന്നം, കോയിപ്രത്ത് മാത്യു വിവാഹം ചെയ്തു. ഒരു മകൾ അജ്ജലി മേവിടതാമസിക്കുന്നു.

e1.5 ലിസമ്മ (അന്ന) - ചിറക്കടവ് താമരക്കുന്ന് പാഴിയാങ്കൽ സജിവിവാഹം ചെയ്തു. രണ്ടുമക്കൾ റാണി, ഈപ്പൻ.



മുണ്ടുപാലയ്ക്കൽ സ്കറിയായും (കുഞ്ഞൂട്ടി) കുടുംബാംഗങ്ങളും

e2 സ്കറിയ (കുഞ്ഞൂട്ടി) (9) - ഭാര്യ മേരി പാലാ, പടിയാനിക്കൽ കുടുംബാംഗം. അഞ്ചുമക്കൾ ഒരാണും നാലുപെണ്ണും.

e2.1 സിബി (ആഗസ്തി) (10) - ഭാര്യ സജനി (ത്രേസ്യ) കാരിക്കുളം കോന്ന്യാമഠത്തിൽ കുടുംബാംഗം. രണ്ടു പുത്രന്മാർ ഷാൻ, സഞ്ചു.

e2.2 ജെസി (റോസ) - സിസ്റ്റർ ജെസിലി പൂവത്തിളപ്പ് സ്നേഹഗിരിസ്ഥാപനത്തിൽ മദർ ആയി സേവനം ചെയ്യുന്നു..

e2.3 ജാൻസി (മറിയം) - എളംകുളം ചിന്താർമണിയിൽ ജോസുകുട്ടി വിവാഹം ചെയ്തു. മൂന്നുമക്കൾ

e2.4 സിസി (ഏലി) - സിസ്റ്റർ സിജോമരിയാ, കർമ്മലീത്താ മഠാംഗം ആഫ്രിക്കയിൽ സേവനം ചെയ്യുന്നു.

e2.5 സിനി (മോനിക്ക) - ചെമ്മലമറ്റം, കൊല്ലംപറമ്പിൽ. ജോയിസ് വിവാഹംചെയ്തു. ഒരുപുത്രൻ

e3 വർക്കി (വക്കച്ചൻ) (9) - ഭാര്യ ഏലിക്കുട്ടി (കുട്ടിയമ്മ) കരിമ്പാനി, പോളയ്ക്കൽ കുടുംബാംഗം. ആറുമക്കൾ നാലാണും രണ്ടുപെണ്ണും.

e3.1 ടോമി (അഗസ്റ്റ്യൻ) (10) - ഭാര്യ റെനി, വേദഗിരി, കല്ലുങ്കത്തറയിൽ കുടുംബാംഗം രണ്ടുപേരും ഇംഗ്ലണ്ടിലാണ്.



എറാകോന്നി വെട്ടിക്കാട്ടുവയലിൽ



മുണ്ടുപാലയ്ക്കൽ എം.എ. വർക്കി (വക്കച്ചൻ)

രണ്ടു മക്കൾ ഏയ്ഞ്ചൽ, എവിലിൻ.

e3.2 സാലി (റോസ) - ചങ്ങനാശ്ശേരി പുത്തൻപറമ്പിൽ സജിമോൻ വിവാഹം ചെയ്തു ഇരുവരും ഡൽഹിയിലാണ്. ഒരു കുട്ടിയുണ്ട്.

e 3.3 മിനി (ത്രേസ്യ) - തൊടുപുഴ വഴിത്തല കക്കാടിയിൽ ജെയിംസ് വിവാഹം ചെയ്തു. ഒരു കുട്ടി.

e3.4 സുനിൽ (ആന്റണി) - ഐ. റ്റി. മാസ്ററർ ബിരുദധാരി ദുബായിൽ ജോലിചെയ്യുന്നു.



മുണ്ടുപാലയ്ക്കൽ വക്കച്ചനും കുടുംബാംഗങ്ങളും

e3.5 ജോമോൻ (ജോസഫ്) - സ്റ്റേഷനറി ബിസിനസ്സ്, കൊഴുവനാലിൽ.

e3.6 ജെയിസൺ (ജോർജ്ജ്) - മെയിൽ നെഴ്സിംഗ് പാസ്സായി. ഡൽഹിയിൽ ജോലി ചെയ്യുന്നു.

e4 അപ്പച്ചൻ (അഗസ്റ്റിൻ) (9) - പി. ഐ. എം. ഇ സഭയിൽ വൈദിക

നാണ്. 1974ൽ ഇറ്റലിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. 1970 മുതൽ 1974 വരെ ഇറ്റലിയിൽ ദൈവശാസ്ത്രപഠനം നടത്തി. 1974 മുതൽ 85 വരെ, ആന്ധ്രാ പ്രദേശിൽ സേവനം ചെയ്തു. 1985 മുതൽ ഒരു വർഷം ഫ്രഞ്ചു പഠനത്തിനായി ഫ്രാൻസിലായിരുന്നു. 1986 മുതൽ 92 വരെ ആഫ്രിക്കയിൽ സേവനം ചെയ്തു. 1993-ൽ റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഫോർമേഷൻ കോഴ്സ് പൂർത്തിയാക്കി. പൂനയിലെ പി.ഐ. എം. ഇ. സെമിനാരിയിൽ റെക്ടറായി. 1999 – 2005 വരെ ആന്ധ്രയിലെ ഖമ്മം രൂപതയിൽ ഭദ്രാചലത്ത് പുതിയമിഷൻ കേന്ദ്രം ആരംഭിച്ചു. റീജനൽ സുപ്പീര്യറായി തെരെഞ്ഞെടുക്കപ്പെട്ട്, എല്ലൂരിലെ റീജനൽ ഭവനത്തിൽ സേവനം ചെയ്യുന്നു.

e5 അന്നക്കുട്ടി (9) – ആനിക്കാട്, പഴേപറമ്പിൽ മാത്യു വിവാഹം ചെയ്തു. ഏഴുമക്കൾ ഒരാൾ വൈദികനാണ്

e6 മറിയക്കുട്ടി (9) – ചേർപ്പുങ്കൽ, കൊച്ചുപുരയിൽ കുര്യൻ വിവാഹം ചെയ്തു. ആറുമക്കൾ, ഒരാണും. അഞ്ചുപെണ്ണം.

**f മാമ്മി (അന്നമ്മ) (8) – അതിരംപുഴ, ഞൊങ്ങിണിയിൽ തോമസ് വിവാഹം ചെയ്തു. ഭർത്താവ് നേരത്തെ മരിച്ചുപോയി. മക്കളില്ല. സഹോദരൻ ആഗസ്തിയുടെ മക്കളുടെ കൂടെതാമസിച്ചിരുന്നു.**

**2 ചാക്കോ (7) – അവുസേപ്പിന്റെ രണ്ടാമത്തെ മകൻ. ഭാര്യ ഏലി, കല്ലൂർക്കുളം, കൈവേലി കുടുംബാംഗം. ഇവർക്ക് ഏഴുമക്കൾ ഒരാണും ആറുപെണ്ണും.**

**a) വർക്കി (8) – ഭാര്യ അന്നമ്മ, കടപ്ലാമറ്റം, ചിരച്ചാത്തൂർ കുടുംബാംഗം. ഇവർക്ക് ആറുമക്കൾ, അഞ്ചാണും ഒരു പെണ്ണും.**

a1. പാപ്പച്ചൻ (ആഗസ്തി) (9) – മലബാറിൽ, വെള്ളാട് താമസിക്കുന്നു. ഭാര്യ ഏലിയാമ്മ, റിട്ടയർഡ് ഹെഡ്മിസ്ട്രസ് ചേർപ്പുങ്കൽ പുല്ലുമറ്റത്തിൽ കുടുംബാംഗം. രണ്ടു മക്കൾ സാജു, സിജി. സാജു – ഭാര്യ മിനി വായാട്ടുപറമ്പിൽ പുരപ്പോക്കര കുടുംബാംഗം. സിജി. പാലാവയൽ കോഴിക്കോട്, ജോസഫ് വിവാഹം ചെയ്തു. സൗദിയിലാണ്.

a2 ജേക്കബ് – അധ്യാപകനായിരുന്നു. ഭാര്യ ലിസി അതിരംപുഴ കുളംകുത്തി കുടുംബാംഗം. ഒരു മകൾ.





a3 വർഗീസ് – ഭാര്യ സാറാമ്മ, കൊഴുവനാൽ വെട്ടിക്കൊമ്പിൽ കുടുംബാംഗം. പാലായിൽ താമസിക്കുന്നു. ഒരു മകൾ ജെന്നി. എം. ബി.എ. തോടനാൽ കരുവേലിൽ മാർട്ടിൻ വിവാഹം ചെയ്തു. ബാംഗളൂരിൽ താമസിക്കുന്നു.

a4 ജോയി (ജോസഫ്) – കൊഴുവനാൽ തറവാട്ടിൽ താമസിക്കുന്നു. ഭാര്യ മേഴ്സി, നെടുംകുന്നം, നെടുംപ്രായിൽ കുടുംബാംഗം രണ്ടുമക്കൾ ഹണി, ബോണി.

a5 മാത്യു – കണ്ണൂരിൽ താമസം. ഗൾഫിൽ ജോലി ഭാര്യലിസമ്മ ഇരുട്ടിയിൽ കടനാട് കുടുംബാംഗം. കണ്ണൂർ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് നെഴ്സാണ്. രണ്ടു കുട്ടികൾ അനുശ്രീ, ആൽഫിൻ.

a6 ആനിയമ്മ – ചെമ്പിളാവ് വളർകോട് ജോസ് വിവാഹം ചെയ്തു. രണ്ടുപെൺമക്കൾ, ജിന, ജിജ.

**b മറിയാമ്മ (8) – മറ്റക്കര വട്ടംതൊട്ടിയിൽ കെട്ടിച്ചയച്ചു**

**c കുഞ്ഞ്ഒറോത (8) – കൊല്ലത്ത് മഞ്ചിക്കുന്നേൽ വിവാഹം ചെയ്തയച്ചു.**

**d ത്രേസ്യാമ്മ (8) – പത്തനംതിട്ട മൈലപ്രായിൽ വിവാഹം ചെയ്തയച്ചു.**

**e ബ്രിജിത്താ (8) – കെഴുവങ്കുളം, പൂവത്തിങ്കൽ പുറപ്പോക്കര വിവാഹം ചെയ്തയച്ചു.**

**f അന്നമ്മ (8)–മറ്റക്കര കവുങ്ങുംപള്ളിയിൽ വിവാഹം ചെയ്തയച്ചു.**

**g കുഞ്ഞേലി (8) – മേലോരത്ത് പൂത്തോലിൽ വിവാഹം ചെയ്തയച്ചു.**

**3 മത്തായി (7) – അവുസേപ്പിന്റെ മൂന്നാമത്തെ മകൻ ഭാര്യ, അന്നമ്മ, കൊഴുവനാൽ കിഴക്കേക്കുറ്റ് കുടുംബാംഗം. മൂന്നു മക്കൾ . ഒരാണും രണ്ടുപെണ്ണും.**

**a) കുഞ്ഞപ്പി (ജോസഫ്) (8) – ഭാര്യ അന്നമ്മ, മൂഴൂർ ഇടവക വട്ടംതൊട്ടിയിൽ കുടുംബാംഗം. നാലുമക്കൾ ഒരാണും മൂന്നുപെണ്ണും മകൻ കുട്ടിയച്ചൻ (മത്തായി) ചെങ്ങളത്ത് ചീരാംകുന്നേൽ പെണ്ണമ്മയെ വിവാഹം ചെയ്തു. നാലുകുട്ടികളുണ്ട്. ഈ കുടുംബം കൊച്ചുതോവാള താമസിക്കുന്നു.**

**b)** ത്രേസ്യ (8) - അസുഖക്കാരിയായിരുന്നു. അവിവാഹിത

**c** അന്നമ്മ (8) - ചെറുപ്പത്തിലെ നിര്യാതയായി.

**4** അപ്പച്ചി (വർക്കി) (7) - അവുസേപ്പിന്റെ നാലാമത്തെ മകൻ ഭാര്യ മറിയം, പാറമ്പുഴ മുണ്ടയ്ക്കൽ കുടുംബാംഗം. ഇവർക്ക് മക്കളില്ലായിരുന്നു. ഇവർ ജേഷ്ഠൻ, അവിരായുടെ മകൻ, ആഗസ്തിയുടെ കൂടെ താമസിച്ചിരുന്നു.

**5** മറിയം (7) - കൊഴുവനാൽ മൈലാടിയിൽ പോത്തൻ വിവാഹം ചെയ്തു.

**6** അന്ന (7) - വിളക്കുമാടം പള്ളിയിടവകയിൽ വിവാഹം ചെയ്തയച്ചു.

■





# പൂവക്കുളത്ത് ശാഖ

ഉദ്ദേശം 180 വർഷങ്ങൾക്ക് മുൻപ് മേവിട വെട്ടിക്കാട്ട് വയലിൽ കുടുംബത്തിൽ നിന്നും തൊമ്മൻ (നാലാം തലമുറ) എന്ന കാരണവർ കൊഴുവനാൽ മലയിരുത്തിയിൽ പൂവക്കുളത്ത് പുരയിടത്തിൽ താമസമാക്കി. അദ്ദേഹത്തിന് 5 (അഞ്ച്) മക്കൾ ഉണ്ടായിരുന്നു. അതിൽ ഇളയമകനായ സ്കറിയാ തറവാടായ മലയിരുത്തിയിൽ തന്നെ താമസിച്ചു. അദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽപ്പെട്ടവർ പൂവക്കുളം എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു.

അവിരാ മാപ്പിളക്കുന്നേൽ, തൊമ്മൻ വടക്കേമുറിയിൽ, ഔസേപ്പ് വലിയപറമ്പിൽ, വർക്കി തകിടിയേൽ എന്നീ നാലു പേരാണ് സ്കറിയായുടെ ജേഷ്ഠ സഹോദരന്മാർ.

സ്കറിയാ പൂവക്കുളം (അഞ്ചാം തലമുറ): പൂവക്കുളത്ത് തൊമ്മന്റെ അഞ്ചാമത്തെ മകനായ സ്കറിയാ തറവാടായ മലയിരുത്തിയിൽ പൂവക്കുളത്ത് താമസിച്ചു. ഭാര്യ പരിന്തിരിക്കൽ കുടുംബാംഗം. ഇവർക്ക് രണ്ടാൺമക്കളും, ഒരു മകളും ഉണ്ടായിരുന്നു. ആൺ മക്കളിൽ തൊമ്മൻ കുഴുപ്പള്ളിയിലേക്ക് മാറി താമസിച്ചു. രണ്ടാമത്തെ മകൻ സ്കറിയാ തറവാട്ടിൽ താമസിച്ചു. (മകളെ എലിക്കുളം തകിടിയേൽ വീട്ടിലേക്ക് വിവാഹം കഴിച്ചയച്ചു. അവരുടെ മകളെ കാപ്പാട് നരി തൂക്കിൽ വിവാഹം കഴിച്ചയച്ചു.)

**A** സ്കറിയാ മകൻ തൊമ്മൻ കുഴുപ്പള്ളിൽ പൂവക്കുളം (ആറാം തലമുറ) പൂവക്കുളത്ത് സ്കറിയായുടെ മൂത്തമകനായ തൊമ്മൻ കൊഴുവനാൽ കുഴുപ്പള്ളി പുരയിടത്തിലേക്ക് മാറി താമസിച്ചു. ഭാര്യ ഏലി കോഴായിൽ ഊരുരിക്കൽ കുടുംബാംഗം. ഇവർക്ക് 4 മക്കൾ -

**സ്കറിയാ, കുര്യൻ, മറിയാമ്മ, മത്തായി.**

**1) സ്കറിയാ (ഏഴാംതലമുറ): പൂവക്കുളത്ത് തൊമ്മന്റെ മൂത്തമകനായ സ്കറിയാ തറവാട്ടിൽ താമസിച്ചു. ഭാര്യ അന്നമ്മ പുലിയന്നൂർ തെറ്റാലിക്കൽ കുടുംബാംഗം. ഇവർക്ക് രണ്ട് ആൺ മക്കൾ. തൊമ്മൻ, ഫിലിപ്പ്**

**a) തൊമ്മൻ (എട്ടാം തലമുറ): പൂവക്കുളത്ത് സ്കറിയായുടെ മൂത്ത പുത്രനായ തൊമ്മൻ ചേർപ്പുങ്കൽ കലേക്കാട്ടിൽ കോയിക്കൽ കുടുംബാംഗമായ ഏലിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകളും മൂന്ന് ആൺ മക്കളും ഉണ്ടായി. അന്നമ്മ, സ്കറിയാ, ജോസഫ്, തോമസ്.**

a1 തൊമ്മൻ മകൾ അന്നമ്മ (ഒൻപതാം തലമുറ): പൂവക്കുളത്ത് തൊമ്മന്റെ മൂത്ത മകളായ അന്നമ്മയെ കടപ്ലാമറ്റം തുരുത്തിയിൽ അബ്രാഹം വിവാഹം കഴിച്ചു. തിരുവനന്തപുരത്ത് ദീർഘകാലം താമസിച്ച ഈ അദ്ധ്യാപക ദമ്പതികളുടെ മക്കൾ -രാജു, ടോമി, ഗീത, പരേതയായ പുഷ്പ, അബ്രാഹം 1994 ലും അന്നമ്മ 1996 ലും നിര്യാതരായി

a2 കെ. റ്റി. സ്കറിയ (ഒൻപതാം തലമുറ): പൂവക്കുളത്ത് തൊമ്മന്റെ മകനായ സ്കറിയ മുൻസിഫ് കോടതിയിലെ ഉദ്യോഗസ്ഥനായിരുന്നു. ഏറകോന്നി വയലിൽ കുടുംബയോഗത്തിന്റെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. ഭാര്യ മറിയാമ്മ ആനിക്കാട് പുല്ലാട്ട് പരേതനായ തോമസിന്റെ മകളാണ്. സ്കറിയാ 1 - 05 - 01 ൽ നിര്യാതനായി. മക്കൾ - ലീലാമ്മ, തോമസ്, ജെയിംസ്, ഗ്രേസി, നിക്സൺ



പൂവക്കുളത്ത് കെ. റ്റി. സ്കറിയായും കുടുംബാംഗങ്ങളും



എറകോന്നി വെട്ടിക്കാട്ടുവയലിൽ

a2.1 സ്കറിയാ മകൾ ലീലാമ്മ (10) : പൂവക്കുളത്ത് സ്കറിയായുടെ മൂത്തമകൾ ലീലാമ്മയെ പേമലയിൽ മത്തായി മകൻ ജോയി വിവാഹം കഴിച്ച് മേവിടയിൽ താമസിക്കുന്നു. ഷീന, സിമി, സ്റ്റെല്ലാ എന്നിവർ മക്കളാണ്.

a2.2 സ്കറിയാ മകൻ തോമസ് (10) : പൂവക്കുളത്ത് സ്കറിയായുടെ മകൻ തോമസ് അതിരമ്പുഴ പുല്ലുകാലായിൽ ഉമ്മച്ചന്റെ മകൾ ടെസ്സിയെ വിവാഹം കഴിച്ചു. യൂണിയൻ ബാങ്കിൽ ഓഫീസറായിരുന്ന തോമസ് 25-5-1988 ൽ നിര്യാതനായി. ഭാര്യ ടെസ്സി ഇപ്പോൾ യൂണിയൻ ബാങ്ക് ഉദ്യോഗസ്ഥയാണ്. ഇവർക്ക് 1 മകൾ - ടിനു തോമസ്

a2.3 സ്കറിയാ മകൻ ജെയിംസ് (സണ്ണി) (10) : പൂവക്കുളത്ത് കെ. റ്റി. സ്കറിയായുടെ മകൻ ജെയിംസ് (സണ്ണി) ഡൽഹിയിൽ ഉദ്യോഗസ്ഥനാണ്.

a2.4 സ്കറിയാ മകൾ ഗ്രേസി (10) : പൂവക്കുളത്ത് സ്കറിയായുടെ മകൾ ഗ്രേസിയെ തൃക്കൊടിത്താനം കൊച്ചുപറമ്പിൽ - പുതുപ്പറമ്പിൽ ഫ്രാൻസിസ് വിവാഹം കഴിച്ച് ഡൽഹിയിൽ താമസിക്കുന്നു. ഗ്രേസി സ്റ്റാഫ് നേഴ്സാണ്. ഒരു മകൾ- മരിയ ചിഞ്ചു ഫ്രാൻസിസ്.

a2.5 സ്കറിയാ മകൻ നിക്സൺ (10) : പൂവക്കുളത്ത് സ്കറിയായുടെ ഇളയ മകൻ നിക്സൺ സഖറിയാസ്. എറകോന്നി - വയലിൽ കുടുംബയോഗത്തിന്റെ സെക്രട്ടറിയായിരുന്നു. ഇപ്പോൾ വാഴൂർ ഗവ. ഹൈസ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. ഭാര്യ ചമ്പക്കര കോവുകുന്നേൽ പരേതനായ അബ്രാഹത്തിന്റെ മകൾ ജാൻസി. 2 മക്കൾ - ജെഫ് സ്കറിയാ നിക്സൺ, മരിയ നിക്സൺ.

a3 തൊമ്മൻ മകൻ കെ. റ്റി ജോസഫ് (9) : പൂവക്കുളത്ത് തൊമ്മന്റെ രണ്ടാമത്തെ മകനായ ജോസഫ് (കുഞ്ഞ്) പൊൻകുന്നം ഉതിരക്കുളത്ത് മത്തായിയുടെ മകൾ മേരിയെ വിവാഹം കഴിച്ച് പൊൻകുന്നത്ത് താമസിച്ചു. ജോസഫ് 6-12-1998 ൽ നിര്യാതനായി, ഇവർക്ക് 2 പെൺമക്കൾ - ആലീസ്, മോളി,

a3.1 ജോസഫ് മകൾ ആലീസ് (10) : പൂവക്കുളത്ത് കെ. റ്റി. ജോസ

ഫിന്റെ മൂത്തമകൾ ആലീസ് മുണ്ടക്കയം പഞ്ചായത്ത് ഓഫീസിൽ ഹെഡ് ക്ലാർക്കായി ജോലി ചെയ്യുന്നു. അവിവാഹിതയാണ്.

a3.2 ജോസഫ് മകൾ മോളി (10) : പൂവക്കുളത്ത് കെ. റ്റി. ജോസഫിന്റെ ഇളയ മകളായ മോളി സൗദിയിൽ വച്ചുണ്ടായ വാഹന അപകടത്തിൽ നിര്യാതയായി.



പൂവക്കുളത്ത് കെ. റ്റി. തോമസ് (Late)

a4 തൊമ്മൻ മകൻ കെ. റ്റി. തോമസ് (9): പൂവക്കുളത്ത് തൊമ്മന്റെ ഇളയ മകനായ കെ. റ്റി. തോമസ്, കൊഴുവനാൽ ചൊള്ളമ്പുഴയിൽ പരേതനായ പാപ്പന്റെ മകൾ റോസമ്മയെ വിവാഹം കഴിച്ചു. മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന തോമസ് ഒരു മികച്ച കലാകാരനായിരുന്നു. കലാസദൻ എന്ന പേരിൽ ഒരു ട്രൂപ്പ് സ്ഥാപിച്ച് അതിലൂടെ ബൈബിൾ കഥകൾ ബാലെ രൂപത്തിൽ അവതരിപ്പിച്ച അദ്ദേഹത്തിന് അക്കാലത്തെ ജനങ്ങളുടെ പ്രശംസ പിടിച്ചു പറ്റുവാൻ സാധിച്ചു. കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങളിൽ അതീവ തത്പരനായിരുന്ന അദ്ദേഹം 2.3.96. ൽ നിര്യാതനായി. ഇവർക്ക് എട്ട് മക്കൾ കുസുമം, ബ്രയൺ, ബീന, ഷൈൻ, സുശീല, റജി, രശ്മി, രാജേഷ്

a4.1 തോമസ് മകൾ കുസുമം (10) : പൂവക്കുളത്ത് K. T. തോമസിന്റെ മൂത്ത മകളായ കുസുമത്തിനെ തൃശൂർ മാഞ്ചേരിൽ കുടുംബാംഗമായ സ്റ്റീഫൻ വിവാഹം കഴിച്ച് കുടുംബസമേതം USA യിൽ താമസിക്കുന്നു. ഇവർക്ക് 3 മക്കൾ - സുബിൻ, നിധി, വിമൽ

a4.2 തോമസ് മകൻ ബ്രയൺ (10) : പൂവക്കുളത്ത് K. T. തോമസിന്റെ മകൻ ബ്രയൺ തോമസ് വിഴിക്കത്തോട് പുറത്തയിൽ കുടുംബാംഗമായ വത്സമ്മയെ വിവാഹം കഴിച്ച് കൊഴുവനാൽ താമസിക്കുന്നു. ഇവർക്ക് 2 കുട്ടികൾ - രോഹിണി (നഴ്സിംഗ് വിദ്യാർത്ഥി) ടോണി.

a4.3 തോമസ് മകൾ ബീന (10) : പൂവക്കുളത്ത് K. T. തോമസിന്റെ മകൾ ബീനയെ ചങ്ങനാശ്ശേരി, കുതിരപ്പടി, കുന്നുംപുറത്ത് ഫ്രാൻസിസ് വിവാഹം കഴിച്ച് കുടുംബസമേതം USA യിൽ താമസിക്കുന്നു. ഇവർക്ക് 4 മക്കൾ ഷോൺ, ക്രിസ്റ്റീന, ജേക്കബ്, മാർട്ടീന





a4.4 തോമസ് മകൾ ഷൈൻ (10) : പൂവക്കുളത്ത് തോമസിന്റെ മകൾ ഷൈനെ കുട്ടനാട് കുന്നങ്കരിയിൽ കണ്ണങ്കര വീട്ടിൽ ജോസ് വിവാഹം കഴിച്ച് കുടുംബസമേതം USA യിൽ താമസിക്കുന്നു. ഇവർക്ക് 2 മക്കൾ സ്റ്റെനി, സ്റ്റീവൻ

a4.5 തോമസ് മകൾ സുശീല (10) : പപൂവക്കുളത്ത് തോമസിന്റെ മകളായ സുശീലയെ കട്ടപ്പന വാഴവരപുത്തേട്ട് ബെന്നി വിവാഹം ചെയ്ത് കുടുംബസമേതം കാനഡായിൽ താമസിക്കുന്നു. ഇവർക്ക് 2 കുട്ടികൾ നിതിൻ, ഓസ്റ്റിൻ

a4.6 തോമസ് മകൾ റജി (10) : തോമസിന്റെ മകളായ റജിയെ ഹരിപ്പാട്, പായിപ്പാട് കുന്നുപറമ്പിൽ കുടുംബാംഗമായ കൊച്ചുമോൻ വിവാഹം കഴിച്ചു. ഇവർക്ക് ഒരു കുട്ടിയുണ്ട്.

a4.7 രശ്മി (അവിവാഹിത) (10)

a4.8 രാജേഷ് (അവിവാഹിതൻ. കൊഴുവനാൽ താമസം) (10)

**b. സ്കറിയാ മകൻ ഫിലിപ്പ് (8) : പൂവക്കുളത്ത് സ്കറിയായുടെ രണ്ടു മക്കളിൽ ഇളയവനായ ഫിലിപ്പ് (പീലി) കടപ്ലാമറ്റം അരുമായിൽ ജോസഫിന്റെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ. മൂത്തമകൻ b1. ജോസഫ് 24 -മത്തെ വയസ്സിൽ നിര്യാതനായി. ഇളയ മകൾ മേരി.**

b2 ഫിലിപ്പ് മകൾ മേരി (9): പൂവക്കുളത്ത് ഫിലിപ്പിന്റെ മകൾ മേരിയെ പൈക പട്ടാംകുളത്ത് തോമസ് വിവാഹം കഴിച്ച് വിളക്കുമാടത്ത് താമസിക്കുന്നു. മേരി റിട്ട. അദ്ധ്യാപികയും തോമസ് ഇലക്ട്രിസിറ്റ ബോർഡ് റിട്ട. ഉദ്യോഗസ്ഥനുമാണ്. ഇവർക്ക് 3 മക്കൾ.

**2. തൊമ്മൻ മകൻ കുര്യൻ (7) : പൂവക്കുളത്ത് തൊമ്മന്റെ രണ്ടാമത്തെ മകനായ കുര്യൻ ഇരുട്ടുകാട്ടിൽ പുരയിടത്തിലേക്ക് മാറി താമസിച്ചു. ഭാര്യ അന്നമ്മ പുള്ളീറ്റ് കുടുംബാംഗം. അന്നമ്മയുടെ മാതാവിന്റെ വീട് കൊഴുവനാൽ കിഴക്കേക്കുറ്റ് ആണ്. കുര്യൻ- അന്നമ്മ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ടായിരുന്നു. ഏലി, സ്കറിയാ. കുര്യൻ 15-4**


പൂവക്കുളത്ത് കുര്യനും ഭാര്യ അന്നമ്മയും

–1955 ലും അന്നമ്മ 8–9 –1955 ലും നിര്യാതരായി.

a. കുര്യൻ മകൾ ഏലി (8): പൂവക്കുളത്ത് കുര്യന്റെ മകളായ ഏലി സിസ്റ്റർ മഗ്ദലേന എന്ന പേര് സ്വീകരിച്ച് കർമ്മലീത്താ മഠത്തിൽ ചേർന്നു. മുത്തോലി കർമ്മലീത്താ മഠത്തിലെ ആദ്യ ബാച്ചിൽ പ്പെട്ട സന്യാസിനിയായിരുന്നു. സി. മഗ്ദലേന

b. കുര്യൻ മകൻ സ്കറിയ (8): പൂവക്കുളത്ത് കുര്യന്റെ മകൻ ചെറിയത് എന്ന് വിളിക്കുന്ന സ്കറിയ, കാഞ്ഞിരമറ്റം ഇഞ്ചിക്കാലായിൽ വർക്കിയുടെ മകൾ മറിയത്തിനെ വിവാഹം കഴിച്ച് കൊഴുവനാൽ തറവാട്ടിൽ തന്നെ താമസിച്ചു. സ്കറിയാ കൊച്ചപ്പൻ എന്നപേരിലും, മറിയം കുഞ്ഞാച്ചി എന്ന പേരിലും പിന്നീട് അറിയപ്പെട്ടു. സ്കറിയാ 19–10–1980 ലും മറിയം 16–6–1980 ലും നിര്യാതരായി. ഇവർക്ക് പന്ത്രണ്ട് മക്കൾ അന്ന, ത്രേസ്യാ, മറിയം, ജോസഫ്, ഏലി, കുര്യാക്കോസ്, വർക്കി, തോമസ്, എമ്മാനുവൽ, സ്കറിയാ, ജോൺ, മാത്യു


പൂവക്കുളത്ത് കുര്യൻ സ്കറിയായും ഭാര്യ മറിയവും മക്കളും






സി. സോഫിയ സി.എം.സി., സി. സിംപ്ലിസ്യാ സി.എം.സി. (Late), സി. മേരി ജോസഫാ എസ്.എച്ച്. (Late)

b1 സ്കറിയാ മകൾ അന്ന (സി. മേരി ജോസഫാ SH) : പൂവക്കുളത്ത് സ്കറിയായുടെ മൂത്ത പുത്രി അന്ന, സിസ്റ്റർ മേരി ജോസഫാ എന്ന പേര് സ്വീകരിച്ച് തിരുഹൃദയമഠത്തിൽ ചേർന്നു. അദ്ധ്യാപികയായിരുന്ന ജോസഫാമ്മ നരിയങ്ങാനം, പൂവരണി, വാഴേൽ മഠം എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സി. മേരി ജോസഫാ 2–4–1999 ൽ നിര്യാതയായി.

b2 സ്കറിയാ മകൾ ത്രേസ്യാ (സി. സിംപ്ലിസ്യാ C. M. C): പൂവക്കുളത്ത് സ്കറിയായുടെ രണ്ടാമത്തെ പുത്രിയായ ത്രേസ്യാ, സിസ്റ്റർ സിംപ്ലിസ്യാ എന്ന പേര് സ്വീകരിച്ച് കർമ്മലീത്താ മഠത്തിൽ ചേർന്നു. കൂനമ്മാവ്, വടക്കൻ പറവൂർ, പുത്തൻ പള്ളി എന്നിവടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. അദ്ധ്യാപികയായിരുന്ന സിംപ്ലസ്യാമ്മ 26–8–1996–ൽ നിര്യാതയായി.

b3 സ്കറിയാ മകൾ മറിയം (9): പൂവക്കുളത്ത് സ്കറിയയുടെ മൂന്നാമത്തെ മകൾ മറിയത്തെ കൊഴുവനാൽ തണ്ണിപ്പാറയിൽ ചാണ്ടിയുടെ മകൻ ചാണ്ടി വിവാഹം കഴിച്ചു. ചാണ്ടി കൊഴുവനാൽ സ്കൂളിലെ അദ്ധ്യാപകനായിരുന്നു. 1980ൽ പരേതയായ സിസ്റ്റർ മേരി അലക്സ്, അലക്സ്, സഖറിയാസ്, തോമസ്, ലൂയീസ്, സി. ജോസഫൈൻ, സോഫിയ എന്നി

വർ മക്കളാണ് ചാണ്ടി 1994 ലും മറിയം 12-3-01 ലും നിര്യാതരായി.

b4 സ്കറിയ മകൻ ജോസഫ് (9): പൂവക്കുളത്ത് സ്കറിയായുടെ മൂത്തമകൻ ജോസഫ് (കുഞ്ഞേപ്പ്) ചേർപ്പുങ്കൽ കലേക്കാട്ടിൽ പരത്തിനാൽ ചാക്കോയുടെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. എറകോന്നി - വയലിൽ കുടുംബയോഗത്തിന്റെ സെക്രട്ടറിയായിരുന്ന ജോസഫ് കൊഴുവനാൽ സെന്റ് വിൻസെന്റ് ഡിപോൾ സംഘടനയുടെ ആരംഭകാല പ്രവർത്തകനായിരുന്നു. അദ്ദേഹം കൊഴുവനാലിൽ ദീർഘകാലം ഓയിൽ മില്ല് നടത്തിയിരുന്നു. ജോസഫ് 18-9-2004 ൽ നിര്യാതനായി. സഖറിയാസ്, മേരിക്കുട്ടി, ചിന്നമ്മ, ഗ്രേസി, എത്സി എന്നിവർ മക്കളാണ്.

b4.1 ജോസഫ് മകൻ സഖറിയാസ് (10): പൂവക്കുളത്ത് ജോസഫിന്റെ മൂത്തമകൻ സഖറിയാസ് റാന്നി പെരുനാട് വളവനാൽ മത്തായിയുടെ മകൾ റോസമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 4 മക്കൾ മെർലിൻ, റോയി, റോസ്‌ലിൻ, ജോബിൻ

b4.1.1 സഖറിയാസ് മകൾ മെർലിൻ (11): പൂവക്കുളത്ത് സഖറിയാസിന്റെ മൂത്തമകൾ മെർലിനെ മീങ്കുന്നം പാറേക്കാട്ടിൽ കുടുംബാംഗമായ ജെയ്മോൻ വിവാഹം ചെയ്തു. ഇവർക്ക് ഒരു കുട്ടിയുണ്ട്. എഡ്‌വിൻ. മെർലിൻ സ്റ്റാഫ് നേഴ്സാണ്.

b4.2 ജോസഫ് മകൾ മേരിക്കുട്ടി (സി. മേഴ്സി ജോസ് S. H) (10): പൂവക്കുളത്ത് ജോസഫിന്റെ മകൾ മേരിക്കുട്ടി സിസ്റ്റർ മേഴ്സി ജോസ് എന്ന പേര് സ്വീകരിച്ച് തിരുഹൃദയമഠത്തിൽ ചേർന്നു. ഇപ്പോൾ നമ്പ്യാകുളം മഠത്തിൽ സേവനമനുഷ്ഠിക്കുന്ന സി മേഴ്സി ജോസ് അദ്ധ്യാപികയാണ്.

b4.3 ജോസഫ് മകൾ ചിന്നമ്മ (10): പൂവക്കുളത്ത് ജോസഫിന്റെ മകൾ ചിന്നമ്മയെ മണിമല കൂനൻകുന്നേൽ തോമസ് വിവാഹം കഴിച്ചു. മണിമലയിൽ വ്യാപാരിയാണ് തോമസ്. മക്കൾ ജിമ്മി, ഡെയ്സി, ഗ്രേസ്, അൽഫോൻസ്.

b4.4 ജോസഫ് മകൾ ഗ്രേസി (10) : പൂവക്കുളത്ത് ജോസഫിന്റെ മകൾ ഗ്രേസിയെ അങ്കമാലി, മൂക്കന്നൂർ പുതുശ്ശേരി വീട്ടിൽ ചെറിയാക്കോബ് വിവാഹം കഴിച്ചു. ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനാണ് ചെറിയാക്കോബ്. ഗ്രേസി അദ്ധ്യാപികയാണ്. ഏക മകൻ മാത്യൂസ് വിദ്യാർത്ഥിയാണ്.





b4.5 ജോസഫ് മകൾ എത്സി (10): പൂവക്കുളത്ത് ജോസഫിന്റെ ഇളയ മകളായ എത്സിയെ വയനാട് നടവയൽ മണ്ണൂർ വീട്ടിൽ ജോസ് വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ - ജെസ്ന, ജെയ്സ്. എത്സിയും ജോസും അദ്ധ്യാപകരാണ്.

b5 സ്കറിയാ മകൾ ഏലി (9): പൂവക്കുളത്ത് സ്കറിയായുടെ മകളായ ഏലി സിസ്റ്റർ സോഫിയ എന്ന പേര് സ്വീകരിച്ച് കർമ്മലീത്ത മഠത്തിൽചേർന്നു. റിട്ടയേർഡ് അദ്ധ്യാപികയായ സോഫിയാമ്മ തൃപ്പൂണിത്തുറ, എറണാകുളം, കുനമ്മാവ് എന്നിവടങ്ങളിൽ സേവനമനുഷ്ഠിച്ചു. അദ്ധ്യാപകവൃത്തിയിൽ നിന്നും വിരമിച്ചശേഷം കൂനമ്മാവ് ബാലഭവന്റെ ചുമതലക്കാരിയായി വളരെക്കാലം സേവനം ചെയ്തു. ഇപ്പോൾ കൂനമ്മാവ് മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

b6 സ്കറിയാ മകൻ കുര്യാക്കോസ് (9): പൂവക്കുളത്ത് സ്കറിയായുടെ മകനായ കുര്യാക്കോസ് മണലുങ്കൽ ആനിക്കൽ ജോസഫിന്റെ മകൾ അന്നക്കുട്ടിയെ വിവാഹം കഴിച്ചു. കൊഴുവനാൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സജീവ പ്രവർത്തകനായിരുന്നു കുര്യാക്കോസ്. കുര്യാക്കോസ് 3-1-2006 ലും, അന്നക്കുട്ടി 12-3-1975ലും നിര്യാതരായി. ഇവർക്ക് ആറ് മക്കൾ. സഖറിയാസ്, മേഴ്സി, ജോസ്, ലില്ലിക്കുട്ടി, ലൂയീസ്, സിറിയക്.

b6.1 കുര്യാക്കോസ് മകൻ സഖറിയാസ് (10): പൂവക്കുളത്ത് കുര്യാക്കോസിന്റെ മൂത്തമകൻ സഖറിയാസ് (കൊച്ച്)മൂഴൂർ പുള്ളീറ്റ് കുടുംബാംഗമായ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. സഖറിയാസ് കൊഴുവനാലിൽ ഫ്ളവർ സ്റ്റുഡിയോ എന്ന സ്ഥാപനം നടത്തിയിരുന്നു. സഖറിയാസ് 1-1-1992 ൽ നിര്യാതനായി. സഖറിയാസ് - മേരിക്കുട്ടി ദമ്പതികൾക്ക് ലോറൻസ് എന്ന ഒരു മകനുണ്ട്.

b6.1.1 സഖറിയാസ് മകൻ ലോറൻസ്: പൂവക്കുളത്ത് സഖറിയാസിന്റെ ഏക മകൻ ലോറൻസ് കാഞ്ഞിരപ്പള്ളി പനക്കൽ പടന്നമാക്കൽ കുടുംബാംഗമായ രഞ്ചുവിനെ വിവാഹം കഴിച്ചു. മർച്ചന്റ് നേവിയിൽ ജോലി ചെയ്യുന്ന ലോറൻസ് ഇപ്പോൾ കാഞ്ഞിരപ്പള്ളി മണ്ണാറക്കയത്ത് താമസിക്കുന്നു. ഇവർക്ക് ഒരു കുട്ടിയുണ്ട്. അഖിൽ.

b6.2 കുര്യാക്കോസ് മകൾ മേഴ്സി (10): പൂവക്കുളത്ത് കുര്യാക്കോസിന്റെ

മകൾ മേഴ്സിയെ മൂഴൂർ തെക്കേമുറി തടത്തിൽ മത്തായിയുടെ മകൻ ജോസ് വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ ജോബി, ഐഡാ.

b6.3 കുര്യാക്കോസ് മകൻ ജോസ് (10) : പൂവക്കുളത്ത് കുര്യാക്കോസിന്റെ മകൻ ജോസ് അതിരമ്പുഴ ഞൊങ്ങിണിയിൽ പരേതനായ പീലി പ്പോസിന്റെ മകൾ ലാലിയെ വിവാഹം കഴിച്ചു. ഇവർക്ക് ജിസ്മോൻ, ജിന്റോ എന്നീ രണ്ടുമക്കൾ.

b6.4 കുര്യാക്കോസ് മകൾ ലില്ലിക്കുട്ടി (10) : പൂവക്കുളത്ത് കുര്യാക്കോസിന്റെ മകൾ ലില്ലിക്കുട്ടിയെ മുത്തോലി കൊച്ചുപുരയ്ക്കൽ തങ്കച്ചൻ വിവാഹം ചെയ്തു. ഇവർക്ക് 2 കുട്ടികൾ ലില്ലിക്കുട്ടി 10-4-05ൽ നിര്യാതയായി.

b6.5 കുര്യാക്കോസ് മകൻ ലൂയീസ് (10): പൂവക്കുളത്ത് കുര്യാക്കോസിന്റെ മകൻ ലൂയിസ് കാണക്കാരി ചങ്ങനാട്ടുകുഴിയിൽ ചാക്കോയുടെ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് സാനു, സജിത എന്നീ രണ്ടു മക്കളുണ്ട്.

b6.6 കുര്യാക്കോസ് മകൻ സിറിയക് (10): പൂവക്കുളത്ത് കുര്യാക്കോസിന്റെ ഇളയ മകൻ സിറിയക് (കുര്യാച്ചൻ) അവിവാഹിതനാണ്. (10)



പൂവക്കുളത്ത് പി.എസ്. വർക്കിയും
ഭാര്യ മറിയക്കുട്ടിയും

b7 സ്കറിയാ മകൻ വർക്കി (9) : പൂവക്കുളത്ത് സ്കറിയായുടെ മകനായ വർക്കി കൊഴുവനാൽ തെക്കേമൈലാടിയിൽ കുഞ്ഞാപ്പന്റെ മകൾ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് സൂസി, ജോസ്, ലൈസമ്മ, വത്സമ്മ, ഷാജി, സുനിൽ എന്നീ മക്കളുണ്ട്. മറിയക്കുട്ടി 2-7-1984 ൽ നിര്യാതയായി. വർക്കി 27-2-07ൽ നിര്യാതനായി.

b7.1 വർക്കി മകൾ സൂസി (10): പൂവക്കുളത്ത് വർക്കിയുടെ മൂത്തമകൾ സൂസിയെ കുറുവിനാൽ കോഴിമലയിൽ ജോസഫ് വിവാഹം കഴി







പൂവക്കുളത്ത് പി.എസ്. വർക്കിയും കുടുംബാംഗങ്ങളും

ച്ചു. ജോസഫ് റിട്ട. കെ. എസ്. ആർ. റ്റി. സി ഉദ്യോഗസ്ഥനാണ്. ഇവർക്ക് 2 കുട്ടികൾ മെർലിൻ, മെറിൻ

b7.2 വർക്കി മകൻ ജോസ് (10): പൂവക്കുളത്ത് വർക്കിയുടെ മകൻ ജോസ് കടനാട് തയ്യിൽ ജോസഫിന്റെ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ ജോക്കു, ഈവ്മേരി, ജെയ്ക്ക്. ജോസ് കൊഴുവനാലിൽ ഡ്രൈവിംഗ് സ്കൂൾ നടത്തുന്നു.

b7.3 വർക്കി മകൾ ലൈസമ്മ (10): പൂവക്കുളത്ത് വർക്കിയുടെ മകൾ ലൈസമ്മയെ പെരുമ്പാവൂർ കൊമ്പനാട്, മറ്റമനയിൽ സാബു വിവാഹം കഴിച്ചു ലൈസമ്മ സ്റ്റാഫ് നേഴ്സാണ്. ഇവർക്ക് 2 മക്കൾ എൽവിന, എൽദോസ്, ഇവർ കുടുംബസമേതം കുവൈറ്റിലാണ്.

b7.4 വർക്കി മകൾ വത്സമ്മ (10): പൂവക്കുളത്ത് വർക്കിയുടെ മകൾ വത്സമ്മയെ മുത്തോലപുരം കൊച്ചുതാഴത്ത് ജോസ് വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു കുട്ടികൾ, ബിബിൻ, ബിൽബിൻ.

b7.5 വർക്കി മകൻ ഷാജി (10): പൂവക്കുളത്ത് വർക്കിയുടെ മകൻ ഷാജി പ്രവിത്താനം മൊടൂർ കുടുംബാംഗമായ ജയ്മയെ വിവാഹം കഴിച്ച്



പൂവക്കുളത്ത് ഷാജി ജോർജ്ജും കുടുംബവും സഹോദരങ്ങളും

തോടനാലിൽ താമസിക്കുന്നു. ഇവർക്ക് 2 മക്കൾ ഐസാ, ഷാരോൺ.

b7.6 വർക്കി മകൻ സുനിൽ (10): പൂവക്കുളത്ത് വർക്കിയുടെ ഇളയ മകനായ സുനിൽ മാന്നാനം ഇടക്കരിയിൽ കുടുംബാംഗമായ ലൗലിയെ വിവാഹം കഴിച്ചു.

b8 സ്കറിയ മകൻ തോമസ് (9): പൂവക്കുളത്ത് സ്കറിയായുടെ മകനായ പി. എസ്. തോമസ് ചിറക്കടവ് ഐക്കരയിൽ പരേതനായ അപ്രേമിന്റെ മകൾ അച്ചാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 8 മക്കൾ സെലിൻ, ഗ്രേസി, സഖറിയാസ്, ലീല, മോളി, ഷില്ലി, മായ, സന്തോഷ്.



പൂവക്കുളത്ത് പി.എസ്. തോമസും ഭാര്യ അച്ചാമ്മയും

b8.1 തോമസ് മകൾ സെലിൻ (10) : പൂവക്കുളത്ത് തോമസിന്റെ മൂത്ത മകൾ സെലിനെ കടുത്തുരുത്തി വട്ടനിരപ്പിൽ ജോണി വിവാഹം







പൂവക്കുളത്ത് പി.എസ്. തോമസും കുടുംബാംഗങ്ങളും

കഴിച്ചു. സെലിൻ ഗവ. സർവ്വീസിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ഇവർക്ക് ജോസ്‌ലിൻ, ജോൺസൺ എന്നീ കുട്ടികൾ ഉണ്ട്.

b8.2 തോമസ് മകൾ ഗ്രേസി (10) : പൂവക്കുളത്ത് തോമസിന്റെ മകൾ ഗ്രേസിയെ മീനടം കിളിരൂപറമ്പിൽ ജേക്കബ് വിവാഹം കഴിച്ചു. ഇവർക്ക് 2 മകൾ ജിൻസ്, ജിൻസി.

b8.3 തോമസ് മകൻ സഖറിയാസ് (10) : പൂവക്കുളത്ത് തോമസിന്റെ മകൻ സഖറിയാസ് (കുഞ്ഞുമോൻ) മുട്ടുചിറ പുല്ലൻകുന്ന് കുടുംബാംഗമായ ബെൻസിയെ വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ ഷോൺ, തോഷോ, സഖറിയാസ് 12-2-1998 ൽ നിര്യാതനായി.

b8.4 തോമസ് മകൾ ലീല (10) : പൂവക്കുളത്ത് തോമസിന്റെ മകൾ ലീല (കുഞ്ഞുമോൾ)യെ തിരുവല്ല - കവിയൂർ വാരാപ്പുറത്ത് രാജു വിവാഹം കഴിച്ചു. ലീല സ്റ്റാഫ് നേഴ്സാണ്. ഇവർക്ക് 3 കുട്ടികൾ റിനോജ്, റിയ, റിനി

b8.5 തോമസ് മകൾ മോളി (10): പൂവക്കുളത്ത് തോമസിന്റെ മകൾ മോളിയെ തലയോലപ്പറമ്പ് പുതിയങ്ങാടിയിൽ റോയി വിവാഹം

കഴിച്ചു. മോളി സ്റ്റാഫ് നേഴ്സാണ്. റോയി SBT യിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് 2 മക്കൾ രാഹുൽ, രോഹിത്.

b8.6 തോമസ് മകൾ ഷില്ലി (10) : പൂവക്കുളത്ത് തോമസിന്റെ മകൾ ഷില്ലിയെ അടിച്ചിറ പൊടിമറ്റത്തിൽ റെജി വിവാഹം കഴിച്ച്, കരുവിനാൽ താമസിക്കുന്നു. ഷില്ലി സ്റ്റാഫ് നേഴ്സാണ്. റെജി പാലായിൽ വെസ്റ്റേൺ ടൈൽസ് എന്ന സ്ഥാപനം നടത്തുന്നു. ഇവർക്ക് 3 കുട്ടികൾ -റോഷൻ, റൊണാർഡ്, റിച്ചാർഡ്.

b8.7 തോമസ് മകൾ മായ (10) : പൂവക്കുളത്ത് തോമസിന്റെ മകൾ മായ (ലിസി) തലവടി, നീരേറ്റുപുറം മോഹനൻ വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ - ദിവ്യ, ധന്യ, ഡോൺ. ഇവർ കുടുംബസമേതം അലൈനിൽ താമസിക്കുന്നു.

b8.8 തോമസ് മകൻ സന്തോഷ് (10) : പൂവക്കുളത്ത് തോമസിന്റെ ഇളയമകൻ സന്തോഷ് (വിൽഫി) തൊടുപുഴ, കവളമ്മാക്കൽ ചാക്കോയുടെ മകൾ ലിബിയെ വിവാഹം കഴിച്ചു. ഇവർക്ക് 1 കുട്ടിയുണ്ട്. അലൻ, ഇവർ കുടുംബസമേതം ഷാർജയിൽ താമസിക്കുന്നു.

b9 സ്കറിയാ മകൻ എമ്മാനുവൽ (9) : പൂവക്കുളത്ത് സ്കറിയായുടെ മകൻ പി. കെ. എമ്മാനുവൽ തറവാട്ടിൽ താമസിക്കുന്നു. റിട്ട. അദ്ധ്യാപകനായ എമ്മാനുവലിന്റെ ഭാര്യ തൊടുപുഴ, മുതലക്കോടം ചെമ്പരത്തിക്കൽ പരേതനായ വർഗീസിന്റെ മകൾ മേരിയാണ്. കൊഴുവനാൽ സെന്റ് ജോൺസ് സ്കൂളിൽ ദീർഘകാലം അദ്ധ്യാപകനായിരുന്ന എമ്മാനുവൽ, കൊഴുവനാൽ സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ എറകോന്നി- വയലിൽ കുടുംബയോഗത്തിന്റെ വൈസ് പ്രസിഡന്റാണ്. ഇവർക്ക് 8 മക്കൾ ജോർജ്ജ്കുട്ടി, ജെസ്സി, ജെയിംസ്, ജിജി, ജോൺസൺ, ജിൻസി, ജോയ്സി, ജിമ്മി

b9.1 എമ്മാനുവൽ മകൻ ജോർജ്ജുകുട്ടി (ഫാ. ജോർജ്ജ് പൂവക്കുളം) (10) : പൂവക്കുളത്ത് പി. കെ. എമ്മാനുവലിന്റെ മൂത്തമകൻ ജോർജ്ജുകുട്ടി 7-4-1995 -ൽ വൈദികപട്ടം സ്വീകരിച്ചു. വെള്ളികുളം, പാലളാലം പഴയ പള്ളി എന്നിവിടങ്ങളിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ചു. KCYM, KCSL എന്നീ സംഘടനകളുടെ പാലാ രൂപതാഡയറക്ടറായിപ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ നീലൂർ സാവിയോ ഹോം റെക്ടറായി സേവനമനുഷ്ഠിക്കുന്നു. ഫാ. ജോർജ്ജ് പൂവക്കുളം ഒരു മികച്ച പ്രാസംഗികൻ കൂടിയാണ്.







പൂവക്കുളത്ത് പി. കെ. എമ്മാനുവലും കുടുംബാംഗങ്ങളും

b9.2 എമ്മാനുവൽ മകൾ ജെസ്സിയമ്മ (10) : പൂവക്കുളത്ത് എമ്മാനുവലിന്റെ മകൾ ജെസ്സിയമ്മയെ രാമപുരം ചക്കാലയിൽ ജോസ് വിവാഹം കഴിച്ചു. ഇവർക്ക് 4 മക്കൾ ജിറ്റി, ജിൻസൺ, ജിൽബി, ജിസ്മി.

b9.3 എമ്മാനുവൽ മകൻ ജെയിംസ് (10) : പൂവക്കുളത്ത് എമ്മാനുവലിന്റെ മകൻ ജെയിംസ് (ചാക്കോച്ചൻ) കണമല തഴക്കൽ മാത്യുവിന്റെ മകൾ ലൈസയെ വിവാഹം കഴിച്ചു. ഇവർക്ക് 3 കുട്ടികൾ ജോസ്ലിൻ, ജെസ്ബിൻ, ജെറിൻ.

b9.4 എമ്മാനുവൽ മകൻ ജിജി (ഫാ. കുര്യാക്കോസ് പൂവക്കുളം C.M.I (10) പൂവക്കുളത്ത് എമ്മാനുവലിന്റെ മകൻ ജിജി CMI സഭയിൽ ചേർന്നു 29-12-1998ൽ വൈദിക പട്ടം സ്വീകരിച്ചു. മികച്ച ഒരുഗായകൻ കൂടിയായ ഫാ. കുര്യാക്കോസ് ചെങ്ങളം സെ. ആന്റണീസ് പള്ളിയിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ പാലാ സെന്റ് വിൻസെന്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ പ്രിൻസിപ്പലാണ്.

b9.5 എമ്മാനുവൽ മകൻ ജോൺസൺ 30-5-06 (ഫാ. ജോൺസൺ പൂവക്കുളം) (10) പൂവക്കുളത്ത് എമ്മാനുവലിന്റെമകൻ ഫാ. ജോൺസൺ 15-08-06ൽ വൈദിക പട്ടം സ്വീകരിച്ചു. ത്സാൻസി രൂപതയിൽ സേവനമനുഷ്ഠിക്കുന്നു.

b9.6 എമ്മാനുവൽ മകൾ ജിൻസി (10) : പൂവക്കുളത്ത് എമ്മാനുവലിന്റെ മകൾ ജിൻസിയെ മറ്റത്തിപ്പാറ, പുത്തൻപുരക്കൽ, റോയി വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ ജസ്റ്റിൻ, ജിസ്ന.

b9.7 എമ്മാനുവൽ മകൾ ജോയ്സി (10) : പൂവക്കുളത്ത് എമ്മാനുവലിന്റെ മകൾ ജോയ്സിയെ തായങ്കരി, മണത്തറയിൽ ജോമോൻ വിവാഹം കഴിച്ചു. ജോയ്സി സ്റ്റാഫ് നേഴ്സാണ്. ഒരു കുട്ടിയുണ്ട്. ജെൻസൺ ഇവർ കുടുംബസമേതം ഷാർജയിലാണ്.

b9.8 എമ്മാനുവൽ മകൻ ജിമ്മി (10) : പൂവക്കുളത്ത് എമ്മാനുവലിന്റെ ഇളയപുത്രൻ ജിമ്മി കോഴിക്കോട് മങ്കാവ്, ഇരുപുഴിക്കൽ കുടുംബാംഗമായ ആൻസിയെ വിവാഹംകഴിച്ചു.

b10 സ്കറിയാ മകൻ സ്കറിയ (9) : പൂവക്കുളത്ത് സ്കറിയായുടെ മകൻ സ്കറിയ (കറിയാച്ചൻ) അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജ് റിട്ടയേർഡ് ഹിന്ദി അദ്ധ്യാപകനാണ്. ഭാര്യ തങ്കമ്മ തീക്കോയി, അരയത്തിനാൽ പരേതനായ മാത്യുവിന്റെ മകളാണ്. ഇവർ ഇപ്പോൾ പാല ചെത്തിമറ്റത്ത് താമസിക്കുന്നു.



പൂവക്കുളത്ത് പ്രൊഫ. പി. കെ. സ്കറിയായും ഭാര്യ തങ്കമ്മയും

b11 സ്കറിയാ മകൻ ജോൺ (9) : പൂവക്കുളത്ത് സ്കറിയായുടെ മകൻ പി. സി. ജോൺ ആരോഗ്യവകുപ്പിൽ സ്റ്റോർ വേരിഫിക്കേഷൻ ഓഫീസറായി റിട്ടയർ ചെയ്തു. ഭാര്യ റോസമ്മ പാല കിഴതടിയൂർ കൂട്ടുങ്കൽ പരേതനായ വർക്കിയുടെ മകളാണ് റോസമ്മ ആരോഗ്യവകുപ്പിൽ ഹെഡ്നേഴ്സായി റിട്ടയർ ചെയ്തു. ഇവർക്ക് 2 മക്കൾ ഷീല, ഷിബു.







പൂവക്കുളത്ത് പി. സി. ജോണും കുടുംബാംഗങ്ങളും

b11.1 ജോൺ മകൾ ഷീല (10) : പൂവക്കുളത്ത് ജോണിന്റെ മകൾ ഷീലയെ കുരോപ്പട പുതുശ്ശേരിയിൽ ആന്റണിയുടെ മകൻ ജോസ് (അപ്പച്ചൻ) വിവാഹം കഴിച്ചു. ജോസ് കുരോപ്പടയിൽ വ്യാപാരിയാണ്. ഇവർക്ക് 2കുട്ടികൾ ബിഫിൻ, ബിൽബി

b11.2 ജോൺ മകൻ ഷിബു (10) : പൂവക്കുളത്ത് ജോണിന്റെ മകൻ ഷിബു ചെങ്ങളം കൊച്ചുപറമ്പിൽ ഡോമിനിക്കിന്റെ മകൾ ബീനയെ വിവാഹം കഴിച്ചു. എറകോന്നി - വയലിൽ കുടുംബയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നഷിബു കൊഴുവനാലിൽ ഇംഗ്ലീഷ് മരുന്നുകട നടത്തുന്നു. ഇവർക്ക് 3 കുട്ടികൾ - അലോണ, അലീന, അലീഷ



ഫാ. മാത്യു സഖറിയാസ് പൂവക്കുളം സി.എം.ഐ. (Late)

b12 സ്കറിയാ മകൻ മാത്യു (9) ഫാ. മാത്യു സഖറിയാസ് സി. എം. ഐ. : പൂവക്കുളത്ത് സ്കറിയായുടെ ഇളയമകനായ മാത്യു (മത്തച്ചൻ) CMI സഭയിൽ ചേർന്ന് 17-5-1966 -ൽ വൈദികപട്ടം സ്വീക

രിച്ചു. വൈദികനായതിനു ശേഷം ഛാന്ദാരൂപതക്കുവേണ്ടി മിഷൻ പ്രവർത്തനം നടത്തി വരികയായിരുന്നു. ബലാർഷായിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിക്കവേ 23-11-1978 ൽ അദ്ദേഹം നിര്യാതനായി. 3. തൊമ്മൻ മകൾ മറിയാമ്മ. പൂവക്കുളത്ത് തൊമ്മന്റെ മൂന്നാമത്തെ മകൾ മറിയാമ്മയെ ചിറ്റാർ, തേനാടികുളത്ത് മത്തായി വിവാഹം കഴിച്ചു.

**3. തൊമ്മൻ മകൾ മറിയാമ്മ (7): പൂവക്കുളത്ത് തൊമ്മന്റെ മൂന്നാമത്തെ മകൾ മറിയാമ്മയെ ചിറ്റാർ തേനാടികുളത്ത് മത്തായി വിവാഹം കഴിച്ചു.**

**4. തൊമ്മൻ മകൻ മത്തായി (7) : പൂവക്കുളത്ത് തൊമ്മന്റെ ഇളയ മകനായ മത്തായി കാരിമല പുരയിടത്തിൽ താമസിച്ചു. മത്തായി രണ്ട് വിവാഹം കഴിച്ചു. ആദ്യ ഭാര്യ മറിയം കൊഴുവനാൽ പുറത്തൂട്ട് കുടുംബാംഗം. ഈ ദമ്പതികൾക്ക് ഒരു മകൻ ജനിച്ചു പേര് തൊമ്മൻ. മറിയത്തിന്റെ മരണശേഷം മത്തായി കൊഴുവനാൽ മാണിക്കത്തുകുന്നേൽ വർക്കിയുടെ മകൾ മറിയത്തിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏലി, അന്നമ്മ, മറിയാമ്മ, മാമ്മി, ത്രേസ്യ, റോസമ്മ, മോനി, കുഞ്ഞുപെണ്ണ് എന്നിങ്ങനെ 8 പെൺമക്കൾ ഉണ്ടായി.**

**a. മത്തായി മകൻ തൊമ്മൻ (8) : പൂവക്കുളത്ത് മത്തായിയുടെ ആദ്യ ഭാര്യ മറിയത്തിലുള്ള ഏക മകൻ തൊമ്മൻ കൊങ്ങാണ്ടൂർ കാവനാൽ കുടുംബാംഗമായ അന്നയെ വിവാഹം കഴിച്ചു. ഇവർക്ക് നാല് മക്കൾ ജോസഫ്, ജോൺ, മാത്യു, ഏലിക്കുട്ടി.**

a1 തൊമ്മൻ മകൻ ജോസഫ് (9) : പൂവക്കുളത്ത് തൊമ്മന്റെ മൂത്തമകനായ ജോസഫ് (കുട്ടി) ചേർപ്പുങ്കൽ നെച്ചിക്കാട്ട് കുടുംബാംഗമായ മറിയാമ്മയെ വിവാഹം കഴിച്ച് കട്ടപ്പന, ഈട്ടിത്തോപ്പിൽ താമസിക്കുന്നു. ഇവർക്ക് 7 മക്കൾ. റോസമ്മ, ജോസ്, തോമസ്, മാത്യു, ജെയിംസ്, ലീല, ആന്റണി

a1.1 ജോസഫ് മകൾ റോസമ്മ (10) : പൂവക്കുളത്ത് ജോസഫിന്റെ മൂത്ത മകൾ റോസമ്മയെ മണിമല കളത്തൂർ ജോസഫിന്റെ മകൻ സേവ്യർ വിവാഹം കഴിച്ചു. ഇപ്പോൾ കുറ്റ്യാടിയിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺ മക്കൾ - ലൗലി, മോൻഷി

a1.2 ജോസഫ് മകൻ ജോസ്: പൂവക്കുളത്ത് ജോസഫിന്റെ മകൻ ജോസ്





ബാംഗ്ലൂർ 17th cross -ൽ ലാസറിന്റെ മകൾ വത്സയെ വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ സ്വപ്ന, അജിത് ജോസ് ബാംഗ്ലൂരിൽ റബ്ബർ ഫാക്ടറി നടത്തുന്നു. ഇവർ കുടുംബസമേതം ബാംഗ്ലൂരിൽ താമസിക്കുന്നു.

a1.3 ജോസഫ് മകൻ തോമസ് : പൂവക്കുളത്ത് ജോസഫിന്റെ മകൻ തോമസ് ഇടുക്കി തടിയമ്പാ'ട്, വെട്ടിയാങ്കൽ വർഗീസിന്റെ മകൾ റോസ്‌ലിനെ വിവാഹം കഴിച്ചു. തോമസ് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ അദ്ധ്യാപകനായിരുന്നു. ഇവർക്ക് 2 കുട്ടികൾ അനീഷ്, അഞ്ചു. തോമസ് 13-8-1997ൽ നിര്യാതനായി.

a1.4 ജോസഫ് മകൻ മാത്യു : പൂവക്കുളത്ത് ജോസഫ് മകൻ മാത്യു IAAS. ചെങ്ങളം മുണ്ടാട്ടുചുണ്ടയിൽ തോമസിന്റെ മകൾ ജാനറ്റിനെ വിവാഹം കഴിച്ചു. കൊച്ചി പോർട്ട് ട്രസ്റ്റിന്റെ ഫിനാൻഷ്യൽ മെമ്പർ, കേരള അക്കൗണ്ടന്റ് ജനറൽ എന്നീ പദവികൾ വഹിച്ചിട്ടുള്ള മാത്യു ഇപ്പോൾ ഡൽഹിയിൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആയിജോലി നോക്കുന്നു. ഇവർക്ക് 2 കുട്ടികൾ ഡാനി, ഹാരി.

a1.5 ജോസഫ് മകൻ ജെയിംസ് : പൂവക്കുളത്ത് ജോസഫിന്റെ മകൻ ജെയിംസ് പൂഞ്ഞാർ, ആനിയിളപ്പ് നെല്ലിയാനിയിൽ തോമസിന്റെ മകൾ ലാലിയെ വിവാഹം കഴിച്ച് മഞ്ഞപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് 3 കുട്ടികൾ മിലൻ, മിഥുൻ, മിത്ര.

a1.6 ജോസഫ് മകൾ ലീല : പൂവക്കുളത്ത് ജോസഫിന്റെ മകൾ ലീലയെ ഈട്ടിത്തോപ്പ് ഇരുമ്പുകുത്തിയിൽ പോൾ വിവാഹം കഴിച്ചു. ഇവർക്ക് ഐഡ, സജിത്, മാർട്ടിൻ എന്നിങ്ങനെ 3 കുട്ടികൾ.

a1.7 ജോസഫ് മകൻ ആന്റണി (ടോമി) : പൂവക്കുളത്ത് ജോസഫിന്റെ ഇളയ മകൻ ആന്റണി (ടോമി) ഇടുക്കി മരിയാപുരം വെട്ടുകല്ലേൽ മാത്യുവിന്റെ മകൾ ജെസ്സിയെ വിവാഹം കഴിച്ച് ഈട്ടിത്തോപ്പിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് 2 മക്കൾ അബന, ജോസുകുട്ടി.

a2 തൊമ്മൻ മകൻ ജോൺ (കുഞ്ഞൂഞ്ഞ്) (9) : പൂവക്കുളത്ത് തൊമ്മന്റെ രണ്ടാമത്തെ മകൻ ജോൺ (കുഞ്ഞൂഞ്ഞ്) കണിയാർവേലിൽ കുടുംബാംഗമായ അന്നമ്മയെ വിവാഹം കഴിച്ച് ഇരിട്ടിയിൽ താമസിച്ചു. ജോൺ -

അന്നമ്മ ദമ്പതികൾക്ക് 5 മക്കൾ - ജോസ്, ജോയി, മേരി, അച്ചാമ്മ, ലൗലി.

a2.1 ജോൺ മകൻ ജോസ് (10) : പൂവക്കുളത്ത് ജോൺ (കുഞ്ഞൂഞ്ഞ്) ന്റെ മൂത്തമകൻ ജോസ് ഓലിക്കൽ കുടുംബാംഗമായ ആലീസിനെ വിവാഹം കഴിച്ചു. ഇവർക്ക് 4 കുട്ടികൾ നിതിൻ, ജെറിൻ, ജൂവൽ, ജെസ്ന

a2.2 ജോൺ മകൻ ജോയി : പൂവക്കുളത്ത് ജോണിന്റെ രണ്ടാമത്തെ മകനായ ജോയി കൊക്കാട്ട് കുടുംബാംഗമായ ലീനയെ വിവാഹം കഴിച്ചു.

a2.3 ജോൺ മകൾ മേരി : പൂവക്കുളത്ത് ജോണിന്റെ മകളായ മേരിയെ പാറേക്കാവിൽ കുടുംബാംഗമായ ജോസ് വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ- സിനി, ലിനു, നിഖിൽ

a2.4 ജോൺ മകൾ അച്ചാമ്മ : പൂവക്കുളത്ത് ജോണിന്റെ മകളായ അച്ചാമ്മയെ കടപ്പൂര് കുടുംബാംഗമായ ആന്റണി വിവാഹം കഴിച്ചു. ഇവർക്ക് 3 കുട്ടികൾ അനീറ്റ, അശ്വിൻ, ആൽവിൻ

a2.5 ജോൺ മകൾ ലൗലി : പൂവക്കുളത്ത് ജോണിന്റെ ഇളയ മകളായ ലൗലിയെ പോൾ മണവാളൻ വിവാഹം കഴിച്ചു. ഇവർക്ക് നിബിൻ എന്ന ഒരു കുട്ടിയുണ്ട്.

a3 തൊമ്മൻ മകൻ മാത്യു (മത്തായി) (9) : പൂവക്കുളത്ത് തൊമ്മന്റെ ഇളയ മകനായ മാത്യു (മത്തായി) തട്ടുങ്കൽ കുടുംബാംഗമായ അന്നമ്മയെ വിവാഹം കഴിച്ച് ഇരിട്ടിയിൽ താമസിക്കുന്നു. ഇവർക്ക് 5 മക്കൾ കുട്ടിയച്ചൻ, ബെന്നി, തങ്കച്ചൻ, റോസമ്മ, ലിസ്സി.

a3.1 മാത്യു മകൻ കുട്ടിയച്ചൻ (10) : പൂവക്കുളത്ത് മാത്യുവിന്റെ മൂത്ത മകൻ കുട്ടിയച്ചൻ കാരക്കാട്ട് കുടുംബാംഗമായ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 3 കുട്ടികൾ - ബിനു, ബിന്ദു, ബിൻസ്

a3.2 മാത്യു മകൻ ബെന്നി : പുവക്കുളത്ത് മാത്യുവിന്റെ രണ്ടാമത്തെ പുത്രനായ ബെന്നി പൂന്തറ കുടുംബാംഗമായ ലിസിയെ വിവാഹം കഴിച്ചു ഇവർക്ക് 2 കുട്ടികൾ നിബിൻ, ലിബിൻ.

a3.3 മാത്യു മകൻ തങ്കച്ചൻ : പൂവക്കുളത്ത് മാത്യുവിന്റെ മകൻ തങ്കച്ചൻ വടക്കേമുളഞ്ഞിലട്ട് കുടുംബാംഗമായ എത്സിയെ വിവാഹം കഴിച്ചു. ഇവർക്ക് സുനിൽ എന്ന ഒരു മകനുണ്ട്. തങ്കച്ചൻ നിര്യാതനായി.





a3.4 മാത്യു മകൾ റോസമ്മ : പുവക്കുളത്ത് മാത്യുവിന്റെ മകൾ റോസമ്മയെ ഈരാഴിയിൽ കുടുംബാംഗമായ തങ്കച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് 3 കുട്ടികൾ, ജയ, ജയ്സി, ജെയ്സൺ

a3.5 മാത്യു മകൾ ലിസി : പൂവക്കുളത്ത് മാത്യുവിന്റെ ഇളയ മകൾ ലിസിയെ നാമത്തോലിൽ കുടുംബാംഗമായ ജോയി വിവാഹം കഴിച്ചു. ഇവർക്ക് 3 കുട്ടികൾ പ്രിൻസി, പ്രിൻസ്, ഗിൻസ്.

a4 തൊമ്മൻ മകൾ ഏലിക്കുട്ടി (9) : പൂവക്കുളത്ത് തൊമ്മന്റെ മകളായ ഏലിക്കുട്ടിയെ നടക്കൽ പൗലോസ് വിവാഹം കഴിച്ച് ഇരിട്ടിയിൽ താമസിക്കുന്നു. ഇവർക്ക് 2 മക്കൾ തോമസ്, ചിന്നമ്മ.

**B സ്കറിയാ മകൻ ചെറിയത് സ്കറിയ (6) : പൂവക്കുളത്ത് സ്കറിയായുടെ രണ്ടാമത്തെ മകനായ ചെറിയത് സ്കറിയ മലയിരുത്തിയിലുള്ള പൂവക്കുളത്ത് തറവാട്ടിൽ തന്നെ താമസിച്ചു. ഭാര്യ മറിയം ചൂരക്കൽ കുടുംബാംഗം. ഈ ദമ്പതികൾക്ക് 2 ആൺമക്കളും 2പെൺമക്കളും ഉണ്ടായി.**

1. ചെറിയത് മത്തായി
2. ചെറിയത് ദേവസ്യ
3. ഒരു മകളെ ചിറ്റാർ ചാലിൽ വീട്ടിൽ വിവാഹം കഴിച്ചയച്ചു
4. മറ്റൊരു മകളെ അരുവിത്തുറ കവളംമാക്കൽ വീട്ടിൽ വിവാഹം കഴിച്ചയച്ചു.



പൂവക്കുളത്ത് ചെറിയത് മത്തായിയും ഭാര്യ മറിയവും

**1 ചെറിയത് സ്കറിയാ മകൻ ചെറിയത് മത്തായി (7) : പൂവക്കുളത്ത് ചെറിയത് സ്കറിയായുടെ മൂത്തമകനായ ചെറിയത് മത്തായിയാണ് എറ**

**കോന്നി - വയലിൽ കുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡന്റ്**
**ഭാര്യ മറിയം ഈ ദമ്പതികൾക്ക് 7 മക്കൾ -**

a പി. എം. സഖറിയാസ് b പി. എം. ഉലഹന്നൻ
c പി. എം. മത്തായി d അന്നമ്മ
e മറിയാമ്മ f സി. സെലസ്റ്റീനാമ്മ
g ത്രേസ്യാമ്മ

**a ചെറിയത് മത്തായി മകൻ പി. എം. സഖറിയാസ് (8) : പൂവക്കുളത്ത് ചെറിയത് മത്തായിയുടെ മൂത്ത മകനായ പി. എം. സഖറിയാസ് മൂഴൂരിൽ താമസമാക്കി. ഭാര്യ റോസ പന്തപ്പള്ളിൽ കുടുംബാംഗം. ദീർഘകാലം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച സഖറിയാസ് ഹെഡ്മാസ്റ്ററായി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. ഈ ദമ്പതികൾക്ക് 2 മക്കൾ P.Z. മത്തായി, P Z സഖറിയാസ്. റോസ നിര്യാതയായതിനെതുടർന്ന് ചെമ്പിളാവ് വരിക്കയിൽ കുടുംബാംഗമായ അന്നമ്മയെ സഖറിയാസ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് P.Z ജോസഫ്, P Z അന്നമ്മ, P. Z ജോർജ്ജ്, P.Z ഏലിക്കുട്ടി, P. Z. ജേക്കബ്, P. Z. മേരിക്കുട്ടി എന്നീ മക്കളുണ്ട്. സഖറിയാസ് 8.11.1978 ലും, അന്നമ്മ 31.1.1992 ലും നിര്യാതരായി.**


പൂവക്കുളത്ത് പി.എം. സഖറിയാസും ഭാര്യ അന്നമ്മയും

a1 സഖറിയാസ് മകൻ P. Z. മത്തായി (9): പൂവക്കുളത്ത് സഖറിയാസിന്റെ മൂത്തമകൻ മത്തായി നെടുങ്കണ്ടം കൊക്കാവയലിൽ കുടുംബാംഗമായ അന്നമ്മയെ വിവാഹം കഴിച്ച് മൂഴൂർ താമസിക്കുന്നു. ഇവർക്ക് 2 മക്കൾ പി. എം. സഖറിയാസ്, ബേബിക്കുട്ടി.

a1.1 P. Z മത്തായി മകൻ പി. എം. സഖറിയാസ് (10) : പൂവക്കുളത്ത് P. Z മത്തായിയുടെ മൂത്തമകനായ P. M സഖറിയാസ് ചങ്ങനാശ്ശേരി വെട്ടുഴിയിൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം കഴിച്ചു.






പൂവക്കുളത്ത് പി. ഇസഡ്. മത്തായിയും ഭാര്യ അന്നമ്മയും കുടുംബാംഗങ്ങളും


പൂവക്കുളത്ത് പി. എം. സഖറിയാസും കുടുംബാംഗങ്ങളും

സഖറിയാസും, മറിയാമ്മയും വടകരയിൽ അദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് 2 കുട്ടികൾ അനിമോൾ, ബിനിമോൾ.

a1.1.1 സഖറിയാസ് മകൾ അനിമോൾ (11) : പൂവക്കുളത്ത് പി. എം. സഖറിയാസിന്റെ മൂത്തമകൾ അനിമോളെ പാലാ വള്ളിച്ചിറ കുര്യത്ത് വീട്ടിൽ വിൻസെന്റ് വിവാഹം കഴിച്ചു.

a1.2 P. Z. മത്തായി മകൻ ബേബിക്കുട്ടി (10) : പൂവക്കുളത്ത് P.Z മത്തായിയുടെ ഇളയ മകനായ ബേബിക്കുട്ടി മാന്നത്തൂർ കാക്കിയാനിയിൽ കുടുംബാംഗമായ ആൻസമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ, എബിൻ മാത്യു, ബിബിൻ മാത്യു.



പൂവക്കുളത്ത് പി. ഇസഡ്. സഖറിയാസും കുടുംബാംഗങ്ങളും

a2 സഖറിയാസ് മകൻ P. Z. സഖറിയാസ് (9) : പൂവക്കുളത്ത് സഖറിയാസിന്റെ മകനായ P. Z. സഖറിയാസ് മറ്റക്കര മണ്ണനാൽ കുടുംബാംഗമായ റോസമ്മയെ വിവാഹം കഴിച്ചു. റിട്ട. ഹവീൽ ദാറായ സഖറിയാസ് ഇപ്പോൾ മഞ്ഞാമറ്റത്ത് താമസിക്കുന്നു. ഇവർക്ക് ആറ് മക്കൾ സണ്ണി, ഗ്രേസി, ബാബു, രാജു, അനിൽ, അജി.

a2.1 P. Z സഖറിയാസ് മകൻ ഡോ. സണ്ണി സഖറിയാസ് (10) : പൂവക്കുളത്ത് P. Z സഖറിയാസിന്റെ മൂത്തപുത്രൻ ഡോ. സണ്ണി സഖറിയാസ് MBBS, FRCS ബിരുദധാരിയാണ്. മംഗലാപുരം സ്വദേശി കോളിൻ ആണ് ഭാര്യ, ഇവർക്ക് 2 കുട്ടികൾ റോസ് സഖറിയാസ്, മൈക്കിൾ സഖറിയാസ്.





a2.2 P. Z സഖറിയാസ് മകൾ ഗ്രേസി (10) : പൂവക്കുളത്ത് P. Z. സഖറിയാസിന്റെ മകൾ ഗ്രേസിയെ കൊല്ലം മലയിൽ കുടുംബാംഗമായ ചെറിയാൻ വർഗീസ് വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ - ജിജോ, സുജോ.

a2.3 P. Z സഖറിയാസ് മകൻ ബാബു (10) : പൂവക്കുളത്ത് P. Z. സഖറിയാസിന്റെ മകനായ ബാബു മൂവാറ്റുപുഴ പുതിയിടത്ത് കുടുംബാംഗമായ ഷേർലിയെ വിവാഹം കഴിച്ചു. ബാബു സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ എറണാകുളം ബ്രാഞ്ചിൽ ജോലി ചെയ്യുന്നു. ഷേർലി പ്ലസ്ടു അദ്ധ്യാപികയാണ്. ഇവർക്ക് 2 കുട്ടികൾ, സ്നേഹ, ശ്രേയ.

a2.4 P. Z. സഖറിയാസ് മകൻ രാജു (10) : പൂവക്കുളത്ത് P. Z. സഖറിയാസിന്റെ മകൻ രാജു (മാത്യു സഖറിയാസ്) ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ കംപ്യൂട്ടർ പ്രോഗ്രാമറായി ജോലി ചെയ്യുന്നു. തിരുവമ്പാടി പ്ലാത്തോട്ടം കുടുംബാംഗമായ ഗ്രേസിയാണ് ഭാര്യ. ഗ്രേസി ബാംഗ്ലൂർ സെന്റ് ജോൺസിൽ സ്റ്റാഫ് നേഴ്സാണ്. ഇവർക്ക് 2 കുട്ടികൾ സംഗീത, സന്ദീപ്.

a2.5 P. Z. സഖറിയാസ് മകൻ അനിൽ (10) : P. Z സഖറിയാസിന്റെ മകൻ ജേക്കബ് (അനിൽ) ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ബി.ഫാം ബിരുദധാരിയായ അനിൽ അവിവാഹിതനാണ്.

a2.6 P. Z. സഖറിയാസ് മകൻ അജി (10) : P. Z. സഖറിയാസിന്റെ ഇളയ മകനായ സിറിയക് (അജി) കരിമണ്ണൂർ ഇടനിക്കൽ പറമ്പിൽ കുടുംബാംഗമായ ജീനയെ വിവാഹം കഴിച്ചു. എഞ്ചിനിയറിംഗ് ബിരുദധാരിയായ അജിയും, സ്റ്റാഫ് നേഴ്സായ ജീനയും യു എസ്. എയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു കുട്ടിയുണ്ട്. ആൻഡ്രിയ.

a3 സഖറിയാസ് മകൻ P. Z. ജോസഫ് (9) : പൂവക്കുളത്ത് സഖറിയാസിന്റെ മകനായ P. Z. ജോസഫ്, കുറവിലങ്ങാട് പരിയംകുളം കുടുംബാംഗമായ മറിയക്കുട്ടിയെ വിവാഹം കഴിച്ച് പഴരിക്കണ്ടത്ത് താമസിക്കുന്നു. ഇവർക്ക് ആറ് മക്കൾ മോളി, ബാബു, മാത്തുക്കുട്ടി, ജെസ്സി, ജോസുകുട്ടി, ജോളി.

a3.1 ജോസഫ് മകൾ മോളി (10) : പൂവക്കുളത്ത് P. Z. ജോസഫിന്റെ

മൂത്തമകൾ മോളിയെ മാവേലിക്കര ആലങ്ങാട്ടിൽ കുടുംബാംഗമായ ഗർവ്വാസീസ് വിവാഹം കഴിച്ചു. ഇവർക്ക് 3 കുട്ടികൾ ശോഭ, ബെന്നി, ബെൻസി.

a3.2 ജോസഫ് മകൻ ബാബു (10) : പൂവക്കുളത്ത് P. Z. ജോസഫിന്റെ മകൻ ബാബു വാണിയംകിടങ്ങേൽ കുടുംബാംഗമായ ആലീസിനെ വിവാഹം കഴിച്ച് പഴയരിക്കണ്ടത്ത് താമസിക്കുന്നു. ഇവർക്ക് 2 കുട്ടികൾ മേരി, അന്ന.

a3.3 പൂവക്കുളത്ത് P. Z. ജോസഫിന്റെ മകൻ മാത്തുക്കുട്ടി മുണ്ടക്കാട്ട് കുടുംബാംഗമായ സാലിയെ വിവാഹം കഴിച്ച് പഴയരിക്കണ്ടത്ത് താമസിക്കുന്നു. രണ്ട് കുട്ടികൾ ജോസഫ്, മേരി.

a3.4 ജോസഫ് മകൾ ജെസ്സി (10) : പൂവക്കുളത്ത് P. Z. ജോസഫിന്റെ മകൾ ജെസ്സിയെ പഴയരിക്കണ്ടം ചെമ്പകത്തിനാൽ കുടുംബത്തിലേക്ക് വിവാഹം കഴിച്ചയച്ചു. ഇവർക്ക് ഒരു കുട്ടി ഡയാന.

a3.5 ജോസഫ് മകൻ ജോസുകുട്ടി : പൂവക്കുളത്ത് P.Z. ജോസഫിന്റെ മകൻ ജോസുകുട്ടി ഷില്ലോംഗിൽ ജോലി ചെയ്യുന്നു. ജോസുകുട്ടി ഷില്ലോംഗിൽ നിന്നും വിവാഹം കഴിച്ചു. ഭാര്യ മരിയ 2 കുട്ടികൾ- ഇവാൻ നോയൽ, യാന്റി ഓസ്റ്റിൻ.

a3.6 ജോസഫ് മകൾ ജോളി (10) : പൂവക്കുളത്ത് P. Z. ജോസഫിന്റെ ഇളയ മകളായ ജോളിയെ തങ്കമണി, കിഴക്കേവയലിൽ ജോസ് വിവാഹം കഴിച്ചു.



പൂവക്കുളത്ത് പി. ഇസഡ്. ജോർജും (വക്കച്ചൻ) കുടുംബാംഗങ്ങളും





a4 സഖറിയാസ് മകൻ P. Z. ജോർജ്ജ് (9) : പൂവക്കുളത്ത് സഖറിയാസിന്റെ മകൻ P.Z. ജോർജ്ജ് വാഴൂർ ഓലിക്കൽ കുടുംബാംഗമായ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് മൂഴൂർ താമസിക്കുന്നു. ഇവർക്ക് 3 മക്കൾ. സഖറിയാസ്, സജി, ബിജു.

a4.1 ജോർജ് മകൻ സക്കറിയാസ് (ടോമി) (10): പൂവക്കുളത്ത് P.Z. ജോർജിന്റെ മൂത്തമകൻ സഖറിയാസ് മഞ്ഞാമറ്റം മാരാംകുഴിയിൽ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ അഞ്ചന, അമല.

a4.2 ജോർജ്ജ് മകൻ സജി (10) : P. Z. ജോർജ്ജിന്റെ രണ്ടാമത്തെ മകൻ സജി കുളത്തൂർമുഴി മാടപ്പാട് കുടുംബാംഗമായ റാണിയെ വിവാഹം കഴിച്ച് മൂഴൂർ താമസിക്കുന്നു. ഇവർക്ക് 2 കുട്ടികൾ അൽവിൻ, അഭിഷേക്.



പൂവക്കുളത്ത് ജോർജ്ജിന്റെ മക്കളായ ടോമിയും സജിയും കുടുംബവും ജോർജ്ജിന്റെ സഹോദരി അന്നമ്മയോടൊപ്പം.

a4.3 ജോർജ്ജ് മകൻ ബിജു (10) : പൂവക്കുളത്ത് P. Z. ജോർജ്ജിന്റെ ഇളയമകനായ ബിജു, ചാമംപതാൽ മുണ്ടക്കൽ കുടുംബാംഗമായ സ്വപ്നയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് കുട്ടികൾ. അലീന, ആൽഫിൻ ഇവർ ഇപ്പോൾ ഷില്ലോംഗിൽ താമസിക്കുന്നു.

a5 സഖറിയാസ് മകൻ P. Z. ജേക്കബ് (9) : പുവക്കുളത്ത് സഖറിയാസിന്റെ ഇളയമകനായ P. Z. ജേക്കബ് (ചാക്കോച്ചൻ) മാടപ്പള്ളി കാരക്കാട്ട് കുടും



പൂവക്കുളത്ത് പി. ഇസഡ്. ജേക്കബും (ചാക്കോച്ചൻ) കുടുംബാംഗങ്ങളും

ബാംഗമായ ത്രേസ്യമ്മയെ വിവാഹം കഴിച്ച് മൂഴൂര് താമസിക്കുന്നു. ഇവർക്ക് 4 കുട്ടികൾ റെജിമോൻ, ജാൻസിമോൾ, ഷിജിമോൻ, ജോബി മോൻ.

a5.1 ജേക്കബ് മകൻ റെജിമോൻ (10) പൂവക്കുളത്ത് P. Z. ജേക്കബിന്റെ മൂത്തമകൻ റെജിമോൻ പാലാവയൽ പൂക്കുന്നേൽ കുടുംബാംഗമായ സെലിനെ വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ - പ്രിൻസി, ജേക്കബ് ഇവർ കുടുംബസമേതം ഇംഗ്ലണ്ടിലാണ്.

a5.2 ജേക്കബ് മകൾ ജാൻസി മോൾ (10) : പൂവക്കുളത്ത് P Z ജേക്കബിന്റെ മകൾ ജാൻസിമോളെ ചിറക്കടവ്, പാഴിയാങ്കൽ റോയി വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് കുട്ടികൾ മെൽബിൻ, ബിബിൻ

a5.3 ജേക്കബ് മകൻ ഷിജിമോൻ (10) : പൂവക്കുളത്ത് ജേക്കബിന്റെ മകൻ ഷിജിമോൻ കോട്ടയം പട്ടാണിപുരക്കൽ കുടുംബാംഗമായ ദീപയെ വിവാഹം കഴിച്ചു.

a5.4 ജേക്കബ് മകൻ ജോബി മോൻ (10) : പൂവക്കുളത്ത് ജേക്കബിന്റെ ഇളയമകനായ ജോബിമോൻ ബാംഗ്ലൂരിൽ നേഴ്സിംഗ് വിദ്യാർത്ഥി യാണ്.





a6 സഖറിയാസ് മകൾ P. Z. അന്നമ്മ (9) : പൂവക്കുളത്ത് സഖറിയാസിന്റെ മകളായ P.Z. അന്നമ്മ റിട്ടയേർഡ് അദ്ധ്യാപികയാണ്. അന്നമ്മ അവിവാഹിതയാണ്. ഇപ്പോൾ സഹോദരൻ P. Z. ജോർജ്ജിന്റെ മകൻ സജിയോടൊപ്പം മൂഴൂർ താമസിക്കുന്നു.

a7 സഖറിയാസ് മകൾ ഏലിക്കുട്ടി (9) : പൂവക്കുളത്ത് സഖറിയാസിന്റെ മകൾ ഏലിക്കുട്ടിയെ ചേർത്തല പള്ളാട്ട് കുടുംബാംഗമായ കുഞ്ഞച്ചൻ വിവാഹം കഴിച്ചു. ഏലിക്കുട്ടിയും, കുഞ്ഞച്ചനും റിട്ടയേർഡ് അദ്ധ്യാപകരാണ്.

a8 സഖറിയാസ് മകൾ മേരിക്കുട്ടി (9) : പൂവക്കുളത്ത് സഖറിയാസിന്റെ മകൾ മേരിക്കുട്ടിയെ മറ്റക്കര പാഴിയാങ്കൽ കുടുംബാംഗമായ ജോസ് വിവാഹം കഴിച്ചു. മേരിക്കുട്ടി അദ്ധ്യാപികയാണ്. ഇവർ ഇപ്പോൾ കുമളിയിൽ കുടുംബസമേതം താമസിക്കുന്നു.

**b. ചെറിയത് മത്തായി മകൻ P. M. ഉലഹന്നൻ (8) പൂവക്കുളത്ത് ചെറിയത് മത്തായിയുടെ രണ്ടാമത്തെ മകൻ പി. എം. ഉലഹന്നൻ മറ്റക്കര കുഴിപ്പാലയിൽ കുടുംബാംഗമായ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് പേരാമ്പ്രാ, കുളത്തുവയലിൽ താമസിച്ചു. ഉലഹന്നൻ 1977 ജൂൺ 12 -ാം തീയതി നിര്യാതനായി. ഇവർക്ക് ആറ് മക്കൾ മത്തായി, ജോസഫ്, ഏലി, സെബാസ്റ്റ്യൻ, ജോൺ, തോമസ്.**

b1 ഉലഹന്നൻ മകൻ മത്തായി (9) : പൂവക്കുളത്ത് ഉലഹന്നന്റെ മൂത്തമകൻ മത്തായി പൈക അയിത്തമറ്റത്ത് കുടുംബാംഗമായ അന്നയെ വിവാഹം കഴിച്ചു. ഇവർക്ക് നാലു മക്കൾ അന്ന, ജോസ്, മോളി, ലാലി മത്തായി 20-10-1970 ൽ നിര്യാതനായി.

b1.1 മത്തായി മകൾ അന്ന (10) : പൂവക്കുളത്ത് മത്തായിയുടെ മൂത്തമകൾ അന്നയെ പെരുവണ്ണാമുഴി തടിക്കാട്ട് കുടുംബാംഗമായ ലൂക്ക വിവാഹം കഴിച്ചു.

b1.2 മത്തായി മകൻ ജോസ് (10) : പൂവക്കുളത്ത് മത്തായിയുടെ മകൻ ജോസ് കല്ലനോട് ഒഴുകയിൽ കുടുംബാംഗമായ മേരിയെ വിവാഹം കഴിച്ച് കുളത്തുവയലിൽ താമസിക്കുന്നു. ഇവർക്ക് ലിൻസി, ലിജി, ലിൻസ്, ലിനു എന്നീ കുട്ടികളുണ്ട്.

b1.3 മത്തായി മകൾ മോളി (10) : പൂവക്കുളത്ത് മത്തായിയുടെ മകൾ

മോളി ഹോളി സ്പിരിറ്റ് കോൺവെന്റിൽ സന്യാസിനിയാണ്. ഇപ്പോൾ USA യിൽ സേവനമനുഷ്ഠിക്കുന്നു.

b1.4 മത്തായി മകൾ ലാലി (10) : പൂവക്കുളത്ത് മത്തായിയുടെ മകൾ ലാലിയെ കൂരാച്ചുണ്ട്, കാഞ്ഞിരത്തുങ്കൽ കുടുംബാംഗമായ ജോണി വിവാഹം കഴിച്ചു.

b2 ഉലഹന്നൻ മകൻ ജോസഫ് (9) : പൂവക്കുളത്ത് ഉലഹന്നന്റെ മകനായ ജോസഫ് കൂരാചുണ്ട് കുന്നേൽ കുടുംബാംഗമായ അന്നയെ വിവാഹം കഴിച്ചു. ഇവർക്ക് ആറ് മക്കൾ ജോയി, ചിന്നമ്മ, ലിസി, മേരി, വിത്സൺ, ഷാന്റി

b2.1 ജോസഫ് മകൻ ജോയി (10) : പൂവക്കുളത്ത് ജോസഫിന്റെ മൂത്ത മകൻ ജോയി കല്ലനോട് ചെറുകുന്നേൽ കുടുംബാംഗമായ സെലിനെ വിവാഹം കഴിച്ചു. ഇവർക്ക് 2 കുട്ടികൾ, ജോൺ, ജോസഫ്

b2.2 ജോസഫ് മകൾ ചിന്നമ്മ (10) : പൂവക്കുളത്ത് ജോസഫിന്റെ മകൾ ചിന്നമ്മയെ പെരുവണ്ണാമൂഴിയിൽ പേഴത്തുങ്കൽ കുടുംബാംഗമായ ജോർജ്ജ് വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് മക്കളുണ്ട്.

b2.3 ജോസഫ് മകൾ ലിസി (10) : പൂവക്കുളത്ത് ജോസഫിന്റെ മകൾ ലിസി കർമ്മലീത്താമഠത്തിൽ സന്യാസിനിയായി സേവനമനുഷ്ഠിക്കുന്നു.

b2.4 ജോസഫ് മകൾ മേരി (10) : പൂവക്കുളത്ത് ജോസഫിന്റെ മകൾ മേരിയെ കല്ലനോട് പാണ്ടംമാനായിൽ കുടുംബാംഗമായ ചാക്കോ വിവാഹം കഴിച്ചു.

b2.5 ജോസഫ് മകൻ വിത്സൺ (10) : പൂവക്കുളത്ത് ജോസഫിന്റെ മകൻ വിത്സൺ കൂടരഞ്ഞി കുമ്പളത്ത് കുടുംബാംഗമായ മിനിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് കുട്ടികൾ, ലിയ, ലെന.

B2.6 ജോസഫ് മകൾ ഷാന്റി (10) : പൂവക്കുളത്ത് ജോസഫിന്റെ മകൾ ഷാന്റി സിസ്റ്റർ ലിറ്റി എന്ന പേര് സ്വീകരിച്ച് കർമ്മലീത്താമഠത്തിൽ ചേർന്നു. ഇപ്പോൾ തിരുവമ്പാടി മഠത്തിൽ സേവനമനുഷ്ഠിക്കുന്നു.

b3 ഉലഹന്നൻ മകൾ ഏലി (9) : പൂവക്കുളത്ത് ഉലഹന്നന്റെ മകളായ ഏലിയെ കുളത്തുവയൽ തീക്കുഴിവയലിൽ കുടുംബാംഗമായ ചാക്കോ





വിവാഹം കഴിച്ചു. ഇവർക്ക് ആറു മക്കളുണ്ട്.

b4 ഉലഹന്നൻ മകൻ സെബാസ്റ്റ്യൻ (ഫാ. സെബാസ്റ്റ്യൻ പൂവക്കുളം) (9) : പൂവക്കുളത്ത് ഉലഹന്നന്റെ മകൻ സെബാസ്റ്റ്യൻ 17-12-1967 ൽ വൈദിക പട്ടം സ്വീകരിച്ചു. ആലക്കോട് ഫൊറോനാ പള്ളി അസി. വികാരിയായും, ഈരുട, ഷിരാടി, പൂഴിത്തോട്ട്, കണ്ണിവയൽ, കല്ലാനോട്, കട്ടിപ്പാറ, വിളക്കാംതോട്, കണ്ണോത്ത്, കൂരാച്ചുണ്ട്, കൂടരഞ്ഞി, തിരുവമ്പാടി ഫൊറോനാപള്ളി എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ കോടഞ്ചേരി ഫൊറോനാ പള്ളി വികാരിയാണ്.

b5 ഉലഹന്നൻ മകൻ ജോൺ (9) : പൂവക്കുളത്ത് ഉലഹന്നന്റെ മകൻ ജോൺ മറ്റപ്പള്ളിൽ കുടുംബാംഗമായ തങ്കമ്മയെ വിവാഹം കഴിച്ച് കുളത്തുവയലിൽ താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ ഷേർലി, ഡെയ്സി, (സി. ഡെയ്സി MSMI ഇപ്പോൾ തലശ്ശേരി രൂപതയിൽ മേരിഗിരിയിൽ സേവനമനുഷ്ഠിക്കുന്നു.) ബിജു.

b6 ഉലഹന്നൻ മകൻ തോമസ് (9) : പൂവക്കുളത്ത് ഉലഹന്നന്റെ ഇളയമകനായ തോമസ് പഴത്തുകടവ് കുടുംബാംഗമായ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് കുളത്തുവയലിൽ താമസിക്കുന്നു. ഇവർക്ക് 3 മക്കൾ സജി, സിബി, ഷൈനി.

**c ചെറിയത് മത്തായി മകൻ P. M. മത്തായി (8) പൂവക്കുളത്ത് ചെറിയത് മത്തായിയുടെ ഇളയമകനായ P. M. മത്തായി, കൊഴുവനാൽ തോണക്കര കുടുംബാംഗമായ ഏലിയാമ്മയെ വിവാഹം കഴിച്ച് കൊന്നക്കാട്ട് (കാസർകോട്) താമസിക്കുന്നു. ഇവർക്ക് 8 മക്കൾ, മാമ്മി, പാപ്പച്ചൻ, കുഞ്ഞുകുട്ടി, അപ്പച്ചൻ, ഏലിക്കുട്ടി, വർഗീസ്, സ്കറിയാ, ഗ്രേസി.**

c1 മത്തായി മകൾ മാമ്മി (9) : പൂവക്കുളത്ത് മത്തായിയുടെ മൂത്തമകൾ മാമ്മിയെ വൈക്കം കരിമഠം കുടുംബാംഗമായ ജോർജ്ജ് വിവാഹം കഴിച്ചു. മാമ്മി റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സാണ് മക്കൾ സാനി, സിസ്സി, സിജി, സോഫി.

c2 മത്തായി മകൻ പാപ്പച്ചൻ (9) : പൂവക്കുളത്ത് മത്തായിയുടെ മകൻ പാപ്പച്ചൻ മേവിട പുളിക്കൽ കുടുംബാംഗമായ ഏലമ്മയെ വിവാഹം കഴിച്ച് കൊന്നക്കാട് താമസിക്കുന്നു. ഇവർക്ക് അഞ്ച് മക്കൾ - ജെസ്സി, ടോമി, സിസ്സി, സജി, വിജി.

c3 മത്തായി മകൻ കുഞ്ഞുകുട്ടി (9) : പൂവക്കുളത്ത് മത്തായിയുടെ മകൻ കുഞ്ഞുകുട്ടി മൂഴൂർ നരിമറ്റത്തിൽ മേരിയെ വിവാഹം കഴിച്ച് കൊന്നക്കാട്ട് താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ, സാലി, സാബു, ബീന.

c4 മത്തായി മകൻ അപ്പച്ചൻ (9) : പൂവക്കുളത്ത് മത്തായിയുടെ മകൻ അപ്പച്ചൻ അയർക്കുന്നം തറയിൽ കുടുംബാംഗമായ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 3 മക്കൾ അജി, ബിജി, റെജി. അപ്പച്ചൻ 6-10-1986ൽ നിര്യാതനായി.

c5 മത്തായി മകൾ ഏലിക്കുട്ടി (9) : പൂവക്കുളത്ത് മത്തായിയുടെ മകൾ ഏലിക്കുട്ടിയെ മുറിഞ്ഞകല്ലേൽ കുടുംബാംഗമായ തോമ്മാച്ചൻ വിവാഹം കഴിച്ചു. ഏലിക്കുട്ടി, അദ്ധ്യാപികയാണ്. ഇവർക്ക് നാല് മക്കൾ ബിന്ദു, സിന്ധു, മനു, സന്ധ്യ

c6 മത്തായി മകൻ വർഗീസ് (9) : പൂവക്കുളത്ത് മത്തായിയുടെ മകൻ വർഗീസ് പുന്നത്തുറ നരിക്കുഴി കുടുംബാംഗമായ മേരിയെ വിവാഹം കഴിച്ച് കൊന്നക്കാട്ട് താമസിക്കുന്നു. ഇവർക്ക് 3 മക്കൾ, ബിനോയി, ബിന്ദു, ബിനു.

c7 മത്തായി മകൻ സ്കറിയ (9) : പൂവക്കുളത്ത് മത്തായിയുടെ മകൻ സ്കറിയ മീനച്ചിൽ കല്ലേക്കുളം കുടുംബാംഗമായ തെയ്യാമ്മയെ വിവാഹം കഴിച്ച് കൊന്നക്കാട്ട് താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ സോജി. സോമി, സോണി

c8 മത്തായി മകൾ ഗ്രേസി (9) : പൂവക്കുളത്ത് മത്തായിയുടെ ഇളയ മകൾ ഗ്രേസിയെ അയർക്കുന്നം മരങ്ങാട്ട് കുടുംബാംഗമായ ഫിലിപ്പ് വിവാഹംകഴിച്ചു. ഗ്രേസി കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സായി ജോലിചെയ്യുന്നു. ഇവർക്ക് 2 മക്കൾ സുബിൻ, സുമി.

**2. ചെറിയത് സ്കറിയാ മകൻ ചെറിയത് ദേവസ്യ (7) : പൂവക്കുളത്ത് ചെറിയത് സ്കറിയായുടെ രണ്ടാമത്തെ മകനായ ചെറിയത് ദേവസ്യ കൊഴുവനാൽ കുന്നത്തുമാക്കൽ പുരയിടത്തിലേക്ക് മാറി താമസിച്ചു. ഭാര്യ മീനച്ചിൽ കല്ലകുളം കുടുംബാംഗമായ മറിയം. ഇവർക്ക് മൂന്ന് ആൺമക്കളും, ഒരു മകളും. സ്കറിയ (കുഞ്ഞ്) ജോസഫ് (കൊച്ച്) മത്തായി (കുട്ടി) അന്ന**

**a. ചെറിയത് ദേവസ്യാ മകൻ സ്കറിയ (കുഞ്ഞ്) (8) : പൂവക്കുളത്ത്**





**ചെറിയത് ദേവസ്യായുടെ മൂത്തമകനായ സ്കറിയ (കുഞ്ഞ്) കൊഴുവനാൽ മൈലാടിയിൽ പുരയിടത്തിലേക്ക് മാറി താമസിച്ചു. ഭാര്യ പാദുവാ കുഴിപ്പാലയിൽ കുടുംബാംഗമായ ത്രേസ്യാ ഇവർക്ക് അഞ്ച് മക്കൾ - ദേവസ്യാ, ജോസഫ്, മറിയക്കുട്ടി, ഏലിക്കുട്ടി, ത്രേസ്യാമ്മ, സ്കറിയ 10-5-1988 ലും ത്രേസ്യാ 5-10-1992 ലും നിര്യാതരായി.**



പൂവക്കുളത്ത് സ്കറിയായും (കുഞ്ഞ്) ഭാര്യ ത്രേസ്യായും

a1 സ്കറിയാ മകൻ ദേവസ്യ (പാപ്പച്ചൻ) (9) : പൂവക്കുളത്ത് സ്കറിയായുടെ മൂത്തമകൻ ദേവസ്യ (പാപ്പച്ചൻ) മുട്ടുചിറ മാഞ്ഞൂരാൻ കുടുംബാംഗമായ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് കൊഴുവനാലിൽ താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ ചെറിയാച്ചൻ, ജോർജജുകുട്ടി, ത്രേസ്യാമ്മ.

a1.1 ദേവസ്യാ മകൻ ചെറിയാച്ചൻ (10) : പൂവക്കുളത്ത് ദേവസ്യായുടെ മകൻ ചെറിയാച്ചൻ ആനിക്കാട് വണ്ടാനത്ത് കുടുംബാംഗമായ



പൂവക്കുളത്ത് ചെറിയാച്ചനും കുടുംബാംഗങ്ങളും



പൂവക്കുളത്ത് ദേവസ്യായും (പാപ്പച്ചൻ) കുടുംബാംഗങ്ങളും

ലിസിയെ വിവാഹം കഴിച്ചു. ലിസി സ്റ്റാഫ് നേഴ്സാണ്. ഇവർക്ക് രണ്ട് കുട്ടികൾ ആൽവിൻ, ആഷ്‌ലിൻ ഇവർ കുടുംബസമേതം ബഹറിനിലാണ്.

a1.2 ദേവസ്യാ മകൻ ജോർജ്ജുകുട്ടി (10) : പൂവക്കുളത്ത് ദേവസ്യായുടെ മകനായ ജോർജ്ജുകുട്ടി വാരിയാനിക്കാട് നിരപ്പേൽ ഐസക്കിന്റെ മകൾ റെജിയെ വിവാഹം കഴിച്ച് കൊഴുവനാലിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് കുട്ടികൾ ഡെല്ലാ, ഡെന്നി.

a1.3 ദേവസ്യാ മകൾ ത്രേസ്യാമ്മ (തങ്കമ്മ) (10) : പൂവക്കുളത്ത് ദേവസ്യായുടെ മകൾ ത്രേസ്യാമ്മ (തങ്കമ്മ) യെ മാൻവെട്ടം പനന്താങ്ങിയിൽ തോമസ് വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് കുട്ടികൾ, ലിനോ, ലീന, ലിജോ.

a2 സ്കറിയാ മകൻ ജോസഫ് (അപ്പച്ചൻ) (9) : പൂവക്കുളത്ത് സ്കറിയായുടെ മകനായ ജോസഫ് (അപ്പച്ചൻ) ചേർപ്പുങ്കൽ അമ്മനത്തുകുന്നേൽ ജോസഫിന്റെ മകൾ അന്നമ്മയെ വിവാഹം കഴിച്ച് പാലക്കാട്, കരിമ്പ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് നാലു മക്കൾ സിബി, സോണിയ, സോജൻ, സൗമ്യ.

a2.1 ജോസഫ് മകൻ സിബി (10) : പൂവക്കുളത്ത് ജോസഫിന്റെ മൂത്ത മകൻ സിബി പാലക്കാട് കല്ലടിക്കോട് മണപ്പള്ളിത്തടത്തിൽ കോശി





യുടെ മകൾ ജൂലിയെ വിവാഹം കഴിച്ച് മാതാപിതാക്കളോടൊപ്പം കരിമ്പയിൽ താമസിക്കുന്നു. 2 മക്കൾ ആൽബി, അനിറ്റ.

a2.2 ജോസഫ് മകൾ സോണിയ (10): പൂവക്കുളത്ത് ജോസഫിന്റെ മകൾ സോണിയായെ മംഗലം ഡാം കരോട്ടുകിഴക്കേൽ തോമസിന്റെ മകൻ ജിനോയി വിവാഹം കഴിച്ചു.

a2.3 ജോസഫ് മകൻ സോജൻ (10) : പൂവക്കുളത്ത് ജോസഫിന്റെ മകൻ സോജൻ ബഹറിനിലിൽ ജോലി ചെയ്യുന്നു. സോജൻ അവിവാഹിതനാണ്.

a2.4 ജോസഫ് മകൾ സൗമ്യ (10) : പൂവക്കുളത്ത് ജോസഫിന്റെ ഇളയ മകൾ സൗമ്യ സ്റ്റാഫ് നേഴ്സായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

a3 സ്കറിയാ മകൾ മറിയക്കുട്ടി (9) : പൂവക്കുളത്ത് സ്കറിയായുടെ മകളായ മറിയക്കുട്ടിയെ ആനിക്കാട്ട് വണ്ടാനത്ത് ഐസക് വിവാഹം കഴിച്ചു. ഇവർക്ക് എട്ട് മക്കൾ. ഫാ. ആന്റണി വണ്ടാനത്ത് MCBS ഐസക് മറിയക്കുട്ടി ദമ്പതികളുടെ മകനാണ്.

പൂവക്കുളത്ത് സ്കറിയായുടെ മറ്റ് രണ്ട് പെൺമക്കളായ a4 ഏലിക്കുട്ടിയും, a5 ത്രേസ്യാമ്മയും അവിവാഹിതരാണ്. ഏലിക്കുട്ടി 5-4-2007-ൽ നിര്യാതയായി.

**b ചെറിയത് ദേവസ്യാമകൻ ജോസഫ് (കൊച്ച്) (8) പൂവക്കുളത്ത് ചെറിയത് ദേവസ്യയുടെ മകൻ ജോസഫ് (കൊച്ച്) കുന്നത്തുമാക്കൽ തറവാട്ടിൽ താമസിച്ചു. അവിടെ നിന്നും കുടുംബസമേതം കാഞ്ചിയാറ്റിലേക്ക് മാറി താമസിച്ചു. രണ്ട് മക്കൾ ദേവസ്യ, മേരി.**

b1 ജോസഫ് മകൻ ദേവസ്യ (കുഞ്ഞുകുട്ടി) (9) : പൂവക്കുളത്ത് ജോസഫിന്റെ മകൻ ദേവസ്യ (കുഞ്ഞുകുട്ടി) കുടുംബസമേതം കാഞ്ചിയാറ്റിൽ താമസിച്ചു.

b2 ജോസഫ് മകൾ മേരി (9) : പൂവക്കുളത്ത് ജോസഫിന്റെ മകൾ മേരി കാഞ്ഞിരമറ്റം ഓലിക്കൽ കുടുംബത്തിൽ വിവാഹം കഴിച്ചയച്ചു.

**c ചെറിയത് ദേവസ്യ മകൻ മത്തായി (കുട്ടി) (8) : പൂവക്കുളത്ത് ചെറിയത് ദേവസ്യായുടെ മകൻ മത്തായി (കുട്ടി) കൊഴുവനാൽ അറക്കൽ പുരയിടത്തിലേക്ക് മാറി താമസിച്ചു. വരകുകാലായിൽ തൊമ്മന്റെ മകൾ ഏലി ആണ് ഭാര്യ. ഇവർക്ക് മൂന്ന് മക്കൾ ദേവസ്യ, തോമസ്, മേരി.**

c1 മത്തായി മകൻ ദേവസ്യ (9): പൂവക്കുളത്ത് മത്തായിയുടെ മകൻ ദേവസ്യ മണലുങ്കൽ മൂങ്ങാമാക്കൽ മാത്യുവിന്റെ മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ദേവസ്യ കൊഴുവനാൽ സർവ്വീസ് സഹകരണബാങ്ക് സെക്രട്ടറിയായിരുന്നു. കുഞ്ഞമ്മ റിട്ടയേർഡ് അദ്ധ്യാപികയാണ്. ഇവർക്ക് രണ്ട് മക്കൾ വിന്നി, വിനീത

c1.1 ദേവസ്യമകൻ വിന്നി (10) പൂവക്കുളത്ത് ദേവസ്യായുടെ മകൻ വിന്നി പായിപ്പാട് വെട്ടുകാട് ഒട്ടത്തിൽ സെബാസ്റ്റ്യന്റെ മകൾ ലിൻസിയെ വിവാഹം കഴിച്ചു. വിന്നിയും ലിൻസിയും ഡന്റിസ്റ്റുമാരാണ്. വിന്നി കോട്ടയത്തും, ലിൻസി അയർക്കുന്നത്തും പ്രക്ടീസ് ചെയ്യുന്നു. ഇവർക്ക് രണ്ട് കുട്ടികൾ ചിന്നു, പൊന്നു.

c1.2 ദേവസ്യ മകൾ വിനീത (10) : പൂവക്കുളത്ത് ദേവസ്യായുടെ മകൾ വിനീതയെ പെരുമ്പാവൂർ കൂവപ്പടി ഇലവുംകുടി ജോസഫിന്റെ മകൻ ഷിബു വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് മക്കൾ - നിവ്യ, മുത്ത്.

c2 മത്തായി മകൻ തോമസ് (9) : പൂവക്കുളത്ത് മത്തായിയുടെ മകൻ തോമസ് വെള്ളിയാമറ്റം പതാലിൽ തോമസിന്റെ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. റിട്ടയേർഡ് അദ്ധ്യാപകനായ തോമസ് ഇപ്പോൾ വാഴൂരിലാണ് താമസം. ഇവർക്ക് മൂന്ന് മക്കൾ അജിത്, ജിജിത്, രജ്ഞിത്ത്

c2.1 തോമസ് മകൻ അജിത് (10) : പൂവക്കുളത്ത് തോമസിന്റെ മൂത്തമകനായ അജിത് അബുദാബിയിൽ ജോലി ചെയ്യുന്നു. അജിത് അവിവാഹിതനാണ്.

c2.2 തോമസ് മകൻ ജിജിത് (10) : പൂവക്കുളത്ത് തോമസിന്റെ മകൻ ജിജിത് ഇരട്ടയാർ മേലേട്ട് മാത്യുവിന്റെ മകൾ സീമയെ വിവാഹം കഴിച്ച് തിരുപ്പൂരിൽ താമസിക്കുന്നു.

c2.3 തോമസ് മകൻ രജ്ഞിത് (10) : പൂവക്കുളത്ത് തോമസിന്റെ ഇളയ മകനായ രജ്ഞിത് തിരുപ്പൂരിൽ ജോലി ചെയ്യുന്നു. അവിവാഹിതനാണ്.

c3 മത്തായി മകൾ മേരി (9) : പൂവക്കുളത്ത് മത്തായിയുടെ മകൾ മേരിയെ കൊങ്ങാണ്ടൂർ കണിയാംകുന്നേൽ ജോർജ്ജ് വിവാഹം കഴിച്ചു. മേരി റിട്ടയേർഡ് അദ്ധ്യാപികയും, ജോർജ്ജ് റിട്ട. SBI ഉദ്യോഗസ്ഥനുമാണ്. ഇവർക്ക് മൂന്നുമക്കൾ- ജെയ്സി, ബിനോ, കുഞ്ഞുമോൾ.

**d പൂവക്കുളത്ത് ദേവസ്യായുടെ മകൾ അന്ന(8)യെ കടയനിക്കാട് പറയരുതോട്ടത്തിൽ (താന്നിക്കൽ) മത്തായി വിവാഹം കഴിച്ചു.** ■





# വടയാറ്റുകുന്നേൽ ശാഖ



**പൂവക്കുളത്ത്, നാലാം തലമുറ തൊമ്മന്റെ നാലാമത്തെ മകൻ ഇട്ടിഅവിരാ (അഞ്ചാംതലമുറ) മേവിട, മാപ്പിള കുന്നേൽ (വടയാറ്റുകുന്നേൽ) പുരയിടത്തിൽ താമസമാക്കി. ഇട്ടിഅവിരായ്ക്ക് തൊമ്മൻ എന്ന ഏകപുത്രനും നാലുപെൺമക്കളുമുണ്ടായിരുന്നു. പെൺമക്കളിൽ മൂത്തവളെ കൊഴുവനാൽ തെക്കേമുറിയിലും, രണ്ടാമത്തവളെ പ്രവിത്താനത്ത് ചന്ദ്രൻകുന്നേലും, നാലാമത്തവളെ വിളക്കുമാടത്തും കല്ല്യാണം ചെയ്തയച്ചു. തൊമ്മൻ, അന്നയെ വിവാഹം ചെയ്തു ഇവർക്ക് ഏഴുമക്കൾ, നാലാണും, മൂന്നുപെണ്ണും.**

**1 അവിരാ (7) - ഭാര്യ മറിയം ഇവർക്ക് എട്ടുമക്കൾ, അഞ്ചാണും മൂന്നുപെണ്ണും. ഈ കുടുംബം കൊഴുവനാൽ മാപ്പിളകുന്നേൽ താമസമാക്കി.**

**a തൊമ്മൻ (കുഞ്ഞൂഞ്ഞ്) (8) - പാലാകാപ്പിൽ കുടുബത്തിൽ നിന്നും വിവാഹം (കുഞ്ഞൂഞ്ഞ്) ചെയ്ത്, കൂരോപ്പട താമസമാക്കി. ഇവർക്ക് അഞ്ച് മക്കൾ ഒരാണും, നാലു പെണ്ണും.**

a1. അവിരാച്ചൻ - ഭാര്യമേരി, പൂവത്തിളപ്പ്, വെട്ടിക്കാട്ടിൽ കുടുംബാംഗം. ഇവർക്ക് നാലുപുത്രിമാർ. ഈ കുടുംബം ഹൈദ്രാബാദിൽ താമസമാക്കിയിരിക്കുന്നു. അവിരാച്ചൻ നിര്യാതനായി.

a2. മറിയം - നേരത്തെ മരിച്ചുപോയി

a3. ചിന്നമ്മ - ഭർത്താവ് മാത്യു പുത്തേട്ട് കൂരോപ്പടമാപ്പിളക്കുന്നേൽ വീട്ടിൽ താമസിക്കുന്നു.

a4. ഏലിക്കുട്ടി - അവിവാഹിത a5). ത്രേസ്യാമ്മ, ഭർത്താവ് - രാജു കോൾവിൻ ഇരുവരും അമേരിക്കയിലാണ്.

**b മത്തൻ (മത്തായി) (8) - ഭാര്യ അന്നമ്മ, കുറുപ്പന്തറ, കുപ്പേനാട്ട് കുടും**

ബാംഗം. ഇവർ മേവിടതാമസിച്ചിരുന്നു. അവിടം വിറ്റ്, സൗത്ത് കാന റയിൽ മംഗലാപുരത്തിനടുത്ത്, കടമ്പായിൽ താമസമാക്കി. ഇവർക്ക് നാലുമക്കൾ, അബ്രാഹം, അപ്പച്ചൻ, ത്രേസ്യാമ്മ, ചിന്നമ്മ.

b1. അബ്രാഹം. ഭാര്യ റോസമ്മ എലിക്കുളം തയ്യിൽ കുടുംബാം ഗം. മക്കൾ ജോസഫ്, മറിയക്കുട്ടി.


തെക്കേക്കുഴിപ്പള്ളിൽ (അറുപതുകാലായിൽ) റ്റി. എ. ജോസഫും ഭാര്യ ത്രേസ്യാമ്മയും

C. ജോസഫ് (8) -അബ്രാഹത്തിന്റെ മകൻ ജോസഫ് കോതനല്ലൂർ വട്ടുകളത്തേൽ, അറുപതുംകാലായിൽ മാത്തൻ ഗർവ്വാസീസിന്റെ മകൾ ത്രേസ്യാമ്മയെ ദത്തുവിവാഹം കഴിച്ച് കോതനല്ലൂരിൽ താമസിച്ചു. അദ്ധ്യാപകനായിരുന്ന ജോസഫ് 7.7.1972 ലും ത്രേസ്യാമ്മ 15.5.2000 ലും നിര്യാതരായി. ഇവർക്ക് എട്ട് മക്കൾ.

C1 മേരിക്കുട്ടി ജോസ് - (സി. സെലിൻ S. C. J.M ) അമൃതസാറിൽ സേവനം ചെയ്യുന്നു.

C2 മാത്യു ജോസഫ് (അപ്പച്ചൻ) - ഭാര്യ ത്രേസ്യാമ്മ കുടമാളൂർ പാലത്തടത്തിൽ കുടുംബാംഗം 3 മക്കൾ ഡെൻസി, ഡെന്നീസ്, സോജി.

C2.1 ഡെൻസി - മുട്ടുചിറ കരോട്ട് കുടുംബാംഗമായ കുര്യാച്ചൻ വിവാഹം കഴിച്ചു 2 മക്കൾ.

C2.2 ഡെന്നീസ് (ഫാ. ജോസഫ് അറുപതുകാലാ C.M.F)- മഹാരാഷ്ട്രയിൽ വാർദ്ധായിൽ സേവനം ചെയ്യുന്നു.

C2.3 സോജി - ഭാര്യ മഞ്ജു കടപ്ലാമറ്റം ചിറച്ചാത്തൂർ കുടുംബാംഗം.

C3 അബ്രഹാം ജോസ് (ബേബി) - ഭാര്യ കുസുമം മോനിപ്പള്ളി ചീങ്കല്ലേൽ പാണ്ടിപ്പള്ളിൽ കുടുംബാംഗം. ബേബി കടുത്തുരുത്തി സബ്ബ് ട്രഷറിയിൽ സീനിയർ അക്കൗണ്ടന്റാണ്. അറുപതിൽ തറവാട്ടിൽ താമസിക്കുന്നു. 2 മക്കൾ ജോസ് മോൻ,






തെക്കേക്കുഴിപ്പള്ളിൽ (അറുപതുകാലായിൽ) എബ്രഹാം ജോസഫും കുടുംബാംഗങ്ങളും

ട്രീസാമോൾ.

C4 ആനിയമ്മ - മാൻവെട്ടം പുത്തുപ്പള്ളിൽ സേവ്യർ വിവാഹം കഴിച്ചു. സേവ്യർ നിര്യാതനായി 2മക്കൾ ജോസഫ്, റിജാ

C5 ബ്രിജിറ്റ് (വത്സമ്മ) - ചെമ്പിളാവ് വളർകോട്ട് ജോയി വിവാഹം കഴിച്ചു. 3 മക്കൾ

C6 ഗർവ്വാസീസ് (ജോയി) - ഭാര്യ ഫിലോമിന കോട്ടക്കുപുറം കണ്ണൻതൊട്ടിയിൽ കുടുംബാംഗം. 3 മക്കൾ, മൂത്തയാൾ മാനന്തവാടിൽ വൈദിക വിദ്യാർത്ഥിയാണ്.

C7 ജോണി ജോസഫ് - ഭാര്യ ഡാർളി പിറവം മൂത്താനിച്ചിറ കുടുംബാംഗം ഒരു കുട്ടിയുണ്ട്.



തെക്കേക്കുഴിപ്പള്ളിൽ (അറുപതുകാലായിൽ) ജോണി ജോസഫും കുടുംബാംഗങ്ങളും

C8 മോളിക്കുട്ടി (സി. ജോസ് ലിറ്റ് F. C. C.) - ഇപ്പോൾ പഞ്ചാബിൽ ജലന്തർരൂപതയിൽ സേവനം ചെയ്യുന്നു.

**d) കുട്ടി (8) - കൊഴുവനാൽ മാപ്പിളകുന്നേൽ (തെക്കേ കുഴുപ്പള്ളിൽ) തറവാട്ടിൽ താമസിച്ചിരുന്നു. ഭാര്യ റോസ, എലിക്കുളം തയ്യിൽ കുടുംബാംഗം. രണ്ടു മക്കൾ, പാപ്പച്ചൻ, മറിയക്കുട്ടി.**



തെക്കേക്കുഴിപ്പള്ളിൽ ജോസഫ് (പാപ്പച്ചൻ)

d1. പാപ്പച്ചൻ - ഭാര്യ ഏലിക്കുട്ടി, നരിയങ്ങാനം, കിഴക്കേൽ കുടുംബാംഗം, മൂന്നു മക്കൾ ഒരാണും രണ്ടു പെണ്ണും. ബിജു, റോസലി, ബീന, പാപ്പച്ചൻ 1995 സെപ്റ്റംബർ 9-ാം തീയതി നിര്യാതനായി. മറിയക്കുട്ടി പാപ്പച്ചന്റെ മകൻ ബിജുവിനോ







തെക്കേക്കുഴിപ്പള്ളിൽ ഏലിക്കുട്ടിയും കുടുംബാംഗങ്ങളും

ടൊപ്പം കൊഴുവനാലിൽ താമസിക്കുന്നു. ബിജു ഡൽഹിയിൽ സോഷ്യൽ വർക്കറാണ്. റോസലിയെ കപ്പാട് പള്ളിക്കുന്നേൽ വർക്കിയുടെ മകൻ ജെയിംസ് വിവാഹം കഴിച്ചു. കുടുംബസമ്മേതം യു.കെ.യിൽ.



തെക്കേക്കുഴിപ്പള്ളിൽ അവിരാ വർഗ്ഗീസ്

e. കൊച്ചുവർക്കി (വർഗീസ്) (8) - എക്സൈസ് സർവ്വീസിൽ സേവനം അനുഷ്ഠിച്ചു വിരമിച്ചു. നിലത്തെഴുത്ത് കളരി ആശാനായും കുറച്ചു കാലം പ്രവർത്തിച്ചു. മാപ്പിളക്കുന്നേൽ പുരയിടത്തിൽ മറ്റൊരു വീടുവച്ചുതാമസിക്കുന്നു. ഭാര്യ മറിയക്കുട്ടി, ഏറ്റുമാനൂർ ഞരമ്പൂർ കുടുംബാംഗം. ഇവർക്ക് ആറുമക്കൾ, മൂന്നാണും മൂന്നുപെണ്ണും.

e1. അപ്പച്ചൻ (അബ്രാഹം) - മലബാറിൽ, സീതാമൗണ്ടിൽ താമസിക്കുന്നു. ഭാര്യ അന്നാമ്മ തോടനാൽ ഇരുപ്പക്കാട്ട് കുടുംബാംഗം. ആറുമക്കൾ, രണ്ടാണും, നാലുപെണ്ണും.

e2. മേരി - പാലാ, തട്ടാപറമ്പിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. രണ്ടുപെൺമക്കൾ. ഷീല, ഷീന.

e3. ജോയി - തറവാട്ടിൽ താമസിക്കുന്നു. ഭാര്യ ലീലാമ്മ, മറ്റക്കര മേച്ചേരി കുടുംബാംഗം. രണ്ടുമക്കൾ, ഒരാണും ഒരു പെണ്ണും ജോമോൻ (മസ്കറ്റ്) ലിജുമോൾ, ലിജുമോളെ അതിരമ്പുഴ ഇലഞ്ഞിയിൽ സേവ്യറിന്റെ മകൻ തോമസ് (സെയിൽടാക്സ് ഓഫീസ് കോട്ടയം) വിവാഹം കഴിച്ചു.



തെക്കേക്കുഴിപ്പള്ളിൽ ജോയിയും കുടുംബാംഗങ്ങളും

e4. തങ്കമ്മ - പാളയം തലമടയിൽ കുഞ്ഞൂഞ്ഞ് വിവാഹം ചെയ്തു. മൂന്നുമക്കൾ, രണ്ടാണും, ഒരു പെണ്ണും. ഷാജി, സജി, ബെറ്റി.

e5. ബേബി - മാപ്പിളക്കുന്നേൽ പുരയിടത്തിൽ തന്നെ മാറിത്താമസിക്കുന്നു. ഭാര്യ ചിന്നമ്മ, ആർപ്പൂക്കര ഇലഞ്ഞിയിൽ കുടുംബാംഗം. മൂന്നു മക്കൾ, രണ്ടാണും, ഒരുപെണ്ണും സെബി, സോജി, സിമി.

e6. കുട്ടിയമ്മ - കുറുഞ്ഞികളപ്പുരയ്ക്കൽ മാത്തുക്കുട്ടി വിവാഹം ചെയ്തു. ഒരു മകൻ ജെയിസൺ.

**f.** **അന്നാമ്മ (8) - കീരിക്കര പേങ്ങാനത്ത് കുഞ്ഞ് വിവാഹം ചെയ്തു.**





**രണ്ടുമക്കൾ, ഒരാണും, ഒരുപെണ്ണും കുഞ്ഞ്, ചിന്നമ്മ.**



തെക്കേക്കുഴിപ്പള്ളിൽ എലിയാമ്മ

**g. കുഞ്ഞേലി (ഏലിയാമ്മ) (8) - അവിവാഹിതയായിരുന്നു. നിലത്തെഴുത്തുകളരി ആശാട്ടിയായിരുന്നു.**

**h. മാമ്മി (8) - പുതുശ്ശേരി കുര്യാച്ചൻ വിവാഹം ചെയ്തു. മാനന്തവാടിയിൽ താമസിക്കുന്നു. എട്ടു മക്കൾ നാലാണും, നാലു പെണ്ണും, ഇവരിൽ രണ്ടുപേർ വൈദികരും ഒരാൾ കന്യാസ്ത്രീയുമാണ്. ഫാ. ജോസ് പുതുശ്ശേരി എസ് വി ഡി (കണ്ണൂർ) ഫാ. അബ്രഹം പുതുശ്ശേരിMCBS (ബാംഗ്ലൂർ) സി. ദീപ്തി (ഹോളി ക്രോസ് കോൺവെന്റ് തെള്ളകം).**

**2. തൊമ്മന്റെ രണ്ടാമത്തെ മകൻ തൊമ്മന് (7) നാല് ആൺമക്കൾ. മക്കളിൽ തൊമ്മൻ പഴനിലത്തുനിന്നും വിവാഹം ചെയ്തു. രണ്ടാൺ മക്കൾ ഇരുവരും പെരുവന്താനത്ത് കുടുംബസഹിതം താമസിക്കുന്നു. അടുത്ത മകൻ അവിരാ മേവിടതൊടുകയിൽ നിന്നും വിവാഹം ചെയ്തു. രണ്ടുമക്കൾ ഒരാണും, ഒരുപെണ്ണും. ഇവരെല്ലാം മലബാറിൽ താമസമാക്കിയിരിക്കുന്നു. മറ്റൊരുമകൻ ഉലഹന്നാൻ പ്രവിത്താനത്ത്, ഈയം പാട്ടേൽ നിന്നും വിവാഹം ചെയ്തു. ഈ കുടുംബം മലബാറിൽ ചെമ്മനോട് താമസിക്കുന്നു.**

**3. തൊമ്മന്റെ മൂന്നാമത്തെ മകൻ വർക്കി (7), പുലിയന്നൂർ ഇടമനപ്പാട്ട് ദത്ത് പോയി. ആ കുടുംബം ഉപ്പുതറയിലേയ്ക്ക് കുടിയേറ്റം നടത്തി. കുഴിയടിയിൽ എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു. ഇവർക്ക് ഏഴുമക്കൾ, മൂന്നാണും, നാലുപെണ്ണും. ഔസേപ്പ്, വർക്കി, ചാണ്ടി, അന്നമ്മ, ത്രേസ്യാ, റോസ, ഏലി. വർക്കിയുടെ മകൻ ഡോ.ജോസഫ്, നെടുംകണ്ടത്ത്, മെഡിക്കൽ സെന്റർ എന്ന ആശുപത്രി നടത്തുന്നു. പെൺമക്കളിൽ, അന്നമ്മയെ എലിക്കുളം, പെരുവലങ്ങാട്ടും, ത്രേസ്യയെ പാലാ കുഴിവേലിലും, റോസയെ ഉപ്പുതറ, കണിയാരശ്ശേരിയിലും, ഏലിയെ ആർപ്പൂക്കര പൊടിപാറയിലും വിവാഹം ചെയ്തയച്ചു.**

4. തൊമ്മന്റെ നാലാമത്തെ മകൻ ഔസേപ്പ് (7) മറിയത്തെ വിവാഹം ചെയ്ത് കാഞ്ഞിരമറ്റത്ത് താമസമാക്കി. ഇവർക്ക് ആറ് മക്കൾ, അഞ്ചാണും, ഒരുപെണ്ണും.

1. കുഞ്ഞ് (തോമസ്) (8) 18-ാം വയസ്സിൽ മരിച്ചുപോയി.
2. ചാക്കോ (8) - ഭാര്യ ഏലി, പുന്നത്തുറ, നടുവിലേടത്ത് കുഞ്ചിറക്കാട്ടിൽ കുടുംബാംഗം. ഇവർക്ക് ഒരു പുത്രൻ മാത്രം. ജോസഫ്, ജോസഫിന് നാലുവയസ്സുള്ളപ്പോൾ പിതാവ് ചാക്കോ മരിച്ചു. പ്രായപൂർത്തിയായപ്പോൾ ജോസഫ്, തമ്പലക്കാട്, ആയല്ലൂർ കുടുംബാംഗം മേരിയെ വിവാഹം ചെയ്തു. ജോസഫും കുടുംബവും കാഞ്ഞിരമറ്റത്തുനിന്നും കോഴിക്കോട്, വിലങ്ങാട്ട് കുടിയേറി പാർത്തു. ഇവർക്ക് ആറു മക്കൾ, നാലാണും, രണ്ടുപെണ്ണും.

a. തങ്കച്ചൻ (ജെയിംസ്) (9)- ഭാര്യ ലില്ലിക്കുട്ടി, കൊട്ടിയൂർ, കുന്നേൽ കുടുംബാംഗം. കോഴിക്കോട് മെഡിക്കൽ കോളജിൽ നഴ്സായി ജോലി ചെയ്യുന്നു. രണ്ടുമക്കൾ, ജെറിൻ, മെറിൻ

b. സണ്ണി (ജോസ്) - ഉത്തർ പ്രദേശിൽ, അലഹബാദ് ഏ.ജി. ഓഫീസിൽ ജോലി ചെയ്യുന്നു. ഭാര്യ അൽഫോൻസ, കറുകുറ്റി, പള്ളത്താട്ടിൽ കുടുംബാംഗം. രണ്ടുമക്കൾ, ജോബിൻ, സോണിയ. ഈ കുടുംബം അലഹബാദിൽ താമസിക്കുന്നു.

c. ടോമി (തോമസ്) - ഫാ. തോമസ് പരിശുദ്ധ ത്രീത്വത്തിന്റെ സഭ എന്ന സന്യാസമൂഹത്തിൽ ചേർന്ന് 1996-ൽ വൈദികനായി. ആ സഭയുടെ സുപ്പീരിയറായിരിക്കെ 1997-ൽ നിര്യാതനായി.

d. ബെന്നി (സക്കറിയാസ്) - ഇൻഡ്യൻ നാവികസേനയിൽ കായിക വകുപ്പിൽ സേവനം അനുഷ്ഠിച്ചു വിരമിച്ചു. ഭാര്യ ലീലമ്മ കക്കാട് ഇടവക തൊഴുത്തിങ്കൽ കുടുംബാംഗം. ഒരു പുത്രിയുണ്ട്.

e. സാലി (ഏലിയാമ്മ) - ചുങ്കക്കുന്ന് ഇടവക മഠത്തുംമുറിയിൽ ജോസ് വിവാഹം ചെയ്തു. രണ്ടുപുത്രിമാരുണ്ട്.

f. റീന (മറീന) - തെയ്യപ്പാറ ഇടവക ഈഴക്കുന്നേൽ ബിനു വിവാഹം ചെയ്തു.





3. ജോസഫ് (8) - അദ്ധ്യാപകനായിരുന്നു. ഭാര്യ മറിയം, കിഴപഴയാർ പൊന്നെടുത്തുകല്ലേൽ കുടുംബാംഗം. ഇവർക്ക് മൂന്ന് ആണ്ണും മൂന്നു പെണ്ണും. ജോസഫും ഭാര്യയും നിര്യാതരായി.

a. ജോസഫ് (9) - ഭാര്യ തെയ്യാമ്മ ചെങ്കല്ലേൽ ഓലിക്കൽ കുടുംബാംഗം ഇവർക്ക് 5 മക്കൾ 4 ആണും, ഒരു പെണ്ണും. ഇവർ കാഞ്ഞിരമറ്റത്തു താമസിക്കുന്നു.

a1. ലാൽ.വി.ജോസ് - എറണാകുളം, ഐ.ഓ.സി., അസി.മാനേജർ. ഭാര്യ കുസുമം, മൂവാറ്റുപുഴ, എടപ്പാട്ട് കുടുംബാംഗം രണ്ടുകുട്ടികൾ

a2. ഫാ.ജോർജ്ജ് വടയാറുകുന്നേൽ സി.എം.ഐ. ബാംഗ്ലൂരിൽ

a3. ജിമ്മി ജോസഫ് - ഭാര്യ സയന്തി, ഒരു കുട്ടിയുണ്ട്.

a4. ക്രിസ്മേരി - രാമപുരം, നീറന്താനം, കണ്ണൻകുളത്ത് ജോജോ വിവാഹം ചെയ്തു.



വടയാറ്റുകുന്നേൽ ജേക്കബ് വി. ജോസഫും (ചാക്കോച്ചൻ) കുടുംബാംഗങ്ങളും

b. ജേക്കബ് (9) - മൂഴൂർ കണിപറമ്പിൽ റോസമ്മയെ വിവാഹം ചെയ്തു. വള്ളിച്ചിറ താമസിക്കുന്നു. നാലുമക്കൾ. ജെയ്സൺ, ജോയിസൺ, ജിൽസൺ, റോസ്മേരി. ജേക്കബ് പാല സെന്റ് തോമസ് ഹൈസ്കൂളിലേയും, റോസമ്മ പാല സെന്റ് മേരീസ് ഹൈസ്കൂളിലേയും റിട്ട. അദ്ധ്യാപകരാണ്.

c. ബാബു (9) - നാഗാലാൻഡിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. ഭാര്യ ബോറ, നാലുമക്കൾ. ജൂലി, ജെന്നിഫർ, ആൻഡ്രൂസ്, റോസിലി.

d. മേരി - അദ്ധ്യാപിക, ചേർത്തലയിൽ തൈക്കാട്ടുശ്ശേരി, കൊല്ലേഴം പീറ്റർ വിവാഹം ചെയ്തു.

e. ശാന്തമ്മ - മരങ്ങാട്ടുപള്ളി, ആനക്കനാട്ട് പോൾ വിവാഹം ചെയ്തു. 2 കുട്ടികൾ.

f. ജോവാൻ - കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക് സ്കൂളിൽ അദ്ധ്യാപിക. ആനിക്കാട് പുലിയുറുമ്പിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. 3 കുട്ടികൾ.

**4. അവിരാ (അബ്രാഹം) (8) - എക്സൈസ് സർവ്വീസിലായിരുന്നു. ഭാര്യ ബ്രിജിറ്റ്, പിണ്ണാക്കനാട്ട്, കീരൻചിറ കുടുംബാംഗം. ഇവർ കൊഴുവനാൽ താമസിച്ചിരുന്നു. പിന്നീട് അവിടം വിറ്റ് കല്ലൂർക്കാട് താമസമാക്കി. ഇവർക്ക് എട്ടുമക്കൾ നാലാണും, നാലുപെണ്ണും.**

a. ജോസഫ് (പാപ്പച്ചൻ) (9) - പ്ലാന്റേഷൻ കോർപ്പറേഷൻ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ ആലീസ്, ടെലിഫോൺസിൽ എൻജിനിയർ, കൊഴുവനാൽ, മയിലാടിയിൽ കുടുംബാംഗം. കോട്ടയത്ത് താമസിക്കുന്നു. മൂന്നുമക്കൾ, ഒരാണും, രണ്ടുപെണ്ണും.

b. ചാക്കോ - കട്ടപ്പനയിൽ താമസിക്കുന്നു. ഭാര്യ ലീലാമ്മ, പുതുപ്പള്ളി കാണക്കാരി കുടുംബാംഗം. രണ്ടുമക്കൾ.

c. ജോർജ്ജുകുട്ടി - വാഴക്കുളത്ത് താമസിക്കുന്നു. സൗദിയിൽ ജോലി. ഭാര്യ മോനി തലനാട് മുതുപ്ലാക്കൽ കുടുംബാംഗം രണ്ടുമക്കൾ.

d. ഫ്രാൻസിസ് - കല്ലൂർക്കാട് തറവാട്ടിൽ താമസിക്കുന്നു.

e. മേരി - അദ്ധ്യാപികയായിരുന്നു. കല്ലൂർക്കോട് കളപ്പുരയ്ക്കൽ ഷാജി വിവാഹം ചെയ്തു.

f. പ്രിൻസി - ആനിക്കാട് പുതുപ്പറമ്പിൽ പ്രിൻസ് വിവാഹം ചെയ്തു.





g. റീത്താ - കല്ലൂർക്കാട്, പെരുമാൻകണ്ടം ബാബു വിവാഹം ചെയ്തു.

h. റജീന - വടശ്ശേരിക്കരയിൽ വിവാഹം ചെയ്തയച്ചു.

**5. തോമസ് വി.ജെ. (തൊമ്മി) (8) - വടയാറ്റുകുന്നേൽ, കാഞ്ഞിരമറ്റം. ഭാര്യ മറിയം. ആറുമാനൂർ, നടുവിലേടം കുടുംബാംഗം. ആറുമക്കൾ, മൂന്നാണും, മൂന്നുപെണ്ണും.**

a. ജോസ് (9) - ഭാര്യ ലീലാമ്മ, പാലാ - മുണ്ടാങ്കൽ പൂവേലിൽ കുടുംബാംഗം. ഈ കുടുംബം, ചിറ്റാരിക്കാലിൽ താമസിക്കുന്നു. നാലുമക്കൾ, സോജൻ, ഡെന്നീസ്, ഷൈൻ, മഞ്ചു.

b. പെണ്ണമ്മ (മേരി) - കാഞ്ഞിരമറ്റം, ചെരിപുറത്ത്, കുര്യാച്ചൻ വിവാഹം ചെയ്തു. വയനാട് വൈത്തിരിയിൽ താമസിക്കുന്നു. ആറുമക്കളുണ്ട്.

c. തോമസ് - എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്നു. ഭാര്യ ആലീസ്, ഹൈസ്കൂൾ അദ്ധ്യാപിക, കാഞ്ഞിരമറ്റം, പന്തപ്പള്ളിയിൽ കുടുംബാംഗം. ഇവർ കാഞ്ഞങ്ങാട്ട് താമസിക്കുന്നു. രണ്ടുമക്കൾ തോമസ് (എം.ബി.ബി.എസ്സ്) പ്രിയ (ബി. എസ്സ്. സി. നേഴ്സ്).

d. സിസ്റ്റർ ട്രീസാതോമസ് - ആന്ധ്രായിൽ അദ്ധ്യാപികയായി സേവനം ചെയ്യുന്നു.

e. ചാക്കോ - കാഞ്ഞിരമറ്റത്ത് തറവാട്ടിൽ താമസിക്കുന്നു. ഭാര്യമറിയം, കരിമ്പാനി, ചാമനാട്ട് കുടുംബാംഗം. മൂന്നുമക്കൾ.

f. ലൂസി (മറിയം) - മണലുങ്കൽ, പാറേൽ സിറിയക് വിവാഹം ചെയ്തിരിക്കുന്നു. നെയ്യാട്ടുശ്ശേരിയിൽ താമസിക്കുന്നു. രണ്ടുമക്കൾ.

**ഔസേപ്പിന്റെ ഏകമകൾ അന്ന(8)യെ, കാഞ്ഞിരപ്പള്ളി പന്തിരുവേലിൽ സ്കറിയാ വിവാഹം ചെയ്തു.**

■

# വലിയപറമ്പിൽ ശാഖ

മേവിട - വെട്ടിക്കാട്ട് വയലിൽ നിന്നും കൊഴുവനാൽ മലയിരുത്തിയിൽ താമസമാക്കിയ പൂവക്കുളത്ത് തൊമ്മൻ എന്ന കാരണവരുടെ അഞ്ച് മക്കളിൽ ഒരാളായ ഔസേപ്പ് (5) വലിയപറമ്പിൽ താമസമാക്കി. ഔസേപ്പിന് മൂന്നുമക്കൾ തൊമ്മൻ വലിയപറമ്പിൽ, അവിരാ വലിയപറമ്പിൽ, ഔസേപ്പ് വരിക്കമൊക്കൽ.

A. തൊമ്മൻ വലിയപറമ്പിൽ (6) : വലിയപറമ്പിൽ ഔസേപ്പിന്റെ മൂത്തമകൻ തൊമ്മൻ കൊഴുവനാൽ നിന്നും കൊമ്പാറ എന്ന സ്ഥലത്തേയ്ക്ക് കുടുംബസമ്മേതം മാറിതാമസിച്ചു. തൊമ്മന് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായിരുന്നു. പെൺമക്കളിൽ ഒരാളെ ചേർപ്പുങ്കലും, ഒരാളെ ഇളംകുളത്തും വിവാഹം കഴിച്ചയച്ചു. ആൺമക്കൾ 3 പേരും കൊമ്പാറ തന്നെ താമസിച്ചു. ഔത, പാപ്പൻ, തൊമ്മൻ ഇവരായിരുന്നു ആൺമക്കൾ.

1. ഔത (7) : വലിയപറമ്പിൽ തൊമ്മന്റെ മൂത്തമകൻ ഔത കൊമ്പാറനിന്നും മലബാറിൽ കൊന്നക്കാട്ട് എന്ന സ്ഥലത്തേയ്ക്ക് താമസം മാറ്റി. ഭാര്യ ഏലി, പാലാ പാട്ടത്തിൽ കുടുംബാംഗം ഇവർക്ക് നാല് മക്കൾ. ആന്റണി, ഫ്രാൻസീസ്, മാമ്മി (കൊന്നക്കാട്), മറിയ (തോവാള).

a. ആന്റണി (അപ്പച്ചൻ) (8) : വലിയപറമ്പിൽ ഔതയുടെ മൂത്തമകൻ ആന്റണി (അപ്പച്ചൻ) കൊന്നക്കാട്ട് താമസമാക്കി.

b. ഫ്രാൻസീസ് (പാപ്പക്കുഞ്ഞ്) (8) : വലിയപറമ്പിൽ ഔതയുടെ രണ്ടാമത്തെ മകൻ ഫ്രാൻസീസ് (പാപ്പക്കുഞ്ഞ്) കൊന്നക്കാട്ട് താമസമാക്കി.





2. പാപ്പൻ (7) : വലിയപറമ്പിൽ തൊമ്മന്റെ രണ്ടാമത്തെ മകൻ പാപ്പൻ കൊമ്പാറ തന്നെ താമസിച്ചു. ഭാര്യ റോസ എരുത്തുപുഴ ചിറയ്ക്കൽ കുടുംബാംഗമാണ്. ഇവർക്ക് ഒരു മകൻ സ്കറിയ.

a. സ്കറിയ (8) : വലിയപറമ്പിൽ പാപ്പന്റെ ഏകമകൻ സ്കറിയാ മലബാറിൽ താമസമാക്കി. ഭാര്യ ആനിക്കാട് മഞ്ഞളാംകുന്നേൽ കുടുംബാംഗം. ഇവർക്ക് ഏഴ് മക്കൾ. ജോസഫ്, അവിരാച്ചൻ തങ്കച്ചൻ, ദേവസ്യാച്ചൻ, കുഞ്ഞമ്മ, കുഞ്ഞുമോൾ, ലിസി.

a1. ജോസഫ് (കുഞ്ഞുമോൻ) (9) : വലിയപറമ്പിൽ സ്കറിയായുടെ മൂത്തമകൻ ജോസഫ് ആലക്കോട്, കുടിയാൻമല (അരിക്കമല)യിൽ താമസമാക്കി.

a2. അവിരാച്ചൻ: വലിയപറമ്പിൽ സ്കറിയായുടെ രണ്ടാമത്തെ മകൻ അവിരാച്ചൻ മലബാറിൽ ചാണകക്കുണ്ട് എന്ന സ്ഥലത്ത് താമസിക്കുന്നു.

a3. തങ്കച്ചൻ: വലിയപറമ്പിൽ സ്കറിയായുടെ മൂന്നാമത്തെ മകൻ തങ്കച്ചനും ചാണകക്കുണ്ടിൽ താമസിക്കുന്നു.

a4. ദേവസ്യാച്ചൻ (Fr. സെബാസ്റ്റ്യൻ) : വലിയപറമ്പിൽ സ്കറിയായുടെ മകൻ ദേവസ്യാച്ചൻ വൈദികനാണ്. ഫാ.സെബാസ്റ്റ്യൻ ഇപ്പോൾ ഹൗറവെസ്റ്റിൽ റെക്ടറായി സേവനമനുഷ്ഠിക്കുന്നു.

3. തൊമ്മൻ (7) : വലിയപറമ്പിൽ തൊമ്മന്റെ ഇളയമകൻ തൊമ്മൻ അയർക്കുന്നം കുന്നേൽ കുടുംബാംഗമായ ഏലിയെ വിവാഹം കഴിച്ചു, കൊമ്പാറ തന്നെ താമസിച്ചു. ഇവർക്ക് അഞ്ച് മക്കൾ. തൊമ്മൻ, അന്നമ്മ, ത്രേസ്യാ, മറിയം, ഏലി.

a. തൊമ്മൻ (8) : വലിയപറമ്പിൽ തൊമ്മന്റെ മകൻ തൊമ്മൻ ഇടത്തറക്കുന്നേൽ കുടുംബാംഗമായ ഏലിക്കുട്ടിയെ വിവാഹം കഴിച്ച് ആനിക്കാട്ട് താമസിച്ചു. ഇവർക്ക് മൂന്ന് മക്കൾ. തോമസ്, ജോസഫ്, മറിയാമ്മ.

b. അന്നമ്മ (8) : വലിയപറമ്പിൽ തൊമ്മന്റെ മകൾ അന്നമ്മയെ വാഴൂർ പുതുപ്പള്ളി വീട്ടിൽ വിവാഹം കഴിച്ചയച്ചു.

**c.** ത്രേസ്യാ (8) : വലിയപറമ്പിൽ തൊമ്മന്റെ മകൾ ത്രേസ്യാക്കുട്ടിയെ കൊഴുവനാൽ വേങ്ങത്താനം വീട്ടിൽ വിവാഹം കഴിച്ചയച്ചു. അവർ നിലമ്പൂർ മണിമൂളിയിൽ താമസിക്കുന്നു.

**d.** മറിയം (8) : തൊമ്മന്റെ മകൾ മറിയത്തിനെ ഇലഞ്ഞിപ്പുറത്ത് വീട്ടിൽ വിവാഹം കഴിച്ചയച്ചു. ഇപ്പോൾ പേരാവൂരിൽ താമസിക്കുന്നു.

**e.** ഏലി (8) : തൊമ്മന്റെ മകൾ ഏലിക്കുട്ടി അവിവാഹിതയാണ്.

**B.** അവിരാ വലിയപറമ്പിൽ (6) : വലിയപറമ്പിൽ ഔസേപ്പിന്റെ രണ്ടാമത്തെ മകൻ അവിരാ ഇരുട്ടുകാട്ടിൽ പുരയിടത്തിൽ താമസിച്ചു. അദ്ദേഹത്തിന് മൂന്നുമക്കൾ. കുര്യൻ, കുഞ്ഞമ്മൻ, മകളെ കൊഴുവനാൽ കരോട്ട് കൈപ്പൻപ്ലാക്കൽ വിവാഹം കഴിച്ചയച്ചു.

**1.** കുര്യൻ (7) : വലിയപറമ്പിൽ അവിരായുടെ മൂത്തമകൻ കുര്യൻ ചേർപ്പുങ്കൽ കണിയൻപ്ലാക്കൽ അന്നയെ വിവാഹം കഴിച്ച് ഇരുട്ടുകാട്ടിൽ താമസിച്ചു. ഇവർക്ക് ഒരു മകനും ഒരു മകളും. മകൻ ജോസഫ്

**a.** ജോസഫ് (8) : വലിയപറമ്പിൽ കുര്യന്റെ മകൻ ജോസഫ് (പാപ്പൻ) കൊഴുവനാൽ തോണക്കര മത്തനാശാന്റെ മകൾ മറിയത്തിനെ വിവാഹം കഴിച്ച് ഇരുട്ടുകാട്ടിൽ താമസിച്ചു. ഇവർക്ക് 10 മക്കൾ കുര്യൻ, മത്തായി, ഔസേപ്പ്, അബ്രാഹം, ആന്റണി, മറിയം, അന്നമ്മ, ഏലിയാമ്മ, ത്രേസ്യാ, റോസമ്മ.

a1. കുര്യൻ (കുട്ടി) (9) പൊൻകുന്നം ആനക്കല്ലിൽ തോമസിന്റെ മകളെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകൾ മാത്രം. മകളെ പായിപ്പാറ ആനതാരക്കൽ വിവാഹം കഴിച്ചയച്ചു.

a2. മത്തായി : വലിയപറമ്പിൽ ജോസഫിന്റെ മകൻ മത്തായി ശൈശവത്തിലേ (3-ാം വയസ്സിൽ) നിര്യാതനായി.

a3. ജോസഫ് : വലിയപറമ്പിൽ ജോസഫിന്റെ മകൻ ജോസഫ് 24-ാം വയസ്സിൽ നിര്യാതനായി.

a4. അബ്രാഹം (അവിരാച്ചൻ) : വലിയപറമ്പിൽ ജോസഫിന്റെ മകൻ അബ്രാഹം (അവിരാച്ചൻ) തറവാട്ടിൽ താമസിച്ചു. ഭാര്യ മാന്നാനത്ത് പഴേംപള്ളിയിൽ മത്തായിയുടെ മകൾ ത്രേസ്യാ



എറാകോന്നി വെട്ടിക്കാട്ടുവയലിൽ



വലിയപറമ്പിൽ ഔസേപ്പ് എബ്രാഹവും (അവിരാച്ചൻ) കുടുംബാംഗങ്ങളും

മ്മ. ഇവർക്ക് പന്ത്രണ്ട് മക്കൾ. മേരി, ലീലാ, ഗ്രേസി, അന്നമ്മ, ജോസഫ്, റോസിലി, മാത്തുക്കുട്ടി, ലൂസി, കുര്യാച്ചൻ, ഇമ്മാനുവൽ, സജീവ്, അബ്രാഹം 2006 സെപ്റ്റംബർ 19-ന് നിര്യാതനായി.

a4.1 സി.ആൽമാ അബ്രാഹം R.J.M.(10): വലിയപറമ്പിൽ അബ്രാഹത്തിന്റെ മൂത്തമകൾ സി.ആൽമാ (മേരി) ഇപ്പോൾ ഷിംലയിൽ കോൺവെന്റ് ഓഫ് ജീസസ്സ് ആൻഡ് മേരിയിൽ സേവനമനുഷ്ഠിക്കുന്നു.

a4.2 സി.നിർമ്മല അബ്രാഹം R.N.D.M : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൾ സി.നിർമ്മല (ലീല) ഇപ്പോൾ ഹാഫ്ലോംഗിൽ സെ.ആഗ്നസ് കോൺവെന്റിൽ സേവനമനുഷ്ഠിക്കുന്നു.

a4.3 ഗ്രേസി : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൾ ഗ്രേസിയെ മാട്ടുക്കട്ട മുണ്ടക്കൽ അഗസ്റ്റിൻ വിവാഹം കഴിച്ചു. ഇപ്പോൾ കരിമ്പാനിയിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ. സ്മിത, സിജോ.

a4.4 സിസിലി. : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൾ സിസിലി 15-ാമത്തെ വയസ്സിൽ നിര്യാതയായി.

a4.5 സി.സലോമി സി.എം.സി. : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൾ സി.സലോമി (അന്നമ്മ) കർമ്മലീത്ത മഠത്തിൽ ചേർന്നു. ഇപ്പോൾ ജർമ്മനിയിൽ ന്യൂറൽബർഗിൽ സേവനമനുഷ്ഠിക്കുന്നു.

a4.6 ജോസഫ് വി.എ. : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൻ ജോസഫ് . ഇന്ത്യൻ റെയിൽവേയിൽ T.T.I ആയി എറണാകുളം ഡിവിഷണിൽ സേവനമനുഷ്ഠിക്കുന്നു. വെള്ളാപ്പാട്ട് വടക്കേൽ കൊച്ചിന്റെ മകൾ കൊച്ചുത്രേസ്യായാണ് ഭാര്യ. കൊച്ചുത്രേസ്യാ കാനാറാ ബാങ്ക് ഉദ്യോഗസ്ഥയാണ്. ഇവർ പാലായിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ ലിജോ, ലിജി.

a4.7 റോസിലി : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൾ റോസിലിയെ മോനിപ്പള്ളി താന്നിക്കൽ ജോർജ് വിവാഹം കഴിച്ചു. മക്കൾ റോണി, റോഷ്നി.







വലിയ പറമ്പിൽ വി. എ. ജോസഫും കുടുംബാംഗങ്ങളും

a4.8 മാത്തുക്കുട്ടി: വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൻ മാത്തുക്കുട്ടി കടപ്പൂര് പടിയറ മാണിയുടെ മകൾ ലിസിയെ വിവാഹം കഴിച്ച് കൊഴുവനാലിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ. ജെഫിൻ, ജെസ്സിൽ.

a4.9 സി.ലൂസി എസ്. ജെ.സി. : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൾ സി.ലൂസി ഇപ്പോൾ വണ്ടിപെരിയാർ ക്ലൂണികോൺവെന്റിൽ സേവനമനുഷ്ഠിക്കുന്നു.

a4.10 ഫാ.സിറിയക് വലിയപറമ്പിൽ MCBS : വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൻ കുര്യാച്ചൻ MCBS സഭയിൽ

ചേർന്നു. 1993-ൽ വൈദികപട്ടം സ്വീകരിച്ചു. ദീർഘകാലമായി ഫാ.സിറിയക് ജർമ്മനിയിൽ സേവനമനുഷ്ഠിക്കുന്നു.



ഫാ. സിറിയക്
വലിയപറമ്പിൽ
എം.സി.ബി.എസ്.

a4.11 ഇമ്മാനുവൽ (സിബി): വലിയപറമ്പിൽ അബ്രാഹത്തിന്റെ മകൻ ഇമ്മാനുവൽ (സിബി) അതിരമ്പുഴ പുളിങ്ങാപ്പള്ളിൽ ജോസഫിന്റെ മകൾ റോസ്മിയെ വിവാഹം കഴിച്ചു. സിബി ന്യൂഡൽഹി മുൻസിപ്പൽ കൗൺസിലിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്ന് മക്കൾ. ബ്രിജിൽ, ബ്രിജേഷ്, ബ്രിജിറ്റ്.

a4.12 സജീവ് : വലിയപറമ്പിൽ അബ്രാഹത്തിന്റെ ഇളയമകൻ സജീവ് മുട്ടുചിറ പുതുക്കരിയിൽ ബേബിയുടെ മകൾ ബിന്ദുവിനെ വിവാഹം കഴിച്ച് കുടുംബവീട്ടിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ ഫ്രെഡി, ഫ്രാങ്ക്.

a5 ആന്റണി (9) : വലിയപറമ്പിൽ ജോസഫിന്റെ ഇളയമകൻ ആന്റണി കൊഴുവനാൽ ഇരട്ടയാറിൽ കുട്ടിയുടെ മകളെ വിവാഹം കഴിച്ചു. ഇവർക്ക് അഞ്ച് മക്കൾ. ജോസഫ്, മേരി, ജോർജ്, കുസുമം, ആന്റണി.

a5.1 ജോസഫ് (10) : വലിയപറമ്പിൽ ആന്റണിയുടെ മൂത്തമകൻ ജോസഫ്. ഇവർക്ക് ഒരുമകൻ ആന്റണി

a5.2 മേരി (സി.നിർമ്മല) : വലിയപറമ്പിൽ ആന്റണിയുടെ മകൾ മേരി സി.നിർമ്മല എന്ന പേര് സ്വീകരിച്ച് ആരാധനമഠത്തിൽ ചേർന്നു. സി.നിർമ്മല ഇപ്പോൾ മുത്തോലപുരം കോൺവെന്റിൽ സേവനമനുഷ്ഠിക്കുന്നു.

a5.3 ജോർജ് വലിയപറമ്പിൽ ആന്റണിയുടെ മകൻ ജോർജ് ആലീസിനെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് മക്കൾ.

a5.4 കുസുമം (സി.കുസുമം) : വലിയപറമ്പിൽ ആന്റണിയുടെ മകൾ സി.കുസുമം ഇപ്പോൾ ഫ്രാൻസിൽ സേവനമനുഷ്ഠിക്കുന്നു.





a5.5 ആന്റണി : വലിയപറമ്പിൽ ആന്റണിയുടെ മകൻ ആന്റണി ലിസ്നെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്നുമക്കൾ.

**2. കുഞ്ഞമ്മൻ (7) : കൊഴുവനാൽ ഇരുട്ടുകാട്ടിൽ താമസിച്ചിരുന്ന വലിയപറമ്പിൽ അവിരായുടെ രണ്ടാമത്തെ മകൻ കുഞ്ഞമ്മൻ കൊമ്പാറയിലേയ്ക്ക് മാറി താമസിച്ചു. കുഞ്ഞമ്മന് രണ്ട് മക്കൾ. ജോസഫ് (കുഞ്ഞൗത), കുര്യൻ (കുട്ടി)**

**a. ജോസഫ് (കുഞ്ഞൗത) (8) : വലിയപറമ്പിൽ കുഞ്ഞമ്മന്റെ മൂത്ത മകൻ ജോസഫ് (കുഞ്ഞൗത) കുടുംബസമേതം മലബാറിൽ ചുണ്ട കുന്നിലേയ്ക്ക് താമസം മാറ്റി.**

**b. കുര്യൻ (കുട്ടി) (8) : വലിയപറമ്പിൽ കുഞ്ഞമ്മന്റെ രണ്ടാമത്തെ മകൻ കുട്ടി എന്നു വിളിക്കുന്ന കുര്യൻ കുടുംബസമേതം ആലക്കോട് കരുവഞ്ചാലിലേയ്ക്ക് മാറി താമസിച്ചു.**

■

# തകടിയേൽ ശാഖ

**മേ**വിട വെട്ടിക്കാട്ട് വയലിൽ നിന്നും പൂവക്കുളത്ത് താമസമാക്കിയ തൊമ്മൻ എന്ന കാരണവരുടെ അഞ്ച് മക്കളിൽ ഒരാളായ വർക്കി തകടിയേൽ പുരയിടത്തിലേക്ക് മാറിതാമസിച്ചു. അദ്ദേഹത്തിന് മൂന്നു മക്കളുണ്ടായി. മൂത്തമകൻ മത്തായി ഇടിയാകുന്നേൽ പുരയിടത്തിലേക്കും, രണ്ടാമത്തെ മകൻ വർക്കി കിഴക്കേമുറി പുരയിടത്തിലേക്കും മാറി താമസിക്കുകയും, ഇളയ മകനായ ഉലഹന്നാൻ തറവാടായ തകടിയേൽ തന്നെ താമസിക്കുകയും ചെയ്തു.

**A** ഉലഹന്നൻ (6) : തകടിയേൽ വർക്കിയുടെ ഇളയ മകനായ ഉലഹന്നാന് രണ്ടുപെൺ മക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ - കൊച്ചേലി, ത്രേസ്യാമ്മ. ഇതിൽ ത്രേസ്യാമ്മയെ ചെങ്ങളത്ത് വിവാഹം കഴിച്ചയച്ചു. മൂത്തമകൾ കൊച്ചേലി മാതാപിതാക്കളോടൊപ്പം തകടിയേൽ വീട്ടിൽ താമസിച്ചു.

**1** കൊച്ചേലി (7) : തകടിയേൽ ഉലഹന്നന്റെ മൂത്തമകൾ കൊച്ചേലിയെ ചേർപ്പുങ്കൽ മുല്ലക്കരിയിൽ കുഞ്ചെറിയ ദത്തു വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ, ഔസേപ്പ് (വലിയകുഞ്ഞ്), ഉലഹന്നൻ (കൊച്ചുകുഞ്ഞ്)

**a** ഔസേപ്പ് (വലിയകുഞ്ഞ്) (8) : തകടിയേൽ കുഞ്ചെറിയ - കൊച്ചേലി ദമ്പതികളുടെ മൂത്തമകൻ വലിയകുഞ്ഞെന്ന് വിളിക്കുന്ന ജോസഫ് പയ്യാനിമണ്ഡപത്തിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് തറവാട്ടിൽ താമസിച്ചു. ഇവർക്ക് അഞ്ച് മക്കൾ ജോൺ, കുഞ്ഞൂഞ്ഞ്, മറിയക്കുട്ടി, ഏലിക്കുട്ടി, കുഞ്ഞുപെണ്ണ്





**a1** ജോൺ (9) : തകടിയേൽ ഔസേപ്പിന്റെ മൂത്ത പുത്രൻ (കൊച്ച്) എന്നുവിളിക്കുന്ന ജോൺ കാഞ്ഞിരമറ്റം മുതുപ്ലാക്കൽ മറിയക്കുട്ടിയെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിച്ചു. ഇവർക്ക് രണ്ട് മക്കൾ

**a2** കുഞ്ഞൂഞ്ഞ് : തകടിയേൽ ഔസേപ്പിന്റെ രണ്ടാമത്തെ മകൻ കുഞ്ഞൂഞ്ഞ് അവിവാഹിതനാണ്.

**a3** ഏലിക്കുട്ടി: തകടിയേൽ ഔസേപ്പിന്റെ മകൾ ഏലിക്കുട്ടിയെ കൂടല്ലൂർ വെട്ടിക്കുളങ്ങരയിൽ കുട്ടി വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകൾ - പെണ്ണമ്മ.

**a4** മറിയക്കുട്ടി: തകടിയേൽ ഔസേപ്പിന്റെ മകൾ മറിയക്കുട്ടിയെ കല്ലൂർക്കുളം പൂത്തോട്ടത്തിൽ തൊമ്മച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകൻ - തോമസ്

**a5** കുഞ്ഞുപെണ്ണ്: തകടിയേൽ ഔസേപ്പിന്റെ ഇളയ മകൾ കുഞ്ഞുപെണ്ണിനെ പുന്നത്തറ തിരുനിലത്തിൽ കുട്ടപ്പൻ വിവാഹം കഴിച്ചു. അവർ ഇപ്പോൾ പുൽപ്പള്ളിയിൽ താമസിക്കുന്നു.

**b** ഉലഹന്നൻ (കൊച്ചുകുഞ്ഞ്) (8) : തകടിയേൽ കുഞ്ചെറിയ - കൊച്ചേലി ദമ്പതികളുടെ ഇളയമകൻ (കൊച്ചുകുഞ്ഞ്) എന്ന് വിളിച്ചിരുന്ന ഉലഹന്നൻ ഇടമറ്റം ഇടയോടിയിൽ കുടുംബാംഗമായ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് ഇരുട്ടുകാട്ടിൽ പുരയിടത്തിലേക്ക് മാതാവായ കൊച്ചേലിയോടൊപ്പം മാറിത്താമസിച്ചു. ഇവർക്ക് എട്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ടായി - ജോൺ (കൊച്ച്), വർക്കി, ജോസ് (ഔത), ചാക്കോ, സ്കറിയ, അബ്രാഹം, മേരി, തോമസ്, സെബാസ്റ്റ്യൻ.

**b1** ജോൺ (കൊച്ച്) (9) : തകടിയേൽ ഉലഹന്നന്റെ മൂത്തമകൻ 'കൊച്ച്' എന്നു വിളിക്കുന്ന ജോൺ മറ്റക്കര വാക്കയിൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം കഴിച്ച് രാജാക്കാട്ട് താമസമാക്കി. ഇവർക്ക് 5 മക്കൾ - ത്രേസ്യാമ്മ, റോസമ്മ, ജോണി, ബ്രൈറ്റ്, ബെറ്റി.

**b1.1** ത്രേസ്യാമ്മ (10): തകടിയേൽ ജോണിന്റെ മൂത്തമകൾ ത്രേസ്യാമ്മയെ രാജകുമാരി, പടിഞ്ഞാറേക്കുടിയിൽ ജോയി വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമുണ്ട്.



തകടിയേൽ ഉലഹന്നാനും കുടുംബാംഗങ്ങളും

b1.2 റോസമ്മ: തകടിയേൽ ജോണിന്റെ രണ്ടാമത്തെ മകൾ റോസമ്മയെ കൊഴുവനാൽ പറമ്പകത്ത് പരേതനായ ആന്റണിയുടെ മകൻ അബ്രാഹം വിവാഹം കഴിച്ചു. അബ്രാഹം അകലക്കുന്നം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയാണ്. റോസമ്മയും ഇതേ ബാങ്കിൽ ഉദ്യോഗസ്ഥയാണ്. ഇവർക്ക് രണ്ടു കുട്ടികൾ. ഇവർ മൂഴൂർ കണിപറമ്പിൽ താമസിക്കുന്നു.

b1.3 ജോണി: തകടിയേൽ ജോണിന്റെ ഏകമകൻ ജോണി രാജാക്കാട്ട് കോട്ടക്കൽ കുടുംബാംഗമായ റോസ്‌ലിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് കുട്ടികൾ.

b1.4 ബ്രൈറ്റ് (സി. ബ്രൈറ്റ്) : തകടിയേൽ ജോണിന്റെ മകൾ സി. ബ്രൈറ്റ് ഇപ്പോൾ മണിപ്പൂരിൽ സേവനമനുഷ്ഠിക്കുന്നു.

1.5 ബെറ്റി: തകടിയേൽ ജോണിന്റെ ഇളയമകൾ ബെറ്റിയെ മുട്ടുകാട്ടിൽ കിഴക്കേയിൽ കുടുംബാംഗമായ മാത്തുക്കുട്ടി വിവാഹം കഴിച്ചു. ഇവർക്ക് മൂന്നു മക്കൾ ഉണ്ട്.





b2 വർക്കി (9) : തകടിയേൽ ഉലഹന്നന്റെ രണ്ടാമത്തെ മകൻ വർക്കി കൊഴുവനാൽ മാരാംകുഴിയിൽ പരേതനായ ചാക്കോയുടെ മകൾ അന്നമ്മയെ വിവാഹം കഴിച്ച് പന്നിയാർകൂട്ടിയിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ - ജോൺ, ജോസ്. വർക്കി നിര്യാതനായി.

b2.1 T.V.ജോൺ (കുട്ടിയച്ചൻ) (10) : തകടിയേൽ വർക്കിയുടെ മൂത്തമകൻ കുട്ടിയച്ചൻ എന്നു വിളിക്കുന്ന T.V ജോൺ പന്നിയാർകുട്ടി, അമ്പഴത്തിനാൽ കുടുംബാംഗമായ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് നാലു മക്കൾ.

b2.2 T.V. ജോസ് (ചാക്കോ) തകടിയേൽ വർക്കിയുടെ രണ്ടാമത്തെ മകൻ ജോസ് വടക്കുംകരയിൽ കരിക്കോട്ടക്കിരിയിൽ മേരിയെ വിവാഹം കഴിച്ച് പന്നിയാർ കൂട്ടിയിൽ താമസിക്കുന്നു. ഇവർക്ക് നാലുമക്കൾ

b3 T.J. ജോസ് (ഔത) (9) : തകടിയേൽ ഉലഹന്നന്റെ മൂന്നാമത് മകൻ ജോസ് (ഔത) മറ്റക്കര കോടിക്കുളത്ത് കുര്യാക്കോസിന്റെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ആറുമക്കൾ ജോൺ, ത്രേസ്യാമ്മ, എത്സി, ജോയി, മേരി, ഗ്രേസി.

b3.1 T.J ജോൺ (10): തകടിയേൽ ജോസിന്റെ മൂത്തമകൻ ജോൺ പൊട്ടൻകാട്ടിൽ മറ്റത്തിൽ മേരിയെ വിവാഹം കഴിച്ചു. ജോണിന് നാലു മക്കൾ ഉണ്ട്.

b3.2 ത്രേസ്യാമ്മ : തകടിയേൽ ജോസിന്റെ മൂത്തമകൾ ത്രേസ്യാമ്മയെ മുരിക്കാശ്ശേരി തേക്കിൻതണ്ട് വീട്ടിൽ പോളി വിവാഹം കഴിച്ചു.

b3.3 എത്സി: തകടിയേൽ ജോസിന്റെ മകൾ എത്സിയെ ചിറക്കുളത്ത് കുടുംബാംഗമായ ചാക്കോ വിവാഹം കഴിച്ചു.

b3.4 ജോയി: തകടിയേൽ ജോസിന്റെ മകൻ ജോയി രാജാക്കാട് ചിറ്റടിയിൽ കുടുംബാംഗമായ റോസ്‌ലിയെ വിവാഹം കഴിച്ച് രാജാക്കാട്ട് താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ സൗമ്യ, സതീഷ്.

b3.5 മേരി : തകടിയേൽ ജോസിന്റെ മകൾ മേരിയെ കീരിത്തോട് മുണ്ടക്കാട്ട് ജോസ് വിവാഹം കഴിച്ചു.

b3.6 ഗ്രേസി : തകടിയേൽ ജോസിന്റെ മകൾ ഗ്രേസിയെ തൊടുപുഴ മുതലക്കോടം മഞ്ചപള്ളിൽ തങ്കച്ചൻ വിവാഹം കഴിച്ചയച്ചു.

b4 T.J. ചാക്കോ (പാപ്പച്ചൻ) (9) : തകടിയേൽ ഉലഹന്നന്റെ മകൻ ചാക്കോ (പാപ്പച്ചൻ) ആനിക്കാട് കൊച്ചുറുമ്പിൽ കത്രിയെ വിവാഹം കഴിച്ച് ജോസ് ഗിരിയിൽ താമസിക്കുന്നു. ഇവർക്ക് ഏഴു മക്കൾ - ജോണി, മാത്തുക്കുട്ടി, ഈപ്പൻ, ഡയിസമ്മ, സെലീനാമ്മ, സജി, ആൻസി.

b4.1 T.J ജോണി (10): തകടിയേൽ ചാക്കോയുടെ മൂത്തമകൻ ജോണി ജോസ്ഗിരിയിൽ താമസിക്കുന്നു.. ഭാര്യ മേരി, രാജകുമാരി പത്താംകുന്നേൽ കുടുംബാംഗം. ഇവർക്ക് 2 പുത്രിമാർ - ഡോണാ, ഡാനിയ

b4.2 മാത്തുക്കുട്ടി : തകടിയേൽ ചാക്കോയുടെ രണ്ടാമത്തെ മകൻ മാത്തുക്കുട്ടി, രാജകുമാരി ഈന്തനാംകുഴിയിൽ സാലിയെ വിവാഹം കഴിച്ച് രാജാക്കാട്ട് താമസിക്കുന്നു. ഇവർക്ക് രണ്ട് പുത്രന്മാർ - അലക്സ്, ടിങ്കു.

b4.3 ഈപ്പൻ : തകടിയേൽ ചാക്കോയുടെ മകൻ ഈപ്പൻ ആറുമാനൂർ പുതിയിടത്ത് പുഷ്പയെ വിവാഹം കഴിച്ച് ജോസ് ഗിരിയിൽ താമസിക്കുന്നു.

b4.4 ഡെയിസമ്മ: തകടിയേൽ ചാക്കോയുടെ മകൾ ഡെയിസമ്മയെ തുടങ്ങനാട് മുല്ലക്കരിയിൽ ബേബി വിവാഹം കഴിച്ചു.

b4.5 സെലീനാമ്മ - ആനിക്കാട് കുഴിക്കാട്ട് വീട്ടിൽ തങ്കച്ചൻ വിവാഹം കഴിച്ചു.

b4.6 സജി തകടിയേൽ ചാക്കോയുടെ ആറാമത് മകൻ സജി M.S.T സഭയിൽ വൈദികനാണ്. ഇപ്പോൾ ഉജ്ജയിനിൽ സേവനമനുഷ്ഠിക്കുന്നു.

b4.7 ആൻസി: തകടിയേൽ ചാക്കോയുടെ ഇളയ മകൾ ആൻസിയെ രാജകുമാരി കുരിശുങ്കൽ ഷെബി വിവാഹം കഴിച്ചു.

b5 T.J സ്കറിയാ : തകടിയേൽ ഉലഹന്നന്റെ അഞ്ചാമത് മകൻ സ്കറിയ രാജാക്കാട്ട് താമസിക്കുന്നു. ഭാര്യ ത്രേസ്യാമ്മ അരുവിക്കുഴി കാട്ടറാത്ത് കുടുംബാംഗം. ഇവർക്ക് പതിനൊന്ന് മക്കൾ - ജോൺ, ജോസ്, ചെറുപുഷ്പം, സ്മിത, ജോയി, ജിത്സമ്മ, ജോർജ്ജ്, ബോസ്, ജാൻസി, ജക്സിൻ, പയസ്.

b5.1 ജോൺ (ഫാ. ജോൺ T.S.) തകടിയേൽ സ്കറിയായുടെ മൂത്ത മകൻ ഫാ. ജോൺ തകടിയേൽ TOR ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ ചേർന്നു 15-12-1983 ൽ വൈദികപട്ടം സ്വീകരിച്ചു. ഇപ്പോൾ റാഞ്ചിയിൽ സേവനം ചെയ്യുന്നു.

b5.2 T.S. ജോസ് : തകടിയേൽ സ്കറിയായുടെ രണ്ടാമത്തെ മകനായ ജോസ്, പെരിഞ്ചാംകുട്ടി കൂനമ്പാറയിൽ വത്സമ്മയെ വിവാഹം കഴിച്ച് രാജാക്കാട്ട് താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ - ജയിൻസ്, ജയ്സി, ജോബി.

b5.3 സി. ചെറുപുഷ്പം F.C.C: തകടിയേൽ സ്കറിയായുടെ മകൾ സി. ചെറുപുഷ്പം ഇപ്പോൾ തൊടുപുഴ പൈങ്ങോട്ടൂർ F.C കോൺവന്റിൽ സേവനമനുഷ്ഠിക്കുന്നു.

b5.4 സി. സ്മിത C.H.F : തകടിയേൽ സ്കറിയായുടെ മകൾ സി. സ്മിത (കുഞ്ഞുമേരി) C.H.F ഇപ്പോൾ ബീഹാറിൽ സേവനം ചെയ്യുന്നു.

b5.5 ജോയി: തകടിയേൽ സ്കറിയായുടെ മകൻ ജോയി കൂരോപ്പടയിൽ താമസിക്കുന്നു. ഭാര്യ സലോമി കരിമ്പാനി വെങ്ങാലൂർ കുടുംബാംഗം ഇവർക്ക് 2 മക്കൾ

b5.6 ജിത്സമ്മ : തകടിയേൽ സ്കറിയായുടെ മകൾ ജിത്സമ്മയെ വെട്ടിമുകൾ വെള്ളിയാംപൊയ്കയിൽ ജോസ് വിവാഹം കഴിച്ചു.

b5.7 ഫാ. ജോർജ്ജ് T.S : തകടിയേൽ സ്കറിയായുടെ മകൻ ഫാ. ജോർജ്ജ് T.S 1994 ഏപ്രിൽ മാസം വൈദികപട്ടം സ്വീകരിച്ചു. ഇടുക്കി രൂപതയിൽ സേവനമനുഷ്ഠിക്കുകയാണ് ഇപ്പോൾ.

b5.8 ബോസ് : തകടിയേൽ സ്കറിയായുടെ മകൻ ബോസ്, മഞ്ഞപ്പാറ കിഴക്കേവീട്ടിൽ നിമ്മിയെ വിവാഹം കഴിച്ച് രാജാക്കാട്ട് താമസിക്കുന്നു. ഇവർക്ക് മൂന്നു മക്കൾ.

b5.9 ജാൻസി : തകടിയേൽ സ്കറിയായുടെ മകൾ ജാൻസിയെ കൊല്ലപ്പള്ളി മലേപ്പറമ്പിൽ ബഞ്ചമിൻ വിവാഹം കഴിച്ചു.

b5.10 ജക്സി : തകിടിയേൽ സ്കറിയായുടെ മകൾ ജക്സിയെ ചേർപ്പുങ്കൽ ചാമക്കാലയിൽ സിൽബി വിവാഹം കഴിച്ചു.

b5.11 പയസ് : തകടിയേൽ സ്കറിയായുടെ ഇളയ മകൻ പയസ് പുന്നത്തുറ കടയംപള്ളിൽ ജോസ്മിയെ വിവാഹം കഴിച്ചു.

b6 ഫാ. അബ്രാഹം (9) : തകടിയേൽ ഉലഹന്നന്റെ ആറാമതു മകൻ ഫാ. അബ്രാഹം തകടിയേൽ 21-12-1967 ൽ വൈദിക പട്ടം സ്വീകരിച്ചു. ഇപ്പോൾ ആന്ധ്രാപ്രദേശിൽ മിഷിണറിയായി സേവനമനുഷ്ഠിക്കുന്നു.

b7 T.U തോമസ് (ഉമ്മച്ചൻ) (9) : തകടിയേൽ ഉലഹന്നന്റെ ഏഴാമത് മകൻ തോമസ് (ഉമ്മച്ചൻ) ഏറ്റുമാനൂർ കൊളവേലിൽ കുടുംബാംഗമായ സെലിനെ വിവാഹം കഴിച്ച് കൊഴുവനാൽ തറവാട്ടിൽ തന്നെ താമസിക്കുന്നു. തോമസ് ചങ്ങനാശ്ശേരി S.H ഹൈസ്കൂൾ റിട്ട. അദ്ധ്യാപകനാണ്. ഇവർക്ക് മൂന്ന് മക്കൾ - ബിജു, ബിനു, മിനി.



തകടിയേൽ റ്റി. യു. തോമസും (ഉമ്മച്ചൻ) കുടുംബാംഗങ്ങളും ഫാ. അബ്രാഹം തകടിയേലിനോടൊപ്പം

b7.1 ബിജു തകടിയേൽ തോമസിന്റെ മൂത്തമകൻ ബിജു മുട്ടുചിറ, കുറിശും മൂട്ടിൽ കുടംബാംഗമായ റജിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകൻ - ബ്രയൺ MBA ബിരുദധാരിയായ ബിജു ഇപ്പോൾ കുടുംബസമേതം കുവൈറ്റിലാണ്.





b7.2 ബിനു: തകടിയേൽ തോമസിന്റെ രണ്ടാമത്തെ മകൻ ബിനു, ചാലക്കുടി കണിച്ചിക്കാട്ടിൽ മഞ്ജുവിനെ വിവാഹം കഴിച്ചു. BPT ബിരുദധാരിയായ ബിനുവും, നഴ്സായ മഞ്ജുവും ഇപ്പോൾ അമേരിക്കയിലാണ്.

b7.3 മിനി: തകടിയേൽ തോമസിന്റെ ഇളയ മകൾ മിനി B Ed ബിരുദധാരിയാണ്. ഇപ്പോൾ MLISc വിദ്യാർത്ഥിനിയാണ്.

b8 സെബാസ്റ്റ്യൻ (9) - തകടിയേൽ ഉലഹന്നാന്റെ ഇളയമകൻ, സെബാസ്റ്റ്യൻ, കാഞ്ഞിരമറ്റം നക്കോലയിൽ മറിയക്കുട്ടിയെ വിവാഹം കഴിച്ച് രാജാക്കാട്ട് താമസിക്കുന്നു. ഇവർക്ക് അഞ്ചു മക്കൾ, ജോൺ, ബെന്നി, സിബി, സിജി, ഷേർലി.

b.8.1 ജോൺ T.S : തകടിയേൽ സെബാസ്റ്റ്യന്റെ മൂത്തമകൻ ജോൺ കൊഴുവനാൽ അമ്പഴത്തിനാൽ ആൻസിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് മക്കൾ അജോ, നികിത.

b.8.2 ബെന്നി : തകടിയേൽ സെബാസ്റ്റ്യന്റെ രണ്ടാമത്തെ മകൻ ബെന്നി അവിവാഹിതനാണ്.

b.8.3 സിബി - തകടിയേൽ സെബാസ്റ്റ്യന്റെ മകൻ സിബി, കല്ലുപാലത്ത് മംഗലത്ത് കുടുംബാംഗമായ റിറ്റുവിനെ വിവാഹം കഴിച്ചു. ഇവർക്ക് 2 മക്കൾ - ടോണി, ഡാനിയ.

b.8.4 സജി: തകടിയേൽ സെബാസ്റ്റ്യന്റെ മകൻ സജി അമനക്കര പുളിക്കയിൽ കൊച്ചുറാണിയെ വിവാഹം കഴിച്ചു.

b.8.5 സി ഷേർലി : തകടിയേൽ സെബാസ്റ്റ്യന്റെ ഏകമകളായ സി. ഷേർലി ഔവർ ലേഡി ഓഫ് മിഷൻ എന്ന സന്യാസസഭയിൽ ചേർന്നു. ഇപ്പോൾ കൽക്കട്ടയിൽ സേവനമനുഷ്ഠിക്കുന്നു.

b9 മേരി (9) - തകടിയേൽ ഉലഹന്നന്റെ ഏകമകൾ മേരിയെ ചേർപ്പുങ്കൽ താന്നിക്കക്കുന്നേൽ ദേവസ്യ വിവാഹം ചെയ്തു. ഇവർക്ക് പത്ത് മക്കൾ - മാത്യു. ജോണി. ജോസ്കുട്ടി, സി. ആൻസ്മേരി, ബേബി. ടോമി, ഡെയ്സി, ബെറ്റി, ജോജൻ, ജോഷി.

# വടക്കേമുറി ശാഖ

പൂവക്കുളത്തുനിന്നും വടക്കേമുറിയിൽ താമസമാക്കിയ തൊമ്മൻ (അഞ്ചാംമുറ). കൈപ്പൻപ്ലാക്കൽ അന്ന യെ വിവാഹം ചെയ്തു. ഇവർ ഇരുവരേയും പാലാകത്തീഡ്രൽപ്പള്ളി സെമിത്തേരിയിലാണ് സംസ്ക്കരിച്ചിരിക്കുന്നത്. ഇവർക്ക് അഞ്ചുപുത്രന്മാരും, രണ്ടുപുത്രിമാരും ഉണ്ടായിരുന്നു. ഇവരിൽ ഇളയവൻ വർക്കി, വടക്കേമുറി തറവാട്ടിലും, മറ്റുള്ളവർ, മത്തായി കുഴുപ്പള്ളിലും, തൊമ്മൻ കൊച്ചുമുറിയിലും, അബ്രാഹം, വടക്കത്ത് വടക്കേമുറിയിലും, ഔസേപ്പ്, നെടുതകടിയേലും മാറിത്താമസിച്ചു.

തറവാട്ടിൽ താമസിച്ച വർക്കിയുടെ (6) ഭാര്യ അന്ന. ഇവർക്ക് നാലുമക്കൾ ഒരാണും മൂന്നു പെണ്ണും. പെൺമക്കൾ അന്ന, ഏലി, ത്രേസ്യാ എന്നിവരെ വിവിധ കുടുംബങ്ങളിൽ വിവാഹം ചെയ്തയച്ചു. പുത്രൻ തൊമ്മൻ (7), ഭാര്യ മറിയം - ഇവർക്ക് അഞ്ച് മക്കൾ, മൂന്നാണും, രണ്ടു പെണ്ണും.

A. വർക്കി (കൊച്ച്) (8) കപ്പാട്ട് താമസിച്ചിരുന്നു, പിന്നീട് മലബാറിൽ വിലങ്ങാട്ട്, കുടിയേറി. ഭാര്യ മറിയം. മക്കൾ എട്ട്, നാലാണും നാലുപെണ്ണും

1. മറിയം (9) കപ്പാട് കൂടല്ലൂരിൽ വിവാഹം ചെയ്തയച്ചു.
2. ത്രേസ്യാ. കാഞ്ഞിരപ്പള്ളി, അയിലൂപ്പറമ്പിൽ വിവാഹം ചെയ്തയച്ചു.
3. കത്രി- കാഞ്ഞിരപ്പള്ളി കൊച്ചുപറമ്പിൽ വിവാഹം ചെയ്തു. ഇപ്പോൾ വിലങ്ങാട്ട് താമസിക്കുന്നു.
4. ഏലി നിര്യാതയായി.
5. ജോസഫ് (പാപ്പച്ചൻ)





6. അപ്പച്ചൻ വിലങ്ങാട്ട് തറവാട്ടിൽ താമസിക്കുന്നു.
7. തൊമ്മൻ വിലങ്ങാട്ടിനു സമീപം മാലേത്ത് താമസം.
8. ജോർജ് മലബാറിൽ, വെള്ളരിക്കുണ്ടിൽ താമസിക്കുന്നു.

തൊമ്മൻ, മകൾ ത്രേസ്യയെ കൊഴുവനാൽ താഴത്തുമൈലാടിയിൽ മത്തായി വിവാഹം ചെയ്തു. ആ കുടുംബം മലബാറിലേയ്ക്ക് കുടിയേറിപ്പാർത്തു. തൊമ്മന്റെ ഇതരമകൾ ഏലിയെ കപ്പാട് കൂടല്ലൂരിൽ വിവാഹം ചെയ്തയച്ചു.

B. തൊമ്മൻ മകൻ. തൊമ്മൻ (പാപ്പൻ ചേട്ടൻ) (8) : കാഞ്ഞിരമറ്റം, വാകമല താമസമാക്കി. ഭാര്യ മറിയം കൊഴുവനാൽ മാന്തറകുടുംബാംഗം. ഇവർക്ക് എട്ടുമക്കൾ, മൂന്നാണും, അഞ്ചുപെണ്ണും.


വടക്കേമുറിയിൽ തൊമ്മൻ തൊമ്മനും ഭാര്യ മറിയവും

1. മറിയം (9)-കാഞ്ഞിരമറ്റം, ചെറുകരകുന്നേൽ വർക്കി വിവാഹം ചെയ്തു. ഹൈറേഞ്ചിർ ചിന്നാൽ 4-ാം മൈലിൽ താമസിക്കുന്നു.


വടക്കേമുറിയിൽ ജോസഫ് തോമസും കുടുംബാംഗങ്ങളും

2. ജോസഫ് (കുട്ടപ്പൻ സാർ) (9). റിട്ട.ടീച്ചർ, സെന്റ് അലോഷ്യസ്, മണലുങ്കൽ. ഭാര്യ മേരി, റിട്ട.പ്രോജക്ട് ഓഫീസർ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് വെള്ളിയേപ്പള്ളി, പാലത്തുങ്കൽ കുടുംബാംഗം. ഒരു മകൻ മാത്രം. അഡ്വ.തോമസ് ജോസഫ് (10): കോട്ടയം ഭാര്യ അഡ്വ.മേരിസാലി. കൊട്ടപ്പുറം, വടക്കും പുറത്ത് കുടുംബാംഗം. ഇവർക്ക് രണ്ടുമക്കൾ ശ്രേയ, ജോസഫ്.

3. ജേക്കബ് - റിട്ട പ്രിൻസിപ്പൽ, M.E.H.S, അരിയല്ലൂർ, പരപ്പനങ്ങാടി, മലപ്പുറം. ഇപ്പോൾ അയർക്കുന്നം, ഇളപ്പാനിയിൽ താമസിക്കുന്നു. ഭാര്യ ഏലിയാമ്മ, അയർക്കുന്നം ചേന്നാട്ട് കുടുംബാംഗം. ഇവർക്ക് രണ്ടുമക്കൾ, രാജേഷ് ജേക്കബ്, റിയാദിൽ, ജിസ്സാ ജേക്കബ്, ബി.എസ്.സി, ബി.എഡ്.

4. സി.ഏലി (late) സ്നേഹഗിരി പാല

5. ത്രേസ്യാ - മൂഴൂർ കൊല്ലംപറമ്പിൽ ജോസഫ് വിവാഹം ചെയ്തു.

6. മോനി നിര്യാതയായി.

7. തോമസ് - കുറ്റ്യാടി, ചാത്തങ്കോട്ട് നട ഹൈസ്കൂൾ അദ്ധ്യാപകൻ. ഭാര്യ മേരി, ടീച്ചർ, മീനച്ചിൽ അറയ്ക്കകുന്നേൽ കുടുംബാംഗം. രണ്ടുമക്കൾ, മിലി തോമസ്, ജിയോ.

8. ഫിലോമിന-കുടമാളൂർ പതിനഞ്ചിൽ പറമ്പിൽ വിവാഹം ചെയ്തയച്ചു.

**C. തറവാട്ടിൽ താമസിച്ച തൊമ്മൻ മകൻ. ജോസഫ് (കുഞ്ഞേപ്പ് ചേട്ടൻ) (8) ഭാര്യ റോസമ്മ. ഇവർക്ക് ഏഴുമക്കൾ നാലാണും മൂന്നുപെണ്ണും.**

1. ജോസഫ് (കൊച്ച്) (9)-തൃശൂർ വടക്കുംചേരിയിൽ താമസിക്കുന്നു.
2. തൊമ്മൻ. കാസർകോഡ് താമസിക്കുന്നു.
3. മേരി. റിട്ട.ടീച്ചർ, കളത്തുക്കടവ് പുളിമൂട്ടിൽ ചാക്കോ വിവാഹം ചെയ്തു.
4. മാണി. ഭാര്യ എത്സമ്മ അയർക്കുന്നം. മലബാറിൽ താമസിക്കുന്നു.
5. സി.ആനിയമ്മ ഡൽഹിയിൽ.
6. വർക്കി ഭാര്യ തങ്കമ്മ, ആലപ്പുഴ
7. ആലീസ്. തറവാട്ടിൽ താമസം, ജോസ്, പാലാ മനയാനിക്കൽ വിവാഹം ചെയ്തു. മൂന്നുമക്കൾ സിൽവി, M.Sc., B.Ed, ഡാർലി B.Sc, സിൻസി.

■





# കുഴുപ്പള്ളിൽ ശാഖ

**പൂവക്കുളത്തുനിന്നും വടക്കേമുറയിൽ താമസമാക്കിയ അഞ്ചാം തലമുറ തൊമ്മന്റെ മൂത്തമകൻ മത്തായി കുടുംബസമേതം കുഴുപ്പള്ളിൽ മാറിത്താമസിച്ചു. ഇതാണ് ഈ ശാഖയുടെ തുടക്കം ആറാം തലമുറ മത്തായിക്ക് രണ്ടു പുത്രന്മാരുണ്ടായി, ഔസേപ്പും, മത്തായിയും. ഇളയവൻ മത്തായി കുഴുപ്പള്ളിത്തറവാട്ടിൽ താമസിച്ചു. ഔസേഫ് കുടുംബസമേതം കാഞ്ഞിരമറ്റത്ത് മണിക്കല്ല് ഭാഗത്തേയ്ക്ക് മാറിത്താമസിച്ചു. ഏഴാംതലമുറ മത്തായിക്ക് നാലു മക്കൾ, രണ്ടാണും, രണ്ടുപെണ്ണും. തൊമ്മൻ, മത്തായി, ഏലിക്കുട്ടി, അന്നമ്മ. പെൺമക്കളിൽ ഏലിക്കുട്ടിയെ പെരികിലക്കാട്ട് വിവാഹം ചെയ്തയച്ചു. അന്നമ്മയെ പൈങ്ങളത്ത് ഇരുട്ടുകാട്ടിൽ തൊമ്മൻ വിവാഹം ചെയ്തു.**

**A മത്തായി മകൻ തൊമ്മൻ (എട്ടാം തലമുറ) ഭാര്യ അന്നമ്മ മൂഴൂർ പെരികിലക്കാട്ട് കുടുംബാംഗം ഇവർ കുഴിപ്പള്ളിൽ നിന്നും ചൂരക്കുന്നേൽ താമസമാക്കി. തുടർന്ന് 'ചൂരക്കുന്നേൽ' എന്ന വിട്ടുപേരിൽ അറിയപ്പെടുന്നു. തൊമ്മൻ അന്നമ്മ ദമ്പതികൾക്ക് പതിനൊന്നു മക്കൾ, വർക്കി, ജോസഫ്, മാമ്മി, അബ്രാഹം, തോമസ് ഏലിക്കുട്ടി, മത്തായി, സ്കറിയാ, ത്രേസ്യാമ്മ, അന്തോണി, ഫ്രാൻസിസ്.**

**ഇവരിൽ സ്കറിയയും, അന്തോനിയും ചെറുപ്പത്തിലെ മരിച്ചുപോയി. ഏലിക്കുട്ടിയെ കൊഴുവനാൽ കുഴിഞ്ഞമടനിരപ്പേൽ ഐപ്പ് വിവാഹം ചെയ്തുവെങ്കിലും അധികം താമസിയാതെ നിര്യാതയായി.**

1 വർക്കി (9) ഭാര്യ മറിയാമ്മ, വെട്ടിക്കൊമ്പിൽ കുടുംബാംഗം ഇവർക്ക്



ചൂരക്കുന്നേൽ വർക്കിയും ഭാര്യ മറിയാമ്മയും

എട്ടുമക്കൾ, ആറാണും രണ്ടുപെണ്ണും. വർക്കി 1991 ജൂൺ 10-നും, മറിയാമ്മ 1991 ഏപ്രിൽ 7-നും നിര്യാതരായി.

a വി. എം. തോമസ് ബി. എസ്സ്. സി. ബി. റ്റി.(10) - മലബാറിൽ തോമ്മാപുരം ഹൈസ്കൂളിൽ അധ്യാപകനായിരുന്നു ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു. ഭാര്യ മറിയക്കുട്ടി രാമപുരം നെടുമ്പള്ളിൽ കുടുംബാംഗം. അധ്യാപികയായിരുന്നു. റിട്ടയർചെയ്തു. ഇവർക്ക് നാലു മക്കൾ, ഒരാണും, മൂന്നു പെണ്ണും.



ചൂരക്കുന്നേൽ വി.എം. തോമസും കുടുംബാംഗങ്ങളും

a1 മേഴ്സി (11)-ഹയർ സെക്കന്ററി സ്കൂൾ അധ്യാപിക. റബ്ബർ ബോർഡിൽ ഏ. എസ്സ്. ഓ. ആയ, തളിപ്പറമ്പ് തമ്പടാകുന്നേൽ ബിനോയി വിവാഹം ചെയ്തു.





a2 സിജി - കണ്ണൂർ ഗവ. പ്രസ്സ് ഉദ്യോഗസ്ഥ. വണ്ണപ്പുറം കൊടക്കത്താനത്ത് ജോസഫ് വിവാഹം ചെയ്തു.

a3 ലിൻസി - ഹയർ സെക്കന്ററി സ്കൂൾ അധ്യാപിക. വെള്ളരിക്കുണ്ട് ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ കരിയിലക്കുളത്ത് റോയി വിവാഹം ചെയ്തു.

a4 സാജു തോമസ് എം. എസ്സ്. - അസ്ഥിരോഗ വിഭാഗം ഡോക്ടറായി കാഞ്ഞാങ്ങാട് പ്രാക്ടീസ് ചെയ്യുന്നു. ഭാര്യ ദീപ, ഡോക്ടറാണ്. ചങ്ങനാശ്ശേരി പുരയിടത്തിൽ കുടുംബാംഗം. ഒരു മകൻ, എൽ. കെ. ജി. വിദ്യാർത്ഥി.

(b) കൊച്ചൂട്ടി (സി. വി. അബ്രാഹം)-ഭാര്യ മറിയക്കുട്ടി, തോടനാൽ പാറക്കുളങ്ങര കുടുംബാംഗം. ഇവർക്ക് എട്ടുമക്കൾ, മൂന്നാണും, അഞ്ചു പെണ്ണും.



ചൂരക്കുന്നേൽ സി. വി. എബ്രാഹവും (കൊച്ചൂട്ടി) കുടുംബാംഗങ്ങളും

b1 മേരിക്കുട്ടി എം. കോം- കൊട്ടിയൂർ വെട്ടത്ത് ആന്റണി എം. ഏ. ബി. എഡ് വിവാഹം ചെയ്തു. രണ്ടു മക്കൾ, ജെയിസൺ (വൈദിക വിദ്യാർത്ഥി), ജിൻസ് (പ്ലസ്ടു വിദ്യാർത്ഥി)

b2 ജോർജ്ജ് (കൃഷി) - ഭാര്യ മേരിക്കുട്ടി, കണ്ണിവയൽ കളരിമുറിയിൽ കുടുംബാംഗം. മൂന്നുമക്കൾ, ഷിനോയി, മരീനാ, ജോജിന.

b3 ബാബു എം. ഏ. ബി. എഡ്. - കാർത്തികപുരം ഗവ. ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ. ഭാര്യ ജാൻസി, അധ്യാപിക, പന്നാംപാറ കുടുംബാംഗം രണ്ടു മക്കൾ, അഖില, അലീന.

b4 ജെസ്സി ബി.എ. - വെള്ളൂർ എച്ച്. പി. സി. യിൽ ഉദ്യോഗസ്ഥനായ ചെമ്പന്തൊട്ടി, കരോട്ട് മാത്യു വിവാഹം ചെയ്തു. രണ്ടു മക്കൾ, ജിതിൻ, മെറിൻ, ഇരുവരും വിദ്യാർത്ഥികൾ.

b5 സിജി എം ഏ. ബി. എഡ്. - പഞ്ചാബിൽ അധ്യാപികയാണ്. ഇൻഡ്യൻ സേനയിൽ ഉദ്യോഗസ്ഥനായ ആലക്കോട് കരുവഞ്ചാൽ ചാത്തനാട്ട് ജോസഫ് വിവാഹം ചെയ്തിരിക്കുന്നു, രണ്ടുമക്കൾ, നവീൻ, നയന.

b6 മിനി - അധ്യാപിക. ഇരിട്ടി അങ്ങാടിക്കടവ് കല്യാടിക്കൽ ബെന്നി വിവാഹം ചെയ്തു. രണ്ടു മക്കൾ ആശിഷ്, അക്ഷയ്.

b7 ബിജു എം. ഏ. ബി. എഡ്. - മണക്കടവ് ഗവ. എച്ച് എസ്സ്. എസ്സ്. അധ്യാപകൻ. ഭാര്യ ജിജി ബി. കോം കണ്ണൂർ ചെറുപുഴപൂവത്തും മൂട്ടിൽ കുടുംബാംഗം ഒരു മകൻ, അലൻ.

b8 സിനി അബ്രാഹം - പരിയാരം മെഡിക്കൽ കോളജിൽ നെഴ്സായി ജോലിചെയ്യുന്നു. ചെറുപുഴ, പൂള്ളോലിൽ ഷാജു (ഏഷ്യാനെറ്റ്) വിവാഹം ചെയ്തു.

(c) വക്കച്ചൻ (എം. വി. ജോർജ്ജ്) എം. എസ്സ്. സി. - കാസർകോഡ് കേരഗവേഷണ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ച്, സെൻട്രൽ പ്ലാന്റേഷൻ വിളഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റായി വിരമിച്ചു. കായംകുളം, തിരുവനന്തപുരം, കോയമ്പത്തൂർ, ഡൽഹി എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ പട്ടണക്കാട് കാർഷികകോളേജിൽ ഗസ്റ്റ് ഫാക്കൽറ്റിയായി പ്രവർത്തിക്കുന്നു. ഭാര്യ ആനി







ചൂരക്കുന്നേൽ എം. വി. ജോർജ്ജും കുടുംബാംഗങ്ങളും

യമ്മ, ആലപ്പുഴ മുഹമ്മയിൽ യോഗ്യാ വീട്ടിൽ കുടുംബാംഗം. ഇവർക്ക് നാലുമക്കൾ, രണ്ടാണും, രണ്ടുപെണ്ണും.

C1 ലൗലി ജോർജ്ജ് എം. എസ്സ്. സി., ബി. എഡ്. - അഡ്വ. ജെയിസൺ തോമസ് നിധീരി കണ്ണൂർ വിവാഹം ചെയ്തു രണ്ടുമക്കൾ, ദീപക് ജെയ്സൺ, അനു ജെയ്സൺ.

C2 സോണി ജോർജ്ജ്, എം എസ്സ്. സി, എം. സി. എ. - ബാംഗ്ലൂരിൽ വിപ്രോയിൽ പ്രോജക്റ്റ് മാനേജരായി പ്രവർത്തിക്കുന്നു. ഭാര്യ ഷീബാ എം. സി. എ. ചാലക്കുടി ചിറമേൽ കുടുംബാംഗം. ബാംഗളൂരിൽ സോഫ്റ്റ് വെയർ എൻജിനിയറായി ജോലിചെയ്യുന്നു. രണ്ടുമക്കൾ, ഒരാണും, ഒരു പെണ്ണും.

C3 ലീന. - കെ. എസ്. ഈ. ബി. എൻജിനിയർ ചാലക്കുടി ചക്കാലമററത്ത് സി. ജോസഫ് വിവാഹം ചെയ്തിരിക്കുന്നു. ഒരു മകൾ, ഗീതു.

C4 സുനിൽ ജോർജ്ജ് ബി. ടെക്. - കാലിഫോർണിയായിൽ സോഫ്റ്റ് വെയർ എൻജിനിയറായി പ്രവർത്തിക്കുന്നു.

ഭാര്യ മിലൻ മേരി കുര്യൻ എം. എസ്സ്. സി. പുനലൂർ ഏഴറാത്ത് കുടുംബാംഗം. ഒരു മകൾ, അങ്കിതാ.

(d) പേപ്പ് (ജോസഫ്) - ഭാര്യ ഏലിയാമ്മ, കൂരോപ്പട, വടാനമല യിൽ കുടുംബാംഗം. ആറുമക്കൾ, മൂന്നാണും, മൂന്നുപെണ്ണും



ചൂരക്കുന്നേൽ സി.വി. ജോസഫും കുടുംബാംഗങ്ങളും

d1 ബേബി (ജോർജ്ജ്) -വിശാഖപട്ടണത്ത് ജോലിചെയ്യുന്നു. ഭാര്യ ലൈസ, വിളക്കുമാടം ഓലിക്കൽ കുടുംബാംഗം. ഒരു പുത്രനും, ഒരു പുത്രിയും.

d2 സാബു (മാത്യു) - ഭാര്യ മിനി, ആലക്കോട് തടിക്കടവ് കൊച്ചുകുന്നേൽ കുടുംബാംഗം ഒരു മകനും, ഒരു മകളും

d3 ഡോളി - ചിറ്റാരിക്കാൽ, തേക്കേ അറ്റത്ത് മ്ലാങ്കുഴിയിൽ ജോർജ്ജ് വിവാഹം ചെയ്തു. മൂന്നുമക്കൾ, ഒരാണും, രണ്ടുപെണ്ണും.

d4 ലീനാ - വെളളാട്ട് വലിയപറമ്പിൽ സണ്ണി (സെബാസ്റ്റ്യൻ) വിവാഹം ചെയ്തു. രണ്ടു പുത്രിമാർ.

d5 അനിൽ (ജോസഫ്)-ഭാര്യ സിൽവി (ത്രേസ്യാമ്മ) കാഞ്ഞങ്ങാട് പറപ്പള്ളി പാട്ടത്തിൽ കുടുംബാംഗം ഒരു മകൾ.





d6 പ്രിൻസി - ബി. എസ്സ്സി നേഴ്സ്, സൗദിയിൽ ജോലി ചെയ്യുന്നു. ബാംഗ്ലൂർ ശ്രുതി നിലയത്തിൽ മാർഷൽ വിവാഹം ചെയ്തിരിക്കുന്നു.

(e) ഡോ. സി. വി. ആന്റണി. ബി. എസ്സ്. സി., എം. എസ്സ്. - കേരളാ ആരോഗ്യവകുപ്പിൽ സേവനം ചെയ്ത്, ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ചു. ഇപ്പോൾ ചേർത്തല, കെ. വി. എം. ആശുപത്രിയിൽ സർജിക്കൽ കൺസൾട്ടന്റായി സേവനം ചെയ്യുന്നു. ഭാര്യ, മറിയാമ്മ, കോട്ടയം, കാപ്പിൽ കുടുംബാംഗം. ഇവർക്ക് ഒരു മകൾ മാത്രം.



ചൂരക്കുന്നേൽ ഡോ. സി. വി. ആന്റണിയും കുടുംബാംഗങ്ങളും

e1 ദീപമരിയ - ആലപ്പുഴ വടക്കേക്കളത്തിൽ ജെയിംസ് വിവാഹം ചെയ്തിരിക്കുന്നു. ഒരു മകൾ, റോസ് മരിയാ ജെയിംസ്.

(f) പെണ്ണമ്മ - സി. മേരി ക്രിസ്തീന. എഫ് എസ്സ്. എം. 1962-ൽ സന്യാസിനിയായി. തമിഴ്നാട്ടിലെ കൃഷ്ണഗിരിയിലുള്ള സെന്റ് ക്ലാരീസ് കോൺവന്റിൽ താമസിക്കുന്നു. ഇപ്പോൾ സെന്റ് ലൂയിസ് ഹോസ്പ്പിറ്റലിൽ സേവനം ചെയ്യുന്നു.

(g) ഗ്രേസിക്കുട്ടി - ആറുമാനൂർ ഇല്ലത്തുപറമ്പിൽ ജോർജ്ജുകുട്ടി (നാഷണൽ ഇൻഷ്വറൻസ്) വിവാഹം ചെയ്തു. ഗ്രേസിക്കുട്ടി,

അയർക്കുന്നം, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ അധ്യാപികയായി വിരമിച്ചു. ഇവർക്ക് രണ്ടു മക്കൾ, ജിജിൻ എം. ബി. എ. (റബ്ബർ ബോർഡ്, കോട്ടയം) ജോജിൻ, എം. സി. എ.

(h) മാത്തുക്കുട്ടി ജോർജ്ജ് - കൊഴുവനാൽ ചൂരക്കുന്നേൽ തറവാട്ടിൽ താമസിക്കുന്നു. പാല സെന്റ് തോമസ് ഹൈസ്ക്കൂൾ അധ്യാപകനാണ്. ഭാര്യ ജെസ്സി. കൊഴുവനാൽ പൊന്നമ്പുരയിടത്തിൽ കുടുംബാംഗം പാല, കാർഷിക വികസന ബാങ്ക് ഉദ്യോഗസ്ഥയാണ്. രണ്ടു പുത്രന്മാർ, വിനോദ്. എം. ബി. എ. സ്കോട്ട്ലൻഡിൽ ജോലി ചെയ്യുന്നു. വിശാൽ എൻജിനിയറിംഗ് വിദ്യാർത്ഥിയാണ്.



ചൂരക്കുന്നേൽ മാത്തുക്കുട്ടിയും കുടുംബാംഗങ്ങളും

2 കുഞ്ഞേപ്പ് (തൊമ്മൻ ജോസഫ്) (9) ഭാര്യ മറിയാമ്മ, അയർക്കുന്നം, ഏറത്ത് കുടുംബാംഗം ഇവർക്ക് എട്ടുമക്കൾ, നാലാണും, നാലുപെണ്ണും.

(a) മാമ്മച്ചൻ (ജോസഫ് തോമസ്) (10) - ഭാര്യ, ഏലിയാമ്മ, ഇടപ്പാളയം വാലുമ്മേൽ കുടുംബാംഗം. മൂന്നു മക്കൾ. രണ്ടാണും ഒരു പെണ്ണും.

a1 ബാബു സി. തോമസ് - ഭാര്യ മേരിക്കുട്ടി, അമ്പൂരി, നിരപ്പേൽ കുടുംബാംഗം. രണ്ടുമക്കൾ, ഷെബിൻ, സുബിൻ





a2 ആന്റണിതോമസ് - ബെഹറിനിൽ കമ്പ്യൂട്ടർ എൻജിനിയറായി ജോലി ചെയ്യുന്നു. അവിവാഹിതൻ

a3 ലിസിയമ്മ തോമസ് - ബഹറിനിൽ നഴ്സായി ജോലി ചെയ്യുന്നു. വിവാഹിതയാണ്.

(b) ചാക്കോച്ചൻ (ജോസഫ് ചാക്കോ) - ഭാര്യ മറിയാമ്മ, പുനലൂർ ഇളമ്പനിൽ കാരിക്കാട്ട് വടക്കേതിൽ കുടുംബാംഗം ഏഴു മക്കൾ, മൂന്നാണും, നാലുപെണ്ണും.

b1 ജോയി ജേക്കബ് -ഭാര്യ ഡെയ്സി, ആര്യങ്കാവ്, മറ്റത്തിൽ കുടുംബാംഗം. ഇരുവരും വിദേശത്ത് ജോലിചെയ്യുന്നു. രണ്ടു കുട്ടികൾ, ജറ്റിൻ, ജാനറ്റ്.

b2 മേരിക്കുട്ടി - ആര്യങ്കാവ് പുളിക്കത്തടത്തിൽ. പി സി. മാത്യു വിവാഹം ചെയ്തു.

b3 മേഴ്സി - ഇടപ്പാളയം, വാലുമണ്ണിൽ ബാബു വിവാഹം ചെയ്തു. രണ്ടു മക്കൾ, സിബി, സിമി.

b4 വത്സമ്മ - കുമരകം പുതിച്ചാറ ബെൻസൺ പി. കുര്യൻ വിവാഹം ചെയ്തു. രണ്ടു കുട്ടികൾ, റിചി ബെൻസൺ, നീനാ ബെൻസൺ.

b5 എത്സമ്മ - ആര്യങ്കാവ് കോട്ടൂർ ജോയി ( സി.ജെ. തോമസ്) വിവാഹം ചെയ്തു. രണ്ടു മക്കൾ, ജോമി, ജെയിംസ്.

b6 ബിനോയി ജേക്കബ് - ഭാര്യ സിനി, അമ്പൂരി, തെക്കേൽ കുടുംബാംഗം. ഒരു കുട്ടി, ബെറ്റിൻ സി. ബിനോയി.

b7 സിജി - ഫാ. സെബാസ്റ്റ്യൻ ചൂരക്കുന്നേൽ എം. എസ്സ്. റ്റി. കർണ്ണാടകത്തിലെ മാണ്ഡ്യയിൽ സേവനം ചെയ്യുന്നു.

(c) വക്കച്ചൻ (ജോസഫ് വർഗീസ്) - ഭാര്യ ഗ്രേസിയാമ്മ, കൊട്ടാരക്കര വലിയ വീട്ടിൽ കുടുംബാംഗം ഒരുമകൾ, വിജി മരിയാ ജോർജ്ജ്.

(d) ജോസ് (സി. ജെ. ജോസഫ്) - ഭാര്യ ലീലാമ്മ (അന്നമ്മ) ആര്യങ്കാവ് കണ്ണന്താനം കുടുംബാംഗം മൂന്നുപുത്രിമാർ

d1 സീനാ - ആര്യങ്കാവ്, പുളിക്കത്തടത്തിൽ ജെയിംസ് വിവാഹം ചെയ്തു. രണ്ടു കുട്ടികളുണ്ട്.

d2 സിന്തോൾ - അഞ്ചൽ, കരുകോണിൽ, കണിയാരംകോട് സാമുവൽ റ്റി. വിവാഹം ചെയ്തു. ഒരു കുട്ടി.

d3 സിന്ധ്യാജോസ് - അവിവാഹിത.

(e) ചിന്നമ്മ (അന്നമ്മ) ആര്യങ്കാവ്, കൊല്ലംപറമ്പിൽ ചാണ്ടി ജോസഫ് വിവാഹം ചെയ്തു. ആറുമക്കൾ, ഒരാണും അഞ്ചു പെണ്ണും.

(f) ഏലിക്കുട്ടി - ഇടപ്പാളയം, ആനിത്തോട്ടത്തിൽ ജോസഫ് വിവാഹം ചെയ്തു. അഞ്ചുമക്കൾ, രണ്ടാണും മൂന്നുപെണ്ണും.

(g) അച്ചാമ്മ (മറിയാമ്മ) - കണ്ണൂർ കാർത്തികപുരം, നെടുംപതാൽ സ്കറിയ വിവാഹം ചെയ്തു. ആറുമക്കൾ, രണ്ടാണും നാലു പെണ്ണും.

(h) ത്രേസ്യാക്കുട്ടി - സി. ട്രീസ്സാ ജോസ് എസ്സ്. ജെ. സി. പപ്പു വാന്യൂഗിനിയയിൽ സേവനം ചെയ്യുന്നു.

3 മാമ്മി (9) - കാഞ്ഞിരമറ്റം ചെല്ലന്തറ ആഗസ്തി വിവാഹം ചെയ്തു. കൂടരഞ്ഞിയിൽ താമസിക്കുന്നു. ഏഴുമക്കൾ, നാലാണും മൂന്നു പെണ്ണും.

4 കുഞ്ഞൂട്ടി (തൊമ്മൻ അബ്രഹാം) (9) - ഭാര്യ മറിയം, ഇവർക്ക് ഏഴു മക്കൾ അഞ്ചാണും രണ്ടുപെണ്ണും.

a തോമ്മാ (തോമസ് അബ്രാഹം) (10) ഭാര്യ മേരി, രാജാതോട്ടം പുല്ലാട്ട് കുടുംബാംഗം ആറുമക്കൾ, നാലാണും, രണ്ടുപെണ്ണും.

a1 തങ്കച്ചൻ (11) - ഭാര്യ ആൻസമ്മ, ആര്യങ്കാവ്, നെടിയകാലായിൽ കുടുംബാംഗം. രണ്ടുമക്കൾ, അനിറ്റാ, ആശിഷ്. ഇരുവരും വിദ്യാർത്ഥികൾ.

a2 ലിസിയമ്മ - ആര്യങ്കാവ്, നെടിയകാലായിൽ ജോസഫ് ജോൺ വിവാഹം ചെയ്തു. രണ്ടു കുട്ടികൾ ലിജോ, ലിഞ്ചു.

a3 ആലീസ് - കുളത്തുപ്പുഴ, മണ്ണാലയിൽ ജോൺ പൈലോ





വിവാഹം ചെയ്തു. മക്കൾ സോണി, സിമി.- സൗദിയിൽ ജോലി ചെയ്യുന്നു. ഭാര്യ മോനി, കുന്നിൽ വീട് കുടുംബാംഗം. രണ്ടു മക്കൾ അഞ്ചു, അലീന.

a4 ഷാജി തോമസ് - സൗദിയിൽ ജോലി ചെയ്യുന്നു. ഭാര്യ മോനി, കുന്നിൽവീട് കുടുംബാംഗം. രണ്ടു മക്കൾ അഞ്ചു, അലീന.

a5 ജോസ് തോമസ് - ഭാര്യ റിജാ. ഇടപ്പാളയം കൂടത്തിനാൽ കുടുംബാംഗം മക്കൾ ജെറിൻ, ജിതിൻ

a6 സജി തോമസ് - ഭാര്യ രാജി. കുളത്തൂപ്പുഴ, നടത്തിരകത്ത് കുടുംബാംഗം. ഒരു മകൾ, സാനിയാമോൾ.

(b) സി. ഏ. ചാക്കോ - ഭാര്യ അന്നമ്മ, വെഞ്ചേമ്പ്, നമ്പിശ്ശേരി കുടുംബാംഗം. എട്ടുമക്കൾ, മൂന്നാണും അഞ്ചുപെണ്ണും.

b1 സണ്ണി ചാക്കോ - വെൽഡറായി ജോലിചെയ്യുന്നു. ഭാര്യ ജോളി, കുളത്തുപ്പുഴ തുങ്ങിയത്ത് കുടുംബാംഗം. രണ്ടു കുട്ടികൾ, ആഷ്‌ലി, അക്സാ.

b2 മേഴ്സി - ചോഴിയക്കോട് മഞ്ചിക്കുന്നേൽ ജോയി വിവാഹം ചെയ്തു. രണ്ടു കുട്ടികൾ, അക്ഷയ, ആഷിക്.

b3 സാലി രാജാതോട്ടം, പുല്ലാട്ട് ജോർജ്ജുകുട്ടി വിവാഹം ചെയ്തു. രണ്ടുകുട്ടികൾ, ജിയോ, ജിനോ.

b4 റോയിചാക്കോ - ഭാര്യ സുമ, ഓഴംകളം, മാമ്മൂട്ടിൽ കുടുംബാംഗം രണ്ടു മക്കൾ, റോബിൻ, റിയാമോൾ

b5 ബിജുചാക്കോ - 26-ാം വയസ്സിൽ നിര്യാതനായി. അവിവാഹിതനായിരുന്നു.

b6 മിനി - ചെറുകടവ്, കാനാട്ട് റെജി വിവാഹം ചെയ്തു. ഒരു കുട്ടി, റോജിൻ.

b7 റിനി - കുളത്തുപ്പുഴ തുണ്ടിയത്ത് തോമസ് വിവാഹം ചെയ്തു.

b8 റിൻസി-തയ്യൽ ജോലി ചെയ്യുന്നു. അവിവാഹിതയാണ്.

(c) സി. ഏ. വർഗീസ് (വക്കച്ചൻ) - ഭാര്യ അന്നമ്മ ഇളബൽ ഈത്തുംകുഴി കുടുംബാംഗം മൂന്നുമക്കൾ, രണ്ടാണും, ഒരു പെണ്ണും.

C1 റോയി (അബ്രാഹം വർക്കി) - സൗദിയിൽ ഇലക്ട്രീഷ്യനായി ജോലി ചെയ്യുന്നു. ഭാര്യ മേരി, കടമ്പനാട്, തുവയൂർ കാരിക്കുന്നിൽ കുടുംബാംഗം നേഴ്സാണ്. രണ്ടു മക്കൾ, അലൻ, ആൽവിൻ

C2 റെജിവർഗീസ് - സിവിൽ എൻജിനിയർ. ഭാര്യ ഷീബാ (മറിയം) കടമ്പനാട് തൂവയൂർ, കാരിക്കുന്നിൽ കുടുംബാഗം. നെഴ്സാണ്. ഒരു മകൻ, ആഷിൻ.

C3 ആൽസി (മറിയം). അധ്യാപികയാണ്. പുനലൂർ, കുന്നുകുഴി, ആലംകുന്നിൽ ജോസ് വിവാഹം ചെയ്തിരിക്കുന്നു.

(d) സി. ഏ. ജോസഫ് - ഭാര്യ റോസമ്മ പുനലൂർ, ഈന്തങ്കുഴി കുടുംബാംഗം മൂന്നുപുത്രിമാർ, ലൗലി, ജൂലി, ജൂബി.

d1 ലൗലി - എം. എസ്സ്. ഐ. സന്യാസസഭയിൽ, കന്യാസ്ത്രീയാണ്. ആന്ധ്രയിൽ സേവനം ചെയ്യുന്നു.

d2 ജൂലി - നേഴസാണ്, തിരുവനന്തപുരം എസ്സ്. യു. റ്റി. ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

d3 ജൂബി - ബിസിനസ്സുകാരൻ ഷിജു വിവാഹം ചെയ്തു.

(e) സി. ഏ. എബ്രാഹം (കുഞ്ഞ്) ഭാര്യ ഷീല കറവൂർ, തയ്യിൽപുത്തൻവീട് കുടുംബാംഗം. രണ്ടുമക്കൾ, ലിന്റോ, ലിനോ ഇരുവരും വിദ്യാർത്ഥികൾ.

5 ത്രേസ്യാമ്മ (9) - ഇരിട്ടി നീലിയറ ചാക്കോ വിവാഹം ചെയ്തു ആറുമക്കൾ, രണ്ടാണും, നാലുപെണ്ണും.

6 ഫ്രഞ്ചു (ഫ്രാൻസിസ് തോമസ്) (9) - ഭാര്യ ത്രേസ്യാമ്മ, ചൂരപ്പൊയ്കയിൽ കുടുംബാംഗം ആറുമക്കൾ രണ്ടാണും, നാലുപെണ്ണും.

a ചിന്നമ്മ - ചക്കാനിക്കുന്നേൽ തോമസ് വിവാഹം ചെയ്തു രണ്ടുമക്കൾ, റോയി, റെജി.

b മേരി - താഴത്തുവല്യാനയിൽ ദേവസ്യ വിവാഹം ചെയ്തു. രണ്ടു മക്കൾ, സ്റ്റെഫി, സ്റ്റെഫിൻ

c ത്രേസ്യാമ്മ - പൂത്തേട്ടുകളം ഫിലിപ്പ് വിവാഹം ചെയ്തു. മൂന്നുമക്കൾ, ജെഫിൻ, ജിബിൻ, ബിബിൻ.





(d) ഫാ. ജോസ് ചൂരകുന്നേൽ സി. എം. ഐ കോഴിക്കോട് ജില്ലയിൽ, താമരശ്ശേരിക്കടുത്ത്, കൂടത്തായി, സെന്റ് ജോസഫ് ഹൈസ്കൂൾ അധ്യാപകനായി സേവനം ചെയ്യുന്നു.

(e) ലാലി - സി. ലിൻസി ഫ്രാൻസിസ്, സി. എം. സി. തളിപ്പറമ്പ് സാൻജോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപികയാണ്.

(f) റ്റോമി ഫ്രാൻസിസ് - കാസർകോഡ് ജില്ലയിൽ, ചിറ്റാരിക്കാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. ഒരു മകൾ, അതുല്യാ.

7 മത്തായി (9) - ആര്യങ്കാവിൽ നിന്നും, കണ്ണൂർ ജില്ലയിൽ ആലക്കോട് നെടുവോട് താമസമാക്കി. ഭാര്യ ത്രേസ്യാമ്മ, ചേർപ്പുങ്കൽ താന്നിക്കക്കുന്നേൽ കുടുംബാംഗം ഏഴുമക്കൾ, നാലുപെണ്ണും മൂന്നാണും.

a തോമസ് (അപ്പച്ചൻ) വിമുക്തഭടനാണ്. ഭാര്യ ത്രേസ്യാമ്മ, കോട്ടയം പാറമ്പുഴ കല്ലേപ്പള്ളിൽ കുടുംബാംഗം. മൂന്നു മക്കൾ, ഒരാണും, രണ്ടു പെണ്ണും.

a1 അനിതാട്രീസാ ടോംസ് - അധ്യാപികയാണ്. കണ്ണൂർ മടമ്പത്ത് ഈന്തുംമൂട്ടിൽ ജെയിംസ് വിവാഹം ചെയ്തു. ഒരു പുത്രിയുണ്ട്. ഈ കുടുംബം സിങ്കപ്പൂരിൽ താമസിക്കുന്നു.

a2 രാജേഷ് സി. ടോംസ് - എൻജിനിയർ പൂനയിൽ ജോലി ചെയ്യുന്നു.

a3 അനിഷ ടോംസ് - നേഴ്സ് ബാംഗളൂർ മണിപ്പാൽ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

(b) അന്നമ്മ - ആര്യങ്കാവ് കൊല്ലപറമ്പിൽ ജോസഫ് വിവാഹം ചെയ്തു. അഞ്ചുമക്കൾ, മൂന്നാണും, രണ്ടുപെണ്ണും.

(c) മാത്യു - ആലക്കോട്, നെടുവോട് താമസിക്കുന്നു. ഭാര്യ അച്ചാമ്മ (അന്നമ്മ) കോഴിക്കോട്, വലക്കോട് കൊടിമരത്തുമ്മൂട്ടിൽ കുടുംബാംഗം. മൂന്നുമക്കൾ, ഒരു പെണ്ണും, രണ്ടാണും.

C1 മിനി (ത്രേസ്യാ) കണ്ണൂർ, പുലിക്കുറുമ്പ, ആലിലക്കുഴിയിൽ മത്തായി വിവാഹം ചെയ്തിരിക്കുന്നു.

C2 റെജി (മാത്യു) ഭാര്യ സോണിയാ, ആലക്കോട്, കാർത്തികപുരം ഇടവകാംഗം.

C3 റിജു (തോമസ്) അവിവാഹിതനാണ്.

(d) മേരി - കോഴിക്കോട്, വലക്കോട് ചൂരപ്പൊയ്കയിൽ ജോസ് വിവാഹം ചെയ്തു. മൂന്നുമക്കൾ, ജെയിംസ്, രാജേഷ്, സിൻസി.

(e) ഗ്രേസി (ത്രേസ്യാ) - കണ്ണൂർ നെല്ലിക്കുറ്റിയിൽ, പാലയ്ക്കൽ മാണി വിവാഹം ചെയ്തു. നാലുമക്കൾ, ബിജു, ബിനി, ബിനു, ബിനീഷ്.

(f) എത്സമ്മ - കണ്ണൂർ, തടിക്കടവ്, വയലുങ്കൽ ജോസ് വിവാഹം ചെയ്തു. മൂന്നുമക്കൾ, രാജേഷ്, രാജി, രമ്യാ.

(g) ജോസഫ് - കാസർകോട്, ബന്തുടുക്കയിൽ താമസം ഭാര്യലില്ലി, കണ്ണൂർ, കുടിയാൻ മലയിൽ, പിണക്കാട് കുടുംബാംഗം മൂന്നുമക്കൾ. ഒരു പുത്രൻ വൈദിക വിദ്യാർത്ഥിയാണ്.

8 കുഞ്ഞാപ്പൻ (എം.കെ. തോമസ്) (9) ആനിക്കാട് താമസിച്ചിരുന്നു. 1958 -ൽ കണ്ണൂർ ജില്ലയിലെ ആലക്കോട് കുടിയേറിപ്പാർത്തു. 1995 -ൽ നിര്യാതനായി. ഭാര്യ മറിയക്കുട്ടി, ആനിക്കാട് തേവടിയിൽ കൊച്ചുകരോട്ട് കുടുംബാംഗം. ഇവർക്ക് ഒൻപത് മക്കൾ, നാലാണും, അഞ്ചുപെണ്ണും.

(a) ജെയിംസ് (കൊച്ച്) ആലക്കോട് താമസം. ഭാര്യ അന്നക്കുട്ടി വാഴൂർ ഇളങ്ങോയി കാരിയ്ക്കൽ കുടുംബാംഗം. രണ്ടു പെൺമക്കൾ.

a1 ജോജി - പൊൻകുന്നത്തുനിന്നും തളിപ്പറമ്പിൽ വന്നു താമസിക്കുന്ന മൂന്നു പീടികയിൽ കുര്യൻ (പ്രകാശ്) വിവാഹം ചെയ്തു. മൂന്നുമക്കൾ, സ്നേഹമരിയ, ജെയിംസ് കുര്യൻ, മാത്യു കുര്യൻ.

a2 ജിനി - തലശ്ശേരി, മഞ്ഞളിയിൽ എം. വി. ജോസ് വിവാഹം ചെയ്തു. ഒരു മകൾ, ആൻ മേരി.

(b) ജോയി (ജോസഫ്) കാസർകോഡ് ജില്ലയിൽ, മാലോത്ത് താമസിക്കുന്നു. ഭാര്യ ലീലാമ്മ, ചെമ്പേരിയിലുള്ള വേങ്ങച്ചേരി കുടുംബാംഗം. നാലുമക്കൾ.





b1 സോജി - മാലോത്ത് കിഴക്കയിൽ ബാബു വിവാഹം ചെയ്തു. രണ്ടുമക്കൾ, ഉണ്ണി, അമ്മു.

b2 സനി നേഴ്സ്, ഡൽഹിയിൽ ജോലിചെയ്യുന്നു.

b3 സാജു - കൃഷിപ്പണി. അവിവാഹിതൻ.

b4 സീന - അധ്യാപികയാണ്.

(c) തങ്കച്ചൻ (തോമസ്) ഭാര്യ ജോളി, സ്രാട്ടയിൽ കുടുംബാംഗം. ഒരു മകൾ ക്രിസ്റ്റി, നേഴ്സായി ആന്ധ്രയിൽ ജോലി ചെയ്യുന്നു.

(d) ഷാജി - ആലക്കോടുള്ള താറവാട്ടുവീട്ടിൽ താമസിക്കുന്നു. ഭാര്യ സെലിൻ, വിളക്കന്നൂർ കരിങ്ങാച്ചിറ കുടുംബാംഗം. രണ്ടു മക്കൾ, നിഥിൻ, ഉണ്ണി. ഇരുവരും വിദ്യാർത്ഥികൾ.

(e) അച്ചാമ്മ (ത്രേസ്യാമ്മ). സന്യാസിനിയാണ്. ഝാന്ദാ മിഷനിൽ സേവനം ചെയ്യുന്നു.

(f) കുട്ടിയമ്മ (അന്നക്കുട്ടി) പരപ്പയിലുള്ള വാലുമ്മേൽ ജോൺ വിവാഹം ചെയ്തിരിക്കുന്നു. നാലുമക്കൾ, പ്രീമാ പ്രീതി, പ്രീജാ, ജസ്റ്റിൻ.

(g) ലിസി -ജർമ്മനിയിൽ നെഴ്സായി ജോലി ചെയ്യുന്നു. മഞ്ചേരി കുരിശുംമൂട്ടിൽ എമ്മാനുവൽ വിവാഹം ചെയ്തു. രണ്ടുമക്കൾ, ലിജിൻ, നിഥിൻ.

(h) മേഴ്സി - ഉദയഗിരി ചാത്തനാട്ട് ജോർജ്ജ് വിവാഹം ചെയ്തു. മൂന്നു മക്കൾ, ലീനാ, ലിജിൻ, നിഷാദ്.

(i) മോളി - കുടിയാമ്മല, വടക്കേ മുറിയിൽ തോമസ് വിവാഹം ചെയ്തു. രണ്ടു മക്കൾ, വിപിൻ, നിഥിൻ.

**B കുഴുപ്പള്ളിൽ ഏഴാംതലമുറ മത്തായിയുടെ ഇളയമകൾ മത്തായി (എട്ടാംതലമുറ) മത്തനാശാൻ എന്നറിയപ്പെട്ടിരുന്നു. ഭാര്യ ഏലിയാമ്മ, ആനിക്കാട് പാണ്ടിയപ്പള്ളി കുടുംബാംഗം. ഇവർ കുഴുപ്പള്ളി തറവാട്ടിൽ താമസിച്ചു. ഇവർക്ക് ആറുമക്കൾ, രണ്ടാണും, നാലു പെണ്ണും. ഈ കുടുംബം പിന്നീട് മലബാറിലേയ്ക്ക് കുടിയേറി പ്പാർത്തു.**

1 ത്രേസ്യാമ്മ - കോടിക്കുളത്ത്, കെ. ജെ മത്തായി, വിവാഹം ചെയ്തു. ഇവർക്ക് ഒൻപത് മക്കൾ, ആറാണും മൂന്നുപെണ്ണും. കുഞ്ഞ്, കൊച്ച്, ബേബി, കുര്യാച്ചൻ, തങ്കച്ചൻ, ബീന, ബാബു, ഷാന്റി, ആശ.

2 കൊച്ച് (കെ. എം. ജോസഫ്) കുടുംബ സഹിതം, മലബാറിൽ താമസിക്കുന്നു. മൂന്നു മക്കൾ, രണ്ടാണും, ഒരു പെണ്ണും, ജെയിംസ്, ജോയി, ബീന.

3 കുഞ്ഞുഞ്ഞ് (കെ. എം. ജോർജ്ജ്) മലബാറിൽ താമസിക്കുന്നു. ഏഴുമക്കൾ, നാലാണും മൂന്നുപെണ്ണും. ബേബി, തങ്കച്ചൻ, ജോണി, ബാബു, ആലീസ്, മോളി സെലിന.

4 കുട്ടിപ്പെണ്ണ് - ഭർത്താവ് എം. സി. ജോസഫ്, മാണിക്കത്താഴെ കുടുംബാഗം. കിളിയന്തറ താമസിക്കുന്നു.

5 മേരി - ഭർത്താവ് തൊമ്മൻ. ഇവർ പേരാവൂരിൽ താമസിക്കുന്നു.

6 ഏലിക്കുട്ടി - ഭാർത്താവ് ദേവസ്യാച്ചൻ. ഇവർ വയനാട്ടിൽ താമസിക്കുന്നു.

**കുഴുപ്പള്ളിൽ ആദ്യ കാരണവർ, മത്തായിയുടെ (ആറാംതലമുറ) മകൻ ഔസേപ്പ് (ഏഴാംതലമുറ) കുടുംബസമേതം കാഞ്ഞിരമറ്റം മണിക്കല്ല് ഭാഗത്ത് താമസമാക്കി. പ്രസ്തുത ഔസേപ്പിന് ആറുമക്കൾ, നാലാണും, രണ്ടുപെണ്ണും. തൊമ്മൻ, വർക്കി, ആഗസ്തി, ഔത - പെൺ മക്കളിൽ ഒരാളെ ചെമ്പിളാവ് പയ്യാനി മുണ്ടകത്തിലും മറ്റെയാളെ മൂഴൂർ ആലയ്ക്കലും വിവാഹം ചെയ്തയച്ചു.**

**A തൊമ്മൻ (8) ഭാര്യ മറിയം, കൊഴുവനാൽ മറ്റത്തിൽ കുടുംബാംഗം. ഇവർ കൊഴുവനാൽ വരിക്കമാക്കൽ ചേരിക്കലിന്റെ പടിഞ്ഞാറുഭാഗത്ത് താമസമാക്കി. അങ്ങനെ 'പടിഞ്ഞാറെ വരിക്കമാക്കൽ' എന്ന വീട്ടുപേരിലും അറിയപ്പെടുന്നു. ഇവർക്ക് എട്ടു മക്കൾ നാലാണും നാലുപെണ്ണും.**

1 കുഞ്ഞാപ്പൻ (ജോസഫ്) (9) ഭാര്യമറിയം, കാഞ്ഞിരമററം കരയാറ്റ് കുടുംബാംഗം. ഇവർക്ക് നാലുമക്കൾ, മൂന്നാണും ഒരു പെണ്ണും. തൊമ്മച്ചൻ, വക്കച്ചൻ, ഔസേപ്പച്ചൻ, മേരി. ഇവരെല്ലാം മലബാറിൽ വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നു.





2 മേരി - കാഞ്ഞിരമറ്റം, ഓലിക്കൽ കുടുംബത്തിലേക്ക് വിവാഹം ചെയ്തയച്ചു.

3 മാണി - രണ്ടു വിവാഹം ചെയ്തു. ആദ്യ ഭാര്യ മാമ്മി, കാഞ്ഞിരമററം, വേങ്ങത്താനം കുടുംബാംഗം ഇവർക്ക് മൂന്നു മക്കൾ, തൊമ്മച്ചൻ, മറിയക്കുട്ടി, കുഞ്ഞാമ്മി. ഇവരും കുടുംബാംഗങ്ങളും മലബാറിൽ താമസിക്കുന്നു. മാമ്മിയുടെ മരണശേഷം മാണി അതിരംപുഴ, മാങ്കോട്ടിൽ കുടുംബാംഗം, ഏലിക്കുട്ടിയെ പുനർ വിവാഹം ചെയ്തു. ഇവർക്ക് എട്ടുമക്കൾ, രണ്ടാണും, ആറു പെണ്ണും.

(a) അച്ചാമ്മ (റോസമ്മ) - അധ്യാപികയായിരുന്നു, അവിവാഹിതയും.

(b) തെയ്യാമ്മ - പ്രായപൂർത്തിയാകും മുൻപ് നിര്യാതയായി

(c) കുട്ടിയമ്മ (ഏലിയാമ്മ) ഹൈസ്ക്കൂൾ മലയാളം അധ്യാപികയായി വിരമിച്ചു. കുറുപ്പുംതറയിൽ വിവാഹം ചെയ്തയച്ചു.

(d) കുഞ്ഞൂഞ്ഞ് (വി. എം. തോമസ്) ടെലിഫോൺസ് എക്സിക്കുട്ടീവ് എൻജിനിയറായി റിട്ടയർ ചെയ്തു. ചക്കാമ്പുഴ താമസിക്കുന്നു. ഭാര്യ സാറാമ്മ, കടപ്ലാമറ്റം സ്കൂളിൽ അധ്യാപികയാണ്. ഇവർക്ക് രണ്ടു പുത്രിമാർ, ഇരുവരും വിദ്യാർത്ഥികൾ.

(c) ലീലാമ്മ - രാമപുരത്ത് കെട്ടിച്ചയച്ചു. ഇപ്പോൾ പാലക്കാട് താമസിക്കുന്നു.

(f) സലോമ - സിസ്റ്റർ മേരി ഗ്രേയ്സ്. രാജസ്ഥാനിലെ ഉദയപ്പൂരിൽ സേവനം ചെയ്യുന്നു.

(g) ഔസേപ്പച്ചൻ - ഐ. റ്റി. എ. പാസ്സായി. ഭാര്യമേരി. ഇടിയനാട് താമസിക്കുന്നു. രണ്ടു പുത്രന്മാർ. ഇരുവരും വിദ്യാർത്ഥികൾ.

4 തൊമ്മൻ - ഭാര്യ ത്രേസ്യാമ്മ, പൊൻകുന്നം പടന്നമാക്കൽ കുടുംബാംഗം. ഇവർക്ക് അഞ്ചുമക്കൾ, ഒരാണും നാലുപെണ്ണും.

(a) അപ്പച്ചൻ (തോമസ്) അവിവാഹിതനും, രോഗിയുമായിരുന്നു. 2005-ൽ നിര്യാതനായി.

(b) മേരി - തമ്പലക്കാട്, കളത്തിപ്പറമ്പിൽ ജോർജ്ജ് വിവാഹം ചെയ്തു. നാലുമക്കൾ, രണ്ടാണും, രണ്ടുപെണ്ണും.

(c) ഏലിയാമ്മ - പൊൻകുന്നം പന്നിയാമ്മാക്കൽ ജോസഫ് വിവാഹം ചെയ്തു. അഞ്ചുമക്കൾ, മൂന്നുപെണ്ണും, രണ്ടാണും.

(d) ത്രേസ്യാമ്മ (തെയ്യാമ്മ) ഗവ. ഹോസ്പിറ്റൽ നെഴ്സിംഗ് സർവ്വീസിൽ നിന്നും വിരമിച്ചു. കൊഴുവനാൽ പൊന്നമ്പുരയിടത്തിൽ ചെറിയാച്ചൻ വിവാഹം ചെയ്തു. രണ്ടു പുത്രന്മാരുണ്ട്.

(e) ചിന്നമ്മ - തമ്പലക്കാട്, ആയല്ലൂർ തോമസ് വിവാഹം ചെയ്തു. രണ്ടു പുത്രന്മാർ.

c ചെറിയത് സ്കറിയയുടെ മകൾ മറിയാമ്മ (8) - 99 വയസ്സ് കാഞ്ഞിരപ്പള്ളി ആനക്കല്ല്, അയിലൂപ്പറമ്പിൽ ഡൊമിനിക്ക് (കുഞ്ഞപ്പൻ) വിവാഹം ചെയ്തു. ഫാ.ജേക്കബ് അയിലൂപ്പറമ്പിൽ ഇവരുടെ പുത്രനാണ്.

d. ചെറിയത് സ്കറിയയുടെ മകൻ സ്കറിയ (പാപ്പൻ) (8) ഭാര്യ കുഞ്ഞുപെണ്ണ് പന്തത്തലപുതിയാത്ത് കുടുംബാംഗം. ഒരു മകൾ മാത്രം - ത്രേസ്യാമ്മ - വാഴൂർ, ചാവനാൽ തോമസ് വിവാഹം ചെയ്തു ആലക്കോട്ട് താമസിക്കുന്നു.

e. കുഞ്ഞുപെണ്ണ് (ത്രേസ്യാ) (8) കാഞ്ഞിരപ്പള്ളി പുതുമന മത്തൻ വിവാഹം ചെയ്തു.

f. അന്നമ്മ (8) കടപ്ലാമറ്റം, തൊണ്ടിക്കൽ കുളിരാനി തൊമ്മൻ വിവാഹം ചെയ്തു.

g കുഞ്ഞേലി (8) ചിറക്കടവ്, മുട്ടത്ത് മഴുവഞ്ചേരിൽ മാത്തൻ വിവാഹം ചെയ്തു. ഇപ്പോൾ തമിഴ്നാട്ടിലാണ്.


നെടുംതകടിയേൽ ഔസേപ്പ് ഈറാനിമോസും ഭാര്യ റോസമ്മയും (കൊഴുവനാൽ)

H നെടുംതകടിയേൽ തൊമ്മൻ മകൻ ഔസേപ്പിന്റെ പതിനൊന്നാമത്തെ പുത്രൻ, ഈറാനി






നെടുംതകടിയേൽ ജോർജ്ജച്ചന്റെ ഗുരുപ്പട്ട ഫോട്ടോ (1940)

മോസ് (7) തറവാട്ടിൽ താമസിച്ചു. ഭാര്യ റോസമ്മ, കടപ്ലാമറ്റം പറതൂക്കിയേൽ കുടുംബാംഗം. എട്ടുമക്കൾ നാലാണും, നാലു പെണ്ണും.

a ജോസഫ് (പാപ്പൻ) (8) ഭാര്യ കുഞ്ഞേലി പൂവരണി വെച്ചൂർ കൊട്ടാരം പറമ്പിൽ കുടുംബാംഗം. അഞ്ചുമക്കൾ മൂന്നാണും രണ്ടുപെണ്ണും. ഈ കുടുംബം തറവാട്ടിൽ നിന്നും എരുമേലി കൊരട്ടിയിലേയ്ക്ക് മാറിത്താമസിച്ചു.


നെടുംതകടിയേൽ ഈറാനിമോസ് ജോസഫും ഭാര്യ ഏലിയാമ്മയും (കൊരട്ടി)

a1 സി. അക്വീനാസ് എഫ്. സി. സി. കല്ലൂർക്കുളം മഠം.

a2 Late ജെറോം MALLB - അലിഗാറിൽ വച്ച് നിര്യാതനായി.

a3 ജോർജ്ജ് (കുഞ്ഞുവർക്കി) ഭാര്യ മേരി, പാലാ പരുന്തിരീക്കൽ കുടുംബാംഗം. അഞ്ചു മക്കൾ, മൂന്നാണും രണ്ടു പെണ്ണും.

a3.1 ജോസ് കുഞ്ഞ് - ഭാര്യ എത്സമ്മ, പാലാ നീലിയറകുടുംബാംഗം. ഒരു മകൻ ജോർജ്ജുകുട്ടി എം. ബി. എ വിദ്യാർത്ഥി



നെടുംതകടിയേൽ ജോസഫ് ജോർജ്ജും ഭാര്യ മേരിയും (കൊരട്ടി)

a3.2 ജെസി - കാഞ്ഞിരപ്പള്ളി പാലമ്പ്ര, മൊളോപ്പറമ്പിൽ, അബ്രഹാം വിവാഹം ചെയ്തു.



നെടുംതകടിയേൽ ജോസഫ് ഈറാനിമോസും കുടുംബാംഗങ്ങളും (കൊരട്ടി)

a3.3 ഫാ. അബ്രഹാം നെടുന്തകടി M. C. B. S ജർമ്മനി.

a3.4 ജയ -കപ്പാട് വെള്ളമറ്റം കറിയാച്ചൻ വിവാഹം ചെയ്തു.

a3.5 ജോബി - ഓഫീസർ IDBI ബാങ്ക് തിരുവല്ല ഭാര്യ റാണി, എരുമേലി, നങ്ങച്ചിവീട്ടിൽ കുടുംബാംഗം.

a4 സി. ജെറോം ഹോളിക്രോസ് കോൺവന്റ്, പെരുമ്പടപ്പ്

a5 എൻ. ജെ. ഇമ്മാനുവൽ (മാണിക്കൊച്ച്) റിട്ട. ടീച്ചർ, സി. സി.







നെടുംതകടിയേൽ എൻ. ജെ. ഇമ്മാനുവേലും കുടുംബാംഗങ്ങളും (മണിമല)

എം. ഹൈസ്കൂൾ കരിക്കാട്ടൂർ, ഭാര്യ ത്രേസ്യാമ്മ (തെറമ്മ) തമ്പലയ്ക്കാട് വട്ടയ്ക്കാട്ട് കുടുംബാംഗം രണ്ടു മക്കൾ ഒരാണും, ഒരു പെണ്ണും.

a5.1 ആശ -വല്ലകംതച്ചപ്പള്ളിൽ തോമസ് വിവാഹം ചെയ്തു തിരുവനന്തപുരം കരകുളത്ത് താമസം. കേരള യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുന്നു.

a5.2 ബോബി ജെ മാനുവൽ - എറണാകുളം കാത്തലിക് സിറിയൻ ബാങ്ക് ഓഫീസർ ഭാര്യ റാണിപ്രിയ നെടുങ്കുന്നം കാട്ടൂർ കുടുംബാംഗം. മക്കൾ സ്നേഹ, ട്രീസാ.

b **ഈറാനിമോസ് മകൻ ഫാ ജോർജ്ജ് (വർക്കിച്ചൻ) (8) 21-12-1940 ൽ പൗരോഹിത്യം സ്വീകരിച്ചു. കൊഴുവനാൽ, പൊൻകുന്നം, കൂരോപ്പട, മാടപ്പള്ളി, തരകനാട്ട് കുന്ന്, ആനിക്കാട്, ചെങ്ങളം, കടനിക്കാട് തുടങ്ങിയപള്ളികളിൽ സേവനം അനുഷ്ഠിച്ചു. 30-11-2004ൽ നിര്യാതനായി. കൊഴുവനാൽ പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു.**

c **Late സി. ഗ്രിഗോറിയാ (അന്നമ്മ) (8) റിട്ട. ടീച്ചർ, സെന്റ് മൈക്കിൾസ് ഹൈസ്കൂൾ പ്രവിത്താനം 4-8-1979 ൽ നിര്യാതയായി. പ്രവിത്താനം പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു.**



നെടുംതകടിയേൽ അബ്രാഹം ഈറാനിമോസും ഭാര്യ അന്നമ്മയും (കാഞ്ഞിരമറ്റം)

d ഈറാനിമോസ് മകൻ അബ്രഹാം (അവിര) (ഃ) ഭാര്യ അന്നമ്മ, മൂഴൂർ കീച്ചറ കുടുംബാംഗം. ഈ കുടുംബം തറവാട്ടിൽ നിന്നും കാഞ്ഞിരമറ്റത്തേക്ക് മാറിത്താമസിച്ചു. പത്ത് മക്കൾ അഞ്ചാണും, അഞ്ചു പെണ്ണും.

d1 റോസ - ആനിക്കാട് പൊട്ടനാനിക്കൽ ജോസഫ് (കുഞ്ഞേപ്പ്) വിവാഹം ചെയ്തു.

d2 മറിയാമ്മ - പാദുവാ, പണൂർ ജോസഫ് (കുഞ്ഞ്) വിവാഹം ചെയ്തു.

d3 ജെറോം (കൊച്ച്) മലബാറിൽ ചിറ്റാരിക്കൽ താമസിക്കുന്നു. ഭാര്യ പെണ്ണമ്മ പാദുവാ പണൂർ കുടുംബാംഗം. നാലു മക്കൾ ഒരാണും മൂന്നുപെണ്ണും.

d3.1 ആനിയമ്മ -വിലങ്ങാട് ചുരപ്പൊയ്കയിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു.

d3.2 വത്സമ്മ - വെള്ളരിക്കുണ്ട്, ചെമ്പരത്തിങ്കൽ ജോളി വിവാഹം ചെയ്തു.

d3.3 ജെയ്സൺ -

d3.4 ഷീനാ - ലണ്ടനിൽ

d4 അന്നമ്മ - ചെങ്ങളം കുന്നേൽ ഐസക്ക് വിവാഹം ചെയ്തു.

d5 ജോസഫ് (ഔത) ഭാര്യ ലീലാമ്മ അയർക്കുന്നം കോയിപ്പുറം കുടുംബാംഗം മൂന്നുമക്കൾ, ഒരാണും രണ്ടു പെണ്ണും.

d5.1 മിനിമോൾ - അതിരമ്പുഴ തറപ്പേൽ ബെന്നിവിവാഹം ചെയ്തു. കുറുപ്പുന്തറ അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

d 5.2 സി. ബ്ലെയ്സി (ഷൈനി) ആരാധനമഠാംഗം. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ വർക്കിവിതയത്തിലിന്റെ ഓഫീസിൽ സേവനം അനുഷ്ഠിക്കുന്നു.







നെടുംതകടിയേൽ ജോസഫ് എബ്രാഹവും കുടുംബാംഗങ്ങളും (കാഞ്ഞിരമറ്റം)

d 5.3 ബിനോയി - ഭാര്യ ഷൈനി, കരിമ്പാനി നെടുങ്ങാട്ടിൽ കുടുംബാംഗം മകൻ ജോസുകുട്ടി

d6 തെയ്യാമ്മ - അരുവിക്കുഴി ജോസഫ് കൊച്ചുപറമ്പിൽ വിവാഹം ചെയ്തു. ചിറ്റാരിക്കലിൽ താമസിക്കുന്നു.

d7 ജോർജ്ജ് (ബേബി) ഭാര്യ ആലീസ്, പാലാ ഞാവള്ളിൽ കുടുംബാംഗം നാലുമക്കൾ, രണ്ടാണും, രണ്ടു പെണ്ണും.

d7.1 അബ്രഹാം (ജോഷി) ഭാര്യ ഷെറിൻ, മലയിഞ്ചിപ്പാറ വെള്ളമുണ്ടാ കുടുംബാംഗം. മക്കൾ റിച്ചു, രൂപാ

d 7.2 റെംസി - തോടനാൽ കണയങ്കൽ സണ്ണിവിവാഹം ചെയ്തു.

d 7.3 സിൻസി - നേഴ്സ്, മാലിയിൽ

d7.4 വിത്സൻ - നേഴ്സ്

d8 എമ്മാനുവൽ (കുട്ടപ്പൻ) ഭാര്യ എത്സമ്മ, പഴയിടം കൂനമ്പാലയ്ക്കൽ കുടുംബാംഗം. മൂന്ന് പുത്രന്മാർ

d 8.1 ഷിന്റോ - ഭാര്യ ജിൻസി, കൂടല്ലൂർ മുശാരിയേട്ട് കുടുംബാംഗം.

d 8.2 ഷിബി - വിദ്യാർത്ഥി

d 8.3 ജെയ്സൺ - വിദ്യാർത്ഥി

d9 ലീല - അരുവിത്തുറ, തടിക്കൽ അപ്പച്ചൻ വിവാഹം ചെയ്തു.

d10 അബ്രഹാം (കുട്ടിയച്ചൻ) ഭാര്യമേരി ചേന്നാട് പുറപ്പന്താനം കുടുംബാംഗം. നാലു മക്കൾ, ഒരാണും, മൂന്നു പെണ്ണും.



നെടുംതകടിയേൽ ഏബ്രാഹം ഏബ്രാഹവും (കുട്ടിച്ചൻ) കുടുംബാംഗങ്ങളും (കാഞ്ഞിരമറ്റം)

d10.1 മനോജ് - നിര്യാതനായി

d10.2 റോഷിനി - നേഴ്സിംഗ് വിദ്യാർത്ഥിനി

d10.3 റീനി

d10.4 റീനാ - ഇരുവരും വിദ്യാർത്ഥികൾ

**e** ഈറാനിമോസ് മകൾ റോസമ്മ (8) അവിവാഹിത. തറവാട്ടിലായിരുന്നു. 31-7-97ൽ നിര്യാതയായി.

**f** ഈറാനിമോസ് മകൾ മറിയാമ്മ (8) ശൈശവത്തിൽ നിര്യാതയായി.

**g** ഈറാനിമോസ് മകൻ വി. ഈ എമ്മാനുവൽ **B. A. B .T** (കുഞ്ഞൂട്ടി) (8) കൊഴുവനാൽ നെടുംതകടിയേൽ തറവാട്ടിൽ താമസിക്കുന്നു. സെന്റ് ആന്റണീസ് ഹൈസ്കൂൾ മുത്തോലി, സി. സി. എം. ഹൈ സ്കൂൾ കരിക്കാട്ടൂർ എന്നിവിടങ്ങളിൽ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും സേവനം ചെയ്തു. കൊഴുവനാൽ സർവ്വീസ് സഹകരണ ബാങ്കിൽ പതിനേഴുവർഷം പ്രസിഡന്റായിരുന്നു. പെൻഷൻ സംഘടന, കൺസ്യൂമർ സൊസൈറ്റി തുടങ്ങിയവയുടെ സ്ഥാപക പ്രസിഡന്റായിരുന്നു. 7.7.1957 മുതൽ എറകോന്നി വയലിൽ കുടുംബയോഗം പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു. ഭാര്യ, റോസക്കുട്ടി, പാല, മൂഴയിൽ കുടുംബാംഗം. അഞ്ചുമക്കൾ, ഒരാണും നാലു പെണ്ണും.







വി.ഇ. എമ്മാനുവേൽ നെടുംതകടിയേലും ഭാര്യ റോസമ്മയും (കൊഴുവനാൽ)

g 1 റോസിലി - കുടമാളൂർ മുട്ടത്തുപാടത്തായവലിയവീട്ടിൽ അഡ്വ. എം. ജെ. മാണി വിവാഹം ചെയ്തു. കോട്ടയം ഗാന്ധി നഗറിൽ താമസിക്കുന്നു. അഞ്ചു പെൺമക്കൾ.



നെടുംതകടിയേൽ വി.ഇ. എമ്മാനുവേലും ഭാര്യയും മക്കളും (കൊഴുവനാൽ)

g 1.1 ആഷ്‌ലി, എം. എസ്സ് സി, ബി എഡ് മഹാരാഷ്ട്രയിൽ നവോദയസ്കൂളിൽ ജോലി ചെയ്യുന്നു. ഭർത്താവ് ഷാജി, അയ്യുണ്ണിക്കൽ, ബോംബെ എൻറോൺ കമ്പിനിയിൽ എൻജിനിയറാണ്.

g1.2 ബിജിലി – എറണാകുളം അറയ്ക്കൽ ടോണി വിവാഹം ചെയ്തിരിക്കുന്നു.

g1.3 ലിന്റാമാണി –എം. സി. എ. എറണാകുളം കംപ്യൂട്ടർ സ്ഥാപനത്തിൽ അധ്യാപികയാണ്.

g1.4 മിന്റു മാണി – എൻജിനിയർ, ലക്ചറർ എൻജിനിയറിംഗ് കോളേജ് പാത്താമുട്ടം

g1.5 അൻജുമാണി – വിദ്യാർത്ഥിനി

g2 ലിസമ്മ പോൾ – എം. എസ്സ്. സി. ബി. എഡ് പ്രൊഫസർ സെന്റ് സേവ്യേഴ്സ് കോളജ് ആലുവ റിട്ട. പ്രൊഫ. പോൾ വർഗ്ഗീസ് പഴയകടവിൽ വിവാഹം ചെയ്തിരിക്കുന്നു. ആലുവായിൽ താമസിക്കുന്നു. മക്കൾ മൂന്ന് ധന്യ, ആർക്കിടെക്ച്ചറൽ എഞ്ചിനിയർ, ടാറ്റാ മദ്രാസ്, ഭർത്താവ് ടെനി ഫ്രാൻസീസ് തെക്കൂടൻ, എൻജിനിയർ മദ്രാസ് 2 സൗമ്യപോൾ, എം. സി. ഏ ഹൈഡ്രാബാദ് സോഫ്റ്റ് വെയർ കമ്പനിയിൽ ജോലി ചെയ്യുന്നു. ഭർത്താവ് ജസ്റ്റിൻ പുതുശ്ശേരി 3. ആന്റോ പോൾ – ഇലക്ട്രോണിക്ക് എൻജിനിയർ മദ്രാസ്.

g3 സി. ആനിമാനുവൽ (ആനിയമ്മ) എഫ്. എം. എം. നോവീസ് മിസ്ട്രസ്, വാരണാസി.



നെടുംതകടിയേൽ അഡ്വ. ജോസ് മാനുവേലും കുടുംബാംഗങ്ങളും





g 4 അഡ്വ. ജോസഫ് മാനുവൽ – ഭാര്യ വിജി പാലാ വലിയ പറമ്പിൽ കുടുംബാംഗം. മൂന്നു മക്കൾ, ഒരുപെണ്ണും രണ്ടാണും, ദീപാ ജോസഫ് (ശ്രീക്കുട്ടി) രാജീവ് ജോസഫ് (മാണിച്ചൻ), അജിത് ജോസഫ് (ഔസേപ്പച്ചൻ) മൂവരും വിദ്യാർത്ഥികൾ.

g5 ലിൻസി ബി. എസ്സ്. സി, ബി. എഡ്. – മുണ്ടക്കയം കോഴിപ്പൂവനാനിക്കൽ ടോം സക്കറിയാ, വിവാഹം ചെയ്തു. മൂന്നുമക്കൾ, ഒരാണും, രണ്ടുപെണ്ണും, ടാനിയ, ടെൽസാ, സ്കറിയാച്ചൻ, മൂവരും വിദ്യാർത്ഥികൾ

**h ഈറാനിമോസ് മകൾ, മറിയാമ്മ (സി. സിംബ്രോസ്) C.M.C. (8) റിട്ട. ടീച്ചർ, ചേർപ്പുങ്കൽ കർമ്മലീത്താ മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.**

**I നെടുംതകടിയേൽ, ഔസേപ്പിന്റെ 12–ാംമത്തെ മകൻ ഫാ. ഇമ്മാനുവേൽ (മാണിച്ചൻ) (8) നെടുംതകടിയേൽ മുട്ടുചിറ, കോതനല്ലൂർ ആയാംകുടി തീക്കോയി, ചെമ്മലമറ്റം, വായ്പൂർ, ഇത്തിത്താനം, കാക്കൂർ, പൂവത്തോട്, കടയനിക്കാട്, ഇടമൺ, മൂഴൂർ, ആർപ്പൂക്കര തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനം ചെയ്തു. 1975 ജനുവരി അഞ്ചാംതീയതി നിര്യാതനായി. കൊരട്ടി പുത്തൻപള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു.**

# കിഴക്കേമുറി ശാഖ

വൂവക്കുളത്തുനിന്നും തകടിയേൽ താമസമാക്കിയ അഞ്ചാം തലമുറക്കാരൻ വർക്കിയുടെ മൂന്നു പുത്രന്മാരിൽ മൂത്തയാളായ ഉലഹന്നാൽ കിഴക്കേമുറിയിൽ താമസമാക്കിയതാണ് ഈ ശാഖയുടെ തുടക്കം. ആറാം തലമുറക്കാരനായ ഉലഹന്നാന് മൂന്ന് മക്കൾ - തൊമ്മൻ, വർക്കി, കുഞ്ഞേലി.

A തൊമ്മൻ (ഏഴാം തലമുറ) : ഉലഹന്നന്റെ മൂത്തമകൻ തൊമ്മൻ അന്നമ്മയെ വിവാഹം കഴിച്ച് ഇരുട്ടുകാട്ടിൽ പുരയിടത്തിലേക്ക് മാറി താമസിച്ചു. ഇവർക്ക് നാലുമക്കൾ - ജോസഫ്, മത്തായി, വർക്കി, മറിയം.

I ജോസഫ് (കൊച്ചുപാപ്പൻ) (8) തൊമ്മന്റെ മൂത്തമകൻ ജോസഫ് (കൊച്ചുപാപ്പൻ) പാറത്താനത്തു കുടുംബാംഗമായ ഏലിയെ വിവാഹം കഴിച്ചു. ഇവർ താമസിച്ചിരുന്ന പുരയിടം കൊഴുവനാൽ പള്ളിക്ക് വിൽപന നടത്തിയിട്ട് പുളിക്കൽ കവലയിൽ പുതുതായി വാങ്ങിയ പുരയിടത്തിലേക്ക് കുടുംബസമേതം മാറി താമസിച്ചു. പഴയ കിഴക്കേമുറി പുരയിടത്തിലാണ് ഇപ്പോൾ കൊഴുവനാൽ ഗേൾസ് ടൗണും, അനാഥ മന്ദിരവും പ്രവർത്തിക്കുന്നത് ജോസഫ് ഏലി ദമ്പതികൾക്ക് അഞ്ച് മക്കൾ- തോമസ്, ഉലഹന്നാൽ, ജോസഫ്, വർക്കി, മത്തായി

a) തോമസ് (9): തോമസിന്റെ ഭാര്യ അന്നമ്മ കല്ലന്തറ കുടുംബാംഗം ഇവർക്ക് 6 മക്കൾ ഏലിക്കുട്ടി, അന്നക്കുട്ടി, മേരി, ജോസഫ്, ത്രേസ്യാമ്മ, റോസമ്മ

a1 ഏലിക്കുട്ടി (10) അവിവാഹിത

a2 അന്നക്കുട്ടി (10) പൂവത്തിളപ്പ് മുണ്ടൻകുന്നേൽ കൊച്ച് വിവാഹം കഴിച്ചു.





a3 മേരി (10) അവിവാഹിത, നിര്യാതയായി

a4 ജോസഫ് (10) ഭാര്യ അച്ചാമ്മ അയർക്കുന്നം തൈത്തോട്ടത്തിൽ കുടുംബാംഗം - ഇവർക്ക് 2 മക്കൾ - ഷാജി, നിഷ, ഭർത്താവ് എടത്വാ കല്ലുപുരയ്ക്കൽ ജിഷ

a5 ത്രേസ്യാമ്മ (10) - ഭർത്താവ് തിരുവാർപ്പ് പതിനെട്ടിൽച്ചിറ കുട്ടച്ചൻ

a6 റോസമ്മ - ഭർത്താവ് കണമല വടക്കേമുറിയിൽ ജോസ്

b) ഉലഹന്നൻ (9) : ഉലഹന്നന്റെ ഭാര്യ കിടങ്ങൂർ അപ്പച്ചേരിയിൽ കുടുംബാംഗമായ ഏലിയാമ്മ. ഇവർക്ക് 5 മക്കൾ മേരി, ഏലിയാമ്മ, ത്രേസ്യാമ്മ, ചിന്നമ്മ, റോസമ്മ,

b1 മേരി (10) - ആനിക്കാട് പ്ലാത്തറ തോമസ് വിവാഹം കഴിച്ചു.

b2 ഏലിയാമ്മ (10) തമ്പലക്കാട് പാലുവേലിൽ ലൂക്കാ വിവാഹം കഴിച്ചു.

b3 ത്രേസ്യാമ്മ (10) - മാമ്മൂട് വയലുങ്കൽ ജെയിംസ് വിവാഹം കഴിച്ചു.

b4 ചിന്നമ്മ (10) - പുളിക്കൽകവല തെക്കേക്കരോട്ട് പോൾ വിവാഹം കഴിച്ചു.

b5 റോസമ്മ - ഭർത്താവ് രഞ്ജിത്ത് (ഭിലായ്)

c) ജോസഫ് (9) : ജോസഫ് പൊൻകുന്നം തുണ്ടത്തിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 7 മക്കൾ- ജോസഫ്, ജോർജ്, മേരി, ബേബി, ഡെയ്സി, ജെയ്നമ്മ, സിബി.

c1 ജോസഫ് (10) ജോസഫിന്റെ ഭാര്യ ശോശാമ്മ വരിക്കമാക്കൽ കുടുംബാംഗം. ഇവർക്ക് ഒരു മകൾ മാത്രം - ഏലിയാമ്മ. ജോസഫ് നിര്യാതനായി.

c2 ജോർജ് (10) - ഭാര്യ വത്സമ്മ കോയിത്തോട്ടത്തിൽ കുടുംബാംഗം. ഇവർക്ക് 2 കുട്ടികൾ - റോണി, സോണി.

c3 മേരി (10) ആലക്കോട് മഞ്ഞക്കുന്നേൽ തങ്കച്ചൻ വിവാഹം കഴിച്ചു.

c4 ബേബി (10) അവിവാഹിതനായിരുന്നു, നിര്യാതനായി.

c5 ഡെയ്സി (10) അയർക്കുന്നം ഇരട്ടമനാൽ അബ്രാഹം വിവാഹം കഴിച്ചു.

c6 ജയ്നമ്മ (10) മൂഴൂർ, അറക്കൽ തോമസ് വിവാഹം കഴിച്ചു.

c7 സിബി (10) ഭാര്യ ഗ്രേസി കുളത്തൂർമൂഴി കുഴിപ്പള്ളിൽ കുടുംബാംഗം ഒരു മകൾ - ഏലിയാമ്മ.

d വർക്കി (9): വർക്കി മനയത്ത് തണ്ണിപ്പാറ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 7 മക്കൾ - ജോസ്, ജോർജ്, മേരിടോമി, ജസ്സി, മാത്യു, ജോളി.

d1 ജോസ് (10) - ഭാര്യ ഏലിയാമ്മ കമ്പംമെട്ട് പുളിക്കൽ പീടികയിൽ കുടുംബാംഗം. മൂന്ന്മക്കൾ - അന്നമ്മ, റോബിൻ റോണി.

d2 ജോർജ്ജ് (10) കടയനിക്കാട് അഴകത്ത് പടിയറ എലിസബത്തിനെ വിവാഹം കഴിച്ചു. 2 മക്കൾ അന്നമ്മ, മരിയറ്റ്.

d3 മേരി (10) കണമല ഞായറ്കുളം സെബാസ്റ്റ്യൻ വിവാഹം കഴിച്ചു.

d4 ടോമി (10) ഭാര്യ സെലിൻ മൂഴൂർ പന്തപ്പള്ളിൽ കുടുംബയോഗം.

d5 ജെസ്സി (10) - ചാക്കാലക്കൽ ജോണി വിവാഹം കഴിച്ചു.

d6 മാത്യു (10) - ഭാര്യ മണലുങ്കൽ ചൊള്ളമ്പുഴ കുടുംബാംഗം - 2 മക്കൾ - അന്നമ്മ, മാത്യു.

e) മാത്യു (9) : മാത്യു ഇരട്ടയാർ ചെമ്മരപ്പള്ളിൽ മേരിയെ വിവാഹം കഴിച്ച് ചാമംപതാലിൽ താമസിക്കുന്നു. ഇവർക്ക് 3 മക്കൾ - ഏലിയാമ്മ, ബോബി, റോയി.

e1 ഏലിയാമ്മ (10) മഞ്ഞാമറ്റം പോത്തനമലയിൽ ജോർജ്ജ് വിവാഹം കഴിച്ചു.

e2 ബോബി (10) ഭാര്യ സീമ കൊഴുവനാൽ തെക്കേമൈലാടിയിൽ കുടുംബാംഗം - 1 കുട്ടി - ഡോണ

e3 റോയി (10) കപ്പട് പ്ലാത്തോട്ടത്തിൽ അനിതയെ വിവാഹം കഴിച്ചു. 1 കുട്ടി - അലീന.

II മത്തായി (8): തൊമ്മന്റെ രണ്ടാമത്തെ മകൻ മത്തായി മൂഴൂർ വലിയകരോട്ടു കുടുംബാംഗമായ മറിയത്തിനെ വിവാഹം കഴിച്ചു. ഇവർക്ക് 8 മക്കൾ - തോമസ്, അന്നമ്മ, ഏലിയാമ്മ, മത്തായി, ത്രേസ്യാമ്മ, മറിയക്കുട്ടി, മോനി, മാത്യു.





a) തോമസ് (9) : തോമസ് ചാമംപതാൽ പയറ്റനാക്കുഴിയിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 9 മക്കൾ മേരി, ചിന്നമ്മ, അന്നമ്മ, ജോസ്, മാത്യു, തോമസ്, വർക്കി, സ്കറിയ, ജസി.

a1 മേരി (10) ചങ്ങനാശ്ശേരി പുട്ടുങ്കൽ ജേക്കബ് വിവാഹം കഴിച്ചു.

a2 ചിന്നമ്മ (10) വിവാഹിതയായിരുന്നു നിര്യാതയായി.

a3 അന്നമ്മ (10) സന്യാസിനിയാണ്. ഉത്തർപ്രദേശിൽ സേവനം ചെയ്യുന്നു.

a4 ജോസ് (10) ഭാര്യ കായംകുളം പുട്ടുങ്കൽ ലീലാമ്മ. ഇപ്പോൾ കർണ്ണാടകത്തിൽ താമസിക്കുന്നു. 3 മക്കൾ ജോജി, ജോബി, ജൂലി.

a5 മാത്യു (10) ഭാര്യ ആനിയമ്മ മണിമല കാളിയാനി കുടുംബാംഗം. 3 കുട്ടികൾ മഞ്ചു, അഞ്ചു, അനുജ.

a6 തോമസ് (10) ഭാര്യ ലിസി ഒരു കുട്ടിയുണ്ട്.

a7 വർക്കി (10) നാലുകോടി കല്ലംപറമ്പിൽ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. 3 കുട്ടികൾ - വിഞ്ജു, വിനീത്, വിദ്യ.

a8 സ്കറിയ (10) ഭാര്യ മോളിക്കുട്ടി തൃക്കൊടിത്താനം പഴയഞ്ചിറ കുടുംബാംഗം 2 മക്കൾ - ടോണി, വിദ്യ.

a9 ജസ്സി (10) പൊന്തൻപുഴ ഏറത്തേടം ജോബ് വിവാഹം കഴിച്ചു.

b അന്നമ്മ (9) കിഴക്കയിൽ ജോസഫ് വിവാഹം കഴിച്ചു.

c ഏലിയാമ്മ (9) വിവാഹിതയായിരുന്നു. നിര്യാതയായി.

d മത്തായി (9) അവിവാഹിതനായിരുന്നു. നിര്യാതനായി

e ത്രേസ്യാമ്മ (9) ചെങ്ങളം തറപ്പേൽ വിവാഹം കഴിച്ചയച്ചു.

f മറിയക്കുട്ടി (9) ചേർപ്പുങ്കൽ ചെരിപുറത്ത് വർക്കി വിവാഹം കഴിച്ചു.

g മോനി (9) ചങ്ങനാശ്ശേരി കൂട്ടംപേരൂർ മാത്യു വിവാഹം കഴിച്ചു.

h മാത്യു (9) (ഫാ. മാത്യു കിഴക്കേമുറി) : ഫാ. മാത്യു കിഴക്കേമുറി 17-12-1970-ൽ വൈദികപട്ടം സ്വീകരിച്ചു. 10 വർഷത്തോളം ആസ്സാമിൽ മിഷൻ പ്രവർത്തനം നടത്തി. 1981 മുതൽ കർണ്ണാടകത്തിൽ സ്കൂളിന്റെയും, ഹോസ്റ്റലിന്റേയും ചുമതല വഹിച്ചു. 1994 മുതൽ 1996 വരെ ഷിമോഗയിൽ മിഷൻ സുപ്പീരിയർ ആയി സേവനം ചെയ്തു. ഇപ്പോൾ ഷിമോഗയിൽ മൂകരും ബധിരരുമായ കുട്ടികൾക്കുള്ള കരുണാനിലയം എന്നപേരുള്ള ഒരു ഹോസ്റ്റലിന്റെ ചുമതല നിർവ്വഹിക്കുന്നു.

**III** വർക്കി (8) : തൊമ്മന്റെ മൂന്നാമത്തെ മകൻ വർക്കി തോടനാൽ കളറുപാറയിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 8 മക്കൾ അന്നമ്മ, കൊച്ച്, മറിയക്കുട്ടി, തോമസ്, ചിന്നമ്മ, ജോസഫ്, ജോർജ്ജ്, റോസമ്മ. ഇവരിൽ അന്നമ്മയെ തോവാള മുള്ളംകുഴിയിൽ ചാക്കോയും, റോസമ്മയെ ചെറുവള്ളി കരോട്ടുപാറയിൽ ആന്റണിയും വിവാഹം കഴിച്ചു. കൊച്ച്, മറിയക്കുട്ടി, ചിന്നമ്മ എന്നിവർ വിവാഹിതരായി മലബാറിൽ താമസിക്കുന്നു. ആൺമക്കളിൽ തോമസ് കണമല വേങ്ങത്താനത്ത് ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 6 കുട്ടികൾ ജോസഫ് ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. 3 കുട്ടികൾ ഉണ്ട്

ജോർജ് (9) (ഫാ. ജോർജ് കിഴക്കേമുറി) വർക്കിയുടെ മകൻ ജോർജ്ജ് M.C.B.S സഭയിൽ ചേർന്ന് വൈദികനായി ഇപ്പോൾ ആലുവായിൽ സേവനമനുഷ്ഠിക്കുന്നു.

**IV)** മറിയം (8) തൊമ്മന്റെ മകൾ മറിയത്തിനെ ആനിക്കാട് നെല്ലിമല മറ്റത്തിൽ ഡൊമ്മിനി വിവാഹം ചെയ്തു.

**B** വർക്കി (7) ആറാം തലമുറക്കാരനായ ഉലഹന്നന്റെ രണ്ടാമത്തെ മകനായ വർക്കി മറ്റക്കര തിരുനിലത്ത് ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 5 മക്കൾ മറിയം, അന്നമ്മ, ത്രേസ്യാമ്മ, ജോസഫ്, വർക്കി, ഇവരിൽ മറിയത്തിനെ കൊഴുവനാൽ തേണക്കരയിൽ സൈമണും, അന്നമ്മയെ ആനിക്കാട്ട് കയ്യുന്നപ്പാറ ജോസഫും വിവാഹം കഴിച്ചു. ത്രേസ്യാമ്മ അവിവാഹിതയായിരുന്നു, നിര്യാതയായി.





ജോസഫ് (8) ജോസഫ് ചെല്ലന്തറ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. 7 മക്കൾ ഉലഹന്നാൻ, റോസമ്മ, തോമസ് , മറിയം, ത്രേസ്യാമ്മ, ജോസഫ്, അന്നമ്മ. ഉലഹന്നൻ ചാമംപതാൽ പയറ്റിനാംകുഴിയിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. 7 മക്കൾ ജോസഫ്, ജോർജുകുട്ടി, ത്രേസ്യാമ്മ, ജോൺ, തോമസ്, മറിയം, റോസമ്മ.

റോസമ്മയെ കാഞ്ചിയാർ കറുകപ്പള്ളിൽ സ്കറിയ വിവാഹം കഴിച്ചു. തോമസ് ഇരട്ടയാർ തെക്കേക്കുറ്റ് മേരിയെ വിവാഹം കഴിച്ചു. 2 മക്കൾ ജോസഫ്, ത്രേസ്യാമ്മ. തോമസ് നിര്യാതനായി. മറിയാമ്മയെ കാഞ്ഞിരപ്പള്ളി പുത്തൻപുരയ്ക്കൽ ജോസഫ് വിവാഹം കഴിച്ചു.

ത്രേസ്യാമ്മയെ മേരികുളം മുണ്ടപ്ലാക്കൽ അബ്രാഹവും, അന്നമ്മയെ കോതപ്പാറ പുതിയിടത്ത് മാത്യുവും വിവാഹം കഴിച്ചു.

ജോസഫിന്റെ മറ്റൊരു മകനായ ജോസഫ് വടകരയിൽ അച്ചാമ്മയെ വിവാഹം കഴിച്ചു. 3 മക്കൾ - ജോസഫ്, ഉലഹന്നൻ ത്രേസ്യാമ്മ.

വർക്കി (8) : ഏഴാം തലമുറക്കാരനായ വർക്കിയുടെ ഇളയമകനായ വർക്കി മറ്റക്കര കണിപറമ്പിൽ മറിയാമ്മയെ വിവാഹം കഴിച്ച് മലബാറിൽ കൂടരഞ്ഞിയിലേക്ക് താമസം മാറ്റി. ഇവർക്ക് ഒരു മകൻ - ജോൺ.

# ഇടിയാകുന്നേൽ ശാഖ

പൂവക്കുളത്തുനിന്നും തകടിയേൽ വന്നു താമസിച്ച വർക്കിയുടെ രണ്ടാമത്തെ മകൻ മത്തായി ഇടിയാകുന്നേൽ പുരയിടത്തിൽ താമസമാക്കി. മത്തായിയുടെ മൂന്ന് ആൺമക്കളിൽ മൂത്തയാൾ വർക്കിയും രണ്ടാമൻ സ്കറിയായും കാഞ്ഞിരമറ്റത്ത് മാറിത്താമസിച്ചു. മൂന്നാമൻ ജോസഫ് കൊഴുവനാൽ ഇടിയാകുന്നേലും താമസിച്ചു.

വർക്കിയുടെ (7) ഭാര്യ മറിയംകൊഴുവനാൽ മൂലമുണ്ടയിൽ കുടുംബാഗം. ഇവർക്ക് ഒരു മകൾ അന്ന മാത്രമെ ഉണ്ടായിരുന്നുള്ളു. അന്ന(8) യെ ചേർപ്പുങ്കൽ വട്ടമറ്റത്തിൽ ചെറിയത് മകൻ ഔസേപ്പ് ദത്ത് വിവാഹം ചെയ്തു. അവർക്ക് എട്ടു മക്കളുണ്ടായി.

I സ്കറിയാ ഇടിയാകുന്നേൽ (9) ചെങ്ങളത്ത് താമസിച്ചു. നെടുംതകടിയേൽ വർക്കിയുടെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് പതിനൊന്നു മക്കൾ

1 അന്നമ്മ : ആനിക്കാട് പാലാപ്പറമ്പിൽ ഐപ്പ് മകൻ മത്തായി വിവാഹം ചെയ്തു. കട്ടപ്പനതാമസമാക്കി.

2 ത്രേസ്യാ : ചെങ്ങളം ആലുങ്കൽ താഴെ (മേപ്രത്ത്) അവിരാ വിവാഹം കഴിച്ചു.

3 മറിയക്കുട്ടി - മണ്ണുക്കശുമ്പിൽ മാത്യു വിവാഹം കഴിച്ചു.

4 ഫാ. ജോസഫ് ഇടിയാകുന്നേൽ : ഈശോ സഭാവൈദികൻ. ഗുജറാത്തിൽ സേവനം അനുഷ്ഠിച്ചു നിരാതനായി.

5 ഏലിക്കുട്ടി : ഇളംകുളം വയലുങ്കൽ മാത്യു വിവാഹം ചെയ്തു.

6 റോസമ്മ (സിസ്ക്കൊളാസ്റ്റിക്ക): നാഗർകോവിൽ ഹോളിക്രോസ് കൊൺവന്റിൽ കന്യാസ്ത്രി ഹോളിക്രോസ് കോളജ് പ്രിൻസിപ്പലായിരുന്നു. റിട്ടയർ ചെയ്തു.





7 കുട്ടിയച്ചൻ (ഐ. സി. വർക്കി): കട്ടപ്പന സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ അധ്യാപകനായിരുന്നു. റിട്ടയർചെയ്തു. ഭാര്യ അന്നമ്മ, ആനിക്കാട് ഞായർകുളം ഐസക്കിന്റെ മകൾ. ഇവർക്ക് ഏഴ് മക്കൾ.

I ബേബി (സ്കറിയാ) ആർക്കിടെക്റ്റായി കട്ടപ്പനയിൽ പ്രവർത്തിക്കുന്നു. ഭാര്യ സെലിൻ (അന്നാമ്മ) മൂവേലിൽ കുടുംബാംഗം കട്ടപ്പന സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ അധ്യാപിക. ഇവർക്ക് രണ്ടുകുട്ടികൾ, അന്ന, വർക്കി.

II ആൻസി - മൂവാറ്റുപുഴതോപ്പിൽ രാജു വിവാഹം ചെയ്തു.

III സിസ്റ്റർ റോയ്സി എഫ്. സി. സി. ബീഹാറിൽ സേവനം അനുഷ്ഠിക്കുന്നു

IV നൈസി, നേഴ്സായി ജോലി ചെയ്യുന്നു.

V ടെൻസി ഐസക്

VI ജസ്റ്റിൻ

VI ജോസ്മോൻ

8 അപ്പച്ചൻ (ഐ. സി. സ്കറിയാ) : ചെങ്ങളം സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ അധ്യാപകനായിരുന്നു. റിട്ടയർ ചെയ്തു ഭാര്യ ത്രേസ്യാമ്മ, പാറമ്പുഴ കോടിക്കുളത്ത് ജോസഫിന്റെ മകൾ ചെങ്ങളം സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ അധ്യാപികയായിരുന്നു. റിട്ടയർ ചെയ്തു. ഇവർക്ക് മൂന്നുമക്കൾ

I ബിന്ദു എം. എസ്സ്. സി. പാരിപ്പള്ളിൽ വ്യാസവീട്ടിൽ അജിത് വിവാഹം ചെയ്തു. ബോംബെയിൽ താമസിക്കുന്നു.

II ബിജു സ്ക്കറിയാസ്. ഭാര്യ ജെസ്സി മണലുങ്കൽ പന്തപ്പള്ളിൽ തോമസിന്റെ മകൾ. ഒരു കുട്ടിയുണ്ട്.

III ടിനു റോസ് സ്ക്കറിയാസ് - വിദ്യാർത്ഥി.

9 ഐ. സി. ചാക്കോ. ചെങ്ങളത്ത് താമസിക്കുന്നു ഭാര്യ, കുറിച്ചിത്താനം ചെരുവിൽ ചാക്കോ മകൾ ലില്ലിക്കുട്ടി. മൂന്നുമക്കൾ ജിജോ ജേക്കബ്, ജിമ്മി ജേക്കബ്, അനിറ്റാ ജേക്കബ്

10 ഫാ. ഐ. സി. മാത്യു - ബീഹാറിൽ മിഷനറിയായി സേവനം അനുഷ്ഠിക്കുന്നു.

11 സിസിലി. മല്ലപ്പള്ളി പാണ്ട്യാലയ്ക്കൽ ആന്റണി വിവാഹം ചെയ്തു.

II വർക്കി എം. എ (9) : എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് പ്രൊഫസറായി റിട്ടയർ ചെയ്തു. നിര്യാതനായി. ഭാര്യ മേരി, കാഞ്ഞിരപ്പള്ളി, കല്ലറയ്ക്കൽ ഇട്ടിയവിരയുടെ മകൾ. ഇവർക്ക് ആറ് മക്കൾ ജോസഫ്, ജോർജ്ജ്, അബ്രഹാം, തോമസ് എല്ലാവരും അമേരിക്കയിൽ. എത്സിക്കുട്ടി (അന്ന) ചങ്ങനാശ്ശേരി നേര്യംപറമ്പിൽ മാത്യു വിവാഹം ചെയ്തു. മേരി, കേരളാ യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാർ, ഒ. കെ. ശ്രീധരൻ വിവാഹം കഴിച്ചു.

III കുര്യാക്കോസ് (9) : കാഞ്ഞിരമറ്റത്ത് താമസിച്ചു. ഭാര്യമേരി ചെങ്ങളത്തു കുന്നേൽ തൊമ്മന്റെ മകൾ. ഇവർക്ക് ഏഴുമക്കൾ

1 ജോസഫ്. കൊഴുവനാൽ അറയ്ക്കൽ കുഞ്ഞാപ്പന്റെ മകൾ മേരിയെ വിവാഹം കഴിച്ചു. മക്കളില്ല.

2 തോമസ്. തോപ്രാംകുടിയിൽ താമസം. ഭാര്യ മേരി കിളളിയാറ്റിൽ കുടുംബാംഗം മൂന്നുമക്കൾ, ജിൻസ്, ബിൻസ്, ബിൻസി.

3 സിസ്റ്റർ റോസ്‌ലിമ - സെന്റ് ആൻസ് കോൺവന്റ് ബാംഗളൂർ, ഇപ്പോൾ അമേരിക്കയിലാണ്.

4 സിറിയക്ക് - ഐ. എസ്സ്. ആർ. ഒ യിൽ ജോലിചെയ്യുന്നു. ഭാര്യ ഷേർളി മക്കൾ എബിയും ആൻ.

5 ആനീസ്, പണ്ടപ്പള്ളിൽ. പൂക്കാട്ടുചാലിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ഹൈദരാബാദിൽ താമസിക്കുന്നു.

6 ജോർജ്ജ് കാഞ്ഞിരമറ്റത്ത് തറവാട്ടിൽ താമസിക്കുന്നു.

7 റജീന - ചാലക്കുടി പുത്തൻചിറ ജോൺ വിവാഹം ചെയ്തു. ഇപ്പോൾ ലണ്ടനിൽ താമസിക്കുന്നു.

IV മേരി (9) ചെങ്ങളത്ത് കണികതോട്ട് കുര്യാക്കോസ് വിവാഹം ചെയ്തു.

V ഏലി (9) മണലുങ്കൽ നെടുംതകടിയേൽ ചാക്കോവർക്കി വിവാഹം ചെയ്തു.

VI ത്രേസ്യാ (9) പനത്തടിയിൽ വർക്കിവടാന വിവാഹം ചെയ്തു.





VII ഐ. ജെ. ജോൺ (9) ഭാര്യ എരുമേലി നെടും തകടിയേൽ കുര്യൻ മകൾ ഏലി. കോഴിക്കോട് താമസിക്കുന്നു. ഇവർക്ക് ഒൻപത് മക്കൾ. ആനിജോസ് - ബറോഡ, ജോസഫ് ഐ. ജെ. ബോംബെ, ജോർജ്ജുകുട്ടി ജോൺ, ഗ്രേസിസാം, രാജു ജോൺ, ബേബി ജോൺ, മറീന, ജിമ്മി, ജോൺസൺ

VIII ജോസഫ് ഐ. ജെ. (9) ഭാര്യ മറിയാമ്മ, വൈക്കം ഉല്ലല വല്ലേച്ചിറയിൽ കുടുംബാംഗം (ഇരുവരും പരേതരാണ്) ഇവർക്ക് മക്കൾ പതിനൊന്ന്.

1 അന്നക്കുട്ടി (സിസ്റ്റർ സ്ക്കോട്ടിൻഡാ) ബാംഗ്ലൂർ സെന്റ് ആൻസ് കോൺവെന്റിൽ.

2 അപ്പച്ചൻ (ജോസഫ്) ഭാര്യ ഏലിക്കുട്ടി, രാമപുരം മൂലയന്നൂർ കുടുംബാംഗം മൂന്നുമക്കൾ, മേഴ്സി, സണ്ണി, ടോമി.

3 ജോർജ്ജ്. ഭാര്യ അന്നമ്മ, ചെങ്ങളത്ത് അരീക്കൽ കുടുംബാഗം. അഞ്ച് മക്കൾ, സാബു, സോളി, സോഫി, സുനിൽ, സുമേഷ്

4 കാതറൈൻ - പാദുവാ കണിപറമ്പിൽ ജോസഫ് വിവാഹം ചെയ്തു.

5 വത്സ - മേലുകാവ് വേലിക്കകത്ത് അഗസ്ററിൻ വിവാഹം കഴിച്ചു.

6 ലീലാമ്മ - പയ്യന്നൂർ ഒളാട്ടുപുറം ഫ്രാൻസിസ് വിവാഹം ചെയ്തു.

7 മേരി (സിസ്റ്റർ ലൊറേറ്റോ) ബാംഗ്ളൂർ സെന്റ് ആൻസ് കോൺവന്റിൽ

8 തങ്കമ്മ (സിസ്റ്റർസെലിൻ) കാലടി സെന്റ് ആൻസ് കോൺവെന്റിൽ

9 കുട്ടപ്പൻ (സ്കറിയ) ഭാര്യ ചിന്നമ്മ, കുറുപ്പന്തറ ഓരത്തേൽ കുടുബാംഗം.

10 റോസ്‌ലി - മിത്രക്കരി, ഉായിക്കാട്ട് തങ്കച്ചൻ വിവാഹം ചെയ്തു.

11 ജോണി - ഭാര്യ ലൈസാമ്മ, ആനിക്കാട് ചാത്തംകുന്നേൽ കുടുംബാംഗം. മക്കൾ ഷൈജോ, ഷിജു.

**B** ഇടിയാകുന്നേൽ മത്തായിയുടെ രണ്ടാമത്തപുത്രൻ സ്കറിയാ (7), കാഞ്ഞിരമറ്റത്ത് വാതല്ലേട്ട് താമസമാക്കി. മുത്തോലി, തെങ്ങും തോട്ടത്തിൽ അന്നയെ വിവാഹം കഴിച്ചു.

**C** ഇടിയാകുന്നേൽ മത്തായിയുടെ മൂന്നാമത്തെ പുത്രൻ ഔസേഫ് (7) കൊഴുവനാൽ ഇടിയാകുന്നേൽ തറവാട്ടിൽ താമസിച്ചു രണ്ടു വിവാഹം കഴിച്ചു. ആദ്യഭാര്യ അന്ന. ഇവർക്ക് മൂന്നുമക്കൾ, അന്ന, ഏലി, മത്തായി. അന്ന പാല, ആലയ്ക്കാപ്പള്ളിൽ ഈപ്പച്ചൻ വിവാഹംചെയ്തു. ഏലി മേലുകാവിൽ, കുന്നുംപുറത്ത് ജോസഫ് വിവാഹം ചെയ്തു.

മത്തായി (കുഞ്ഞേട്ടൻ) (8) ഭാര്യ മറിയം, വാഴൂർ, ശൗര്യാംതടത്തിൽ കുടുംബാംഗം, ഇവർക്ക് അഞ്ചു മക്കൾ, മൂന്നാണും, രണ്ടു പെണ്ണും, ജോസഫ്, മത്തായി, കൊച്ചുത്രേസ്യാ, അന്നക്കുട്ടി, തോമസ് എന്നിവർ




ഇടിയാകുന്നേൽ ഔസേപ്പ് മത്തായിയും ഭാര്യ മറിയവും

**1** ജോസഫ് (കുഞ്ഞേപ്പ്) (9) ഭാര്യ ഏലിക്കുട്ടി, ചേർപ്പുങ്കൽ, കുര്യത്താനത്ത് കുടുംബാംഗം ഇവർക്ക് ഏട്ടുമക്കൾ, നാലാണും, നാലുപെണ്ണും.

a മേരിക്കുട്ടി (10) അയർക്കുന്നം പൂക്കുടിയിൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഔസേപ്പച്ചൻ 1989 ജൂൺ 12-ാം തീയതി നിര്യാതനായി.

b എത്സമ്മ - നീലൂർ എമ്പ്രയിൽ അപ്പച്ചൻ വിവാഹം ചെയ്തു.

c ലീലാമ്മ - സി. ഡേമിയൻ അലഹബാദ് ഐ. ബി. എം. വി. കോൺവെന്റിൽ

d മാത്തുക്കുട്ടി - ഭാര്യ ജോളി, മുട്ടം, കുമ്മിണിയിൽ ജോസഫ് ശാസ്ത്രി മകൾ മക്കൾ 2 - ബിബിൻ, ബോബിൻ.

e ജോസുകുട്ടി - ഭാര്യ ആനിയമ്മ, തൃശൂർ തുളുമ്പമ്മാക്കൽ തോമസിന്റെ മകൾ. മക്കൾ 2 - നീതു,നിതിൻ







ഇടിയാകുന്നേൽ മത്തായി ജോസഫും (കുഞ്ഞേപ്പ്) കുടുംബാംഗങ്ങളും

f സജി-ഭാര്യ ജിജി, ഒറ്റപ്പാലം വെട്ടിക്കാട്ട് കുടുംബാംഗം ഒരു മകൻ.

g ജോമോൻ - ഫാ. ജോ ഇടിയാകുന്നേൽ 1996 മെയ് 9-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. ഇപ്പോൾ ജലന്തർ രൂപതയിൽ മിഷണറിയായി സേവനം ചെയ്യുന്നു.

h സിജിമോൾ - മുത്തോലി ലാട്പുരം കുടുംബാംഗം സൈജുമോൻ വിവാഹം ചെയ്തു.

**2** മത്തായി (കൊച്ച്) (9) ഭാര്യ മറിയം, പാദുവാ കണിയാംകുന്ന് കുടുംബാഗം. ഇവർക്ക് 7 മക്കൾ അഞ്ചാണും 2 പെണ്ണും. മറിയം 2001 ഫെബ്രുവരി 5-ാം തീയതി നിര്യാതയായി.



ഇടിയാകുന്നേൽ മത്തായിയുടെ ഭാര്യ മേരി

a മത്തച്ചൻ (10) ഊന്നുകല്ല് തേക്കുംകാട്ടിൽ ലിസിയെ വിവാഹം കഴിച്ച് ഊന്നുകല്ലിൽ താമസിക്കുന്നു.

b മറിയാമ്മ - ചേർപ്പുങ്കൽ കുളങ്കര ആന്റണി വിവാഹം ചെയ്തിരിക്കുന്നു. കൊഴുവനാലിൽ സെന്റ് മേരീസ് ഫ്ളവർ സ്റ്റോഴ്സ് നടത്തുന്നു. ഒരു മകളുണ്ട്.



ഇടിയാകുന്നേൽ മത്തായിയും കുടുംബാംഗങ്ങളും

c ജോസഫ് (ജോബി) പാല, ആദപ്പള്ളിൽ ആഗ്നസിനെ വിവാഹം കഴിച്ചു. ഒരു കുട്ടി, ജോസ്മി.

d അൽഫോൻസാ - പീരുമേട് കുഴിവേലിൽ ഈപ്പൻ വിവാഹം കഴിച്ചു ഒരു കുട്ടി - ജെറിമോൾ

e തോമസ് (ബിജു) - ഉള്ളനാട്, കൈപ്പയിൽ മോളിയെ വിവാഹം കഴിച്ചു ഒരു കുട്ടി - മെറിൻ

f ജോണി - കളത്തുകടവ്,കുഴിക്കൊമ്പിൽ ബിന്ദുവിനെ വിവാഹം കഴിച്ചു. രണ്ടു കുട്ടികൾ (ബിജി, ഡോമിനിക്)

g എമ്മാനുവേൽ - എമ്മാനുവൽ അവിവാഹിതനാണ്

3 തോമസ് (കുഞ്ഞുകൊച്ച്) (9) ഭാര്യ ആലീസ്, ഇളങ്ങോയി കുമ്പ ളാനിക്കൽ കുടുംബാഗം. ഇവർക്ക് നാലുമക്കൾ. സിമി, സിനി, സിജു, സോണിയ.

a) സിമി (10) ഇടിയാകുന്നേൽ തോമസിന്റെ മകൾ സിമിയെ കപ്പാട്, വെള്ളമറ്റത്തിൽ കുര്യന്റെ മകൻ ജെയിംസ് വിവാഹം കഴിച്ചു. ഇവർക്ക് 1 കുട്ടി.







ഇടിയാകുന്നേൽ ഇ. എം. തോമസും (കുഞ്ഞുകൊച്ച്) കുടുംബാംഗങ്ങളും

b) സിനി - തോമസിന്റെ രണ്ടാമത്തെ മകൾ സിനിയെ മുണ്ടക്കയം കൂവക്കുന്നേൽ തോമസിന്റെ മകൻ ജെറി വിവാഹം കഴിച്ചു. ജെറി KSFE ഉദ്യോഗസ്ഥനും, സിനി പ്ലസ് ടൂ അദ്ധ്യാപികയുമാണ്.

4 കൊച്ചു ത്രേസ്യ (9) മത്തായിയുടെ മകൾ കൊച്ചു ത്രേസ്യ അവിവാഹിതയാണ്. സഹോദരൻ തോമസിനോപ്പം താമസിക്കുന്നു.

5 അന്നക്കുട്ടി (9) അതിരമ്പുഴ പന്നയ്ക്കൽ മാത്യു വിവാഹം കഴിച്ചു.

**ഇടിയാകുന്നേൽ ഔസേപ്പിന്റെ (7) രണ്ടാം വിവാഹത്തിലെ ഭാര്യ ത്രേസ്യാ കൂടല്ലൂർ തായമ്പടത്ത് കുടുംബാംഗം. ഇവർക്ക് അഞ്ചുമക്കൾ, ഒരാണും, നാലുപെണ്ണും. അന്ന, മറിയം, ത്രേസ്യാമ്മ, കൊച്ചു റോസ, ജോസഫ് എന്നിവർ.**

1 **അന്ന (8) കാഞ്ഞമലയിൽ ജോസഫ് വിവാഹം ചെയ്തു.**

2 **മറിയം (8) ചേർപ്പുങ്കൽ പാത്രപാങ്കൽ ദേവസ്യാ വിവാഹം ചെയ്തു.**

3 **ത്രേസ്യാമ്മ (8) അതിരംപുഴ പന്നയ്ക്കൽ ജോൺ വിവാഹം ചെയ്തു**

4 **കൊച്ചുറോസ (8) കാഞ്ഞിരമറ്റം പാത്രപാങ്കൽ കുടുംബത്തിലേക്ക് വിവാഹം ചെയ്തയച്ചു.**

5 ജോസഫ് (8) ഭാര്യമറിയക്കുട്ടി അതിരംപുഴ പന്നയ്ക്കൽ മാത്യുവിന്റെ മകൾ. ഇവർക്ക് എട്ടുമക്കൾ, രണ്ടാണും ആറു പെണ്ണും. മറിയക്കുട്ടി നിര്യാതയായി.

a ത്രേസ്യക്കുട്ടി (9) സിസ്റ്റർ ക്ലാരിറ്റാ എസ്സ്. ഏ. ബി എസ്, ചങ്ങനാശ്ശേരി.

b മേരി - കുറുമള്ളൂർ, ആര്യങ്കാലയിൽ വിൻസന്റ് വിവാഹം ചെയ്തു. മൂന്നുമക്കളുണ്ട്.

c അന്നക്കുട്ടി - മുത്തോലി കോയിപ്പുറത്ത് ജോർജ്ജ് ജോസഫ് വിവാഹം ചെയ്തു. മൂന്നുമക്കൾ. അന്നക്കുട്ടി നിര്യാതയായി.

d സിസിലി - കല്ലൂർക്കുളത്ത്, ചെറുകരക്കുന്നേൽ തോമസ് ഫിലിപ്പ് വിവാഹം ചെയ്തു. ഒരു മകൻ ഉണ്ട്.

e സിസ്റ്റർ എൽസാ എസ്സ്. എ. ബി. എസ്സ് - ചങ്ങനാശ്ശേരി.

f റോസമ്മ - ചെമ്പിളാവ്, വളർകാട്ട് തോമസ് വിവാഹം ചെയ്തിരിക്കുന്നു.

g ജോസ് - ഭാര്യ ഷെർലി ഇളമ്പാശ്ശേരിയിൽ മാത്യുവിന്റെ മകൾ ഒരു മകൻ ജെറിൻ ഇപ്പോൾ മംഗലംഡാമിൽ താമസിക്കുന്നു.

h ടോമി - ഭാര്യ സോളി, ഏഴാച്ചേരി, കുര്യത്ത് കുടുംബാംഗം - രണ്ട് മക്കൾ. ടോമി കുടുംബസമേതം പിതാവിനോടൊപ്പം ചിറ്റാരിക്കാലിൽ താമസിക്കുന്നു.

■





# വരിക്കമാക്കൽ ശാഖ

പൂവക്കുളത്തു താമസിച്ചിരുന്ന, നാലാംതലമുറക്കാരനായ തൊമ്മന്റെ അഞ്ച് പുത്രന്മാരിൽ മൂന്നാമൻ ഔസേഫ് വലിയപറമ്പിൽ താമസമാക്കി ഈ ഔസേപ്പിന്റെ മൂന്ന് പുത്രന്മാരിൽ മൂത്തയാൾ ഔസേപ്പ് (6) പൈങ്ങുളം പള്ളി ഇടവകയിലെ നടയത്തുകുടുംബത്തിൽനിന്നും വിവാഹം കഴിച്ച് വരിക്കമാക്കൽ പുരയിടത്തിലേയ്ക്ക് മാറിത്താമസിച്ചു. വരിക്കമാക്കൽ ശാഖയുടെ തുടക്കം ഇതാണ്. ഈവരിക്കമാക്കൽ ഔസേപ്പിന് അഞ്ചുമക്കളുണ്ടായി, രണ്ടാണും, മൂന്നുപെണ്ണും. മൂത്തമകൻ പാപ്പച്ചൻ (7) എന്ന ഔസേഫ്, പാദുവാപള്ളി ഇടവക കക്കാട്ടിൽ നിന്നും വിവാഹം ചെയ്തു തറവാട്ടിൽത്തന്നെ താമസമാക്കി. ഇളയമകൻ 'കുറു' എന്നുവിളിക്കുന്ന കുര്യാക്കോസ് (7) കൊങ്ങാണ്ടൂർ തുളിശ്ശേരിയിൽ നിന്നും വിവാഹംചെയ്തു. പള്ളിയ്ക്കത്തോട് കൊമ്പാറെ എന്ന സ്ഥലത്ത്പോയി താമസിച്ചു.



വരിക്കമാക്കൽ ജോസഫ്

പെൺമക്കളിൽ മൂത്തയാൾ മറിയാമ്മയെ (7) മീനച്ചിൽ നടയ്ക്കൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ മകളെ ആനിക്കാട് ഇളംപള്ളി വെള്ളാപ്പള്ളിൽ മത്തായി വിവാഹം ചെയ്തു. മൂന്നാമത്തെ മകളെകൊഴുവനാൽ തണ്ണീപ്പാറെത്താഴെ അവിരാച്ചനും വിവാഹം കഴിച്ചു.

വരിക്കമാക്കൽ തറവാട്ടിൽ താമസിച്ചിരുന്ന പാപ്പച്ചന് ഏഴുമക്കളുണ്ടായി, നാലാണും മൂന്നുപെണ്ണും

1 ഔത (ജോസഫ്) (8) ഭാര്യ മറിയം, കൊഴുവനാൽ ചെറുകരകുന്നേൽ പോത്തന്റെ മകൾ. കൊമ്പാറയിൽ താമസിച്ചു. ഇവർക്ക് നാലുമക്കൾ രണ്ടാണും രണ്ടുപെണ്ണും

a ജോസഫ് (9) ഭാര്യ, കാഞ്ഞിരമറ്റം ഇടവക ചെല്ലന്തറ കുടുംബാംഗം അന്നമ്മ ഇവർക്ക് നാലുമക്കൾ, ഒരാണും മൂന്നുപെണ്ണും. ഇവർ മലബാറിൽ ആലക്കോടടുത്ത് താമസിക്കുന്നു. മകൻ ജോയി വിവാഹം ചെയ്തു വീട്ടിൽത്തന്നെ താമസിക്കുന്നു. 2 മക്കൾ - റെന്നിമോൻ, ഡെന്നിമോൻ പെൺമക്കളെ മലബാറിൽത്തന്നെ കല്യാണം കഴിച്ചുവിട്ടു.

b ഇത്താമ്മ - എളങ്ങോയി ആലപ്പുരയ്ക്കൽ തോമസ് വിവാഹം ചെയ്തു.

c ചിന്നമ്മ - ആനിക്കാട് തണ്ണീപ്പാറ ഫിലിപ്പ് വിവാഹം ചെയ്തു.

d പാപ്പച്ചൻ - വെള്ളാട് അരീക്കുഴി തോമസ് മകൾ മേരിയെ വിവാഹം കഴിച്ച് കുടുംബസഹിതം മലബാറിൽ ആലക്കോട്ട് താമസിക്കുന്നു. 3 മക്കൾ - ബാബു, ഷാജി, ജിഷ.

**2** **മത്തായി (മത്തൻ) (8) തറവാട്ടിൽ താമസിച്ചു. രണ്ടു വിവാഹം ചെയ്തു. മൂങ്ങാമാക്കൽ പന്തപ്പള്ളിൽ കുഞ്ഞുഞ്ഞിന്റെ മകൾ കുഞ്ഞു** പെണ്ണായിരുന്നു ഭാര്യ. ഇവർക്ക് നാലു മക്കളുണ്ടായി രണ്ടാണും രണ്ടു പെണ്ണും. മൂത്ത മകൻ കൊച്ച് (ജോസഫ്) ഇളങ്ങോയി ഇടവക ആലപ്പാട്ട് ഔസേപ്പിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു ചാമംപതാലിൽ താമസമാക്കി. ഇവർക്ക് ഏഴുമക്കൾ നാലാണും മൂന്നുപെണ്ണം, മൂത്തമകളെ കടയനിക്കാട്ട് അക്കരക്കടുപ്പിൽ ജോസഫും. രണ്ടാമത്തെ മകളെ ചെറുവള്ളി ഞള്ളിയിൽ തോമ്മാച്ചനും മൂന്നാമത്തവളെ കാഞ്ഞിരപ്പള്ളി ഞള്ളത്തുവേലിൽ പൗലോസും വിവാഹം ചെയ്തു. കൊച്ചിന്റെ പുത്രന്മാരിൽ മൂത്തവൻ കുട്ടിയച്ചൻ, നെടുംകുന്നം പതാലിൽ നിന്നും വിവാഹം ചെയ്തു. ഇവർ ഗൾഫിൽ ജോലിചെയ്യുന്നു. രണ്ടു കുട്ടികളുമുണ്ട്. രണ്ടാമൻ ജോയി ആനിയ്ക്കാട് തോട്ടത്തിൽ അപ്പച്ചന്റെ മകളെ വിവാഹം ചെയ്തു കുടുംബത്തിൽ താമസിക്കുന്നു. ഇവർക്ക് മൂന്നു കുട്ടികളുണ്ട് മൂന്നാമൻ ജോസ്, കടയനിക്കാട് അക്കരക്കടുപ്പിൽ നിന്നും വിവാഹം ചെയ്തു. ഗൾഫിൽ ജോലിചെയ്യുന്നു. നാലാമൻ ജോണിയും ഗൾഫിലാണ്.

മത്തന്റെ രണ്ടാമത്തെ മകൻ ചെറുപ്പത്തിലെ മരിച്ചുപോയി. പെൺമക്കളിൽ മൂത്തവൾ മാമ്മി (ഏലിക്കുട്ടി) തിരുഹൃദയസന്യാസിനി സമൂഹത്തിൽ ചേർന്നു. സി. ഫ്ളാവിയ എസ്. എച്ച്. എന്ന പേര് സ്വീകരിച്ചു കൂവപ്പള്ളി മഠത്തിൽ സിസ്റ്റർ സുപ്പീര്യറായിരുന്നു. രണ്ടാമത്തെ





**മകൾ മേരിയെ അതിരംപുഴ, പഴേമ്പള്ളിൽ കുര്യാക്കോസ് വിവാഹം ചെയതു.**


വരിക്കമാക്കൽ മാത്യുവും ഭാര്യ ചിന്നമ്മയും

**മത്തന്റെ ആദ്യഭാര്യ കുഞ്ഞുപെണ്ണിന്റെ മരണാനന്തരം അന്ത്യാളം ഇടവക കുരൃത്ത് ഔസേപ്പിന്റെ മകൾ ചിന്നമ്മയെ, മത്തൻ പുനർവിവാഹം ചെയ്തു. ഈവിവാഹത്തിൽ ആറുമക്കളുണ്ടായി. രണ്ടാണും, നാലുപെണ്ണും. ആൺമക്കളിൽ മൂത്തയാൾ, ദേവസ്യാച്ചൻ (സെബാ**സ്റ്റ്യൻ) (9) മണലുങ്കൽ പടന്നമാക്കൽ മത്തായിയുടെ മകൾ പെണ്ണമ്മയെ വിവാഹം കഴിച്ചു. കയ്യൂരിയിൽ താമസിക്കുന്നു. മത്തൻ ചേട്ടനും കുടുംബവും, കൊഴുവനാലിലെ വീടും സ്ഥലവും വിറ്റ്, ആനിക്കാട് കയ്യൂരി


വരിക്കമാക്കൽ മത്തനും കുടുംബാംഗങ്ങളും

യിലേക്ക് താമസം മാറ്റിയിരുന്നു. ദേവസ്യാച്ചന് പള്ളിക്കത്തോട്ടിൽ ബിസ്സിനസ്സാണ്. നാലുമക്കളുണ്ട്, രണ്ടാണും രണ്ടുപെണ്ണും. എല്ലാവരും വിദ്യാർത്ഥികൾ ദേവസ്യാച്ചന്റെ ഇളയവൻ ഷാജി നേരെത്തെ മരിച്ചു പോയി. മത്തന്റെ രണ്ടാം വിവാഹത്തിലെ പെൺമക്കളിൽ മൂത്തവൾ ഏലിക്കുട്ടി വാഴൂർ ബ്ലോക്കിൽ ഉദ്യോഗസ്ഥയായിരുന്നു. ചാമംപതാലിൽ നരിക്കാട്ട് അപ്പച്ചൻ വിവാഹം ചെയ്തു.

അടുത്തമകൾ ചിന്നമ്മയെ പ്ലാവിളയിൽ ഫിലിപ്പ് വിവാഹം ചെയ്തു. അവർ ഗുജറാത്തിലാണ്. അടുത്തയാൾ മേരി, ആന്ധ്രാ പ്രദേശിലെ "ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി" എന്ന സന്യാസ സഭയിൽ ചേർന്ന് സിസ്റ്റർ ഐറിൻ എന്നറിയപ്പെടുന്നു. ഇളയമകൾ, ഫിലോമിനായെ മലബാറിൽ മണലേൽ സ്കറിയയുടെ മകൻ വിവാഹം ചെയ്തു. ഇവരും ഗുജറാത്തിൽ താമസിക്കുന്നു.

**3. പൂപ്പു (കുര്യാക്കോസ്) (8) വരിക്കമാക്കൽ പാപ്പച്ചന്റെ മൂന്നാമത്തെ മകൻ പൂപ്പു എന്നു വിളിക്കുന്ന കുര്യാക്കോസ് മൂഴൂർ ഇടവക വടക്കേൽ പാപ്പൻ മകൾ കുഞ്ഞേലിയെ വിവാഹം കഴിച്ച് കാഞ്ഞിരമറ്റത്ത് താമസിച്ചു. ഇവർക്ക് ഏഴുമക്കൾ അഞ്ചാണും രണ്ടുപെണ്ണും.**

മൂത്തമകൻ കുഞ്ഞേപ്പച്ചൻ (9) ഭാര്യ ഏലിക്കുട്ടി, കൊഴുവനാൽ തെക്കേകുരിക്കാട്ടുകുന്നേൽ കുടുംബാംഗം. ഇവർ മലബാറിൽ കൊന്നക്കാട് താമസിക്കുന്നു. ഒരാണും, നാലുപെണ്ണുമുൾപ്പെടെ അഞ്ചുമക്കളുണ്ട്. രണ്ടുപെൺമക്കൾ കന്യാസ്ത്രീകളാണ്.

രണ്ടാമത്തെ മകൻ പാപ്പച്ചൻ, പ്ലാത്തറയിൽ നിന്നു വിവാഹം ചെയ്തു കാഞ്ഞിരമറ്റത്തു താമസിക്കുന്നു. ഇവർക്ക് അഞ്ച് മക്കൾ, രണ്ടു പെണ്ണും മൂന്നാണും. അവരിൽ രണ്ടാമത്തെ മകൾ ആരാധനാ സന്യാസസമൂഹത്തിൽ ചേർന്നു. സിസ്റ്റർ സീനാ, എസ്സ്. എ. ബി. എസ് എന്നറിയപ്പെടുന്നു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്. മൂത്തമകളെ മറ്റക്കരോട്ട് സെബാസ്റ്റ്യൻ വിവാം ചെയ്ത കരിമ്പാനിയിൽ താമസിക്കുന്നു. 2 മക്കൾ അലൻ, ജോർജ്ജ്കുട്ടി. മനോജ്, ബിനോയി, അനീഷ് എന്നിവരാണ് ആൺമക്കൾ.

മൂന്നാമത്തെ മകൻ കുര്യാക്കോസ് മലബാറിൽ ചെമ്പത്തൊട്ടിയിൽ നിന്നും വിവാഹം ചെയ്തു. ഇരുവരും അധ്യാപകരാണ്. മൂന്ന് കുട്ടികൾ, വിദ്യാർത്ഥികളാണ്.





നാലാമൻ ചാക്കോച്ചനും ഭാര്യയും രാജസ്ഥാനിൽ ജോലി ചെയ്തു ജീവിക്കുന്നു. ഇളയമകൻ. ബേബി മണ്ണിപ്ലാക്കൽ വത്സമ്മയെ വിവാഹം കഴിച്ച് ഉദയഗിരിയിൽ താമസിക്കുന്നു. 2 മക്കൾ സുബിൻ, ബിബിൻ.

പൂപ്പൂവിന്റെ രണ്ടു പെൺമക്കളിൽ മൂത്തവൾ ഏലിക്കുട്ടിയെ മുത്തോലി പരിന്തിരിക്കൽ ചാക്കോച്ചൻ വിവാഹം ചെയ്തു പിണ്ണാക്കനാട്ട് താമസിക്കുന്നു. ഇളയവൾ കുട്ടിയമ്മയെ ആനിക്കാട്ട് തറയിൽ ലൂക്കോസ് വിവാഹം ചെയ്തു

**4. തൊമ്മച്ചൻ (8) വരിക്കമാക്കൽ പാപ്പച്ചന്റെ ഇളയമകൻ (നാലാമത്തെ) തൊമ്മച്ചൻ, ഉരുളുകുന്നം പള്ളിയിടവക, കൊല്ലക്കൊമ്പിൽ ഔതയുടെ മകൾ അന്നയെ വിവാഹം ചെയ്തു.** കാഞ്ഞിരമറ്റത്ത് താമസിക്കുന്നു. ഇവർക്ക് ആറുമക്കൾ, മൂന്നാണും മൂന്നുംപെണ്ണും മൂത്തമകൾ മേരിയും ഇളയവൾ തെയ്യാമ്മയും മിഷനറി സിസ്റ്റേഴ്സിന്റെ സഭയിൽ ചേർന്നു. സിസ്റ്റർ മേരി ജോസഫൈൻ, സിസ്റ്റർ ട്രീസാ തോമസ് എന്നീപേരുകളിൽ അറിയപ്പെടുന്നു. ആസാമിൽ സേവനമനുഷ്ഠിക്കുന്നു. രണ്ടാമത്തെ മകൾ ഏലിക്കുട്ടി, ഫ്രാൻസിസ്കൻ ക്ലാര സഭയിൽ ചേർന്നു. സിസ്റ്റർ മാർഗരറ്റ് മേരി എഫ്.സി.സി. എന്ന പേരിൽ മലബാറിൽ ഇരിട്ടിയിൽ സേവനം ചെയ്യുന്നു.

തൊമ്മച്ചന്റെ മൂന്നാൺമക്കളിൽ മൂത്തവൻ അപ്പച്ചൻ (9) കപ്പാട് കൈതവയലിൽ ഫിലോമിനയെ വിവാഹം ചെയ്തു. ഇവർ ഏറണാകുളത്തു താമസിക്കുന്നു. ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. രണ്ടു കുട്ടികൾ, ഇരുവരും പഠിക്കുന്നു.

രണ്ടാമത്തെമകൻ വർക്കിയച്ചൻ ആനിക്കാട് പുലിയുറുമ്പിൽ ആലീസിനെ വിവാഹം ചെയ്തു. ഇവർ നിലമ്പൂരിൽ പൂക്കോട്ടുപാടത്ത് താമസിക്കുന്നു. കുട്ടികൾ രണ്ടും പഠിക്കുന്നു.

ഇളയവൻ പാപ്പച്ചൻ മൂവാറ്റുപുഴ വാഴക്കുളത്തു നിന്നും ജിജിയെ വിവാഹം ചെയ്തു. കുടുംബത്തിൽ താമസിക്കുന്നു.

**വരിക്കമാക്കൽ ശാഖയുടെ തുടക്കക്കാരൻ ഔസേപ്പിന്റെ രണ്ടാൺ മക്കളിൽ ഇളയവർ "കുറു" എന്നുവിളിക്കുന്ന കുര്യാക്കോസ് (7) വിവാഹാനന്തരം ആനിക്കാട് കൊമ്പാറ ഭാഗത്ത് താമസമാക്കിയെന്ന് മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.** കുറു പ്രയത്നശാലിയും ആദരണീയനായ പൊതുപ്രവർത്തകനുമായിരുന്നു. ഭാര്യ കൊങ്ങാണ്ടൂർ തുളിശ്ശേ



വരിക്കമാക്കൽ കുര്യാക്കോസിന്റെ മക്കളായ മാത്യു, കുര്യൻ (Late), ലൂക്കാ (Late), കുട്ടൻ (Late)

രിയിൽ കുടുംബാംഗം. ആനിക്കാട് സെന്റ് മേരീസ് ചർച്ച്, പുളിക്കൽ കവല സെന്റ് മേരീസ് ചർച്ച്, കൊമ്പാറ സെന്റ് ആന്റണീസ് എൽ. പി. സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുമ്പന്തിയിൽ നിന്നിരുന്നയാളാണ്, കുറു. കൊമ്പാറ, സെന്റ് ആന്റണീസ് എൽ. പി. സ്കൂളിന്റെ മാനേജരായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഹിന്ദു ജനങ്ങൾ പോലും ആദരണീയനായ ഒരു നസ്രാണിയായിട്ടാണ് അദ്ദേഹത്തെ കരുതിയിരുന്നത്. നാലു പുത്രന്മാർ മാത്രമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ജോസഫ്, ലൂക്കാ, കുര്യൻ, മാത്യു.

**കുറുവിന്റെ മൂത്തമകൻ ജോസഫ് (8) കൊഴുവനാൽ തോണക്കര ഔസേപ്പിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ കുടുംബം തോപ്രാം കുടിയിൽ താമസിക്കുന്നു.** ജോസഫും മറിയാമ്മയും നിര്യാതരായി. ഇവർക്ക് ഏഴുമക്കൾ, നാലാണും മൂന്ന്പെണ്ണും. ഇവരിൽ മൂത്തയാൾ പാപ്പച്ചൻ (കുരുവിള) വാളാടിയിയിൽ പള്ളിയാട്ടിയിൽ ജോസഫ് മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. കുടുംബത്തിൽ താമസിക്കുന്നു. മൂന്നുമക്കൾ. സാജൻ, ബിൻസി, ആൻസി. മകൻ സാജൻ പഞ്ചായത്തു മെമ്പർ ആയിരുന്നു. രണ്ടാമത്തെ മകൻ ജോസഫ് കുമളിയിൽ കുറ്റിക്കാട്ട് ജോസഫ് മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് അണക്കര താമസിക്കുന്നു. ഒരു മകൻ, ബിൻസ് മൂന്നാമൻ കുഞ്ഞുമോൻ (ഉലഹന്നാൻ) പുറ്റടി തുണ്ടത്തിൽചിറ ചാക്കോമകൾ ഗ്രേസിക്കുട്ടിയെ





വിവാഹം കഴിച്ചു. ഇരുവരും അണക്കര താമസിക്കുന്നു. ഇവർക്ക് അഞ്ചു മക്കൾ, റെനിമോൾ, സിനി, ഷൈനി, ജോമോൻ, ജോബിൻ.

നാലാമൻ അപ്പച്ചൻ (മാത്യു) ചെമ്പകപ്പാറ, വാഴേപ്പറമ്പിൽ പാപ്പച്ചന്റെ മകൾ ഗ്രേസിയെ വിവാഹം ചെയ്തു. തോപ്രാം കുടിയിൽ താമസിക്കുന്നു. രണ്ടു മക്കൾ സുബിൻ, സുബിനാമ്മ ഇരുവരും പഠിക്കുന്നു.

ജോസഫിന്റെ മൂന്നു പെൺമക്കളിൽ മൂത്തയാൾ ത്രേസ്യാമ്മയെ കപ്പാട്, വടകര കുഞ്ഞ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിയെ കുമ്മനം തൊണ്ടമ്പ്രാമാലിയിൽ നൈനാൻ വിവാഹംചെയ്തു മൂന്നാമത്തെ മകൾ ചിന്നമ്മയെ മന്തിപ്പാറപോഡിയോടത്ത് ജോയി കല്യാണം കഴിച്ചു.

**കുറുവിന്റെ രണ്ടാമത്തെ മകൻ ലൂക്കാ (ഉലഹന്നാൻ) (8) ഭാര്യ മറിയാമ്മ, അരുവിക്കുഴി തുരുത്തിമറ്റത്തിൽ ജോസഫിന്റെ മകൾ. ഇവർക്ക് മക്കൾ നാല്, ഒരാണും മൂന്നുപെണ്ണും.** ലൂക്കാ നിര്യാതനായി. മൂത്തമകൾ ത്രേസ്യാമ്മയെ കൂരോപ്പട ചിറക്കാട്ട് ഫിലിപ്പ് വിവാഹം ചെയ്തു. രണ്ടാമത്തവൾ ചിന്നമ്മ, മദർ തെരേസായുടെ 'മിഷനറീസ് ഓഫ് ചാരിറ്റീസ്' സന്യാസസഭയിൽ ചേർന്നു. സിസ്റ്റർ മല്ലിക, ഇപ്പോൾ മദറിന്റെ ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പ്രവർത്തനങ്ങളുടെ മൊത്തം മേധാവിയായി സേവനമനുഷ്ഠിക്കുന്നു. ഇക്വഡോറിൽ താമസിക്കുന്നു. മൂന്നാമത്തെ മകൾ അച്ചാമ്മ (ഏലിക്കുട്ടി), കൂരോപ്പട, പൊറപ്പോക്കര ജോസ് വിവാഹം ചെയ്തു. ലൂക്കായുടെ ഏകപുത്രൻ ജോസ് കുടുംബത്തിൽ താമസിക്കുന്നു. ഭാര്യ, മേരി, ഇളങ്ങോയി പുതുപ്പറമ്പിൽ ആന്റണിയുടെ മകൾ. ഇവർക്കു മൂന്ന്കുട്ടികൾ, ഒരാണും, രണ്ട് പെണ്ണും, ജോ, ജോസ്മി, ജ്യോതിസ്.



വരിക്കമാക്കൽ കുര്യൻ

**കുറുവിന്റെ മൂന്നാമത്തെ മകൻ കുര്യൻ (8) മുത്തോലി തടത്തിൽ തൊമ്മൻ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. കുര്യന് മക്കൾ ആറ്, നാലാണും, രണ്ടുപെണ്ണും. കുര്യൻ 11-11-2004-ൽ നിര്യാതനായി.**

മൂത്തമകൻ അപ്പച്ചൻ (കുരുവിള) ഭാര്യ തണ്ണീർമുക്കം ചാലിൽ പള്ളിയിടവക, ആറ്റിമ്മേൽ ദേവസ്യായുടെ മകൾ മേരിക്കുട്ടി. മൂന്ന്മക്കൾ, ഒരാണും, രണ്ട് പെണ്ണും അരുൺ, ആഷ, അനിറ്റ്.



വരിക്കമാക്കൽ കുര്യനും ഭാര്യ ത്രേസ്യാമ്മയും കുടുംബാംഗങ്ങളും

രണ്ടാമത്തെ മകൻ തോമസ് സ്കൂളിൽ ജോലിചെയ്യുന്നു. നെയ്യാട്ടുശ്ശേരി പള്ളി ഇടവക, ഇലവുങ്കൽ വർക്കി മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. മൂന്നുമക്കൾ രണ്ടാണും ഒരു പെണ്ണും. അനീഷ്, അജീഷ്, അജിറ്റ്.

കുര്യന്റെ മൂന്നാമത്തെയും നാലാമത്തെയും പുത്രന്മാർ ജോസും, സെബാസ്റ്റ്യനും കുടുംബത്തിൽ തന്നെ താമസിക്കുന്നു. പള്ളിക്കത്തോട്ടിൽ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. സെബാസ്റ്റ്യൻ വെട്ടിമുകൾ മുണ്ടക്കൽ ഫിലിപ്പിന്റെ മകൾ ഷീനായെ വിവാഹം കഴിച്ചു. 3 കുട്ടികൾ - കിരൺ, ക്രിസ്റ്റി, ജെറിൻ. കുര്യന്റെ രണ്ടു പെൺമക്കളിൽ മൂത്തവൾ ത്രേസ്യാമ്മയെ മറ്റക്കര കോടിക്കുളത്ത് ദേവസ്യാച്ചൻ വിവാഹം ചെയ്തു 3 മക്കൾ സച്ചിൻ, ചിഞ്ചു, റിച്ചു. ഇളയവൾ മേരിക്കുട്ടിയെ ആട്ടുകിഴക്കേൽ തൊമ്മന്റെ മകൻ സിബി വിവാഹം കഴിച്ചു. ഒരു കുട്ടി അമൽ.

**കുറുവിന്റെ ഇളയമകൻ (നാലാമൻ) മാത്യു (8) പഴയിടംപള്ളി ഇടവക അഴകമ്പ്രായിൽ വർക്കി മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു.** കുടുംബത്തിൽ താമസിക്കുന്നു. ഇവർക്ക് ഏഴ്മക്കൾ നാലു പെണ്ണും മൂന്നാണും. മൂത്തമകൾ ലീലാമ്മ 'മിഷനറി സിസ്റ്റേഴ്സ്'ന്റെ സഭയിൽ ചേർന്നു. സിസ്റ്റർ റാണിറ്റ എന്ന പേരിൽ കാണക്കാരിയിൽ സേവനം അനുഷ്ഠിക്കുന്നു. മൂന്നാമത്തെമകൾ ഫിലോമിനയും സന്യാസിനീസഭയിൽ ചേർന്നു. ഇറ്റലിയിൽ റോമിൽ സേവനം ചെയ്യുന്നു.







വരിക്കമാക്കൽ മാത്യുവും ഭാര്യ ത്രേസ്യാമ്മയും കുടുംബാംഗങ്ങളും

രണ്ടാമത്തെ മകൾ മേരി അനാരോഗ്യം കാരണം കുടുംബത്തിൽ തന്നെ കഴിയുന്നു. ഇളയമകൾ സിസിലിയെ പുളിയമ്മല പുതുപ്പറമ്പിൽ മാത്യു വിവാഹം ചെയ്തു. മൂത്തമകൻ ജോസഫ് വൈദികനാണ്. അമേരിക്കയിൽ സേവനം അനുഷ്ഠിക്കുന്നു. രണ്ടാമൻ കുര്യൻ, നെടുങ്കുന്നം, അംബീപ്പറമ്പിൽ ചാക്കോമകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു കുട്ടികൾ, ജിസ്, ജിൻഡ പഠിക്കുന്നു. ഇളയമകൻ റെജി (ജോർജ്ജ്) കാഞ്ഞിരപ്പള്ളി പനക്കൽ ജേക്കബിന്റെ മകൾ അനുവിനെ വിവാഹം കഴിച്ചു. 3 കുട്ടികൾ -മാത്യു, ടെസാ, എലീസാ. റെജി മാതാപിതാക്കളോടൊപ്പം കൊമ്പാറയുള്ള തറവാട്ടിൽ താമസിക്കുന്നു. ■



വരിക്കമാക്കൽ ജോർജജും (റെജി) കുടുംബാംഗങ്ങളും

# എറകോന്നി കുടുംബത്തിന്റെ മറ്റു ശാഖകൾ

17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മേവിടവെട്ടിക്കാട്ട് പുരയിടത്തിൽ താമസിച്ചിരുന്ന എറകോന്നി ഇട്ടിച്ചെറിയായ്ക്ക് ഏഴു മക്കൾ ഉണ്ടായിരുന്നു. ഈ ഏഴു പുത്രന്മാരുടെ സന്തതി പരമ്പരകൾ വ്യത്യസ്ഥ വീട്ടുപേരുകളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നു.

**എറകോന്നി**

മേവിടയിൽ താമസമാക്കിയ എറകോന്നി ഇട്ടിച്ചെറിയായുടെ സഹോദരന്റെ സന്തതി പരമ്പരകളിൽപ്പെട്ടവർ ഇപ്പോഴും എറകോന്നി എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു. ഈ കുടുംബാംഗങ്ങൾ തോടനാൽ, കൊട്ടിയൂർ, മാനന്തവാടി, വെറ്റിലപ്പാറ എന്നിവടങ്ങളിൽ താമസിക്കുന്നു.

**നാഗനൂലിൽ-മണ്ണൂർ ശാഖ**

മേവിട വെട്ടിക്കാട്ട് പുരയിടത്തിൽ താമസിച്ചിരുന്ന ഇട്ടിച്ചെറിയായുടെ പുത്രൻ പോത്തൻ എന്നുപേരുള്ള കാരണവർ മുത്തോലിയിലേക്ക് താമസമാക്കിയതാണ് നാഗനൂലിൽ മണ്ണൂർ ശാഖയുടെ തുടക്കം. പോത്തന്റെ സന്തതി പരമ്പരകൾ നാഗനൂലിൽ, കിഴക്കേനാഗനൂലിൽ, ചൊള്ളാനിക്കൽ, തെക്കേകോയിപ്പുറം, പുതിയാത്ത്, കോക്കപ്പുറം, ഈറ്റിയാങ്കൽ, വടക്കേകോയിപ്പുറം, ഞാറ്റുകാലാക്കുന്നേൽ, കളപ്പുര, കരോട്ട് കുന്നുംപുറം, താഴത്ത് കുന്നുപുറം, മണ്ണൂർ, മണ്ണൂർകരോട്ട്, തൈത്തോട്ടം, വള്ളിക്കാട്ടുകുഴി, പ്ലാക്കാട്ട്, കിഴക്കേക്കര, പ്ലാക്കാട്ട് തൈത്തോട്ടം, മഠത്തിക്കാട്ടുകുന്നേൽ, തലക്കുളം, തെക്കേ തലക്കുളം, തലക്കുളം തൈത്തോട്ടം, വടക്കേ തലക്കുളം, മാധവപ്പള്ളി, ചെല്ലങ്കോട്ട് മുതലായ വീട്ടുപേരുകളിൽ അറിയപ്പെടുന്നു.





**പുത്തൻപുരയ്ക്കൽ ശാഖ**

എറകോന്നി ഇട്ടിച്ചെറിയായുടെ ഇളയ പുത്രൻ തൊമ്മൻ പാലായിൽ പുത്തൻ പുരയ്ക്കൽ പുരയിടത്തിലേക്ക് താമസം മാറി. ഇതാണ് ഇന്ന് പാലയിലും പരിസരപ്രദേശങ്ങളിലുമായി പടർന്നു പന്തലിച്ചു നിൽക്കുന്ന പുത്തൻപുരക്കൽ ശാഖയുടെ ഉത്ഭവം. ഒറ്റപ്ലാക്കൽ, കിഴക്കേക്കര, കരോട്ടേവീട്ടിൽ, താഴത്തുവീട്ടീൽ, മൂന്നുമാക്കൽ, പുത്തൻപുരയ്ക്കൽ, തട്ടാൻപറമ്പിൽ, ഈന്തുങ്കൽ പകുതി, കൈതോലിൽ, പീടികയിൽ, ആലക്കൽ, പടിഞ്ഞാറേക്കര, കുട്ടപ്ലാക്കൽ, തെക്കേതെരുവിൽ, മരുതോലിൽ, മേടക്കൽ, തെരുവിൽ, ചക്കൻകുളം, തലച്ചിറ, ചീരാംകുഴി, കൊടുമ്പൻ പുരയിടം, തൊഴുത്തുങ്കവയലിൽ, തറപ്പേൽ, വെള്ളിമൂഴയിൽ, കളപ്പുരയിൽ, പാലിയേക്കുന്നേൽ, കൊട്ടാരത്തിൽ, വെട്ടുകാട്ടിൽ, പാഴൂർ, അഞ്ചേരിൽ, ഒഴാക്കൽ, ആലക്കാപ്പള്ളിൽ, മണ്ടപത്തിൽ, കളപ്പുരക്കൽ, മുണ്ടാങ്കൽ, വേലിക്കകത്ത് എന്നീ വീട്ടുപേരുകളിലായി പുത്തൻ പുരക്കൽ ശാഖ അറിയപ്പെടുന്നു.

**തൊടുകയിൽ ശാഖ**

ഈ ശാഖയിൽപ്പെട്ട കുടുംബങ്ങൾ തൊടുകയിൽ എഴുത്തുപള്ളിക്കൽ, മഠത്താനിക്കുന്നേൽ, നന്ദികാട്, കൊച്ചുകാട്ടേൽ എന്നീ വീട്ടുപേരുകിൽ അറിയപ്പെടുന്നു.

**പുളിക്കൽ ശാഖ**

വെട്ടിക്കാട്ടുപുരയിടത്തിൽ താമസിച്ചിരുന്ന ഇട്ടിച്ചെറിയായുടെ ഒരു മകൻ മേവിട പുളിക്കൽ പുരയിടത്തിലേയ്ക്ക് മാറി താമസിച്ചതാണ് പുളിക്കൽ ശാഖയുടെ ആരംഭം.

ഈ ശാഖയിൽപ്പെട്ട കുടുംബങ്ങൾ പുളിക്കൽ, കുന്നപ്പള്ളി, മലേക്കുന്ന്, പരിന്തിരിക്കൽ എന്നീ വീട്ടു പേരുകളിൽ

**പരിന്തിരിക്കൽ ശാഖ**

എറകോന്നി ഇട്ടിച്ചെറിയായുടെ ഒരു മകൻ മീനച്ചിൽ പരിന്തിരിക്കൽ പുരയിടിത്തിലേക്ക് മാറി താമസിച്ചു. ഇവരുടെ പിൻതലമുറക്കാർ

മീനച്ചിൽ നിന്നും വിവിധ സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കുകയുണ്ടായി. ഈ ശാഖയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ഇന്ന് മേവിട, തോടനാൽ പ്രദേശങ്ങളിൽ പരിന്തിരിക്കൽ എന്ന പേരിൽ അറിയപ്പെടുന്ന വീട്ടുകാർ ഈ ശാഖയിൽപ്പെട്ടവരല്ല. അവർ മേവിട പുളിക്കൽ ശാഖയിൽപ്പെട്ട കുടുംബങ്ങളാണ്.

### കുടകശ്ശേരി ശാഖ

മേവിട വെട്ടിക്കാട്ട് പുരയിടത്തിൽ താമസിച്ചിരുന്ന ഇട്ടിച്ചെറിയായുടെ മക്കളിൽ ഒരാളായ ഇട്ടിയവിരാ അയർക്കുന്നം കുടകശ്ശേരിയിൽ കുടുംബത്തിൽ നിന്നും ദത്തു വിവാഹം കഴിച്ച് അവിടെ താമസിച്ചു. ഇദ്ദേഹത്തിന്റെ പുത്രന്റെ സന്തതി പരമ്പരയിൽപ്പെട്ടവരാണ് അയർക്കുന്നത്തും പരിസരപ്രദേശങ്ങളിലുമുള്ള കുടകശ്ശേരിയിൽ കുടുംബക്കാർ ■

## വെട്ടിക്കാട്ട് – വയലിൽ ശാഖയിലെ കുടുംബങ്ങൾ അറിയപ്പെടുന്ന വീട്ടുപേരുകൾ

1. ഐക്കര
2. തണ്ണിപ്പാറ
3. തണ്ണിപ്പാറത്താഴെ
4. വയലിൽ
5. മുണ്ടുപാലക്കൽ
6. പൂവക്കുളം
7. വടയാറ്റുകുന്നേൽ
8. വലിയപറമ്പിൽ
9. തകടിയേൽ
10. വടക്കേമുറിയിൽ
11. കൊച്ചുമുറിയിൽ
12. വടക്കത്തുവടക്കേമുറിയിൽ
13. നെടുംതകടിയേൽ
14. കുഴുപ്പള്ളിയിൽ
15. കിഴക്കേമുറി
16. ഇടിയാകുന്നേൽ
17. വരിക്കമാക്കൽ
18. തെക്കേക്കുഴുപ്പള്ളിൽ
19. പല്ലാട്ട്
20. തടത്തിൽ
21. ചെറിയമൈലാടിയിൽ
22. പതിക്കൽ
23. ചൂരക്കുന്നേൽ
24. കുളത്തുങ്കൽ
25. മാപ്പിളക്കുന്നേൽ

എറകോന്നി വെട്ടിക്കാട്ടുവയലിൽ

**കുടുംബചരിത്രം**